
■ **വി.എസ്. അച്യുതാനന്ദൻ,** മുഖ്യമന്ത്രി

# വൈദ്യുതിബോർഡിന്റെ പുനഃസംഘാടനം

കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാസ്ഥാപനമായ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിനെ വിഭജിച്ച് കമ്പനിയാക്കണമെന്നും സ്വകാര്യവത്കരിക്കണമെന്നും ആവശ്യപ്പെടുന്ന അധികമാരും കേരളത്തിലില്ല. അങ്ങനെ ചെയ്യുന്നത് ദോഷകരവും സംസ്ഥാന താത്പര്യങ്ങൾക്കെതിരുമാണെന്നാണ് ഒട്ടുമിക്കവരും കരുതുന്നത്. ബോർഡിനെ വിഭജിച്ച് വ്യത്യസ്ത കമ്പനികളാക്കണമെന്ന കേന്ദ്ര ഗവൺമെന്റിന്റെ തിട്ടൂരത്തോട് കേരളത്തിലെ പ്രതിപക്ഷത്തിനും അവരുമായി ബന്ധപ്പെട്ട ട്രേഡ് യൂണിയനുകൾക്കും കൂടി എതിർപ്പുള്ളതായാണ് മനസ്സിലാക്കുന്നത്. എന്നാൽ ആരുടെ എതിർപ്പും പ്രശ്നമല്ല, കമ്പനികൾ രൂപീകരിച്ചേതീരൂ എന്നു മാത്രമല്ല, അതിനിനി രണ്ടു മാസത്തെ സാവകാശംപോലും നൽകില്ല എന്ന നിലപാടിലാണ് കേന്ദ്രം. ആഗോളവത്കരണ, ഉദാരവത്കരണ, സാമ്പത്തിക നയങ്ങളുടെ ഭാഗമായി സ്വകാര്യവത്കരണം അടിച്ചേൽപ്പിക്കുന്നതിന് തീവ്രതയും വേഗവും കൂട്ടുന്ന നടപടിയാണിത്.

ഇന്ത്യൻ ഇലക്ട്രിസിറ്റി നിയമം 1910, ഇലക്ട്രിസിറ്റി (സപ്ലൈ) ആക്ട്-1948 എന്നിവയ്ക്ക് 1991-ൽ കൊണ്ടുവന്ന ഭേദഗതിയോടെയാണ് വൈദ്യുതിമേഖലയിൽ നവലിബറൽ പരിഷ്കാരങ്ങൾക്ക് തുടക്കമിട്ടത്. ഒപ്പം, വൈദ്യുതി ബോർഡുകളെ വിഭജിച്ച് പുനഃസംഘാടനവും ആരംഭിച്ചു. പുനഃസംഘാടനത്തിൽ ഉത്പാദനം, പ്രസരണം, വിതരണം എന്നിവയുടെ സ്വകാര്യവത്കരണവും ലക്ഷ്യമാക്കുന്നുണ്ട്. 2001-ൽ പുതിയ ഇലക്ട്രിസിറ്റി ബിൽ പാർലമെന്റിൽ അവതരിപ്പിച്ചു. 2003-ൽ ഈ ബിൽ പാസ്സാക്കി. 2003 ജൂൺ പത്ത് മുതൽ ഈ നിയമം പ്രാബല്യത്തിലായി. അതോടെ ഇലക്ട്രിസിറ്റി ബോർഡുകളുടെ രൂപീകരണത്തിനും പ്രവർത്തനത്തിനും നിലനിൽപ്പിനും ആധാരമായിരുന്ന ഇലക്ട്രിസിറ്റി (സപ്ലൈ) ആക്ട്-1948 ന് പ്രാബല്യം ഇല്ലാതായി. അതിനാൽ 2003 ജൂൺ പത്ത് മുതൽ ഇലക്ട്രിസിറ്റി ബോർഡുകൾ ഇല്ലാതായിക്കഴിഞ്ഞു. പുതിയ നിയമം അനുസരിച്ച് ഇലക്ട്രിസിറ്റി ബോർഡിന് പകരമായി ഒന്നോ ഒന്നിലധികമോ കമ്പനികളാകാം. പ്രസരണം നടത്തുന്ന കമ്പനി പൊതുമേഖലയിലായിരിക്കണമെന്ന് നിയമം നിഷ്കർഷിക്കുന്നുണ്ട്. മറ്റുള്ളവ പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ ആകാവുന്നതാണ്. പ്രസരണകമ്പനി വിപണനം നടത്തിക്കൂടെന്നും നിയമം അനുശാസിക്കുന്നുണ്ട്. ബോർഡിന് പകരം വയ്ക്കാനുള്ള സംവിധാനം രൂപപ്പെട്ടുവരുന്നതുവരെ, ഒരു ഇടക്കാല ഏർപ്പാട് നിയമം അനുവദിക്കുന്നുണ്ട്. നിലനിന്നിരുന്ന ഇലക്ട്രിസിറ്റി ബോർഡ് 'സംസ്ഥാന ട്രാൻസ്മിഷൻ യൂട്ടിലിറ്റിയായും പ്രസരണവും വിതരണവും നടത്താനുള്ള ലൈസൻസിയായും പ്രവർത്തിക്കുന്നതിനുള്ള സൗകര്യമാണ് നിയമം നൽകിയിട്ടുള്ളത്.. എന്നാൽ ഈ ഇടക്കാല ഏർപ്പാടിന് ഒരുസമയപരിധി നിയമം കല്പിക്കുന്നുണ്ട്. അത് 2004 ജൂൺ ഒമ്പത് വരെ ആയിരുന്നു. പക്ഷേ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ പരസ്പരം ധാരണയിലെത്തി ഈ സമയപരിധി നീട്ടാവുന്നതാണ്. കേരളം 2008 സെപ്തംബർ ഒമ്പത് വരെയാണ് സമയപരിധി നീട്ടി വാങ്ങിയിരുന്നത്. കടുത്ത സമ്മർദത്തെ തുടർന്ന് 15 ദിവസംകൂടി നീട്ടിക്കിട്ടി.

ഇന്ത്യയിൽ 21 ഇലക്ട്രിസിറ്റി ബോർഡുകളും പോണ്ടിച്ചേരിയിലേതടക്കം ഒമ്പത് ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റുകളുമാണ് ഉണ്ടായിരുന്നത്. ഇതുവരെയായി ഇതിൽ 13



ബോർഡുകളും ഒരു സംസ്ഥാന വൈദ്യുതി ഡിപ്പാർട്ടുമെന്റും പുനഃസംഘടിപ്പിച്ചു. ത്രിപുരയിലാണ് വൈദ്യുതി ഡിപ്പാർട്ട്മെന്റിനെ പുനഃസംഘടിപ്പിച്ച് ഉത്പാദനവും പ്രസരണവും വിതരണവും നടത്തുന്ന ഒറ്റക്കമ്പനി ഉണ്ടാക്കിയത്. ഒറീസയിലും ദില്ലിയിലും വൈദ്യുതിവിതരണം റിലയൻസ്, ടാറ്റ, എ.ഇ.എസ്സ് എന്നീ സ്വകാര്യകമ്പനികളെ ഏൽപ്പിച്ചു. ഉത്തർപ്രദേശിലെ വ്യവസായ കേന്ദ്രമായ നോയിഡയിലെ വൈദ്യുതി വിതരണം ആർ.പി.ഗോയങ്ക ഗ്രൂപ്പിന്റെ സ്വകാര്യകമ്പനിക്കു നൽകി. വൈദ്യുതി മേഖലയുടെ സ്വകാര്യവത്കരണമടക്കമുള്ള ഈ ലോകബാങ്ക് മോഡൽ പരിഷ്കാരങ്ങൾക്കെതിരെ, രാജ്യവ്യാപകമായി പൊതുവിലും മഹാരാഷ്ട്ര, ഉത്തരപ്രദേശ്, ആന്ധ്രാപ്രദേശ്, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിൽ പ്രത്യേകിച്ചും ഉയർന്നുവന്ന പ്രതിഷേധങ്ങളും സമരങ്ങളുമാണ് പുനഃസംഘാടനത്തിന്റെയും സ്വകാര്യവത്കരണത്തിന്റെയും ഗതിവേഗം കുറച്ചത്. ഇടതുപക്ഷപാർട്ടികളും വൈദ്യുതിവ്യവസായത്തിലെ തൊഴിലാളികളും എൻജിനിയർമാരുമാണ് ഈ പ്രക്ഷോഭത്തിന് നേതൃത്വം കൊടുത്തത്. തുടർന്ന് പ്രശസ്തരായ സാങ്കേതിക-സാമ്പത്തിക വിദഗ്ധരും, സന്നദ്ധ സംഘടനകളും ഈ പ്രക്ഷോഭത്തിൽ അണിചേർന്നു. ഉത്തർപ്രദേശിൽ 2000-ൽ 11 ദിവസം നീണ്ട പണിമുടക്ക് നടന്നു. ദേശീയപണിമുടക്കുമുണ്ടായി. 2000-ൽ

> ഒറ്റ കമ്പനി, അതാകട്ടെ പൂർണമായും പൊതുമേഖലയിലും. ജീവനക്കാരുടെ അവകാശങ്ങളും ആനുകൂല്യങ്ങളും പൂർണമായും സംരക്ഷിക്കപ്പെടുകയും ചെയ്യും. ഇതാണ് സർക്കാർ നിലപാടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതുപ്രകാരം നടപടികളുമായി മുന്നോട്ട് പോകുകയാണ് സർക്കാർ.



ആന്ധ്രയിൽ നടന്ന പ്രതിഷേധ റാലിക്കുനേരെ ലാത്തിചാർജും വെടിവയ്പും നടത്തി. മൂന്നുപേർ കൊല്ലപ്പെട്ടു.

കേന്ദ്രഗവൺമെന്റും സംഘടനകളും വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ട് വൈദ്യുതി ബോർഡുകളുടെ പുനഃസംഘാടനം സംബന്ധിച്ച് സമഗ്ര പഠനവും നടത്തുകയുണ്ടായി. ബോർഡ് വിഭജിച്ച് ഒന്നിലേറെ കമ്പനികളെ ഏൽപ്പിച്ചിട്ടുള്ള സംസ്ഥാനങ്ങളെക്കാൾ പ്രവർത്തനക്ഷമതയും കാര്യക്ഷമതയും, ഈ പ്രവർത്തനങ്ങളെല്ലാം ഒറ്റ സ്ഥാപനത്തിൻ കീഴിൽ നടക്കുന്ന സംസ്ഥാനങ്ങളിലാണെന്ന് ഈ പഠനങ്ങൾ വ്യക്തമാക്കുന്നു.

ഹരിയാന, കർണാടക, രാജസ്ഥാൻ, മദ്ധ്യപ്രദേശ്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ വൈദ്യുതി മേഖലയ്ക്ക് ഗവൺമെന്റ് നൽകുന്ന സബ്സിഡി ബോർഡുകളുടെ വിഭജനത്തിനുശേഷം വൻതോതിൽ വർദ്ധിക്കുകയാണ് ചെയ്തത്. ആന്ധ്രയിൽ വൻസബ്സിഡി ഇപ്പോഴും നൽകിവരുന്നു. ഹരിയാന, മദ്ധ്യപ്രദേശ്, രാജസ്ഥാൻ, ദില്ലി എന്നീ സംസ്ഥാനഗവൺമെന്റുകൾക്ക് പുനഃസംഘാടനത്തിന് വേണ്ടിവന്ന ചെലവ് അതിഭീമമാണ്. പശ്ചിമബംഗാളിൽ വൈദ്യുതിബോർഡ് സംസ്ഥാനഗവൺമെന്റിന് റവന്യുവായ്പയിനത്തിലും ഇന്ധന വിലയിനത്തിലും നൽകാനുണ്ടായിരുന്ന 9806 കോടി രൂപ എഴുതിത്തള്ളേണ്ടിവന്നു. വൈദ്യുതിക്കമ്പനികൾക്കുള്ള സഹായമായി 2012 നകം 8400 കോടി രൂപകൂടി നൽകുന്നതാണെന്ന് രാജസ്ഥാൻ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ഒറീസയിൽ പുനഃസംഘാടനത്തിന് കൺസൾട്ടൻസിക്കായി വന്ന വിദേശ സ്ഥാപനങ്ങൾക്കു മാത്രം ഫീസായി 300 കോടി രൂപ നൽകേണ്ടിവന്നു. ആന്ധ്രയിൽ കൺസൾട്ടൻസിക്കായി വക കൊള്ളിച്ചിരുന്നത് 32 ദശലക്ഷം ഡോളറും ഉത്തർപ്രദേശിൽ എട്ട് ദശലക്ഷം ഡോളറുമാണ്.

ഒറീസയിലെ പുനഃസംഘാടനത്തെപ്പറ്റി അവലോകനം ചെയ്ത് റിപ്പോർട്ട് സമർപ്പിക്കാൻ ഒറീസ ഗവൺമെന്റ് നിയോഗിച്ച സോവൻ കനുഗോ (മുൻ ചീഫ് സെക്രട്ടറി) യുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റി വിഭജിക്കലിന്റെയും പുനഃസംഘാടനത്തിന്റെയും ഫലങ്ങളെപ്പറ്റി നൽകിയ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയ കാര്യങ്ങൾ എല്ലാ സംസ്ഥാനങ്ങൾക്കും പാഠമാകേണ്ടതാണ്. കനുഗോ കമ്മിറ്റി പറഞ്ഞു: (1) പ്രസരണവിതരണനഷ്ടം 45 ശതമാനം എന്ന ഉയർന്ന വിതാനത്തിൽതന്നെ നിൽക്കുന്നു. കുറയ്ക്കാൻ കഴിഞ്ഞില്ല. (2) കറണ്ടു ചാർജ്ജ് വാങ്ങിയെടുക്കുന്നതിലുള്ള കാര്യക്ഷമത 84 ശതമാനത്തിൽ നിന്നും 77 ശതമാനമായി കുറഞ്ഞു. (3) പ്രസരണകമ്പനിയായ ഗ്രിഡ്കോയുടെ കടഭാരം 820 കോടി രൂപയിൽ നിന്ന് 3300 കോടിരൂപയായി വർദ്ധിച്ചു. (4) ജലവൈദ്യുതോത്പാദന ചെലവ് യൂണിറ്റിന് 20 പൈസയിൽ നിന്ന് 50 പൈസയായി വർദ്ധിച്ചു. (5) തൊട്ടുമുൻപുള്ള ഒമ്പത് വർഷത്തിനിടയ്ക്ക് പ്രതിവർഷം ശരാശരി 15 ശതമാനം വച്ച് വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചു. എന്നിട്ടും പ്രതിവർഷം 400 കോടി രൂപയോളം വൈദ്യുതി മേഖല റവന്യൂ നഷ്ടം ഉണ്ടാക്കുന്നു. (6) വിതരണ പ്രവർത്തനം നടത്തുന്ന നാടനും വിദേശിയുമായ സ്വകാര്യകമ്പനികൾ വികസന പ്രവർത്തനങ്ങൾക്ക് മൂലധനനിക്ഷേപം നടത്തുകയോ മെച്ചപ്പെട്ട മാനേജ്മെന്റ് വൈദഗ്ധ്യം പ്രകടമാക്കുകയോ ചെയ്തില്ല.

കേരളം, തമിഴ്നാട്, പഞ്ചാബ്, ഹിമാചൽപ്രദേശ്, ഒറീസ, ഝാർഖണ്ഡ്, ഛത്തിസ്ഗഡ്, മേഘാലയ എന്നീ സംസ്ഥാനങ്ങളിലാണ് ഇനിയും പുനഃസംഘാടനം നടക്കാത്തത്. വൈദ്യുതിബോർഡുകൾ വിഭജിച്ച് പുതിയ കമ്പനി/കമ്പനികൾ രൂപീകരിക്കുമ്പോൾ നിലവിലുള്ള സാമ്പത്തിക ബാധ്യതകൾ തീർക്കുക, ജീവനക്കാർക്ക് നൽകിക്കൊണ്ടിരുന്ന പെൻഷൻ ആനുകൂല്യങ്ങളിൽ ചോർച്ച വരാതെ നിലനിർത്തുക എന്നിവക്കായി ആയിരക്കണക്കിന് കോടി രൂപ വേണ്ടിവരും. വായ്പയും വ്യവസ്ഥകളുമായി അന്താരാഷ്ട്രധനകാര്യ സ്ഥാപനങ്ങൾ രംഗപ്രവേശം ചെയ്തിട്ടുള്ളതും ചെയ്യുന്നതും ഈ സന്ദർഭത്തിലാണ്.

സ്വകാര്യമൂലധനത്തിന്റെ കുത്തകാധിപത്യം കൂടുതൽ ലാഭത്തിനുവേണ്ടി ഉപയോക്താക്കളെ പലരൂപത്തിലും പിഴിഞ്ഞുകൊണ്ടേയിരിക്കുന്നതിന് ഇടയാക്കും. വികസനത്തിനുവേണ്ട പരമപ്രധാനമായ പശ്ചാത്തലസൗകര്യം എന്ന നിലയിൽ നിന്ന് വൈദ്യുതിയെ കേവലം ഒരു ചരക്കാക്കി മാറ്റുകയാണ് സ്വകാര്യ കുത്തക ചെയ്യുക. അതിനാൽ കുറഞ്ഞ നിരക്കിന് വൈദ്യുതി ലഭ്യമാക്കുന്നതിനും വികസനത്തിനുവേണ്ട പശ്ചാത്തല സൗകര്യം എന്ന നിലയിൽ വൈദ്യുതി ഉപയോഗപ്പെടുത്തുതിനും വൈദ്യുതിവ്യവസായത്തെ പൊതുമേഖലയിൽ നിലനിർത്തേണ്ടതുണ്ട്. മറ്റ് ചരക്കുകളെപ്പോലെ ഉത്പാദിപ്പിച്ച് സൂക്ഷിച്ചുവച്ച് പിന്നീട് വിൽക്കാൻ കഴിയുന്ന ഒന്നല്ല വൈദ്യുതി. ഉത്പാദനവും പ്രസരണവും വിതരണവും ഉപഭോഗവും ഒരേ സമയം നടക്കുന്നതിനാൽ ഈ പ്രക്രിയകളുടെ തികഞ്ഞ ഏകോപനം വൈദ്യുതി വ്യവസായത്തിൽ അനിവാര്യമാണ്. ഇവയെ പ്രത്യേക അറകളായി വിഭജിച്ചുള്ള മാനേജ്മെന്റ്, ചെലവ് വർദ്ധിപ്പിക്കുകയും കാര്യക്ഷമതയിൽ ചോർച്ച വരുത്തുകയും ചെയ്യും. അതിനാൽ വൈദ്യുതിബോർഡിനെ വിഭജിച്ച് വിവിധ കമ്പനികളാക്കുന്നത് ഒരു കാരണവശാലും അഭികാമ്യമല്ല.

എന്നാൽ അതൊന്നും കേന്ദ്രഗവൺമെന്റിന് കാര്യമല്ല. ആത്യന്തികമായി പൊതുമേഖലയെ തകർക്കുന്ന സമീപനമാണ് അവരുടേത്. വൈദ്യുതിബോർഡ് കമ്പനിവത്കരണം നിശ്ചിത തീയതിക്കകം നടത്തണമെന്നും വ്യത്യസ്ത കമ്പനികൾ വേണമെന്നുമുള്ള ആജ്ഞയും ഇതിന്റെ ഭാഗംതന്നെ. ഒറീസയിലും ദില്ലിയിലും ചെയ്തതുപോലെ, എല്ലാ സംസ്ഥാനങ്ങളിലെയും വൈദ്യുതിമേഖല വിഭജിച്ച് ചെറിയ കമ്പനികളാക്കി അമേരിക്കൻ ഇലക്ട്രിക് കോർപ്പറേഷനും അമ്പാനിക്കും, ടാറ്റായ്ക്കുമൊക്കെ നൽകാൻ അവർ ധൃതിപ്പെടുകയാണ്. ഇപ്പോഴത്തെ അമേരിക്കൻ ആഗോള സാമ്പത്തിക തകർച്ചയിൽ ഇന്ത്യൻ സമ്പദ്വ്യവസ്ഥയ്ക്ക് അല്പമെങ്കിലും പിടിച്ചുനിൽക്കാൻ കഴിയുന്നത് ഇവിടെ ഇപ്പോഴും പൊതുമേഖല ശക്തമായി നിൽക്കുന്നതുകൊണ്ടാണെന്ന സത്യം കാണാൻ കേന്ദ്ര സർക്കാർ തയ്യാറല്ല. ഊർജ മേഖലയിൽ സ്വകാര്യവത്കരണം വേണമെന്നും വൈദ്യുതിചാർജ് നിശ്ചയിക്കുന്നത് വിപണിയിലെ നിലവാരമനുസരിച്ചാകണമെന്നുമാണ് ആസൂത്രണ കമ്മീഷൻ ഊന്നിപ്പറഞ്ഞിരിക്കുന്നത്. അനതിവിദൂര ഭാവിയിൽ സാധാരണക്കാരുടെ വീട്ടിലെ ഫ്യൂസുകൾ ഊരുമെന്നുതന്നെയാണ് അതിനർത്ഥം


ശീഘ്ര-വൈദ്യുതിവികസന-പരിഷ്കരണ പദ്ധതിയിൽ ഒരു ലക്ഷം കോടി രൂപയാണ് വിവര സാങ്കേതിക വിദ്യയ്ക്കായി നീക്കി വച്ചിട്ടുള്ളത്. തുടക്കത്തിൽ വായ്പയായും പിന്നീട് ഗ്രാന്റായും നൽകുന്ന ഈ തുക ഐ.ടി. മേഖലയിലെ കുത്തകൾക്ക് വീതം വച്ചു ലഭിക്കത്തക്കവിധമാണ് ഈ പദ്ധതി ആവിഷ്കരിച്ചുവരുന്നത്. വൈദ്യുതി ബോർഡുകളിലും നമ്മുടെ രാജ്യത്തും ലഭ്യമായ ഐ.ടി.വിദഗ്ദ്ധരെ ഉപയോഗ

പ്പെടുത്തി ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയറിനെ പ്രോത്സാഹിപ്പിച്ച് ചെലവുകുറച്ച് കംപ്യൂട്ടർവത്കരണം നടപ്പാക്കാമെന്ന് കേരള വൈദ്യുതി ബോർഡിൽ തെളിയിച്ചതാണ്,.

ഇലക്ട്രിസിറ്റി നിയമത്തിലെ സെക്ഷൻ 172-നെ നമ്മുടെ രാജ്യത്തെ ഫെഡറൽ സംവിധാനത്തിന് അനുകൂലമായി കാണുക എന്ന സമീപനത്തിനെതിരാണ് കേരളത്തിന് ഇനി കാലാവധി നീട്ടിത്തരില്ലെന്നു പറയുന്നത്. നിയമത്തിൽ അനുവദിച്ചിട്ടുള്ള വിധം ഒറ്റക്കമ്പനിയായി നിർത്തുന്ന നടപടിക്കെതിരെ പോലും സമ്മർദവും ഭീഷണയുമായി കേന്ദ്രഗവൺമെന്റ് വരുന്നത് നമ്മുടെ ഫെഡറൽ സംവിധാനങ്ങളെ ദുർബലപ്പെടുത്തുന്ന നടപടിയാണ്.

കെ.എസ്.ഇ.ബി. ശിഥിലീകരിക്കപ്പെടുന്നത് കേരള ജനതയ്ക്ക് ആലോചിക്കാനേ കഴിയുന്ന കാര്യമല്ല. ശിഥിലീകരിക്കപ്പെടുകയും വ്യത്യസ്ത കമ്പനികളാക്കി ഭാവിയിൽ പൂർണമോ ഭാഗികമോ ആയി സ്വകാര്യവത്കരിക്കപ്പെടുകയും ചെയ്യുന്നത് ആത്യന്തികമായി കേരളത്തിൽ ഇരുട്ടാണുണ്ടാക്കുക. വൈദ്യുതി ചാർജ് വൻതോതിൽ വർധിക്കും. സർവമേഖലയിലെയും പുരോഗതിക്ക് അത് തടസവുമാകും. എന്നാൽ കേന്ദ്ര നിയമത്തിനകത്തുനിന്ന് പ്രവർത്തിക്കാതിരിക്കാൻ സംസ്ഥാനത്തിന് കഴിയുകയുമില്ല. ഈ സാഹചര്യത്തിലാണ് വൈദ്യുതി ബോർഡ് പുനഃസംഘടന സംബന്ധിച്ച് വിദഗ്ധസമിതിയെ വച്ച് പഠനം നടത്തിയതും സമിതിയുടെ ശുപാർശപ്രകാരം സംസ്ഥാനമന്ത്രിസഭ തീരുമാനം കൈക്കൊണ്ടതും. ഗവൺമെന്റുടമസ്ഥതയിൽത്തന്നെ പൂർണമായും നിലനിൽക്കുന്നതും നിലവിലുള്ള എല്ലാ ആസ്തി-ബാദ്ധ്യതകളും ഏറ്റെടുക്കുന്നതുമായ ഒറ്റ കമ്പനിയായി വൈദ്യുതിബോർഡിനെ മാറ്റുക എന്നതാണ് ആ തീരുമാനം. ഭരണഘടനയുടെയും കേന്ദ്ര വൈദ്യുതി നിയമത്തിന്റെയും ചട്ടക്കൂടിനകത്തു നിന്നുകൊണ്ടുള്ള ഏറ്റവും മെച്ചപ്പെട്ട തീരുമാനമാണത്. അത് നടപ്പാക്കുന്നതിന് ഒരു വർഷത്തെ സമയം ചോദിച്ചെങ്കിലും നൽകിയിട്ടില്ല. ഒരു കമ്പനി പോര, രണ്ട് കമ്പനിയെങ്കിലും വേണമെന്ന നിർബ്ബന്ധത്തിലാണിപ്പോൾ കേന്ദ്ര സർക്കാർ.

ഈ സ്ഥിതിവിശേഷത്തെക്കുറിച്ച് ജനങ്ങൾ ബോധവാന്മാരാകേണ്ടതുണ്ട്. പ്രതിപക്ഷത്തുൾപ്പടെയുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളുമായും വിവിധ ട്രേഡ്യൂണിയൻ സംഘടനകളുമായും ആശയവിനിമയം നടത്തിയും ജനകീയ അഭിപ്രായം സ്വരൂപിച്ചും ഇക്കാര്യത്തിൽ അഭിപ്രായ സമന്വയമുണ്ടാക്കാനും അതനുസരിച്ച് മുന്നോട്ടു പോകുവാനുമാണ് സർക്കാർ തീരുമാനിച്ചത്. അതുപ്രകാരം ചേർന്ന സർവകക്ഷി യോഗത്തിൽ പ്രതിപക്ഷത്തു നിന്നും എൻ.സി.പി യേ പങ്കെടുത്തുള്ളൂ. പങ്കെടുത്ത ബി.ജെ.പി.യാകട്ടെ കമ്പനിവത്കരണത്തെ അനുകൂലിക്കുകയും പല കമ്പനികളാക്കുന്നതിലും വേണ്ടി വന്നാൽ സ്വകാര്യവത്കരണം ആകുന്നതിലും എതിർപ്പില്ലെന്നാണ് പറഞ്ഞത്. എന്നാൽ കെ.എസ്.ഇ.ബി യിലെ എല്ലാം ട്രേഡ് യൂണിയനുകളും കമ്പനിവത്കരണത്തെയും സ്വകാര്യവത്കരണത്തെയും എതിർത്തു. എന്നാൽ കേന്ദ്ര നിയമം അനുസരിക്കാതിരിക്കാൻ ആവില്ലെന്ന യാഥാർത്ഥ്യം അവർ പൊതുവിൽ ഉൾക്കൊള്ളുകയും ചെയ്തു. ഒറ്റ കമ്പനി, അതാകട്ടെ പൂർണമായും പൊതുമേഖലയിലും. ജീവനക്കാരുടെ അവകാശങ്ങളും ആനുകൂല്യങ്ങളും പൂർണമായും സംരക്ഷിക്കപ്പെടുകയും ചെയ്യും. ഇതാണ് സർക്കാർ നിലപാടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതുപ്രകാരം നടപടികളുമായി മുന്നോട്ട് പോകുകയാണ് സർക്കാർ. ■



# ഗാന്ധിജിയും മദ്യനിരോധനവും

## ഈ വർഷം ഗാന്ധിജയന്തി വാരം മദ്യ–ലഹരിവിരുദ്ധ ബോധവത്കരണ വാരമായി സർക്കാർ ആചരിക്കുന്നു

"മദ്യം വിഷമാണ്; ഉണ്ടാക്കരുത്, വിൽക്കരുത്, കുടിക്കരുത്" എന്നുദ്ഘോഷിച്ച ശ്രീനാരായണ ഗുരുദേവന്റെ 154– ാമത് ജയന്തി ആഘോഷവേളയിൽ, വർക്കല ശിവഗിരിയിൽ നടന്ന ജയന്തി ആഘോഷ ഉദ്ഘാടന പ്രസംഗത്തിൽ മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ 'ഗുരുവിന്റെ ആശയങ്ങളോട് നാം നീതിപുലർത്തുന്നുണ്ടോ എന്ന് ആത്മപരിശോധന നടത്തണ'മെന്ന് പറയുകയുണ്ടായി. "മദ്യമുണ്ടാക്കരുതെന്നും വിൽക്കരുതെന്നുമുള്ള ഗുരുവിന്റെ സന്ദേശം അട്ടിമറിക്കപ്പെട്ടതായും മദ്യവും ലഹരിപദാർത്ഥങ്ങളും കേരള സമൂഹത്തിലും കുടുംബാന്തരീക്ഷത്തിലും മഹാദുരന്തമായി പരിണമിച്ചിരിക്കുകയാണെ"ന്നും അദ്ദേഹം തുടർന്നു വ്യക്തമാക്കി.

ഓരോ വർഷവും രണ്ടായിരം കോടിയിലേറെ രൂപയുടെ മദ്യമാണ് മലയാളി അകത്താക്കിക്കൊണ്ടിരിക്കുന്നത്! 2007 ഡിസംബർ 27–ലെ 'ദേശാഭിമാനി' പത്രത്തിന്റെ മുഖപ്രസംഗത്തിൽ വ്യക്തമാക്കിയതുപോലെ മലയാളിയുടേത് 'ഭയപ്പെടുത്തുന്ന മദ്യപാനം' തന്നെയാണ്. ഭക്ഷണത്തെക്കാളും,

ജെ.എം. റഹിം

എന്തിന് കുടിവെള്ളത്തെക്കാളും പ്രധാനമാണ് മദ്യം എന്ന അവസ്ഥയിലാണ് കേരളത്തിലെ ഭൂരിഭാഗം ജനവും എന്ന് അനുമാനിക്കേണ്ടിയിരിക്കുന്നു, ഓരോ മദ്യവില്പനശാലയ്ക്കു മുന്നിലും അച്ചടക്കത്തോടെ ക്ഷമാശീലരായി, മണിക്കൂറുകളോളം കേരളത്തിലെ പുരുഷസമൂഹം 'ക്യൂ' നിൽക്കുന്നത് കാണുമ്പോൾ!

ഇനി കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മലയാള ദിനപത്രങ്ങളിൽ വന്ന ചില വാർത്തകൾ ശ്രദ്ധിക്കൂ:

'മദ്യപിച്ചു ബഹളം വച്ച സഹോദരീഭർത്താവിനെ വെട്ടിക്കൊന്നു'

'മദ്യലഹരിയിൽ ഗൃഹനാഥൻ വീടു കത്തിച്ചു. നാട്ടുകാർ പിടികൂടി പൊലീസിൽ ഏൽപ്പിച്ചു'

'മദ്യപിച്ചെത്തിയ സംഘം നാട്ടുകാരുമായി ഏറ്റുമുട്ടി'

'മദ്യപിച്ചെത്തിയ ആൾ റോഡിൽ തലയടിച്ചു വീണു മരിച്ചു'

'മദ്യപസംഘം ജ്യൂസ് കട ആക്രമിച്ചു'

'സിഗരറ്റ് കടം കൊടുക്കാത്തതിന് മദ്യപിച്ചെത്തി കടയുടമയെ കുത്തിക്കൊന്നു'

'മദ്യപാനിയായ മകനെ അമ്മ വിഷമദ്യം കൊടുത്തു കൊന്നു'

'മദ്യലഹരിയിൽ പൊലീസുകാരൻ പൊലീസ് വാഹനം തകർത്തു'

'മദ്യലഹരിയിൽ തോട്ടിൽ ചാടി; ഫയർഫോഴ്സിന് പണിയായി'

'പൂസായി കല്ലെറിഞ്ഞു; ബസ് യാത്രക്കാരന്റെ കണ്ണ് പൊട്ടി'

'ഭർത്താവിന്റെ അമിത മദ്യപാനം : ഗ്യാസ് തുറന്നുവിട്ട് തീ കൊളുത്തി യുവതി രണ്ട് മക്കളുമായി ജീവനൊടുക്കി'

'മദ്യലഹരിയിൽ മധ്യവയസ്കൻ തീകൊളുത്തി മരിച്ചു'

'മദ്യലഹരിയിൽ പിതാവ് മകളെ പീഡിപ്പിച്ചു'

ഇതുപോലെ ഇനിയും എത്രയോ വാർത്തകൾ. മദ്യം നമ്മുടെ സമൂഹത്തിലും കുടുംബജീവിതത്തിലും സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന ദുരന്തത്തിന്റെ ആഴം മനസ്സിലാക്കാൻ ഈ പത്രവാർത്തകളിലൂടെ കണ്ണോടിച്ചാൽ മാത്രം മതി. കേരളത്തിൽ ഉണ്ടാകുന്ന ഭൂരിഭാഗം റോഡപകടങ്ങളുടെയും കുറ്റകൃത്യങ്ങളുടെയും സ്ത്രീപീഡനങ്ങളുടെയും കൊലപാതകങ്ങളുടെയും ആത്മഹത്യകളുടെയും മറ്റു സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളുടെയും പുതിയ തലമുറയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മൂല്യച്യുതിയുടെയും സാംസ്കാരികാധഃപതനത്തിന്റെയും മുഖ്യകാരണക്കാരൻ മദ്യം തന്നെയെന്നത് സ്ഥിതിവിവരക്കണക്കുകൾ സാക്ഷ്യപ്പെടുത്തുന്നു. ബാറും കള്ളുഷാപ്പും സ്ഥിതിചെയ്യുന്ന സ്ഥലങ്ങൾ സാമൂഹികവിരുദ്ധരുടെ താവളങ്ങളാണെന്ന വസ്തുത ആർക്കും വ്യക്തമാണല്ലോ. ഒരു സ്ഥിരം മദ്യപാനിയുള്ള കുടുംബത്തിൽ നിത്യവും കലഹങ്ങളും അസന്തുഷ്ടിയും അസമാധാനവും മാത്രമേ ഉണ്ടാകുകയുള്ളൂ എന്ന കാര്യം പ്രത്യേകം പറയേണ്ടതുമില്ല.

ഒരു ദേവാലയത്തിന്റെയോ വിദ്യാലയത്തിന്റെയോ സമീപത്തു താമസിക്കുമ്പോൾ ഉണ്ടാകുന്ന സുരക്ഷിതത്വവും സമാധാനവും ഒരിക്കലും ഒരു മദ്യഷാപ്പിന്റെ സമീപത്ത് താമസിക്കുമ്പോൾ ലഭിക്കില്ല എന്നതും സുവ്യക്തമല്ലേ. 'മദ്യപാനി അന്ധതയിൽ ജീവിക്കുന്നു' എന്ന് ഉപനിഷത്തും 'മദ്യപാനിക്ക് സ്വർഗ്ഗരാജ്യം ലഭിക്കില്ല' എന്ന് ബൈബിളും 'മദ്യം ഹറാമാണ്' എന്ന് വിശുദ്ധ ഖുർ-ആനും വ്യക്തമാക്കിയത് അതുകൊണ്ടാണല്ലോ. വ്യക്തിക്കും കുടുംബത്തിനും സമൂഹത്തിനും വിനാശം വിതയ്ക്കുന്ന തിന്മയെ അനുകൂലിക്കാൻ മനുഷ്യനന്മ കാംക്ഷിക്കുന്ന ഒരു മതവും പ്രസ്ഥാനവും തയ്യാറാകില്ല. മദ്യലഹരിയിൽ പരസ്പരം കലഹിച്ചാണ് ശ്രീകൃഷ്ണന്റെ യദുകുലം പോലും നശിച്ചത് എന്ന പുരാണവൃത്താന്തം തന്നെ മദ്യത്തിന്റെ വിനാശകരമായ ഭീഷണിയെ വിളിച്ചറിയിക്കുന്നുണ്ട്.

അതുകൊണ്ടാണ് മഹാത്മാഗാന്ധി നിർദാക്ഷിണ്യം വ്യക്തമാക്കിയത്, "ഇന്ത്യയുടെ മുഴുവൻ ഏകാധിപതിയായി ഒരു മണിക്കൂർ നേരത്തേക്ക് ഞാൻ നിയമിക്കപ്പെട്ടെങ്കിൽ ഞാൻ ചെയ്യുന്ന ഒന്നാമത്തെ കാര്യം പ്രതിഫലം കൊടുക്കാതെ എല്ലാ മദ്യഷാപ്പുകളും അടച്ചുപൂട്ടുകയായിരിക്കും" എന്ന്. ജനസ്നേഹിയായ ഒരു ഭരണാധികാരിക്ക് ചെയ്യാൻ കഴിയുന്ന ഏറ്റവും പുണ്യമായ കാര്യമായാണ് മദ്യനിരോധനത്തെ ഗാന്ധിജി കണ്ടത്. കാരണം 1915 മുതൽ രക്തസാക്ഷിത്വം വരിക്കുന്ന കാലം വരെ, ഇന്ത്യയുടെ ഓരോ കുഗ്രാമത്തിലും പല അവസരങ്ങളിലുമായി സന്ദർശിക്കാൻ


ഉൽസവാഘോഷത്തിലെ അമിതമദ്യപാനം: പാലക്കാട് ജില്ലയിൽ മൂന്നുപേർ മരിച്ചു

മദ്യ-പുകയില പരസ്യം നിരോധിച്ചു

മദ്യലഹരിയിൽ മയങ്ങി; ചാക്ക് ഉടുതുണിയാക്കി മടങ്ങി

മദ്യഷാപ്പുകൾ തുറക്കുന്ന ദിവസങ്ങളിൽ അപകടങ്ങൾ കൂടുതൽ: മന്ത്രി

മദ്യ വിൽപനയില്ലാത്ത ദിനങ്ങളിൽ വാഹന അപകടങ്ങൾ കുറവ്

അമിത മദ്യപാനം: മൂന്നു പേർ മരിച്ചു

അമിതമായി മദ്യം കഴിച്ച മൂന്നുപേർ മരിച്ചു

മലയാള മനോരമ

അമിതമായി മദ്യം കഴിച്ചു മരിച്ചു

സംഘട്ടനം കണ്ടു നിന്നയാൾ മരിച്ചു



കഴിഞ്ഞ ഗാന്ധിജി മനസ്സിലാക്കിയിരുന്നു, ഇന്ത്യൻ ജനതയെ അധഃപതനത്തിലേക്കും ദാരിദ്ര്യത്തിലേക്കും അടിമത്തത്തിലേക്കും നയിക്കുന്ന മുഖ്യഘടകം മദ്യമാണെന്ന്.

മകനോ ഭർത്താവോ പിതാവോ സഹോദരനോ മദ്യപാനിയായുള്ള കുടുംബത്തിലും, മദ്യപാനികൾ ഏറെയുള്ള സമൂഹത്തിലും സ്ത്രീകൾ ബഹുമാനിക്കപ്പെടില്ല എന്നും ഗാന്ധിജി മനസ്സിലാക്കിയിരുന്നു. ഗാന്ധിജി പറയുന്നു, "കുടിയും ലഹരിസാധനങ്ങളും അത് ശീലിച്ചവരെയും അവകൊണ്ട് കച്ചവടം നടത്തുന്നവരെയും അധഃപതിപ്പിക്കുന്നു. കുടിയൻ, ഭാര്യയും അമ്മയും സഹോദരിയും തമ്മിലുള്ള വ്യത്യാസം വിസ്മരിക്കുകയും തന്റേടമുള്ളപ്പോൾ താൻ ചെയ്യാൻ ലജ്ജിക്കുന്ന തരം കർമ്മങ്ങൾ ചെയ്തുപോകുകയും ചെയ്യുന്നു".

മാത്രമല്ല, "യത്രനാര്യസ്തു പൂജ്യന്തേ, രമന്തേ തത്ര ദേവതാ" (എവിടെ സ്ത്രീ പൂജിക്കപ്പെടുന്നുവോ അവിടെ ഈശ്വരാനുഗ്രഹം എപ്പോഴും ഉണ്ടാകും) എന്ന ആർഷ ഭാരത സംസ്കൃതിയെക്കുറിച്ചും ഗാന്ധിജിക്ക് അറിയാമായിരുന്നു. അതിനാൽത്തന്നെ മദ്യപാനിയുള്ള കുടുംബവും, മദ്യപാനികളുള്ള സമൂഹവും ഈശ്വരസാമീപ്യം ലഭിക്കാതെ അധഃപതിക്കും എന്നും, ആ അവസ്ഥ ഭാരതത്തിൽ ഉണ്ടായിക്കൂട എന്നും ഗാന്ധിജി ചിന്തിച്ചിരുന്നു. അതുകൊണ്ടാണ് ഗാന്ധിജി കർക്കശമായി തന്നെ പറയുന്നത് : "മദ്യം കളിക്കേണ്ട ഒരു കാര്യമല്ല. മൃദുലവും സുകരവുമായ നയമൊന്നും പോരാ ഈ കൊടിയ തിന്മയെ നേരിടാൻ. പൂർണമായ മദ്യനിരോധനത്തിൽ കുറഞ്ഞ യാതൊന്നിനും ജനങ്ങളെ ആ ശാപത്തിൽ നിന്നു മോചിപ്പിക്കാനാവില്ല".

മദ്യപാനം ഒരു മനുഷ്യാവകാശ പ്രശ്നമാണ് എന്നു വാദിക്കുന്നവരെ ഗാന്ധിജി ശക്തിയുക്തം എതിർക്കുന്നുണ്ട്. ഗാന്ധിജി പറയുന്നത് കേൾക്കുക : "വ്യക്തിസ്വാതന്ത്ര്യത്തിന്റെ പേരിൽ സംസാരിക്കുന്നവർക്ക് അവരുടെ ഇന്ത്യയെ അറിഞ്ഞുകൂടാ".

''കുടിക്കണമെന്നുള്ളവർക്ക് അതിന് സൗകര്യങ്ങൾ നൽകണമെന്നു പറയുന്നത് വിഡ്ഢിത്തമാണ്. ജനങ്ങളുടെ ദുരാചാരങ്ങൾക്കു വേണ്ട വട്ടങ്ങളൊക്കെ സർക്കാർ ഉണ്ടാക്കിക്കൊടുക്കേണ്ടതില്ല'.

വ്യഭിചാരവും കളവും നാം നിരോധിച്ചിട്ടുണ്ടല്ലോ. എന്നിട്ടും അവ നിർബാധം നടക്കുന്നു. എന്നുവച്ച് നിരോധനം പിൻവലിക്കാനൊക്കുമോ ? മദ്യം നിരോധിച്ചാലും നിയമം കർശനമായി പാലിക്കപ്പെടുന്ന വ്യവസ്ഥ ഉണ്ടായാലേ തീർച്ചയായും പുതിയ തലമുറയെങ്കിലും ഈ മഹാവിപത്തിൽ നിന്നും രക്ഷപ്പെടാൻ കഴിയൂ. ഗാന്ധിജി പറയുന്നു : "തന്നെ പ്രലോഭിപ്പിക്കുവാൻ സ്വന്തം വീടിനടുത്ത് മദ്യഷാപ്പുള്ളിടത്തോളം കാലം കുടിയനെ ബോധവാനാക്കാൻ നമുക്ക് കഴിയില്ല."


"എന്നെ സംബന്ധിച്ചിടത്തോളം മദ്യപാന പ്രശ്നം വളർന്നുവരുന്ന ഒരു സാമൂഹിക ദോഷത്തെ നേരിടുന്ന കാര്യമാണ്."

ഗാന്ധിജിയും ശ്രീനാരായണ ഗുരുവും ഒക്കെ മദ്യത്തിന്റെ ദോഷവശങ്ങളെപ്പറ്റി വ്യക്തമായ സന്ദേശങ്ങൾ തന്നിട്ട് നൂറു വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. അന്നത്തെക്കാളേറെ മദ്യ ഉത്പാദനവും ഉപഭോഗവും ഇന്ന് വർദ്ധിച്ചിരിക്കുന്നു. സാംസ്കാരികാധഃപതനവും, മൂല്യച്യുതിയും സമൂഹാന്തരീക്ഷത്തിലെയും കുടുംബാന്തരീക്ഷത്തിലെയും അസ്വസ്ഥതകളും അതോടൊപ്പം തന്നെ ഏറിയിരിക്കുന്നു. ഗുരുജയന്തി ദിനത്തിൽ മുഖ്യമന്ത്രി ഉണർത്തിച്ച കാര്യം – ആത്മപരിശോധനയുടെ – കാര്യം നാം ചിന്തിച്ചേ മതിയാകൂ. ഗാന്ധിജി പറയുന്നത് ശ്രദ്ധിക്കൂ: "മദ്യത്തിലേക്ക് കുതിച്ചുപായുന്നത് ആളിക്കത്തുന്ന ചൂളയിലേക്കോ വെള്ളപ്പൊക്കമുള്ള നദിയിലേക്കോ കുതിച്ചുപായുന്നതിനേക്കാൾ ആപത്കരമാണ്. രണ്ടാമത് പറഞ്ഞത് ശരീരത്തെ മാത്രമേ നശിപ്പിക്കുന്നുള്ളൂ. ആദ്യത്തേത് ശരീരത്തെയും ആത്മാവിനെയും നശിപ്പിക്കുന്നു.''■

**"ഇന്ത്യയുടെ മുഴുവൻ ഏകാധിപതിയായി ഒരു മണിക്കൂർ നേരത്തേക്ക് ഞാൻ നിയമിക്കപ്പെട്ടെങ്കിൽ ഞാൻ ചെയ്യുന്ന ഒന്നാമത്തെ കാര്യം പ്രതിഫലം കൊടുക്കാതെ എല്ലാ മദ്യഷാപ്പുകളും അടച്ചുപൂട്ടുകയായിരിക്കും"**



സാം ചെക്കാട്



# ഗാന്ധിജിയുടെ മതസങ്കല്പം

ഇഷ്ടമുള്ള മതം സ്വീകരിക്കാനും അനുഷ്ഠാനം നടത്താനുമുള്ള സ്വാതന്ത്ര്യം വ്യക്തിക്ക് ഉണ്ടായിരിക്കെത്തന്നെ, മതാനുഷ്ഠാനങ്ങൾ പൊതുനിയമം ലംഘിച്ചുള്ളതായിരിക്കരുതെന്നും രാഷ്ട്രം മതേതരമായിരിക്കണമെന്നും ഗാന്ധിജി നിഷ്കർഷിച്ചു.

മതത്തെപ്പറ്റിയുള്ള കാഴ്ചപ്പാടിന്റെ കാര്യത്തിലാണ് ഗാന്ധിജി സമീപകാലത്ത് ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത്. യഥാർഥത്തിൽ മറ്റ് മതചിന്തകൻമാരിൽ നിന്ന് ഏറെ വ്യത്യസ്തവും തികച്ചും പുരോഗമനപരവുമായ വീക്ഷണമായിരുന്നു മഹാത്മജിക്ക് മതകാര്യങ്ങളെപ്പറ്റി ഉണ്ടായിരുന്നത്. അദ്ദേഹം നല്ല മതവിശ്വാസിയും ഈശ്വരവിശ്വാസിയുമായിരുന്നെങ്കിലും ഏതെങ്കിലും മതത്തിന്റെ വക്താവായിരുന്നില്ലെന്ന് മാത്രമല്ല സത്യവും ധർമവും അല്ലാതെ മറ്റൊരു ഈശ്വരൻ തനിക്കില്ലെന്ന് ഉറക്കെ പ്രഖ്യാപിക്കുകയും ചെയ്ത വിപ്ലവകാരിയാണ്. മറ്റുള്ളവരെപ്പോലെ വ്യക്തികളുടെ മോക്ഷപ്രാപ്തിയോ മരണാനന്തര ജീവിതമോ ആയിരുന്നില്ല അദ്ദേഹം തന്റെ മതചിന്തകളിലൂടെ പ്രചരിപ്പിച്ചത്. മനുഷ്യ സേവനത്തിലൂടെ മോക്ഷം നേടാനാണ് രാഷ്ട്രപിതാവ് ജനങ്ങളെ ആഹ്വാനം ചെയ്തത്. സാമൂഹിക സേവനത്തിൽ കവിഞ്ഞ ഒരു ആനന്ദവും ജീവിതത്തിൽ തനിക്കില്ലെന്ന് തുറന്നു പറഞ്ഞ അദ്ദേഹത്തിന് മനുഷ്യസഹോദരങ്ങളെ സേവിക്കാതെ പ്രാർഥനയിലും ധ്യാനത്തിലും മാത്രം മുഴുകി സമയം ചെലവഴിക്കുന്നവരോട് യാതൊരു ബഹുമാനവും ഉണ്ടായിരുന്നില്ല. അദ്ദേഹം പ്രാഥമി

കമായി പ്രപഞ്ചത്തിലും പ്രാപഞ്ചിക പ്രശ്നങ്ങളിലും തത്പരനായിരുന്നു. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ഈ ലോകവും ലോകജീവിതവും ബ്രഹ്മത്തേക്കാൾ യാഥാർഥ്യമായിരുന്നു.

സാമൂഹിക യാഥാർഥ്യങ്ങളിൽ നിന്ന് അകന്നു നിൽക്കുന്ന ഒരു ഈശ്വരനായിരുന്നില്ല അദ്ദേഹത്തിന്റേത്. ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം ഈശ്വരസാക്ഷാത്കാരം എന്നതിന്റെ അർഥം മനുഷ്യരാശിയുമായി താദാത്മ്യം പ്രാപിക്കുക എന്നതായിരുന്നു. എല്ലാ മനുഷ്യരെയും ഈശ്വരന്റെ അവതാരങ്ങളായിക്കണ്ട അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ യഥാർഥമായ മതബോധത്തിന്റെ സാരാംശം എല്ലാവരെയും സ്നേഹിക്കുകയും സേവിക്കുകയുമാണ്. ഒരിക്കൽ ഒരു ചൈനീസ് അതിഥിയോട് ഗാന്ധിജി ഇങ്ങനെ പറഞ്ഞു. “വേദന അനുഭവിക്കുന്ന മനുഷ്യരാശിയെ സേവിക്കുന്നതിലൂടെ ഈശ്വരനെ സേവിക്കാം എന്ന വിചാരമാണ് എന്റെ ജീവിതാഭിലാഷത്തിന്റെ അടിസ്ഥാനം”. മനുഷ്യസ്നേഹമില്ലാത്ത ഈശ്വരഭക്തി തീർത്തും പൊള്ളയാണെന്ന് ഗാന്ധിജി ഉറക്കെ പറഞ്ഞു. ബലവാനോടൊപ്പം ബലഹീനന്റെയും നിലനിൽപ്പ് ഉറപ്പാക്കുന്ന ജീവിതവ്യവസ്ഥയാണ് ധർമം. ഏറ്റവും ദുർബലനും നിരാലംബനും ദരിദ്രനുമായ മനുഷ്യന്റെ ഉന്നമനത്തിനുവേണ്ടി നടത്തിയ പ്രവർത്തനങ്ങളിലൂടെ ആ ധർമത്തിന്റെ സംസ്ഥാപനത്തിനുവേണ്ടിയാണ് ഗാന്ധിജി പരിശ്രമിച്ചത്. സമൂഹത്തിലെ ഏറ്റവും പതിതനായ മനുഷ്യനുപോലും ഉടനടി നീതി ലഭിക്കുന്ന ഒരു ധർമരാജ്യത്തെയാണ് തന്റെ സങ്കല്പത്തിലുള്ള ‘രാമരാജ്യ’ത്തിലൂടെ ഗാന്ധിജി സ്വപ്നം കണ്ടത്.


എല്ലാ മതങ്ങളുടെയും സാരാംശം ഒന്നു തന്നെയാണെന്ന് ഉറച്ചു വിശ്വസിച്ച മഹാത്മജി ഏതെങ്കിലും മതം മറ്റുമതത്തെക്കാൾ ശ്രേഷ്ഠമാണെന്ന് കരുതിയിരുന്നില്ല. നല്ല ചിന്തയും നല്ല പെരുമാറ്റവുമാണ് യഥാർഥ മതമെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. ഈ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് ഹിന്ദുവായി ജനിക്കുന്നവൻ കൂടുതൽ നല്ല ഹിന്ദുവായിത്തീരണമെന്നും ക്രിസ്ത്യാനി കൂടുതൽ നല്ല ക്രിസ്ത്യാനിയും മുസ്ലീം കൂടുതൽ നല്ല മുസ്ലീമും ആയിത്തീരണമെന്ന് ഗാന്ധിജി ആഹ്വാനം ചെയ്തത്. ഇന്ന് നമുക്കു ചുറ്റും കാണുന്നതു പോലെ മനുഷ്യർ തമ്മിൽ ഭിന്നതയും അവിശ്വാസവും വളർത്തുന്നതായിരുന്നില്ല ഗാന്ധിജിയുടെ മതം. മറിച്ച് തമ്മിൽ ഒന്നിപ്പിക്കുന്നതായിരുന്നു.

ഹിന്ദുമത വിശ്വാസിയായിരിക്കുമ്പോൾ ത്തന്നെ മറ്റ് എല്ലാ മതങ്ങളെപ്പറ്റിയും ആഴത്തിൽ പഠിക്കാനും അവയിലെ സത്യത്തിന്റെ അംശം കണ്ടെത്താനും ഗാന്ധിജി ശ്രമിച്ചിട്ടുണ്ട്. പല മാർഗത്തിലൂടെയും സത്യത്തിലെത്താമെന്ന ജൈനദർശനമാണ് ഗാന്ധിജിയുടെ മതവിശ്വാസത്തെ രൂപപ്പെടുത്തിയത്. 1942ൽ തന്നെ സന്ദർശിച്ച ലോക പ്രശസ്ത പത്രപ്രവർത്തകനായ ലൂയി ഫിഷറോട് അദ്ദേഹം ഇങ്ങനെ പറഞ്ഞു. “ഞാൻ ക്രിസ്ത്യാനിയും ഹിന്ദുവും മുസ്ലീമും ജൂതനുമാണ്” അടിസ്ഥാനപരമായി എല്ലാ മതങ്ങളും ഒന്നാണെന്നും എല്ലാറ്റിലും ആത്യന്തികമായി ഒരേ ധാർമികതയാണ് അന്തർലീനമായിരിക്കുന്നതെന്നും അദ്ദേഹം വിലയിരുത്തിയിട്ടുണ്ട്. രാമനും റഹിമും അദ്ദേഹത്തിന് ഒന്നു തന്നെയായിരുന്നു. ഗീതയും ബൈബിളും ഖുർ-ആനും അദ്ദേഹത്തിന് പ്രിയങ്കരങ്ങളായിരുന്നു. തന്റെ എല്ലാ ദിവസത്തെയും പ്രാർഥനാ യോഗങ്ങളിൽ ഈ മൂന്ന് ഗ്രന്ഥങ്ങളും പാരായണം ചെയ്യണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. രാജ്യത്തെ വെട്ടിമുറിച്ച വർഗീയ കലാപങ്ങളുടെ ഭയാനകമായ താളുകളിൽപ്പോലും ജനങ്ങൾക്കിടയിൽ മതസൗഹാർദവും സാഹോദര്യവും ഊട്ടിയുറപ്പിക്കാനും ശാന്തി മന്ത്രങ്ങൾ ഉയർത്താനും ഗാന്ധിജിയുടെ സർവമതപ്രാർഥനകൾ നൽകിയ സംഭാവന ചരിത്രത്തിന്റെ ഭാഗമാണ്.

സകല മതങ്ങളിലെയും വേദങ്ങളിൽ യുക്തിക്കും ധർമത്തിനും നിരക്കാത്ത പലരും കടന്നുകൂടിയിട്ടുണ്ടെന്ന് അദ്ദേഹം മനസിലാക്കിയിരുന്നു. അതിനാൽ ഒരു വേദവും ഈശ്വരനിൽ നിന്ന നേരിട്ട് കിട്ടിയതാണെന്ന് അദ്ദേഹം വിശ്വസിച്ചില്ല. യുക്തിക്ക് നിരക്കാത്തതും ധർമത്തിന് വിരുദ്ധവുമായ ഏത് മതസിദ്ധാന്തത്തെയും താൻ നിരാകരിക്കുന്നതായി അദ്ദേഹം തുറന്നടിച്ചു.

വ്യക്തിജീവിതത്തിലും പൊതുജീവിതത്തിലും കടുത്ത മതനിഷ്ഠ പുലർത്തിക്കൊണ്ട് സത്യത്തെയും ധർമ്മത്തെയും എും മുറുകെപ്പിടിച്ച ഗാന്ധിജി രാഷ്ട്രീയം ഉൾപ്പെടെ ജീവിതത്തിന്റെ സമസ്തമേഖലങ്ങളിലും ധാർമികതയും സദാചാരനിഷ്ഠയും പുലരണമെന്ന് ആഗ്രഹിച്ചു. തന്റെ രാഷ്ട്രീയ ജീവിതത്തെ തന്നെ അദ്ദേഹം തന്റെ ധാർമിക പ്രവർത്തനത്തിന്റെ ഭാഗ

വിവിധ മതഗ്രന്ഥങ്ങൾ ഒന്നും തന്നെ അപ്പാടെ വിശ്വസിക്കത്തക്കതോ അനുസരിക്കത്തക്കതോ അല്ലെന്നും എല്ലാത്തിലും ധാരാളം തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടെന്നും അതിനാൽ വേദാനുശാസനങ്ങളെ അക്ഷരാർഥത്തിലല്ല മറിച്ച് സാരംശത്തിൽ മാത്രമാണ് അനുസരിക്കേണ്ടതെന്നായിരുന്നു ഗാന്ധിജിയുടെ ഉറച്ചനിലപാട്.





ജീവിതത്തിൽ ഒരിക്കലും ഒരു പൂജയോ വഴിപാടോ ക്ഷേത്രദർശനമോ നട ത്താത്ത ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം ഈശ്വരൻ സത്യവും സ്നേഹവും ധർമനിഷ്ഠയും മന:സാക്ഷിയുമായിരുന്നു.

മായാണ് കണ്ടത്. മതത്തെയും രാഷ്ട്രീയ ത്തെയും കൂട്ടിയിണക്കിയെങ്കിലും മതമൗ ലികവാദികളുടേതിൽ നിന്ന് നേരെ വിപ രീതമായിരുന്നു ഇക്കാര്യത്തിൽ അദ്ദേഹ ത്തിന്റെ സമീപനം. മതസഹിഷ്ണുത ഗാന്ധിജിയുടെ ഏറ്റവും പ്രധാന ഗുണമാ യിരുന്നു. സ്വാർഥരഹിതമായ പ്രാർഥന ഒഴി ച്ചുള്ള എല്ലാ മതാചാരങ്ങൾക്കും അനുഷ്ഠാ നങ്ങൾക്കും അദ്ദേഹം തീർത്തും എതിരാ യിരുന്നു. അഹിംസ ഗാന്ധിയൻ മതചി ന്തയുടെ ജീവാത്മാവാണ്. എല്ലാ ജീവജാ ലങ്ങളോടുമുള്ള സൻമനോഭാവത്തെയാണ് യഥാർത്ഥ അഹിംസയായി ഗാന്ധിജി കണ്ട ത്. അതായത് ഒന്നിനെയും വേദനിപ്പിക്കാ തിരിക്കുക എന്നത്. അഹിംസ മനുഷ്യ വർഗത്തിന്റെ വളർച്ചയുടെ നിയമമാ ണെന്നും മാനവരാശി പുരോഗമിക്കുന്നത് അഹിംസയിലേക്കാണെന്നുമാണ് ഗാന്ധി യൻ ദർശനം.



ഭാരതത്തിന്റെ മഹത്തായ ദാർശനിക പൈതൃകത്തിന്റെ പ്രതീകമായി ഉപനിഷ ത്തുക്കളെ കണ്ട മഹാത്മജി ഈശാവാ സ്യോപനിഷത്തിലെ പ്രഥമ മന്ത്രത്തിൽ ഹിന്ദുമത തത്ത്വസംഹിതയുടെ സാംരാംശം മുഴുവൻ ഉൾക്കൊള്ളുന്നതായി അഭിപ്രായ പ്പെട്ടു.

ഈശാ വാസ്യമിദം സർവം
യത് കിംച ജഗത്യം ജഗത്
തേ നേ ത്യ ക്തേ ഭുഞ്ജീഥാഃ
മാ ഗൃധഃ കസ്യ സിദ്ധനം

ഈ മഹാപ്രപഞ്ചത്തിൽ നാം കാണുന്ന എല്ലാ വസ്തുക്കളിലും ഈശ്വ രൻ നിറഞ്ഞു നില്ക്കുന്നുവെന്ന ഈ ശ്ലോകത്തിലെ ആദ്യവരി സ്ഥിതി സമത്വ ത്തിന്റെയും സമഭാവനയുടെയും മഹ ത്തായ പ്രഖ്യാപനമായാണ് ഗാന്ധിജി വ്യാഖ്യാനിച്ചത്. ജീവനുള്ള എല്ലാത്തി ന്റെയും അസ്തിത്വത്തിന്റെ ഓരോ ഇഴ യിലും ഈശ്വരൻ നിറഞ്ഞു നിൽക്കുന്ന തുകൊണ്ട് എല്ലാ ജീവജാലങ്ങളും തമ്മി ലുള്ള സമത്വം ഈ വരികളിൽ താൻ കണ്ടെത്തുന്നതായി ഗാന്ധിജി എഴുതി. രണ്ടാമത്തെ വരിയിൽ പറയുന്നത് എല്ലാം ഈശ്വരന് സമർപ്പിക്കുക അല്ലെങ്കിൽ ത്യജി ക്കുക എന്നതാണ്. അതിന്റെ അർഥം എല്ലാം ഈശ്വരന്റെ അഥവാ സമൂഹ ത്തിന്റെ പൊതുമുതലാണെന്നും അത് തനിക്ക് മാത്രമായി അവകാശപ്പെടാൻ ആർക്കും കഴിയില്ലെന്നുമാണ്. അവസാന വരിയിൽ പറയുന്നത് മറ്റാരുടെയും ധനം ആഗ്രഹിക്കരുത് എന്നാണ്. മറ്റുള്ളവരുടെ അദ്ധ്വാനത്തിന്റെ ഫലം ചൂഷണം ചെയ്യു ന്നവർക്കെതിരായി ശക്തമായ താക്കീതാ യാണ് ഗാന്ധിജി ഇതിനെ വിശേഷിപ്പിച്ചത്. ചുരുക്കിപ്പറഞ്ഞാൽ ഹിന്ദുമതത്തിന്റെ ആശയ സംഹിതയെ ആകെ ഈ ശ്ലോക ത്തിൽ സംഗ്രഹിക്കാമെന്ന് ഗാന്ധിജി ചൂണ്ടി ക്കാട്ടി.

മനുഷ്യരെ മാത്രമല്ല, സഹജീവിക ളെയും ഉൾക്കൊള്ളുന്ന പ്രപഞ്ച സാഹോ ദര്യം എന്ന മഹത്തായ ആശയം ഉദ്ഘോ ഷിക്കുന്ന മേൽപ്പറഞ്ഞ മന്ത്രത്തിന് സോഷ്യലിസ്റ്റിന്റെയും കമ്മ്യൂണിസ്റ്റിന്റെയും തത്ത്വചിന്തകന്റെയും സാമ്പത്തിക ശാസ്ത്ര ജ്ഞന്റെയും അഭിലാഷങ്ങളെ തൃപ്തിപ്പെ ടുത്തുന്നതിന് കഴിയുമെന്നാണ് ഗാന്ധിജി അഭിപ്രായപ്പെട്ടത്. ഈ തത്ത്വങ്ങൾക്കെതി രായ എന്തെങ്കിലും ഹിന്ദുമതത്തിലുണ്ടെ ങ്കിൽ താൻ അതിനെ അംഗീകരിക്കുകയി ല്ലെന്നും ഗാന്ധിജി പ്രഖ്യാപിച്ചിരുന്നു.

മനുഷ്യർ മാത്രമല്ല എല്ലാ സചേതന ജീവികളും ഒന്നാണെന്ന് വിശ്വാസക്കാരനാ യിരുന്നു ഗാന്ധിജി. പ്രകൃതിയെല്ലാം മനു ഷ്യന് വേണ്ടി സൃഷ്ടിക്കപ്പെട്ടതാണെന്നും മറ്റെല്ലാ ജീവജാലങ്ങളെയും ചൂഷണം ചെയ്യാൻ മനുഷ്യന് അധികാരമുണ്ടെന്നു മുള്ള പാശ്ചാത്യ ആശയത്തെ പൂർണമായി എതിർത്ത ഗാന്ധിജി സമസ്ത ജീവജാല ങ്ങളുടെയും ഐക്യം എന്ന മുദ്രാവാക്യ മാണ് ഉയർത്തിപ്പിടിച്ചത്.

മതവും രാഷ്ട്രവും തമ്മിലുള്ള ബന്ധത്തെപ്പറ്റിയും മഹാത്മജിക്ക് വ്യക്ത മായ സങ്കല്പമുണ്ടായിരുന്നു. അദ്ദേഹം ഇങ്ങനെ പറഞ്ഞു. "രാഷ്ട്രം നിസ്സംശയ മായി മതേതരമായിരിക്കണം." രാജ്യത്തെ പൊതു നിയമങ്ങൾ അനുസരിക്കുന്നിട ത്തോളം കാലം ഏതൊരു പൗരനും യാതൊരു തടസവും കൂടാതെ തന്റെ മത വിശ്വാസം ഉയർത്തിപ്പിടിക്കാനുള്ള അവ കാശം ഉണ്ടായിരിക്കണം. സമൂഹത്തിലെ ഓരോ വ്യക്തിക്കും തനിക്ക് ഇഷ്ടമുള്ള മതം സ്വീകരിക്കാനും അനുഷ്ഠാനങ്ങൾ നടത്താനുമുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കു മ്പോൾ തന്നെ മതാനുഷ്ഠാനങ്ങൾ രാജ്യ ത്തിന്റെ പൊതുവായ നിയമങ്ങളെ ലംഘിച്ചു കൊണ്ടായിരിക്കരുതെന്നും അദ്ദേഹം നിഷ്കർഷിച്ചു. ഇന്ത്യയെ ഒരു മതേതര രാജ്യമായി നിലനിർത്തുന്നതിൽ ഗാന്ധിയൻ ആശയങ്ങൾ വഹിച്ച പങ്ക് ഇവിടെ പ്രത്യേകം എടുത്തു പറയേണ്ടതാ ണ്.■

■ ടി.പി. കുഞ്ഞിക്കണ്ണൻ



നവോത്ഥാനഘട്ടത്തിനു ശേഷം ആധുനികകേരള സൃഷ്ടിക്കായി നടന്ന പ്രവർത്തനത്തിൽ മർമ പ്രധാനമായ സംഭാവന ചെയ്തത് ആര് എന്ന ചേദ്യത്തിന് ഒറ്റ ഉത്തരമേ ഉള്ളൂ – ഇ.എം.എസ്. മാർക്സിസ്റ്റ് പ്രസ്ഥാനത്തിന്റെ അമരക്കാരനെന്ന നിലയിലും ഭരണാധികാരിയെന്ന നിലയിലും സിദ്ധാന്തപരമായും പ്രയോഗപരമായും അദ്ദേഹം നടത്തിയ ഇടപെടലുകളുടെ സ്വാധീനം അത്രയ്ക്കും വിപുലവും ആഴമേറിയതുമാണ്.

പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യ ദശകങ്ങളിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിലുമായി നിലനിന്ന കേരളീയ സമൂഹത്തെ വിലയിരുത്തി സ്വാമി വിവേകാനന്ദൻ പറഞ്ഞ പ്രസിദ്ധമായ ആ വാചകമുണ്ടല്ലോ– കേരളം ഒരു ഭ്രാന്താലയമാണെന്ന് – ആ അവസ്ഥയിൽ നിന്ന് കേരളം മോചിപ്പക്കപ്പെടുന്നത് ദശകങ്ങൾ നീണ്ടു നിന്ന ഒരു നവോത്ഥാന പ്രക്രിയയിലൂടെയാണെന്നത് ചരിത്രം. ആധുനിക കേരളത്തെ നിർമിച്ചെടുത്ത ആ സാമൂഹിക നവോത്ഥാന പ്രക്രിയ്ക്ക് നിരവധി ധാരകളുണ്ട്. ശ്രീനാരായണഗുരുവും ചട്ടമ്പിസ്വാമകളും വാഗ്ഭടാനന്ദനും സ്വാമി ആനന്ദ തീർഥനും പോലുള്ള ആത്മീയ നേതാക്കളുടെ പ്രവർത്തനങ്ങൾ, ദേശീയ സ്വാതന്ത്ര്യ സമരപ്രസ്ഥാനം, ഇന്ത്യയിലും ലോകത്താകെയും ശക്തമായിക്കൊണ്ടിരുന്ന കമ്യൂണിസ്റ്റ് പുരോഗമനപ്രസ്ഥാനങ്ങളുടെ ഇടപെടലുകൾ, പുരോഗമികളായ എഴുത്തുകാരും കലാകാരൻമാരും നൽകിയ സംഭാവനകൾ, ക്രിസ്ത്യൻ മിഷണറിമാർ മുതൽ ഗ്രന്ഥശാലാ സംഘം വരെ നടത്തിയ സുപ്രധാന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ തുടങ്ങിയ പലതും അതിൽ പെടും. ഈ നവോത്ഥാനത്തെ തുടർന്ന് എഴുപതുകളിൽ അമർത്യാസെന്നിനെപ്പോലെ പ്രശസ്തരായ പല വികസന വിദഗ്ധരും പ്രകീർത്തിക്കുന്ന സവിശേഷമായ വികസന മാതൃക

# കേരളനിർമിതിയുടെ അമരത്ത്

യായി കേരളം മാറിയ ഒരു രണ്ടാം ഘട്ടം കൂടി ഇതിനെ തുടർന്നുണ്ട്. ഭൂപരിഷ്കരണം, വിദ്യാഭ്യാസ – ആരോഗ്യ സൗകര്യങ്ങളുടെ വ്യാപനം, ക്ഷേമ പദ്ധതികൾ, സാർവത്രികമായ പൊതുവിതരണ സമ്പ്രദായം, മിനിമം കൂലിക്കായുള്ള നടപടികൾ തുടങ്ങി സമ്പത്തിന്റെയും വിഭവങ്ങളുടെയും നീതിപൂർവമായ പങ്കുവയ്ക്കലിനെ മുഖ്യമായി ഊന്നിയുള്ള ആ കേരള രൂപീകരണത്തിൽ പ്രധാന പങ്ക് വഹിച്ചതും ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങളുടെയും അവയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റുകളാണെന്നത് ഇന്ന് പൊതുവെ അംഗീകരിക്കപ്പെടുന്ന വസ്തുതയാണ്. ആധുനിക കേരള സൃഷ്ടിക്കായുള്ള ഈ രണ്ടാം ഘട്ട പ്രവർത്തനത്തിൽ മർമ പ്രധാനമായ സംഭാവന ചെയ്തത് ആര് എന്ന ചേദ്യത്തിന് ഒറ്റ ഉത്തരമേ ഉള്ളൂ – ഇ.എം.എസ്. മാർക്സിസ്റ്റ് പ്രസ്ഥാനത്തിന്റെ അമരക്കാരനെന്ന നിലയിലും ഭരണാധികാരിയെന്ന നിലയിലും സിദ്ധാന്തപരമായും പ്രയോഗപരമായും അദ്ദേഹം നടത്തിയ ഇടപെടലുകളുടെ സ്വാധീനം അത്രയ്ക്കും വിപുലവും ആഴമേറിയതുമാണ്.

കേരളത്തിന്റെ കാർഷിക പരിഷ്കരണങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിലും വികസന നിലപാടുകൾ രൂപപ്പെടുത്തുന്നതിലും വീകേന്ദ്രീകരണ ശ്രമങ്ങൾ ഫലപ്രദമാക്കുന്നതിലുമാണ് ഇതിൽ ഏറ്റവും സവിശേഷമായ ഇടപെടലുകൾ അദ്ദേഹം നടത്തുന്നത്. അവയെക്കുറിച്ചുള്ള ഒരു വിശകലനത്തിനാണ് ഇവിടെ മുതിരുന്നത്.

### ഭക്ഷ്യപ്രശ്നം, ഭൂപ്രശ്നം, ഭൂപരിഷ്കരണം

ഭൂപ്രശ്നം, ഭൂപരിഷ്കരണം, ഭക്ഷ്യസ്വയംപര്യാപ്തത എന്നിവയുമായി ബന്ധപ്പെട്ടായിരുന്നു ഇ.എം.എസിന്റെ ആദ്യകാല ഇടപെടലുകൾ എല്ലാംതന്നെ. കർഷകപ്രസ്ഥാനത്തിന്റെ വളർച്ച, കർഷകസമരങ്ങൾ, ഭൂപരിഷ്കരണനിയമരൂപീകരണം ഇവയ്ക്കെല്ലാം ആധാരമായ രാഷ്ട്രീയ വിശകലനങ്ങൾ, പ്രവർത്തനങ്ങൾ എന്നിവയായിരുന്നു അവയിൽ മുഖ്യം.

ഈ പ്രമേയങ്ങൾ സംബന്ധിച്ച അടിസ്ഥാനരേഖ ഒരുപക്ഷെ കുട്ടികൃഷ്ണമേനോൻ കമ്മിറ്റിക്ക് ഇ.എം.എസ് എഴുതിയ വിയോജനക്കുറിപ്പായിരിക്കും (ഇ.എം.എസ്: 1937). ഭൂപരിഷ്കരണം സാമൂഹിക സാമ്പത്തിക വികസനത്തിന് അനിവാര്യമാണ്. അതാകട്ടെ നിലവിലുള്ള ബന്ധങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട് മാത്രമെ സാധ്യമാകൂ. അതിനാൽ നിലവിലുള്ള ഭൂബന്ധങ്ങൾ മാറണം – ഇതായിരുന്നു ഇ.എം എസിന്റെ കാഴ്ചപ്പാട്. എന്നാൽ കമ്മറ്റിയിലെ ഭൂരിപക്ഷം പേരും നിലവിലുള്ള ഭൂബന്ധങ്ങൾ അതേ രീതിയിൽ തുടരാൻ നിർദേശിക്കുകയായിരുന്നു. ഈ പശ്ചാത്തലത്തിലാണ് തന്റെ നിലപാട് വ്യക്തമാക്കിക്കൊണ്ടുള്ള വിയോജനക്കുറിപ്പ് നൽകാൻ അദ്ദേഹം നിർബന്ധിതനായത്. അതിന്റെ ആദ്യഭാഗത്ത് ഭൂബന്ധങ്ങളിലെ അടിസ്ഥാനമാറ്റത്തിനുള്ള നിർദേശങ്ങളും നടപടികളും വ്യക്തമാക്കുന്നു. അതിനുശേഷം റിപ്പോർട്ടിലെ ഓരോ അധ്യായത്തിലും വരുത്തേണ്ട മാറ്റങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ഇക്കൂട്ടത്തിൽ ബ്രിട്ടീഷ് ഭരണം മലബാറിൽ വരുത്തിയ മാറ്റങ്ങൾ കൃഷിക്കുള്ള മൂലധനത്തിന്റെ ദൗർലഭ്യം, തൊഴിലും കൂലിയും സംബന്ധിച്ച കാര്യങ്ങൾ, മദ്ധ്യവർത്തികളുടെ ഇടപെടൽ, ഇറക്കുമതി കയറ്റുമതിരംഗത്തെ മാറ്റങ്ങളും പ്രത്യാഘാതങ്ങളും, സാമ്പത്തികാസൂത്രണം, ജന്മിത്തം അവസാനിപ്പിക്കൽ എന്നിവയെല്ലാം ഉൾപ്പെടുന്നു.

ഒഴിപ്പിക്കൽ നിയന്ത്രിക്കൽ, പാട്ടം നിശ്ചയിക്കുന്നതിൽ കുടിയാന് അനുകൂലമായ നടപടികൾ, കുടിയിരിപ്പുകാരെ പാട്ടത്തിൽനിന്ന് ഒഴിവാക്കൽ തുടങ്ങിയ നിർദേശങ്ങൾ ഇ.എം.എസ് പുതുതായി ഉന്നയിച്ചിരുന്നു. നാടുവാഴിത്തവും, ജന്മിത്തവും അവസാനിപ്പിച്ച് നാട്ടിൻപുറത്തെ പാവപ്പെട്ടവർക്ക് ഭൂമി സൗജന്യമായി നൽകേണ്ടതിന്റെ താത്ത്വികവശങ്ങളാണ് വിയോജനക്കുറിപ്പിന്റെ പ്രധാന പ്രതിപാദ്യം. പ്രായോഗിക വിപ്ലവപ്രവർത്തനത്തിന്റെ ഭാഗമായി എഴുതിയതാണെങ്കിലും ഈ കുറിപ്പ് ഏറെ അക്കാദമിക് മൂല്യം കൂടി ഉള്ളതാണ്. ഈ രേഖയെയും അതിലടങ്ങിയ ആവശ്യങ്ങളെയും ആസ്പദമാക്കിയാണ് 1940 കളിൽ കർഷസംഘപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയത്. (Karat. 1998) ഒന്നാമത്തെ കാർഷികബന്ധബില്ലിന്റെ ഉള്ളടക്കം ആ വിയോജനക്കുറിപ്പിൽ അടങ്ങിയിരിക്കുന്നു. ഇന്ത്യയിലെ ബൂർഷ്വാഭരണഘടനയുടെ ചട്ടക്കൂടിനകത്ത് നിന്ന് ചെയ്യാൻ കഴിയുന്നതിന്റെ പരമാവധി പാവപ്പെട്ട ജനങ്ങൾക്കായി ചെയ്യുക എന്നുള്ള സമീപനമായിരുന്നു തന്റെ വിയോജനക്കുറിപ്പിൽ ഇ.എം.എസ്. മുന്നോട്ടുവച്ചത്.

ഇവിടെ ഭൂപരിഷ്കരണത്തെത്തന്നെ വ്യവച്ഛേദിച്ച് കാണേണ്ടതുണ്ട്. ഭൂപരിഷ്കരണത്തിന് മാത്രമായിട്ടൊരു പ്രത്യേക അസ്തിത്വമില്ല. അത് സമൂഹത്തിൽ നടക്കുന്ന പൊതു പരിഷ്കാരങ്ങളുടെ അഭേദ്യമായ ഭാഗമാണ്. വ്യവസായവത്കരണം, സാമൂഹിക – സാംസ്കാരികജീവിതത്തിന്റെ ആധുനികവത്കരണം, രാഷ്ട്രീയജീവിതത്തിന്റെ ജനാധിപത്യവത്കരണം എന്നിവയെല്ലാം ഭൂപരിഷ്കരണവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ രീതിയിൽ സാമൂഹിക-രാഷ്ട്രീയ രംഗങ്ങളിലെ സമഗ്ര മാറ്റത്തിനുള്ള നാന്ദിയായാണ് സോഷ്യലിസ്റ്റ് ഭൂപരിഷ്കരണത്തെ വിഭാവനം ചെയ്യുന്നത്.

രാജ്യത്തെ സാമ്പത്തിക വളർച്ചയുടെ ആദ്യഘട്ടങ്ങളിൽ കൃഷിയിൽനിന്നുള്ള വരുമാനം സന്തുലിതമായി വിതരണം ചെയ്യാനായി കൃഷിഭൂമിയുടെ ഉടമസ്ഥാവകാശം പുനർനിർണയിക്കുകയും അതുവഴി ആഭ്യന്തരകമ്പോളം വിപുലപ്പെടുത്തുകയും ചെയ്യുക എന്നതാണ് ഭൂപരിഷ്കാരം വഴി മുതലാളിത്തം ലക്ഷ്യമിടുന്നത്. ഇന്ത്യയിൽ നടപ്പാക്കിയ പരിമിതമായ ഭൂപരിഷ്കരണം ആ ദിശയിലുള്ളതായിരുന്നു.

1930കളിൽ കർഷകസമരങ്ങൾ സംഘടിപ്പിക്കുമ്പോഴും കുട്ടികൃഷ്ണമേനോൻ കമ്മിറ്റിയോട് രാഷ്ട്രീയമായി വിയോജിക്കുമ്പോഴും ഭാവികേരളം എന്താകണമെന്നതിനെക്കുറിച്ച് ഇ.എം.എസിന് പ്രത്യേക നിലപാടുകൾ ഉണ്ടായിരുന്നു. ഇക്കാര്യം പലപ്പോഴായി അദ്ദേഹം വിശദീകരിക്കുന്നുണ്ട്. അവയെ ഇനി പറയും പ്രകാരം ക്രോഡീകരിക്കാവുന്നതാണ്. (ഇ.എം.എസ്:1993).

1. ഭാവിയിൽ വരാനിരിക്കുന്ന ഐക്യകേരളത്തിന്റെ പ്രധാനഭാഗങ്ങളായി തിരു

വിതാംകൂറിലും കൊച്ചിയിലും രാജഭരണം അവസാനിപ്പിച്ച് ജനപ്രതിനിധി ഭരണം സ്ഥാപിക്കണം. തിരുവിതാംകൂറും കൊച്ചിയും മലബാറും ചേർത്തു കേരള സംസ്ഥാനം രൂപീകരിക്കണം.

2. ഫ്യൂഡൽ ഭൂ ഉടമസ്ഥത അവസാനിപ്പിച്ച് ഭൂമിയിൽ പണിയെടുക്കുന്നവരെ അതിന്റെ ഉടമസ്ഥരാക്കണം.
3. ജാതിമേധാവിത്വത്തിൽനിന്ന് ഹരിജനങ്ങളെയും ഗിരിജനങ്ങളെയും മറ്റ് പിന്നാക്ക ജാതിക്കാരെയും മോചിപ്പിച്ച് ജാതിവിരുദ്ധമായ സമൂഹം കെട്ടിപ്പടുക്കണം.
4. മതന്യൂനപക്ഷങ്ങളായ മുസ്ലീമുകളെയും ക്രിസ്ത്യാനികളെയും ഭൂരിപക്ഷമതഭ്രാന്തന്മാരുടെ അക്രമങ്ങളിൽ നിന്നു രക്ഷിക്കണം.
5. ജാതിപരിഗണനകൾക്കതീതമായി ജനാധിപത്യപരവും മതനിരപേക്ഷവുമായ ഒരു പുത്തൻ കേരളം സ്വതന്ത്രഭാരതത്തിന്റെ അഭേദ്യഭാഗമായി ഉയർന്നുവരണം.

ഈ മാറ്റങ്ങൾക്കെല്ലാം അടിസ്ഥാനം ജനകീയപ്രക്ഷോഭങ്ങൾ മാത്രമാണെന്നായിരുന്നു അദ്ദേഹത്തിന്റെ നിഗമനം. ഭൂപരിഷ്കരണം നടപ്പാക്കിയത് യഥാർത്ഥത്തിൽ നിയമസഭയിലല്ല. അദ്ദേഹം പറഞ്ഞു, "ശരിക്ക് പറഞ്ഞാൽ 1969ൽ അവസാന രൂപം നൽകപ്പെട്ട നിയമത്തിന്റെ ആദ്യരൂപം വരുന്നതിന്റെ മുൻപ്തന്നെ ഒഴിപ്പിക്കൽ നിരോധനനിയമം സ്വന്തം ശക്തികൊണ്ട് നടപ്പാക്കാൻ സംഘടിത കർഷകപ്രസ്ഥാനം ഒരുങ്ങിയതോടുകൂടി കേരളത്തിലെ ജന്മിസമ്പ്രദായത്തിന്റെ അവസാനം ആരംഭിച്ചുകഴിഞ്ഞിരുന്നു" (ഇ.എം.എസ്: 1993).

ഭൂബന്ധങ്ങളുമായി ചേർത്തുകൊണ്ടാണ് ഇ.എം.എസ്. സ്വയംപര്യാപ്തതയെയും ഭക്ഷ്യപ്രശ്നത്തെയും പരിശോധിച്ചത്. 1952 സെപ്തംബറിൽ ഇത് സംബന്ധിച്ച ഒരു ചെറുഗ്രന്ഥം അദ്ദേഹം പ്രസിദ്ധീകരിക്കുകയുണ്ടായി. (ഇ.എം.എസ്: 1952) "ഭക്ഷണം എന്ന അഖിലിസ് മടമ്പ്" എന്ന ഈ കൃതി ഇന്ത്യയിൽ ധാന്യക്കച്ചവടത്തിന്മേലുള്ള നിയന്ത്രണം എടുത്തുകളഞ്ഞപ്പോഴാണ് എഴുതിയത്. ഇന്ത്യയുടെ ഭക്ഷ്യക്ഷാമം പരിഹരിക്കാൻ വേണ്ട ഭക്ഷ്യഇറക്കുമതി, ഭക്ഷ്യവസ്തുക്കളുടെ ആഭ്യന്തര വ്യാപാരം എന്നിവയെ ബന്ധപ്പെടുത്തിയുള്ള അപഗ്രഥനമായിരുന്നു ഈ ഗ്രന്ഥം. ഭക്ഷ്യോത്പാദനം വർദ്ധിച്ചതുകൊണ്ടു മാത്രം വിശക്കുന്നവന് ഭക്ഷണം കിട്ടില്ലെന്ന യാഥാർത്ഥ്യം ഇതിൽ വിശദീകരിക്കുന്നു. ഭക്ഷ്യപ്രശ്നത്തിന്റെ താത്കാലിക പരിഹാരത്തിന് ഇന്ത്യക്ക് മുന്നിൽ രണ്ട് ഉപാധികളാണുള്ളത്. ഒന്നാമത്തേത്, അമേരിക്കൻ മുതലാളിത്തത്തിനും കുത്തക ഭൂഉടമകൾക്കും, ധാന്യമൊത്തക്കച്ചവടക്കാർക്കും കീഴടങ്ങുന്നതാണ്. രണ്ടാമത്തേത് ഭൂപരിഷ്കാരത്തിന്റേതും ഭൂപ്രഭുക്കൾക്കും ധാന്യക്കുത്തകകൾക്കും കീഴടങ്ങാത്തതുമാണ്. അത് സോഷ്യലിസ്റ്റു രാജ്യങ്ങളുമായുള്ള ധാന്യക്കച്ചവടത്തിന് ഊന്നൽ നൽകുന്നതാണ്. രണ്ടാമത്തേതാണ് ഭക്ഷ്യപ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിക്കാവുന്ന ജനാധിപത്യപരമായ മാർഗങ്ങൾ.


ഒടുങ്ങാത്ത ചിന്താധാര:
ഇ.എം.എസും എ.കെ.ജിയും

കേരളത്തിൽ ഭക്ഷ്യവസ്തുക്കളുടെ ശക്തമായ പൊതുവിതരണ സംവിധാനം കരുപ്പിടിപ്പിക്കുന്നതിൽ ഇ.എം.എസ് നിസ്തുലമായ സംഭാവനകൾ നൽകിയിട്ടുണ്ട്. ഇവിടെ നടന്ന ഒട്ടനവധി ജനകീയ പ്രക്ഷോഭങ്ങളുടെ ഫലമായാണ് ഇപ്പോൾ നിലവിലുള്ള വിപുലമായ പൊതുവിതരണ സംവിധാനം നിലവിൽവന്നത്. ഒരു അഭിമുഖത്തിൽ ഇ.എം.എസ് പറഞ്ഞു, "ഭക്ഷ്യക്ഷാമകാലത്തെ ജനകീയ പ്രക്ഷോഭങ്ങളും അവയോടുള്ള സർക്കാരിന്റെ അനുകൂല പ്രതികരണവുമാണ് കേരളത്തിലെ പൊതുവിതരണസംവിധാനത്തിന്റെ അടിസ്ഥാനം. മലബാറിൽ 1942ഓടെ കർഷകപ്രസ്ഥാനങ്ങളും തൊഴിലാളിസംഘടനകളും ഇതര ജനകീയ സംഘടനകളും ഭൂപ്രഭുക്കളിൽ നിന്ന് നിർബന്ധമായി നെല്ല് സംഭരിക്കാനും ന്യായവില ഷാപ്പുകളിലൂടെ വിതരണം ചെയ്യാനും ആവശ്യപ്പെട്ടിരുന്നു. ജനകീയ ഭക്ഷ്യകമ്മിറ്റികൾ നാടിന്റെ എല്ലാ ഭാഗത്തും രൂപീകരിച്ചിരുന്നു. ഇതിനോടൊപ്പം നടന്ന ഭക്ഷ്യസമരങ്ങളിൽ സ്ത്രീകൾ വ്യാപകമായി പങ്കെടുത്തിരുന്നു. ഇത്തരം സമരങ്ങൾക്ക് വിധേയമായാണ് റേഷൻ ഷോപ്പ് നിലവിൽവന്നത്." (വി.കെ. രാമചന്ദ്രൻ:1996)

## കേരള വികസനം: സമഗ്ര കാഴ്ചപ്പാട്

മാർക്സിസ്റ്റ് അർത്ഥശാസ്ത്രം പ്രയോഗിക്കുന്നതിനുള്ള ഇടപെടൽ മാതൃകകൾ രൂപപ്പെടുത്തിയെടുക്കുന്നതിന്റെ ഭാഗമായാണ് ഇ.എം.എസ്. കേരളത്തിലെ വികസനപ്രവർത്തനങ്ങളെ സംഘടിപ്പിച്ചത്. ഇതിന്റെ ഭാഗമായി, കേരളത്തിന്റെ സമഗ്രവികസനം സംബന്ധിച്ച ചർച്ചകളെയും പ്രവർത്തനങ്ങളെയും ഒരു ജനകീയപ്രസ്ഥാനമാക്കി വളർത്തുന്നതിൽ പ്രധാന പങ്ക് വഹിച്ചത് ഇ.എം.എസ്. ആയിരുന്നു. 1937ലെ കുട്ടിക്കൃഷ്ണമേനോൻ കമ്മിറ്റിയുടെ വിയോജനക്കുറിപ്പിൽ തുടങ്ങി ഭരണപരിഷ്കാരകമ്മിറ്റി റിപ്പോർട്ട്, അശോക് മേത്ത കമ്മിറ്റി വിയോജനക്കുറിപ്പ്, മത്തായി മാഞ്ഞൂരാൻ പ്രസംഗം, കേരളവികസന കോൺഗ്രസ്സ് എന്നിവയിലൂടെ വികസിച്ച് ജനകീയാസൂത്രണപ്രസ്ഥാനത്തിലെത്തുകയായിരുന്നു ഇ.എം.എസിന്റെ വികസന സമീപനം. കേരളത്തിന്റെ സമഗ്രവികസനമായിരുന്നു ഇ.എം.എസ്. വിഭാവനം ചെയ്തിരുന്നത്. കേവലം സാമ്പത്തിക വളർച്ചയുടെ കണക്കുകളും റോഡ്, പാലം, കെട്ടിടം തുടങ്ങിയ മരാമത്ത് പണികളും മാത്രമല്ല വികസനമെന്നും വിദ്യാഭ്യാസം, ആരോഗ്യം, സംസ്കാരം എന്നിവയെല്ലാം വികസനത്തിന്റെ ഭാഗമാണെന്നും അതിനാൽ ഇവയെല്ലാം ചേർന്ന ജനങ്ങളുടെയും പ്രദേശത്തിന്റെയും സമഗ്രവികസനമാണ് വേണ്ടതെന്നും അദ്ദേഹം പറഞ്ഞു. സമഗ്രവികസനത്തിന്റെ പ്രധാന മുന്നുപാധിയായി ഇ.എം.എസ്. കണ്ടത് സമ്പൂർണമായ വികേന്ദ്രീകരണമായിരുന്നു.

കേരളത്തിന്റെയും ജനങ്ങളുടെയും നടപ്പ് പ്രശ്നങ്ങളിലും ഭാവിയിലും ഇ.എം.എസ്. എക്കാലത്തും ഏറെ ഉത്കണ്ഠപ്പെട്ടിരുന്നു. ഈ ഉത്കണ്ഠ എപ്പോഴും അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. കേരള രൂപീകരണദിനത്തിൽ നടത്തിയ ഒരു പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു. "കേരളത്തിലുടനീളമുള്ള സാധാരണ ജനതയെ വളരെയേറെ സാമൂഹിക സാമ്പത്തിക പ്രശ്നങ്ങൾ അലട്ടുന്നുണ്ട്. ഭക്ഷ്യധാന്യങ്ങൾക്ക് ഈയിടെ ഉണ്ടായ വിലവർദ്ധന മറ്റേത് സ്റ്റേറ്റിനെക്കാളും ഏറെ ബാധിച്ചത് കേരളത്തെയാണ്. കാരണം ഇന്ത്യയിലെ മറ്റേത് സ്റ്റേറ്റിലും കാണാത്തത്ര ഭക്ഷണക്കമ്മി ഇവിടെയാണുള്ളത്. കേരളത്തിലെ ജനങ്ങൾ തൊഴിലില്ലായ്മ കൊണ്ട് വിഷമിക്കുന്നു. ഇക്കാര്യത്തിലും പ്രശ്നം മറ്റെവിടു

ത്തേതിനെക്കാളും ഇവിടെയാണ് കൊടുമ്പിരിക്കൊള്ളുന്നത്. മറ്റു സംസ്ഥാനങ്ങളിൽ വളരെയേറെ ചെറുതും വലുതുമായ ജലസേചനപദ്ധതികളും കാർഷിക-വ്യാവസായിക വികസനസ്കീമുകളും നടപ്പാക്കപ്പെടുന്ന അതേ അവസരത്തിൽ കേരളത്തിലെ പദ്ധതികൾ എണ്ണംകൊണ്ടും വലിപ്പംകൊണ്ടും ചെറുതാണെന്നതിലും അവർക്ക് വിഷമമുണ്ട്. മറ്റൊരുതരത്തിൽ പറഞ്ഞാൽ തങ്ങൾക്ക് നേരിടേണ്ട പ്രശ്നങ്ങളിൽ ചിലത് രാജ്യത്തിൽ മറ്റൊരിടത്തെക്കാളും വലുതായ, അതേ അവസരത്തിൽതന്നെ പ്രശ്നപരിഹാരത്തിനുള്ള വഴികൾ മറ്റേതിടത്തെക്കാളും കുറവാണെന്ന കാര്യം കേരളീയരെ അലട്ടുന്നുണ്ട്."

"വികസനം എന്ത്, എങ്ങനെ?" എന്ന ലേഖനത്തിൽ (ഇ.എം.എസ്: 1997) വികസനം എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്ന് ഇ.എം.എസ്. ഈ രീതിയിൽ വിശദീകരിച്ചു. "ഉത്പാദനത്തിന്റെയും ഉത്പാദനക്ഷമതയുടെയും വർദ്ധനയിൽ ഊന്നിനിൽക്കുന്നതും അതിന് സാമൂഹ്യമേഖലകളെ കീഴ്പ്പെടുത്തുന്നതുമായ ഒരു വികസനവീക്ഷണം സൃഷ്ടിച്ചെടുക്കണം."

കേരളവികസനം സംബന്ധിച്ച ഇ.എം.എസ്സിന്റെ നിലപാടുകൾ ആറ്റിക്കുറുക്കി വിശദീകരിക്കുന്ന രേഖയാണ് എ.കെ.ജി. സെന്ററിന്റെ ആഭിമുഖ്യത്തിൽ നടത്തിയ 1994ലെ അന്താരാഷ്ട്ര പഠനകോൺഗ്രസ്സിന്റെ അദ്ധ്യക്ഷ പ്രസംഗം. അദ്ദേഹം പറഞ്ഞു: "കേരളവികസന മാതൃകയ്ക്ക് ക്രിയാത്മകമായ വശങ്ങളുണ്ട്. വിദ്യാഭ്യാസം, പൊതുജനാരോഗ്യം തുടങ്ങിയ മേഖലകളിൽ നൽകിയ ഊന്നൽ സംസ്ഥാനത്ത് സ്വതന്ത്രമായ തൊഴിലാളി വർഗത്തിന്റെ ആവിർഭാവത്തിന് വഴിതെളിച്ചു. അധ്വാനിക്കുന്ന ജനങ്ങളുടെ വിവിധ വിഭാഗങ്ങളുടെ സംഘടിതപ്രസ്ഥാനം ഉയർന്നുവരുന്നതിനും ഇത് സഹായിച്ചു. എന്നാൽ കേരളത്തിലെ സമകാലീന സമ്പദ്വ്യവസ്ഥയുടെ നിഷേധാത്മകവശങ്ങൾ അവഗണിക്കാൻ കഴിയാത്തവിധം ഗുരുതരമാണെന്ന് പറയേണ്ടിയിരിക്കുന്നു." (എ.കെ.ജി. പഠനഗവേഷണകേന്ദ്രം: 2005)

ഒട്ടേറെ അനുകൂല സാഹചര്യങ്ങൾ ഉണ്ടായിരുന്നിട്ടും കേരളത്തിലെ ഉത്പാദന ശക്തികൾ വേണ്ടത്ര വികസിച്ചില്ലെന്നത് കേരളവികസനത്തിന്റെ ഒരു പ്രശ്നം തന്നെയാണ്. ഇതിന്റെ ഫലമായാണ് മെച്ചപ്പെട്ട സാമൂഹികവികാസം കൈവരിച്ചപ്പോഴും സാമ്പത്തിക വികസനകാര്യത്തിൽ കേരളം പിറകിലായിപ്പോയത്. ഈ രംഗത്ത് ഇനിയും കൂടുതൽ വിശദമായ അന്വേഷണങ്ങൾ നടക്കേണ്ടിയിരിക്കുന്നു. ഇ.എം.എസ്. പറഞ്ഞു, "ജനജീവിതം മെച്ചപ്പെടുത്തുന്നതും ജനക്ഷേമകരവുമായ സാമൂഹ്യമേഖലാപ്രശ്നങ്ങൾക്ക് നാം വളരെ സമയവും ശ്രദ്ധയും വിനിയോഗിച്ചപ്പോൾ സാമ്പത്തിക വളർച്ചയുടെയും ഭൗതികോത്പാദനത്തിന്റേതുമായ അടിയന്തര പ്രശ്നങ്ങളിൽ നാം വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിരുന്നില്ല എന്നാണ് ഞാൻ കരുതുന്നത്" (അദ്ധ്യക്ഷപ്രസംഗം).

**വികസനകാര്യത്തിൽ തികഞ്ഞ പ്രായോഗിക സമീപനമായിരുന്നു ഇ.എം.എസ്സിന്റേത്. സമഗ്രസാമൂഹികമാറ്റത്തിന് ശേഷമേ എന്തും സാധ്യമാകൂ എന്ന നിലപാടിനെയോ നിലവിലുള്ള അവസ്ഥയിൽതന്നെ എല്ലാം സാധ്യമാണെന്നുള്ള നിലപാടിനെയോ ഇ.എം.എസ്. അംഗീകരിച്ചിരുന്നില്ല.**

ഈ സ്ഥിതിവിശേഷത്തെ 'കേരളവികസനമാതൃക' എന്നൊക്കെ പറഞ്ഞ് പുകഴ്ത്തുന്നതിനോട് ഇ.എം.എസ്. യോജിച്ചിരുന്നില്ല. അത്തരം പുകഴ്ത്തലുകളോട് ഇ.എം.എസ്. പ്രതികരിച്ചത് ഈ രീതിയിലാണ്. "എനിക്കൊരു അപേക്ഷയുണ്ട്. കേരളത്തിന്റെ നേട്ടങ്ങളെചൊല്ലി പണ്ഡിതന്മാർ ചൊരിയുന്ന സ്തുതിവർഷത്തിൽ നാം നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും നമ്മുടെ ശ്രദ്ധ വ്യതിചലിക്കാൻ ഇടയാകരുത്." (അധ്യക്ഷപ്രസംഗം).

വികസനകാര്യത്തിൽ തികഞ്ഞ പ്രായോഗിക സമീപനമായിരുന്നു ഇ.എം.എസ്സിന്റേത്. സമഗ്രസാമൂഹികമാറ്റത്തിന് ശേഷമേ എന്തും സാധ്യമാകൂ എന്ന നിലപാടിനെയോ നിലവിലുള്ള അവസ്ഥ



**ബാലറ്റ്പെട്ടിക്കു മുന്നിൽ ഒരേ മനസോടെ:**
**ഇ.എം.എസും. ആര്യ അന്തർജനവും**

യിൽതന്നെ എല്ലാം സാധ്യമാണെന്നുള്ള നിലപാടിനെയോ ഇ.എം.എസ്. അംഗീകരിച്ചിരുന്നില്ല. ആഗോള ദേശീയ രാഷ്ട്രീയ പശ്ചാത്തലം സംസ്ഥാനത്തുയർത്തുന്ന സമ്മർദ്ദങ്ങളെക്കുറിച്ച് അദ്ദേഹം പൂർണ്ണബോധവാനായിരുന്നു. അതിന്റെ സാമൂഹ്യ രാഷ്ട്രീയ പരിമിതികളാൽ വരിഞ്ഞുമുറുക്കപ്പെടുമ്പോഴും പരിമിതിയിൽ നിന്നുകൊണ്ട് ജനങ്ങൾക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്ന് കണ്ടെത്താൻ അദ്ദേഹം അഭ്യർത്ഥിച്ചു. ഇതിനാകട്ടെ, നാട്ടിലെ എല്ലാ വിഭാഗം ജനങ്ങളുടെയും എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും സഹായ സഹകരണം ആവശ്യമാണെന്ന് അദ്ദേഹത്തിന് ബോധ്യമുണ്ടായിരുന്നു. ഇത് സംബന്ധിച്ച് അദ്ദേഹം പറഞ്ഞത് ഇങ്ങനെയാണ്. “ഇന്നത്തെ ദേശീയ നയങ്ങളിൽ മാറ്റം വരാതെ സംസ്ഥാനത്ത് ഒന്നും ചെയ്യാനാവില്ലെന്ന അഭിപ്രായത്തോട് എനിക്ക് യോജിപ്പില്ല. ആഗോളദേശീയഘടനകൾ അടിച്ചേൽപ്പിക്കുന്ന പദ്ധതികൾക്കകത്തുനിന്നുകൊണ്ടുതന്നെ നമ്മുടെ സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങൾക്ക് പ്രായോഗിക പരിഹാരം കണ്ടെത്താൻ നമുക്ക് കഴിയണം. .....ഒരു രാഷ്ട്രീയപാർട്ടിക്കോ അഥവാ രാഷ്ട്രീയപാർട്ടികൾക്കോ മാത്രമായി നിറവേറ്റാൻ കഴിയുന്ന കടമയല്ല ഇത്. ഇതൊരു ദേശീയ കടമയാണ്. പണ്ഡിതരും വിവിധ ശാസ്ത്രവിജ്ഞാനശാഖകളിലെ വിദഗ്ദ്ധന്മാരും ഇതിൽ സുപ്രധാന പങ്ക് വഹിക്കേണ്ടതായിട്ടുണ്ട്.” (അദ്ധ്യക്ഷപ്രസംഗം). കേരളവികസനത്തിനുവേണ്ടിയുള്ള എല്ലാവരുടെയും കൂട്ടായ്മ ശക്തിപ്പെടുത്തുന്നതിനായുള്ള ആത്മാർത്ഥമായ ഒരഭ്യർത്ഥനയായിരുന്നു ഈ പ്രസംഗം. ഏറെ ഉത്കണ്ഠപ്പെട്ട ഒരു മനസ്സിന്റെ പ്രവാഹമായിരുന്നു അത്.

### വികേന്ദ്രീകരണത്തിന്റെ രാഷ്ട്രീയം

ആസൂത്രണപ്രക്രിയയും അതിന്റെ ദർശനവുമാണ് ഇ.എം.എസ്സിന്റെ നിരന്തരമായ വിശകലനത്തിന് വിധേയമായ മറ്റൊന്ന്. അതുകൊണ്ടാവണം അധികാര വികേന്ദ്രീകരണം അഥവാ വികേന്ദ്രീകൃതാസൂത്രണം സംബന്ധിച്ച ചർച്ചകളും ഇവയോടൊപ്പംതന്നെ അനുക്രമമായി വളർത്തിക്കൊണ്ടുവരുന്നതിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധിച്ചത്. ഇന്ത്യൻ ആസൂത്രണത്തിന്റെ പ്രധാന പരിമിതികളിലൊന്നായി ചൂണ്ടിക്കാണിച്ചത് അതിന്റെ കേന്ദ്രീകൃത സ്വഭാവമാണ്. അതുകൊണ്ടുതന്നെ ജനാധിപത്യ വികേന്ദ്രീകരണമെന്ന ആശയത്തെ തന്റെ ബദൽ നിർദേശങ്ങളുടെ ഭാഗമായി ഇ.എം.എസ്. എക്കാലത്തും ഉയർത്തിക്കാണിച്ചിരുന്നു. “ആസൂത്രണം പ്രതിസന്ധിയിൽ” എന്ന ഗ്രന്ഥത്തിലും 4-ാം പദ്ധതിക്കുള്ള ബദൽകുറിപ്പിലും ഇതു വളരെ പ്രകടമായിരുന്നു.

വികേന്ദ്രീകരണം സംബന്ധിച്ച ഇ.എം.എസ്സിന്റെ മൗലികവീക്ഷണങ്ങൾ പരസ്പരബന്ധത്തോടെ സമഗ്രമായി അവതരിപ്പിച്ച രേഖയാണ് അശോകമേത്ത കമ്മിറ്റിക്ക് എഴുതിയ വിയോജനക്കുറിപ്പ് (ഇ.എം.എസ്:1978). ഇന്ത്യൻ മുതലാളിത്തവികസന പാതയിലെ പ്രതിസന്ധിയെയും അതുവഴി അനുഭവിക്കേണ്ടിവന്ന ജീവിതപ്രയാസങ്ങളെയും പ്രതിപാദിക്കുന്നതാണ് ഈ രേഖയുടെ ആദ്യഭാഗം. അതിനാൽ “മുതലാളിത്തവും മുതലാളിത്തപൂർവ്വവുമായ ചൂഷണത്തിന്റെ സാമൂഹ്യവ്യവസ്ഥ അവസാനിപ്പിക്കുന്നതിനുവേണ്ടിയുള്ള സംഘടിതസമരത്തിന്റെ വീക്ഷണകോണിൽനിന്നുകൊണ്ടാണ് ജനാധിപത്യം സംരക്ഷിക്കുന്നതിനും വിപുലീകരിക്കുന്നതിനുമുള്ള പ്രശ്നത്തെ ഞാൻ കാണുന്നത്” (ഇ.എം.എസ്: 1978). “മറ്റുവാക്കുകളിൽ പറഞ്ഞാൽ ജനാധിപത്യവികേന്ദ്രീകരണത്തിനുള്ള എന്റെ വിശ്വാസത്തിന്റെ അടിസ്ഥാനമിതാണ്. മർദ്ദകർക്കും ചൂഷകർക്കുമെതിരെയുള്ള അധ്വാനിക്കുന്നവരുടെ ദൈനംദിന സമരത്തിൽ ഇത്തരമൊരവസ്ഥ കൂടുതൽ സഹായകരമായിത്തീരും” (ഇ.എം.എസ്: 1978)

വികേന്ദ്രീകരണമെന്നാൽ ഗ്രാമവികസനപ്രവർത്തനങ്ങളുടെ നിർവഹണത്തിന്റെ വികേന്ദ്രീകരണമായാണ് കോൺഗ്രസ്സും മറ്റും നേരത്തെ കണക്കാക്കിയത്. എന്നാൽ “ജനാധിപത്യവികേന്ദ്രീകരണം” എന്ന ആശയത്തിലൂടെ വികേന്ദ്രീകരണവും വികസനവും സംബന്ധിച്ച മാമൂൽ ധാരണകളിൽനിന്ന് വ്യത്യസ്തമായി തികച്ചും നൂതനമായൊരു ബന്ധം ഇ.എം.എസ്. വികസിപ്പിച്ചെടുത്തു. ഇതുമായി ബന്ധപ്പെടുത്തി വികസനരാഷ്ട്രീയം എന്ന സമീപനത്തിന് അദ്ദേഹം രൂപം നൽകി. ആസൂത്രണത്തിന്റെ രൂപീകരണത്തിലും നിർവഹണത്തിലും ഉള്ള വ്യാപകമായ ജനപങ്കാളിത്തമാണ് ഇ.എം.എസ്. ഇതിന് മുന്നുപാധിയായി കണ്ടത്. ജനങ്ങളുടെ ഇടയിൽ സജീവമായി പ്രവർത്തിക്കുന്നതും അവരുടെ വിശ്വാസം ആർജിച്ചതുമായ വിവിധ സംഘടനകൾക്ക് ഏത് വികസനപരിപാടികളിലും പ്രധാനപ്പെട്ട ഒരു സ്ഥാനം നൽകേണ്ടതാണെന്ന് ഇ.എം.എസ്. അദ്ദേഹത്തിന്റെ വിയോജനക്കുറിപ്പിൽ രേഖപ്പെടുത്തി.

വികസനം നടത്താനാവശ്യമായ മൂലധനം അവസാനവിശകലനത്തിൽ ലക്ഷോപലക്ഷം അധ്വാനിക്കുന്ന ബഹുജനങ്ങളാണ്. വികസനത്തോടുള്ള താത്പര്യം നിമിത്തം ധനപരമായോ കാര്യക്ഷമമായ അദ്ധ്വാനത്തിന്റെ രൂപത്തിലോ ത്യാഗമനുഷ്ഠിക്കാൻ ലക്ഷോപലക്ഷം ബഹുജനങ്ങൾക്കുള്ള സന്നദ്ധതയാണ് നമുക്ക് ഉപയോഗിക്കാവുന്ന ഏറ്റവും വലിയ മൂലധനം. അധ്വാനിക്കുന്ന ബഹുജനങ്ങൾക്ക് വികസനപ്രവർത്തനത്തിൽ താത്പര്യമുളവാക്കുന്ന ഏതു ക്ഷേമപദ്ധതിയും ദുഷ്ചെലവല്ല; യഥാർത്ഥ മൂലധനം സ്വരൂപിക്കാനുള്ള മാർഗമാണ്.” (ഇ.എം.എസ്: 1989).

വികസനത്തോടുള്ള താത്പര്യം നിമിത്തം ധനപരമായോ കാര്യക്ഷമമായ അദ്ധ്വാനത്തിന്റെ രൂപത്തിലോ ത്യാഗമനുഷ്ഠിക്കാൻ ലക്ഷോപലക്ഷം ബഹുജനങ്ങൾക്കുള്ള സന്നദ്ധതയാണ് നമുക്ക് ഉപയോഗിക്കാവുന്ന ഏറ്റവും വലിയ മൂലധനം.

അദ്ദേഹം തുടരുന്നു “ഈനാടിന്റെ സംഘടിതശേഷിയെയും ജനങ്ങളുടെ രാഷ്ട്രീയബോധത്തെയും ഉത്പാദനവും ഉത്പാദനക്ഷമതയും ഉയർത്തുന്നതിനുവേണ്ടി ഉപയോഗിക്കാനാവുമോ എന്നതാണ് നാമിന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ചോദ്യം. സാധ്യമാണ് എന്ന് ഉറപ്പ് പറയാൻ ഞാനാഗ്രഹിക്കുന്നു. (ഇ.എം.എസ്.1989)

1989ൽ കേരള പഞ്ചായത്ത് അസോസിയേഷൻ സംഘടിപ്പിച്ച സെമിനാറിൽ “പഞ്ചായത്തുരാജ് ബില്ലും അധികാര വികേന്ദ്രീകരണവും” എന്ന പ്രബന്ധം അവതരിപ്പിച്ചുകൊണ്ട് പറയുകയുണ്ടായി. “ആയിരത്തിലേറെ പഞ്ചായത്തുകളിലുള്ള പതിനായിരത്തിലേറെ മെമ്പർമാർക്ക് പരസ്പരവിരുദ്ധമായ കാഴ്ചപ്പാടുകൾ ഉണ്ടെങ്കിലും താന്താങ്ങളുടെ പഞ്ചായത്തുകളിൽപ്പെട്ട ജനങ്ങളുടെ നിത്യജീവിതപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്ന കാര്യത്തിൽ ഒരേ കാഴ്ചപ്പാടനുസരിച്ച് യോജിച്ചു നീങ്ങാൻ കഴിയും. (ഇ.എം.എസ്. 1989)

പ്രാദേശികവികസനമെന്നാൽ ചിട്ടയോടെയുള്ള മുന്നൊരുക്കത്തോടെ ശാസ്ത്രീയമായി നടത്തേണ്ടുന്ന ഒരു പ്രക്രിയയാണെന്ന കാര്യത്തിൽ ഇ.എം.എസ്സിന് സംശയമില്ലായിരുന്നു. കല്യാശ്ശേരിയിൽ നടന്ന വിഭവഭൂപടനിർമാണവും അതിന്റെ ഭാഗമായി സംഘടിപ്പിച്ച സാമൂഹ്യ സാമ്പത്തിക സർവ്വെയെയും കുറിച്ച് അദ്ദേഹം ഇങ്ങനെ എഴുതി, “ശാസ്ത്ര സാഹിത്യ പരിഷത്തിന്റെയും സെന്റർ ഫോർ എർത്ത് സയൻസിന്റെയും മുൻകൈയോടെ കല്ല്യാശ്ശേരി പഞ്ചായത്തിൽ സംഘടിപ്പിച്ച ഒരു സർവ്വെ ആ പഞ്ചായത്ത് അതിർത്തിയിലുള്ള പ്രകൃതിവിഭവങ്ങളും മാനുഷികവിഭവങ്ങളും കണ്ടുപിടിച്ച് അവ ഓരോന്നും കാര്യക്ഷമമായി ഉപയോഗപ്പെടുത്തി പഞ്ചായത്തതിർത്തിയിലെ ജനജീവിതമാകെ നന്നാക്കിത്തീർക്കാനുള്ള ഒരു പദ്ധതിയുടെ രൂപരേഖ ആവിഷ്കരിക്കാനുള്ള ശ്രമമായിരുന്നു”(ഇ.എം.എസ്: 1996).

അദ്ദേഹം തുടർന്നു: “കല്ല്യാശ്ശേരി മാതൃകയിലെ വികസനം സംസ്ഥാനത്താകെ നടപ്പാക്കുമ്പോൾ സംസ്ഥാനത്തിന്റെ സ്ഥിതിഗതികളിലാകെ മാറ്റംവരുത്താൻ കഴിയും.



**ഇ.എം.എസ്. വൈക്കം മുഹമ്മദ് ബഷീറിനെ കാണാനെത്തിയപ്പോൾ**

വികസനം എന്നാൽ സ്കൂളുകൾ, ആശുപത്രികൾ, റോഡുകൾ മുതലായവ ആണ് എന്ന ധാരണയാണ്. ഇതൊക്കെ വന്നാലും കാർഷിക വ്യാവസായിക മേഖലയിൽ വളർച്ച ഉണ്ടായില്ലെങ്കിൽ വികസനം വരില്ല" (ഇ.എം.എസ്: 1996)

അധികാരവികേന്ദ്രീകരണവും വികസനവും സംബന്ധിച്ച് ഇ.എം.എസ്സിന്റെ നിലപാടുകൾ ഒത്തുചേർന്നതായിരുന്നു ജനകീയാസൂത്രണം. ''സാക്ഷരതാപ്രസ്ഥാനത്തിൽനിന്ന് ജനകീയാസൂത്രണത്തിലേക്ക്" എന്ന ലേഖനത്തിൽ ഇ.എം.എസ് ഇങ്ങനെ പറഞ്ഞു "മറ്റൊരു സംസ്ഥാനവും ഇതേവരെ നടത്തിയിട്ടില്ലാത്ത ഒരു പുത്തൻപരീക്ഷണമാണ് കേരളത്തിൽ ഉദ്ഘാടനം ചെയ്യുന്ന ജനകീയാസൂത്രണപരിപാടി. ഇതിന് ദേശീയവും അന്തർദേശീയവുമായ ഒരു പശ്ചാത്തലം കൂടിയുണ്ട്. സോവിയറ്റ് യൂണിയൻ തൊട്ട് ആഗോളതലത്തിലും ഇന്ത്യയിൽതന്നെയും ഇതേവരെ പരീക്ഷിച്ചുനോക്കിയിട്ടുള്ള ആസൂത്രണസമീപനത്തിൽ നിന്ന് വ്യത്യസ്തമായ ഒരു ആസൂത്രണ പരിപ്രേക്ഷ്യം ഈ പരിപാടിയിലുണ്ട്" (ഇ.എം.എസ്: 1997). തുടർന്ന് എഴുതിയ "ജനകീയാസൂത്രണത്തിലൂടെ സ്വാശ്രയത്വം, ''ജനകീയാസൂത്രണം എന്ത് എങ്ങനെ? ''ജനകീയാസൂത്രണത്തിന്റെ രാഷ്ട്രീയം", "പുതിയ അനുഭവം", "അധികാരവികേന്ദ്രീകരണവും നായനാർ ഗവർമെണ്ടും'', 'വിപ്ലവകരമായ പരീക്ഷണം" (ചിന്ത പബ്ലിഷേഴ്സ്: 2002) എന്നിവയെല്ലാം ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ വിവിധ വശങ്ങൾ പരിശോധിക്കുന്ന പഠനങ്ങളായിരുന്നു.

ജനകീയാസൂത്രണത്തിൽ ഇ.എം. എസ്സിന് ഏറെ പ്രതീക്ഷയുണ്ടായിരുന്നു. ഒരവസരത്തിൽ അദ്ദേഹം ഇങ്ങനെ സൂചിപ്പിച്ചു "സോവിയറ്റ് യൂണിയന്റെ സോഷ്യലിസ്റ്റ് സമൂഹനിർമാണത്തിൽ കടന്നുകൂടിയ വൈകല്യങ്ങളില്ലാതെ അതിന്റെ നേട്ടങ്ങൾ മുന്നോട്ടുകൊണ്ടുപോകാനുള്ള ശ്രമത്തിലാണ് ലോക കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഇന്ന് ഏർപ്പെട്ടിട്ടുള്ളത്. ഈ കാഴ്ചപ്പാടോടെയാണ് കേരള ഗവണ്മെന്റിന് നേതൃത്വം കൊടുക്കുന്ന കമ്മ്യൂണിസ്റ്റുകാർ മുൻകൈ എടുത്ത് ഇന്ത്യനാസൂത്രണത്തിന്റെ കേരള പതിപ്പിന് ജനകീയതയുടേതായ ഒരു തുടക്കം നൽകുന്നത്." (ഇ.എം.എസ്: 1997)

## പൊതുബോധത്തെ നിർണയിച്ച സ്വാധീനം

മാർക്സിയൻ അർത്ഥശാസ്ത്രത്തെ കേരളത്തിൽ പ്രയോഗിക്കാനുള്ള ഇ.എം. എസ്സിന്റെ ഈ ഇടപെടലുകൾ കേരളീയന് ദൈനംദിന ജീവിതപ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിന്നും പുതിയൊരു കൂട്ടായ്മ സൃഷ്ടിക്കുന്നതിനും ഏറെ സഹായിച്ചിരുന്നു. ഇത് കേരളത്തിൽ ഒരു സവിശേഷ രാഷ്ട്രീയ അവബോധമായി മാറുകയും പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം, പൊതുവിതരണ സംവിധാനം, മിനിമം കൂലിവ്യവസ്ഥ, ഭൂപരിഷ്കരണം, അധികാരവികേന്ദ്രീകരണം എന്നീ രംഗങ്ങളിൽ ജനകീയ പ്രക്ഷോഭങ്ങൾക്കു കാരണമാകുകയും ചെയ്തു. ഈ ജനകീയ പ്രക്ഷോഭങ്ങളോട് പ്രതികരിച്ചുകൊണ്ടാണ് ഇ.എം. എസ്സിന്റെ നേതൃത്വത്തിലുള്ള ഒന്നാമത്തെ കേരള സർക്കാർ ഭരണനടപടികൾ ആരംഭിച്ചത്. ആ ഭരണനടപടികളാണ് കേരളത്തിന്റെ സാമൂഹികമുന്നേറ്റത്തിന് നാന്ദികുറിച്ചത്.

എന്നാൽ നവലിബറൽ നയങ്ങളുടെ ഇന്നത്തെ പശ്ചാത്തലത്തിൽ ഈ നേട്ടങ്ങളെല്ലാം പുതിയ പ്രതിസന്ധികളിൽ അകപ്പെട്ടിരിക്കയാണ്. ഭൂപരിഷ്കരണം നടപ്പായ ഒരു പ്രദേശം എന്ന നിലയിൽ ഉണ്ടായിവരേണ്ട ചെറുകിട ഉത്പാദനസംവിധാനങ്ങൾ അർഹിക്കുന്ന രീതിയിൽ കേരളത്തിൽ ഇനിയും വളർന്നിട്ടില്ല. ഉത്പാദനശക്തികളുടെ വളർച്ചയും മുരടിക്കുകയായിരുന്നു.

ഈ പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ സഹായിക്കും വിധം ഇ.എം.എസ്. കേരളത്തിൽ തുടങ്ങിവച്ച മാർക്സിസ്റ്റ് അർത്ഥശാസ്ത്രത്തിന്റെ പ്രയോഗപരത ഇനിയും വികസിപ്പിക്കേണ്ടിയിരിക്കുന്നു.■

### ഗ്രന്ഥസൂചി


1. എ.കെ.ജി. പഠനഗവേഷണകേന്ദ്രം (2005), ഉള്ളുതുറന്ന സംവാദം ആവശ്യം - ഒന്നാമത്തെ പഠന കോൺഗ്രസ്സ് അധ്യക്ഷപ്രസംഗം - 2005 ലെ സഞ്ചയിക ഒന്ന്, തിരുവനന്തപുരം.
2. ചിന്ത പബ്ലിഷേഴ്സ് (2002), ഇ.എം. എസ്സും അധികാരവികേന്ദ്രീകരണവും, തിരുവനന്തപുരം.
3. E.M.S. Namboodiripad (1937), The Question of Land Tenure in Malabar, Minutes of Dissent to the Kuttikrishna Menon Committee - Report on Malabar Tenure Reforms -VolI, Selected writings, NBA, Calcutta.
4. E.M.S. Namboodiripad(1948), കേരളം മലയാളികളുടെ മാതൃഭൂമി, സഞ്ചയിക-9, തിരുവനന്തപുരം.
5. E.M.S. Namboodiripad (1952), Food: Achilles Heel, Indian Economy - PPH, Bombay.6.
6. E.M.S. Namboodiripad (1968), Alternative to IV Five Year Plan - Selected writings- Vol II, NBA, Calcutta.
7. E.M.S. Namboodiripad (1974) Indian Planning in Crisis - Chintha, Trivandrum.11.
8. E.M.S. Namboodiripad(1978), 'ജനാധിപത്യവേകന്ദ്രീകരണം' അശോക് മേത്ത കമ്മിറ്റിക്കുള്ള വിയോജനക്കുറിപ്പ് - (പഞ്ചായത്തീരജ്- പ്രയോഗവും സിദ്ധാന്തവും, കെ.എസ്.എസ്.പി, (1989) തിരുവനന്തപുരം.
9. E.M.S. Namboodiripad(1989), വികസനത്തിന്റെ രാഷ്ട്രീയം - ലഘുലേഖ-ചിന്ത, തിരുവനന്തപുരം.
10. E.M.S. Namboodiripad (1989), പഞ്ചായത്ത് രാഷ്ട്രീയവും അധികാരവികേന്ദ്രീകരണവും - ലഘുലേഖ - കേരള പഞ്ചായത്ത് അസോസിയേഷൻ.
11. E.M.S. Namboodiripad(1992), കേരളത്തിന്റെ സാമ്പത്തിക ആസൂത്രണവും രാഷ്ട്രീയവും (മത്തായി മാഞ്ഞൂരാൻ പ്രസംഗം)
12. E.M.S. Namboodiripad(1993), കാർഷികോത്പാദനവും നാട്ടിൻപുറങ്ങളിലെ സമരവും - യു. കുഞ്ഞിരാമൻ സ്മരണിക, കോഴിക്കോട്.
13. E.M.S. Namboodiripad(1996), ജനകീയാസൂത്രണത്തിലൂടെ സ്വാശ്രയത്വം, ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനത്തിന്റെ അധ്യക്ഷ പ്രസംഗം, തിരുവനന്തപുരം.
14. E.M.S. Namboodiripad(1997), സാക്ഷരതാപ്രസ്ഥാനത്തിൽനിന്ന് ജനകീയാസൂത്രണത്തിലേയ്ക്ക്, ചിന്ത പുതുദിനപ്പതിപ്പ്- തിരുവനന്തപുരം.
15. Ramachandran V K (1996), "On Kerala's Development Achievements". Amatya Sen & Drieze - Indra - Selected Regional Perspective - New Delhi.
16. State Planning Board (1969), Alternative Policies for the IV Five Year Plan, Trivandrum.
17. Thomas Issac (1997), ജനകീയാസൂത്രണം സിദ്ധാന്തവും പ്രയോഗവും- സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.

ഇ.എം.രാധ

# ഇ.എം.എസ്
# വ്യക്തിയും കാലവും

കാലത്തിനു മുൻപേ നടന്ന്, കാലത്തെ തന്റെ കാലടിപ്പാടിലൂടെ നടത്തിച്ച ആ യുഗപ്രഭാവനെ സ്വന്തം മകൾ നോക്കിക്കാണുകയാണ് ഇവിടെ.

ജനിച്ച് ആറോ ഏഴോ വയസുമുതൽ മരിക്കുമ്പോൾ എൺപത്തി ഒമ്പത് വയസാവുമ്പോൾ വരെയുള്ള ജീവിതം. കാലവും വ്യക്തിയും. ഒരു വ്യക്തിയുടെ ജീവിതസ്പന്ദത്തിന്റെ അനുരണനങ്ങൾ ഹൃദയത്തിലേറ്റി പകർത്താൻ ശ്രമിക്കുന്നത് ആയാസകരമാണ്. ആത്മകഥാകാരനോ ജീവചരിത്രകാരനോ സാധിക്കാവുന്ന തുടിപ്പുകൾക്കുപരി ഒരു മകളുടെ നിത്യജീവിത സംവേദനക്ഷമതയ്ക്ക് പകർന്നുതരാവുന്ന ഹൃദയവേഗങ്ങളാണ് ഈ കുറിപ്പുകൾ. സ്മാരകഫലങ്ങളിലൂടെ സ്മരണാഞ്ജലികൾക്കപ്പുറത്തുനിന്നുകൊണ്ട്, ശീർഷകങ്ങളില്ലാത്ത വ്യക്തിഗത ദു:ഖങ്ങളുടെ നിരാസങ്ങളിൽ ഒതുങ്ങിനിന്നുകൊണ്ട് പുന:സൃഷ്ടിയുടെ ജനിതകസാധാരണതയിലൂടെ മുക്തിസാഫല്യം തേടുകയാണ് ഈ കുറിപ്പുകളിൽ.

### ജ്ഞാനോദയം

ആറോ ഏഴോ വയസ്സുള്ള ഒരു കുട്ടി ഗൃഹാന്തരീക്ഷത്തിന്റെ യാന്ത്രികപൽച്ചക്രങ്ങൾക്ക് നിമിത്തമായേക്കാവുന്ന സ്വപ്നഭൂമികളിൽ മനസ് ഉടക്കി നിൽക്കുന്ന നിർമലമുക്തി ചൈതന്യം. ഇവിടെ ഒരു ബാല്യത്തിന്റെ ഏകതാനത രൂപപ്പെടുന്നു, ഇവിടെ സ്മരണകളിൽ പ്രപഞ്ചം ഒതുങ്ങി നിൽക്കുന്നു. സമാനശീർഷകർക്കൊപ്പം ബാലവിനോദങ്ങളിൽ വ്യാപൃതനാവേണ്ട ഈ കുട്ടി ലോകദുഃഖങ്ങളുടെ ആഴങ്ങളിലേക്ക് ആണ്ടിറങ്ങുന്നു. തഥാഗതന് തുണയായി ബോധിവൃക്ഷമുണ്ട്. ഏലംകുളത്തുള്ള ഈ കൊച്ചുകുട്ടിക്ക് ജ്ഞാനോദയത്തിന് ബോധിവൃക്ഷമുണ്ടായിരുന്നില്ല. നിത്യജീവിതത്തിന്റെ അനിർവചനീയമായ ദുഃഖത്തിന്റെ ആഴങ്ങളിൽ തരിച്ചുനിൽക്കുന്ന ഹൃദയവേദന മാത്രം. അതെന്തുകൊണ്ട്? കുട്ടിക്കുമറിയില്ല, കുട്ടിയുടെ രക്ഷാകർത്താവായ അമ്മയ്ക്കുമറിയില്ല. ഒന്നുമാത്രം അമ്മയ്ക്കറിയാം. ഈ കുട്ടി കേരളത്തിന്റെ, ഭാരതത്തിന്റെ, ലോകത്തിന്റെ ഗതിവിഗതികളുടെ താളം നിയന്ത്രിക്കാൻ കെല്പുള്ളവനാവുമെന്ന്.

### മൂന്ന് സംസ്കാരങ്ങൾ

ബോധിവൃക്ഷത്തണലില്ലാതെ ബോധാബോധസ്പന്ദനങ്ങളുടെ താളലയങ്ങളില്ലാതെ, വർഗരഹിത സംസ്കാരത്തിന്റെ രാഗരേണുക്കളേറ്റുവാങ്ങുവാൻ താളഭദ്രതയുടെ വിഭ്രാമകതയിലേക്ക് തന്റെ ജീവന്റെ തുടിപ്പ് പടർന്നു കയറുന്നത് ആ അമ്മ അത്ഭുതത്തോടെ നോക്കിനിന്നു. തുടക്കം മുതൽ ഒടുക്കം വരെ സ്പന്ദനങ്ങളേറ്റി നിന്ന ഭാവബന്ധ





**രണ്ടാമത്തെ മകൾ രാധയും ഗുപ്തനുമായുള്ള വിവാഹവേദിയിൽ ഇ.എം.എസും ആര്യയും.**

ങ്ങൾ ആ ജീവിതത്തിലുടനീളം കാണാം.

ബ്രിട്ടീഷ് സംസ്കാരത്തിലെ ഒരു പ്രജയിൽ തുടങ്ങി സ്വാതന്ത്ര്യസമരത്തിന്റെ മൂശയിൽ ഉരുക്കിയെടുത്ത് ജനകീയ ജനാധിപത്യത്തിന്റെ സാന്ദ്രതയിൽ അലിഞ്ഞു ചേർന്ന ആ ഹൃദയം. മൂന്ന് സംസ്കാരങ്ങളിൽ കൂടി നടന്നുകയറിയ വ്യക്തിത്വമായിരുന്നു അച്ഛന്റേത്. ബ്രിട്ടീഷ് സംസ്കാരം, ജനാധിപത്യ സംസ്കാരം, ജനാധിപത്യ സംസ്കാരത്തിന്റെ ഉന്നത രൂപങ്ങളായ സോഷ്യലിസ്റ്റ്-കമ്മ്യൂണിസ്റ്റ് സംസ്കാരങ്ങൾ. സോഷ്യലിസ്റ്റ്-കമ്മ്യൂണിസ്റ്റ് സംസ്കാരങ്ങളിൽ സിന്ദൂരം പോലെ ചാലിച്ചെടുത്ത തൊഴിലാളിവർഗസംസ്കാരം കാലവും വ്യക്തിയുമെന്ന നിലയ്ക്ക് അലിയിച്ച് ചേർക്കപ്പെട്ടിരുന്നു.

സ്വന്തം ജീവിതവും കുടുംബവും വ്യക്തിബന്ധങ്ങളും വർഗരഹിത സമുദായത്തിന്റെ നിറക്കൂട്ടുകളിൽ അലിയിപ്പിച്ചെടുത്തു. വ്യക്തിയും കുടുംബവും സമൂഹവും സാഹചര്യങ്ങളും എങ്ങനെയാണ് വൈരുദ്ധ്യങ്ങളായിത്തീരുന്നതെന്ന് ദ്വന്ദങ്ങളിൽ വിലയം പ്രാപിക്കുന്ന സംവേദനക്ഷമതകളിലൂടെ അനുഭവവേദ്യമാക്കിത്തന്നു. നിർവികാരതകൾക്കുമപ്പുറത്തുനിന്നുകൊണ്ട് വിപ്ലവത്തിന്റെ സംവേദനക്ഷമത എങ്ങനെ വികസിപ്പിച്ചെടുക്കാമെന്നും യൗവ്വനകാലത്തുതന്നെ അച്ഛൻ സാധനാപാഠമാക്കി.

## വിശ്വമാനവികത

യോഗക്ഷേമസഭ മുതൽ കമ്മ്യൂണിസ്റ്റ് ഇന്റർനാഷണൽ വരെ, വി.ടിയും പ്രേംജിയും എം.ആർ.ബിയും മുതൽ സ്റ്റാലിനും ലെനിനും മാവോയും വരെയുള്ള സൗഹൃദം, ഫേബിയൻ സോഷ്യലിസത്തിന്റെ അർഥരാഹിത്യത്തെ കുറിച്ചുള്ള കുറിക്കുകൊള്ളുന്ന കുറിപ്പുകൾ ഒരു ജീവിതം ഏതൊക്കെ രീതിയിൽ എങ്ങനെയൊക്കെ വിവിധ മണ്ഡലങ്ങളിലേക്ക് പടർന്നുകയറി എന്നത് അത്ഭുതത്തോടെ നോക്കി നിൽക്കാനേ ആവൂ.

ബ്രിട്ടീഷ് മലബാറിലെ ഏലംകുളം എന്ന ഗ്രാമത്തിലെ ഉണ്ണിനമ്പൂതിരി വിശ്വപൗരനായി മാറുക എന്ന അത്ഭുതസിദ്ധി ഒരു യുഗസംക്രമത്തിന്റെ അനിവാര്യതയിലേക്കാണ് നമ്മെ നയിക്കുന്നത്. ഏലംകുളവും ന്യൂഡൽഹിയും കൽക്കത്തയും മോസ്ക്കോയും പീക്കിങ്ങും ഹവാനയും സ്വന്തം സംസ്കാരത്തിന്റെ ഭൂമികകളാക്കി മാറ്റിയ അതുല്യപ്രതിഭാശാലി വ്യക്തിയും കാലവും എന്ന നിർവചനങ്ങൾക്കൊക്കെ അതീതനായി നിലകൊള്ളുന്നു. നാഴികമണികളുടെ സെക്കൻഡ് സൂചികൾക്കും പതിറ്റാണ്ടുകളുടെ ശാക്തികബലങ്ങൾക്കുമുപരി ദിക്കാലാതിവർത്തിയായ കാലചംക്രമണങ്ങളുടെ അധിത്യതകളിലേക്ക് ആ ജീവിതം നീണ്ടുനിൽക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്. മഹാത്മാക്കൾ, അവർ ആരായാലും ശരി, ലോകത്തിന്റെ സ്പന്ദനങ്ങളേറ്റുവാങ്ങിയ അവർ ചരിത്രത്തിന്റെ താളലയങ്ങളിൽ നിറഞ്ഞുനിൽക്കും.

## രക്തബന്ധവും പാർട്ടിബന്ധവും

വ്യക്തിയുടെ ഹൃദയത്തുടിപ്പുകൾക്കനുസരിച്ച് കാലം നീങ്ങുന്ന കാഴ്ച നമുക്ക് കാണാം. കാലത്തിനുമുമ്പേ നടന്ന വ്യക്തിയെയും കാലത്തിനൊപ്പം നടന്ന വ്യക്തിയെയും നമുക്കിവിടെ കാണാം. ആദ്യം കാലത്തിനു പിമ്പേ നടന്നു; ചെറുപ്പകാലത്ത് വേദം പഠിക്കുന്ന കാലത്ത് സംസ്കൃതം പഠിക്കാതെ ഋഗ്വേദം ഉരുവിട്ടുപഠിച്ചകാലത്ത് തിരുനാവായിൽ പോയി ജടയും രഥയും പരീക്ഷ ജയിച്ച് 'ഓത്ത'നാവാൻ നടന്ന കാലം. ഇതിലൊതുങ്ങുന്നില്ല മകന്റെ ജീവിതമെന്ന് അമ്മ മനസ്സിലാക്കി. ഇവിടെ നിന്ന് നടന്ന് കയറിയത് കാലത്തിനൊപ്പം. എന്തൊരു ഗതിവേഗമായിരുന്നു ആ കാലത്തിന്. പൊക്കം കുറഞ്ഞ സ്വന്തം ദേഹപ്രകൃതി. ചെറിയ കാലുകളിൽ ഗതിവേഗം കൂട്ടി കാലത്തിന്റെ അതിവേഗത്തിനൊപ്പം നടന്നപ്പോൾ എത്ര വട്ടം വിയർത്തുപോയിക്കാണണം! തളർന്നു പോകാതിരിക്കാൻ ആവേശം നൽകിയത് തൊഴിലാളി വർഗത്തിന്റെ ചോരയുടെ മണമായിരിക്കണം; രക്തസാക്ഷികളുടെ സ്മരണകളായിരിക്കണം. കയ്യൂരും കരിവെള്ളൂരും കാവുമ്പായും മുനയൻകുന്നിലും പാടിക്കുന്നിലും സേലത്തും മട്ടാഞ്ചേരിയിലും വയലാറിലും പുന്നപ്രയിലും തെലുങ്കാനയിലും മരിച്ച രക്തസാക്ഷികളുടടെ സ്മരണകൾ. ഈ ചോരപ്പുഴ നീന്തിക്കടക്കുമ്പോൾ കാലത്തിന്റെ ഒരു തരത്തിലുള്ള ജീർണസംസ്കാരത്തെ തട്ടിത്തെറിപ്പിക്കുകയായിരുന്നു. ഇവിടെ കാലം പകച്ചുനിൽക്കുമ്പോൾ ഒരു സംസ്കൃതിയുടെ അടിവേരുകൾ പിഴുതെറിഞ്ഞുകൊണ്ട് മുന്നേറുന്ന വ്യക്തിയെ കാണാം.

## യുഗസംക്രമം

ഈ വ്യക്തിയാണ് തൊഴിലാളിവർഗവിമോചന പാർട്ടിയുടെ നേതാവായി 1957ൽ അധികാരമേറ്റത്. ഭരണസിരാകേന്ദ്രങ്ങളുടെ അമരക്കാരനായിരുന്ന് കേരളത്തിന്, ഭാരതത്തിന്, ലോകത്തിനാകെത്തന്നെ മാതൃകയായിത്തീർന്ന നിയമനടപടികൾക്ക് പാവപ്പെട്ടവരുടെ ജീവിതത്തിന് ആശയുണ്ടാക്കിക്കൊടുത്തത്, ലക്ഷ്യമുണ്ടാക്കിക്കൊടുത്തത്. അവരെ സ്വപ്നം കാണാൻ പഠിപ്പിച്ചത്. ഈ മാതൃക ലോകചരിത്രത്തിൽ അതുല്യമായിരുന്നു. നടേ പറഞ്ഞതുപോലെ കാലത്തെ പിൻതള്ളി മുന്നേറുന്ന തിവിടെവച്ചായിരുന്നു.

കാലത്തിനു പിമ്പേനടന്ന, കാലത്തിനൊപ്പം നടന്ന, കാലത്തിനുമുമ്പേ നടന്നു കയറിയ ഇ.എം.എസ്സിന്റെ ജീവിതം പിന്നാക്കത്തിലേക്ക് ഒതുങ്ങേണ്ടിവന്നിട്ടില്ല എന്ന് അത്ഭുതത്തോടെ മാത്രമേ കാണാനാവൂ. 89-മത്തെ വയസ്സിൽ മരിക്കുമ്പോൾ ഒരു യുഗസംക്രമം സംഭവിക്കുകയായിരുന്നു. സ്മരണകളുടെ അതിർത്തികൾ ലംഘിച്ച് കൂലംകുത്തിയൊഴുകുന്ന ചരിത്രബന്ധങ്ങളിലേക്ക് ആ ചരിത്രത്തെ നിയന്ത്രിച്ച വ്യക്തിയുടെ ജീവിതത്തിലേക്ക് അത്ഭുതത്തോടെ നോക്കാനേ ആവൂ.

## പാർട്ടി ജീവിതം

പ്രസ്ഥാനം കരുപ്പിടിപ്പിച്ച വ്യക്തിത്വമായിരുന്നു. കമ്മ്യൂണിസ്റ്റുപാർട്ടി നേതാക്കളുടെ സമൂഹം നടത്തുന്ന പുനഃസൃഷ്ടിയുടെ സ്മാരകങ്ങളാണ് ആ വ്യക്തിത്വങ്ങൾ. ദൗർബല്യങ്ങൾ വിമർശനങ്ങളിലൂടെയും സ്വയം വിമർശനങ്ങളിലൂടെയും മാറ്റിത്തീർത്ത് തെറ്റുകൾ ചൂണ്ടിക്കാണിച്ച് തിരുത്തി മുന്നേറുന്ന പാർട്ടി ജീവിതം. ഒളിവുകാലത്തും കമ്മ്യൂൺ ജീവിതകാലത്തും ഔദ്യോഗിക-അനൗദ്യോഗിക ജീവിതകാലത്തും ഒക്കെ ഒരു കമ്മ്യൂണിസ്റ്റുകാരനെ വാർത്തെടുക്കുന്നത് പാർട്ടിയുടെ ഈ ശൈലിയാണ്. ഈ ശൈലി സ്വയം ഉൾക്കൊള്ളാനാവാതെ വന്നാൽ അയാൾ/അവൾ കമ്മ്യൂണിസ്റ്റുകാരൻ (കമ്മ്യൂണിസ്റ്റുകാരി) അല്ലാതാവും. സഖാവും (പി.കൃഷ്ണപിള്ള) എകെജിയും ഇഎംഎസ്സും സുന്ദരയ്യയും ബിടിആറും ബസവപുന്നയ്യയും രാമമൂർത്തിയും മുതൽ നാട്ടിലെ സാധാരണ ബ്രാഞ്ചിലെ സഖാക്കൾ വരെ ഈ ജീവിതത്തിനുടമകളാണ്. അതാണ് കമ്മ്യൂണിസത്തിന്റെ ശക്തിയും സൗന്ദര്യവും. അച്ഛൻ എന്ന വ്യക്തിയും ആ വ്യക്തിയുടെ കാലവും നിർവചിക്കേണ്ടിവരുമ്പോൾ ഒരു പ്രസ്ഥാനത്തിന്റെ ചരിത്രവും ആ കാലവും ആയി മാറുന്നതും അതുകൊണ്ടുതന്നെയാണ്.■

■ **പി.എസ്.രാജശേഖരൻ**



# പട്ടണത്ത് ചരിത്രം ചുരുളഴിയുമ്പോൾ

**കേരളചരിത്രത്തിനു മാത്രമല്ല ലോകചരിത്രത്തിനും നിർണായക സംഭാവന നൽകുന്ന ഒന്നായി മാറിക്കഴിഞ്ഞു പട്ടണം പുരാവസ്തു പഠനങ്ങൾ.**

ഇരുമ്പുയുഗം മുതൽ തുടങ്ങുന്ന രാജ്യാന്തര വാണിജ്യ-സാസ്കാരിക ബന്ധങ്ങളുടെ നൂറു നൂറു കഥകൾ പറയാനുണ്ട്, കേരളത്തിന്റെ പടിഞ്ഞാറൻ തീരത്തിന്. ആ കഥയുടെ കേന്ദ്രസ്ഥാനത്ത് വരുന്നത് മുസീരിസ് എന്നും മഹോദയപുരമെന്നും മുചിറി എന്നുമൊക്കെ ചരിത്രരേഖകളിലും യാത്രാവിവരണങ്ങളിലും പരാമർശിക്കപ്പെടുന്ന ഇന്നത്തെ കൊടുങ്ങല്ലൂർ പ്രദേശമാണ്. വർണക്കൊടികളോടെ നീന്തിനീന്തി കരയ്ക്കണയുന്ന റോമാക്കാരുടെയും യവനൻമാരുടെയുമൊക്കെ കൂറ്റൻ പായ്ക്കപ്പലുകൾ സ്വർണവും മറ്റു വിഭവങ്ങളും മാത്രമല്ല, വിഭിന്ന സംസ്കാരങ്ങളെയും വിവിധ മതങ്ങളെയും കൂടി ഇവിടേക്കെത്തിച്ചു. ഭാരതത്തിലേക്കു കടന്നുവന്ന വ്യത്യസ്ത മതങ്ങളുടെയും സംസ്കാരങ്ങളുടെയും കവാടം കൂടിയായി മാറി അങ്ങനെ മുസിരിസ്. രാമായണ ഭാരതാദി പുരാണങ്ങളിലും അശോകചക്രവർത്തിയുടെ ശിലാശാസനങ്ങളിലും പ്രസിദ്ധ തമിഴ് കാവ്യമായ 'ചിലപ്പതികാര'ത്തിലുമൊക്കെ പരാമർശിക്കപ്പെടുന്ന ഈ പുരാതന നഗരം പക്ഷേ ചരിത്രത്തിന്റെ ഇടർച്ചകളുടേയും തുടർച്ചകളുടെയും ഒരു ഘട്ടത്തിൽ പ്രകൃതിയുടെ വികൃതികളിൽപ്പെട്ട് ദീർഘസുഷുപ്തിയിലായി. ഖനീഭവിച്ച ചരിത്രം ഭാവിതലമുറകൾക്കായി കാത്തുവച്ച് നിദ്രകൊള്ളുന്ന ഈ പുരാതന പട്ടണത്തെപ്പറ്റി യാത്രാവിവരണങ്ങളിലും പൗരാണിക ഗ്രന്ഥങ്ങളിലുമുള്ള വിവരങ്ങളെ പിന്തുണയ്ക്കാനാവശ്യമായ പുരാവസ്തു തെളിവുകളുടെ അഭാവം കേരളചരിത്രത്തിന്റെഗതിവിഗതികളെക്കുറിച്ചന്വേഷിക്കുന്ന ചരിത്രാന്വേഷകരെയൊക്കെ അലട്ടിയിരുന്ന ഒരു പ്രശ്നമാണ്.

ആ അലട്ടലിനു ഏറെക്കുറെ വിരാമമിട്ടുകൊണ്ട് നൂറ്റാണ്ടുകൾക്കിപ്പുറത്ത് ചരിത്രത്തിന്റെ പുനർജനിയായി ആഴങ്ങളിൽ നിന്നൊരു കടവും വഞ്ചിയും വെളിപ്പെടുകയാണ്. മറഞ്ഞുപോയ മുസീരിസിന്റെയും ലോകത്തിന്റെ വിവിധഭാഗങ്ങളെ ബന്ധിപ്പിച്ചിരുന്ന പ്രതാപത്തിന്റെയും സൂചനകളും പേറി ആ വഞ്ചി വന്നത് പട്ടണം പുരാവസ്തു ഗവേഷണപഠനം വഴി. സംഭവമിങ്ങനെ. കേരള ചരിത്ര ഗവേഷണ കൗൺസിലും കേരളസർക്കാർ സാംസ്കാരിക-ടൂറിസം വകുപ്പുകളും ചേർന്ന് കൊടുങ്ങല്ലൂരിൽ ഒരു പൈതൃക പദ്ധതി ആരംഭിക്കുന്നു. കൊടുങ്ങല്ലൂരിന്റെ ചരിത്രപരമായ പ്രാധാന്യം പഠനങ്ങളിലൂടെ ഉയർത്തിയെടുക്കുകയും മാതൃകാപരമായി സംരക്ഷിക്കുകയും ചെയ്യുക എന്നതാണ് പദ്ധതി ലക്ഷ്യം. ഇത്തരമൊരു പദ്ധതിയുടെ സാധ്യതകൾ ഉപയോഗിച്ച് ആഴമേറിയ ചരിത്രഗവേഷണത്തിന് മുന്നിട്ടിറങ്ങുകയായിരുന്നു കേരള ചരിത്രഗവേഷണ കൗൺസിൽ. അങ്ങനെയാണ് മുസീരിസ് പൈതൃക പദ്ധതിയുടെ ഭാഗമായ പട്ടണം പുരാവസ്തു ഗവേഷണ പഠനം രൂപം കൊള്ളുന്നത്. പഠനം പാതിവഴി കടക്കുമ്പോൾത്തന്നെ കേരളചരിത്രത്തിനു മാത്രമല്ല ലോകചരിത്രത്തിനും നിർണായക സംഭാവന നൽകുന്ന ഒന്നായി അതു മാറിക്കഴിഞ്ഞു.


## മുസീരിസ് ഹെറിറ്റേജ് പ്രോജക്ട്

കൊടുങ്ങല്ലൂർ പ്രദേശത്തിന്റെ ചരിത്രപ്രാധാന്യവും സാംസ്ക്കാരിക പ്രത്യേകതകളും കണക്കിലെടുത്ത് രൂപപ്പെടുത്തിയ പദ്ധതിയാണ് മുസീരിസ് ഹെറിറ്റേജ് പ്രോജക്ട്. തകർന്നും അവഗണിക്കപ്പെട്ടും



കിടക്കുന്ന ചരിത്രസ്മാരകങ്ങളെ പരിരക്ഷിച്ച് ജലമാർഗ്ഗങ്ങളിലൂടെയും നടപ്പാതകളിലൂടെയും അവയെ ബന്ധിപ്പിച്ച് ചരിത്ര പഠനത്തിനുകൂടി ഉതകുന്ന ഒരു ടൂറിസം പദ്ധതി എന്നനിലയിലാണ് അത് വിഭാവനം ചെയ്യപ്പെട്ടത്. ഈ പ്രദേശത്തിന്റെ യാഥാർഥ പൗരാണികത കണ്ടെത്തുന്നതിലേക്ക് ആവശ്യമായ പുരാവസ്തു ഗവേഷണപഠനങ്ങളും അതിൽ ഉൾപ്പെട്ടിരുന്നു. കോട്ടപ്പുറം കോട്ട, കൊടുങ്ങല്ലൂർ അമ്പലം, ജുമാ മസ്ജിദ്, കൊടുങ്ങല്ലൂർ കോവിലകം, ചേരമാൻ പറമ്പ്, പറവൂർ, ചേന്ദമംഗലം പ്രദേശത്തുള്ള ചരിത്രസ്മാരകങ്ങൾ തുടങ്ങിയവയുടെ സംരക്ഷണം, അമ്പത് കിലോമീറ്റർ ചുറ്റളവിലെ പുരാവസ്തു സർവ്വേ, 20 കിലോമീറ്റർ ചുറ്റളവിൽ ജലാശയങ്ങളുടെ അടിത്തട്ടിനെ ആധാരമാക്കിയുള്ള പര്യവേക്ഷണം, പട്ടണം പ്രദേശത്തെ ഉത്ഖനനം തുടങ്ങിയവയാണ് പദ്ധതിയുടെ ഭാഗമായുള്ള പ്രവർത്തനങ്ങൾ.

ധനമന്ത്രി ഡോ. തോമസ് ഐസക് പദ്ധതിയുടെ കരട് രൂപവും ആവശ്യമായ ധനവിഹിതവും 2006 ലെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിക്കുക വഴിയാണ് മുസിരിസ് പൈതൃകപദ്ധതിക്ക് തുടക്കം കുറിക്കുന്നത്.



കൊടുങ്ങല്ലൂർ കേന്ദ്രീകരിച്ച് പൈതൃക ടൂറിസം ശക്തിപ്പെടുത്തുന്നതിനുള്ള വിപുലമായ പരിപാടികൾക്കാണ് സർക്കാർ രൂപം നൽകുന്നത്

കോടിയേരി ബാലകൃഷ്ണൻ
ആഭ്യന്തര, ടൂറിസം മന്ത്രി

## പട്ടണം

കൊടുങ്ങല്ലൂരിനു എട്ട് കിലോമീറ്റർ തെക്കും കൊച്ചിക്ക് ഇരുപത്തിയഞ്ച് കി.മീ വടക്കുംമാറി പെരിയാർ നദീമുഖത്ത് നിന്നും തെക്കുമാറി ഗതകാല പ്രൗഢിയുടെ നാട്യങ്ങളൊന്നുമില്ലാതെ കഴിയുന്ന ശാന്തമായ ഗ്രാമമാണു പട്ടണം. അറേബ്യൻ സമുദ്രത്തിൽ ലയിക്കുന്ന നിരവധി ചെറു ജലാശയങ്ങളും തടാകങ്ങളും ഇതിനെ വലയം ചെയ്യുന്നു. പട്ടണം എന്ന പേരും ജലാശയങ്ങളുടെ സാന്നിധ്യവും സമുദ്ര സാമീപ്യവും ഈ പ്രദേശത്തിന്റെ ചരിത്ര - ഭൂമിശാസ്ത്ര പ്രത്യേകതകളിലേക്കാണ് വിരൽ ചൂണ്ടുന്നത്.

ഇവിടെ നടത്തിയ ഉപരിതല സർവ്വേകളും, പരീക്ഷണ പരിശോധനകളും ഈ പ്രദേശത്തിന് ചരിത്രപ്രാധാന്യമുണ്ട് എന്നതിന് സൂചനകൾ നൽകിയിരുന്നു. അവ പിൻതുടർന്ന് ഉത്ഖനനത്തിലൂടെ കൂടുതൽ തെളിവുകൾ ശേഖരിക്കുക എന്നതായിരുന്നു അവിടെ നടന്ന ബഹുമുഖ ഗവേഷണത്തിന്റ ലക്ഷ്യം. പ്രദേശവാസികളുടെ സഹകരണത്തോടെ ഇതിനാവശ്യമായ സ്ഥലം ലഭ്യമാക്കുക, ശാസ്ത്രീയത ഉറപ്പുവരുത്തിയുള്ള രീതികളിലൂടെ പഠനം നടത്തുക എന്നീ ദുഷ്ക്കരമായ പ്രവർത്തനങ്ങൾ ഫലപ്രദമായി തന്നെ ചെയ്യാൻ ഇതിനു ചുക്കാൻ പിടിക്കുന്നവർക്കു കഴിഞ്ഞു.

## ബഹുവിഷയീ ഗവേഷണം

ചരിത്ര വിജ്ഞാനീയം, പുരാവസ്തു ശാസ്ത്രം, പാലിയോ ബോട്ടണി, ആർക്കിയോ സുവോളജി, ഫിസിക്കൽ ആന്ത്രപ്പോളജി, ജിയോഫിസിക്സ്, രസതന്ത്രം, മറൈൻ ആർക്കിയോളജി, ലോഹവിജ്ഞാനീയം, കെമിക്കൽ ഓഷ്യാനോഗ്രാഫി, പുരാലിപിശാസ്ത്രം, സംരക്ഷണ ശാസ്ത്രം തുടങ്ങിയ വിജ്ഞാനശാഖകളിലുള്ള ഗവേഷകരാണു ഈ പഠനത്തിൽ പങ്കെടുക്കുന്നത്. ചരിത്രഗവേഷണ കൗൺസിൽ ഡയറക്ടർ ഡോ. പി.ജെ. ചെറിയാനാണ് പ്രോജക്ട് ഡയറക്ടർ. ഫീൽഡ് ആർക്കിയോളജിയിൽ പ്രസിദ്ധനായ പോണ്ടിച്ചേരി സർവകലാശാലയിലെ ഡോ: കെ. രാജൻ, തഞ്ചാവൂരിലെ തമിഴ് യൂണിവേഴ്സിറ്റി അധ്യാപകൻ കൂടിയായ ഫീൽഡ് ആർക്കിയോളജിസ്റ്റ് ഡോ: വി. സെൽവകുമാർ, എം.ജി. സർവകലാശാല മുൻ അധ്യാപകനും ഗവേഷകനുമായ ഡോ: കെ.പി. ഷാജൻ (പട്ടണത്തിന്റെ ചരിത്രപരമായ സാധ്യതകളെപ്പറ്റി മുന്നേ തന്നെ പഠനം നടത്തിയ ആളാണ് ഡോ. കെ.പി. ഷാജൻ.) തുടങ്ങിയവരാണ് കോ-ഡയറക്ടർമാർ. ഇവരുടെ നേതൃത്വത്തിൽ ഏതാണ്ട് 50 ഓളം ഗവേഷകരടങ്ങുന്ന സംഘമാണു പഠനം നടത്തുന്നത്. ഇന്ത്യൻ നാവികസേന, ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ, സ്റ്റേറ്റ് ആർക്കിയോളജി ഡിപ്പാർട്ട്മെന്റ് തുടങ്ങി പതിനാല് പ്രമുഖ സ്ഥാപനങ്ങളും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രമുഖരായ പത്തൊൻപത് വിദഗ്ധരും എട്ട് വിദേശപണ്ഡിതൻമാരും ഈ പ്രവർത്തനത്തിൽ സഹകരിക്കുന്നു.

കെ.സി.എച്ച്.ആർ. ചെയർമാൻ പ്രൊഫസർ കെ.എൻ. പണിക്കർ അദ്ധ്യക്ഷനും സാംസ്കാരിക വകുപ്പ് സെക്രട്ടറി ഡോ: വി. വേണു ഉപാദ്ധ്യക്ഷനും ചരിത്ര-പുരാവസ്തു മേഖലയിലെ വിദഗ്ധരും ഉൾപ്പെടുന്ന ഇരുപതംഗ ഉപദേശകസമിതിയും ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാനുണ്ട്.

മുസീരിസ്സ് പൈതൃകപദ്ധതിയുടെ പ്രാധാന്യം മനസിലാക്കി കേരളസർക്കാർ അത് വിപുലപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർ കേന്ദ്രീകരിച്ച് പൈതൃക ടൂറിസം ശക്തിപ്പെടുത്തുന്നതിനുള്ള വിപുലമായ പരിപാടികൾക്കാണ് സർക്കാർ രൂപം നൽകുന്നതെന്ന് ആഭ്യന്തര - ടൂറിസം മന്ത്രി കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. പട്ടണം പഠനങ്ങൾ കൊടുങ്ങല്ലൂർ പ്രദേശത്തേക്കും വ്യാപിപ്പിക്കുക, പട്ടണത്ത് സൈറ്റ് മ്യൂസിയം സ്ഥാപിക്കുക, തുടങ്ങിയ പരിപാടികളും ആവിഷ്കരിച്ചിട്ടുണ്ട്. പട്ടണം പഠനങ്ങളുടെ ചരിത്രപരമായ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ആഴമേറിയ പഠനങ്ങൾക്കാവശ്യമായ എല്ലാ നടപടികളും കൈക്കൊള്ളുമെന്ന് സാംസ്കാരികമന്ത്രി എം.എ.ബേബി പറഞ്ഞു.■



പട്ടണം പഠനങ്ങളുടെ ചരിത്രപരമായ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ആഴമേറിയ പഠനങ്ങൾക്കാവശ്യമായ എല്ലാ നടപടികളും കൈക്കൊള്ളും


എം. ഏ ബേബി
വിദ്യാഭ്യാസ-സാംസ്കാരികമന്ത്രി

ഡോ. പി.ജെ. ചെറിയാൻ, ഡോ. കെ.പി. ഷാജൻ, ഡോ. വി. സെൽവകുമാർ

# ചരിത്രാരംഭകാലത്തെ സാംസ്കാരിക വിനിമയങ്ങളുടെ ജീവിതമുദ്രകൾ

കേരളചരിത്രത്തിന്റെ തുടർച്ചയും ഇടർച്ചയും വെളിവാക്കുന്നതിനുതകുന്ന പുരാവസ്തു കണ്ടെത്തലുകളാണ് പെരിയാറിന്റെ തെക്കേക്കരയിലുള്ള പട്ടണത്ത് നിന്ന് ലഭിച്ചത്. രാജ്യാന്തര വാണിജ്യ-സാംസ്കാരിക ബന്ധങ്ങളുടെ മുദ്രകൾ പേറുന്ന ആ കണ്ടെത്തലുകളുടെ വിശദാംശങ്ങൾ വായിക്കുക...

സാഹസികയാത്രകളോടുള്ള കമ്പവും സുഗന്ധദ്രവ്യങ്ങളോടുള്ള താത്പര്യവുമാകാം റോമാക്കാരെ 2000 വർഷങ്ങൾക്കുമുമ്പുതന്നെ കേരളതീരത്തെത്തിച്ചത്. മൺസൂൺ വാണിജ്യക്കാറ്റുകൾ തീർത്ത അനുകൂലാന്തരീക്ഷവും കൂട്ടിനുണ്ടായിരുന്നു. അങ്ങനെ ആദികാലം മുതൽ റോമൻ വ്യാപാരകേന്ദ്രങ്ങൾ ദക്ഷിണേന്ത്യയിൽ പലയിടത്തും രൂപംകൊണ്ടു. ഇന്ത്യയിലേക്കുള്ള പ്രവേശനകവാടം മുസിരിസായിരുന്നു. കിഴക്കിന്റെ ആദ്യ എംപോറിയം (the first emporium of the orient) എന്ന പേരിൽ വിശേഷിപ്പിക്കപ്പെട്ട മുസിരിസിന്, മുയിരിക്കോട് എന്നും മുചിറി പട്ടണം എന്നും പേരുള്ളതായി സാഹിത്യ പുരാലിഖിതങ്ങൾ. സംഘകാലകൃതികളിലും വാത്മീകി രാമായണമുൾപ്പെടെയുള്ള ക്ലാസിക്കൽ കൃതികളിലുമൊക്കെ മലബാർ തീരത്തെ സമുദ്ര വ്യാപാരം പരാമർശിക്കപ്പെടുന്നുണ്ട്. യവനൻമാരുടെ ഗംഭീരയാനങ്ങൾ പെരിയാറിന്റെ നുരയുന്ന ഓളങ്ങളെ കീറിമുറിച്ച് സ്വർണവുമായി വരുകയും കുരുമുളകുമായി തിരികെ പോകുകയും ചെയ്യുന്ന കാഴ്ച സംഘകാലത്തെ 'അകനാനൂറ്' എന്ന കൃതി വിവരിക്കുന്നു. സഞ്ചാരികളായ പ്ലിനിയും ടോളമിയും ഗ്രീക്ക് ചരിത്രകാരൻമാരായ സ്ട്രാബോയുമൊക്കെ ഈ റോമൻ വ്യാപാരത്തിന്റെ പ്രതാപം വിവരിക്കുന്നുണ്ട്. നിർഭാഗ്യവശാൽ ഈ വിവരങ്ങളെ പിൻതുണയ്ക്കാൻ ആവശ്യമായ പുരാവസ്തു തെളിവുകൾ നമുക്ക് ലഭ്യമായിരുന്നില്ല. റോമൻ നാണയങ്ങളും, ഐതീഹ്യങ്ങളും സ്ഥലനാമ വിശദീകരണങ്ങളും ഒഴിച്ചുനിർത്തിയാൽ പുരാവസ്തു തെളിവുകളുടെ കാര്യത്തിൽ നിലനിന്നത് തികഞ്ഞ വന്ധ്യതയായിരുന്നു. ഇവിടെയാണ് പട്ടണം ഗവേഷണങ്ങൾ നിർണ്ണായക വഴിത്തിരിവാകുന്നത്.



### പട്ടണം ഗവേഷണത്തിന്റെ ലക്ഷ്യങ്ങൾ

ഈ പ്രദേശത്തിന്റെ സാംസ്കാരികവും കാലഗണനാപരവുമായ തുടർച്ചകൾ മനസിലാക്കുക, പ്രാചീന ജനജീവിതത്തിന്റെ സ്ഥലകാലപരമായ ഘടന മനസിലാക്കുക, പൗരാണിക പാരിസ്ഥിതികാവസ്ഥ പുനർനിർമ്മിക്കുക, വിദേശരാജ്യങ്ങളുമായുള്ള സാംസ്കാരിക-വാണിജ്യ വിനിമയം സംബന്ധിച്ച വിവരങ്ങൾ വെളിച്ചത്ത് കൊണ്ടുവരിക. പടിഞ്ഞാറൻ തീരത്തിന്റെ സമുദ്രയാന പൈതൃകം കണ്ടെത്തുക, പൗരാണിക രാജ്യാന്തരവ്യാപാരശൃംഖലയിൽ പട്ടണത്തിന്റെ പങ്ക് വിലയിരുത്തുക, പടിഞ്ഞാറൻ തീരത്തെ പൗരാണിക കച്ചവടകേന്ദ്രമായ മുസിരിസിന്റെ യഥാർത്ഥ സ്ഥാനം കണ്ടെത്തുക, പട്ടണത്ത് ഒരു സൈറ്റ് മ്യൂസിയം സ്ഥാപിക്കുക എന്നിവയാണ് ഈ പഠനത്തിന്റെ ലക്ഷ്യങ്ങൾ.

### സുപ്രധാന തെളിവുകൾ

രണ്ടായിരത്തി ഏഴിലും എട്ടിലുമായി നടത്തിയ ഉൽഖനനങ്ങളിലൂടെയും പര്യവേഷണങ്ങളിലൂടെയും വിലപ്പെട്ട നിരവധി തെളിവുകളാണ് ലഭിച്ചത്. അവയിൽ പ്രധാനപ്പെട്ടവ ഇനിപ്പറയുന്നു.

### കടവും വഞ്ചിയും

പട്ടണത്തുനിന്ന് ലഭിച്ച സുപ്രധാന തെളിവുകളിലൊന്ന് ഒരു പുരാതന കടവുമായി ബന്ധപ്പെട്ടതാണ്. ഒറ്റത്തടിയിൽ നിർമിച്ച 6 മീറ്ററോളം നീളം വരുന്ന ഒരു പുരാതന വഞ്ചിയും ഏഴ് മരക്കുറ്റികളും അവിടെ നിന്നും കണ്ടെടുക്കുകയുണ്ടായി. വഞ്ചി ആഞ്ഞിലികൊണ്ടും മരക്കുറ്റികൾ തേക്ക് കൊണ്ടും ഉണ്ടാക്കിയവയാണെന്ന് കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ശാസ്ത്രജ്ഞൻമാർ കണ്ടെത്തിയിട്ടുണ്ട്. ഇവയുടെ സാമ്പിളുകൾ ഭുവനേശ്വറിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്സിലെ ശാസ്ത്രജ്ഞൻമാർ എ.എം.എസ്. റേഡിയോ കാർബൺ (AMS Radio Carbon) കാലനിർണയത്തിന് വിധേയമാക്കുകയുണ്ടായി. അതുപ്രകാരം ഇവയ്ക്ക് ഇന്നേയ്ക്ക് ഉദ്ദേശം 2500 വർഷം പഴക്കമുണ്ടെന്ന് കാണുന്നു. കൂടുതൽ സാമ്പിളുകളുടെ പഠന

ഫലം വന്നാൽ മാത്രമെ ഇവ സംബന്ധിച്ച ധാരണകൾക്ക് കൃത്യതയുണ്ടാകു. ചെങ്കല്ലും ചുണ്ണാമ്പും ചെളിയും ചേർന്ന ഒരു മിശ്രിതമാണ് കടവിന്റെ നിർമ്മാണത്തിനു ഉപയോഗിച്ചിരിക്കുന്നത്. 19 നിര



യുള്ള ഇഷ്ടികയുടെ പടവുകൾ കടവിനു കൂടുതൽ ഉറപ്പ് നൽകുന്നുണ്ട്. കടവിന്റെ ചെറിയൊരു ഭാഗം മാത്രമേ രണ്ടു സീസണുകളിലെ ഉൽഖനനത്തിലൂടെ അനാവരണം ചെയ്യാനായുള്ളു. സംഭരണശാലയോ പാർപ്പിടമോ ആയിരുന്നിരിക്കാവുന്ന കെട്ടിടാവശിഷ്ടങ്ങളും കടവിനോട് ചേർന്നുള്ള ട്രഞ്ചുകളിൽ കാണപ്പെട്ടു.

### ആംഫോറ

പട്ടണം ഉൽഖനനത്തിൽ നിന്ന് ലഭിച്ച പ്രധാനപ്പെട്ട തെളിവാണ് റോമൻ ആംഫോറ അഥവാ വീഞ്ഞുപാത്രങ്ങൾ. 2007 ൽ കേവലം 123 ചതു. മീ. പ്രദേശത്ത് നിന്ന് 264 ആംഫോറ കഷ്ണങ്ങൾ കിട്ടിയിട്ടുണ്ട്. ചരിത്രാരംഭകാലം മുതൽ തന്നെ ഈ പ്രദേശത്തിന് മെഡിറ്ററേനിയൻ തീരപ്രദേശങ്ങളുമായി ബന്ധങ്ങൾ ഉണ്ടായിരുന്നു എന്നാണ് ഇവ സൂചിപ്പിക്കുന്നത്. ഇറ്റലിയിലെ റോമാക്കാരാണ് ഇത്തരം പാത്രങ്ങൾ പ്രധാനമായും ഉപയോഗിച്ചിരുന്നത്. വീഞ്ഞ്, ഒലീവെണ്ണ, മത്സ്യങ്ങളുടെ സോസ് എന്നിവ ഈ പാത്രങ്ങളിൽ ശേഖരിച്ചുകൊണ്ടാണ് അവർ ദീർഘദൂര കടൽ യാത്രകൾക്ക് പുറപ്പെട്ടിരുന്നത്. കൂടാതെ ഗ്രീസിലും ഈജിപ്തിലും ഇത്തരം പാത്രങ്ങൾ പ്രചാരത്തിലുണ്ടാ




യിരുന്നു. പട്ടണത്തു നിന്ന് കിട്ടിയ ഭൂരിഭാഗം ആംഫോറ കഷ്ണങ്ങളും തെക്കൻ ഇറ്റലിയിലെ കളിമണ്ണുകൊണ്ടുണ്ടാക്കിയവയാണ് എന്നാണ് വിദഗ്ദ്ധരുടെ പ്രാഥമികാഭിപ്രായം. ഗ്രീസിലും ഈജിപ്റ്റിലും മറ്റും ഉണ്ടാക്കിയവയും അക്കൂട്ടത്തിലുണ്ടോ എന്നറിയാൻ കൂടുതൽ സൂക്ഷ്മ വിശകലനങ്ങൾ ഇപ്പോൾ നടന്നു വരികയാണ്.

സ്വാധീനത്തിലേക്ക് വരികയുണ്ടായി. ഈ മൺപാത്രച്ചീളുകളിൽ ചിലത് ഇപ്പോഴത്തെ ജോർഡാൻ പ്രദേശം കേന്ദ്രമാക്കി ക്രിസ്തു വർഷാരംഭത്തിനു മുമ്പ് നിലനിന്ന നെബാറ്റ്യൻ സംസ്കാരത്തിന്റേതാകാം എന്ന് ഒരു ഇസ്രേയലി പുരാവസ്തു ശാസ്ത്രജ്ഞൻ അഭിപ്രായപ്പെടുകയുണ്ടായി. അതിന്റെ സ്ഥിരീകരണം ഇനിയും ലഭിക്കേണ്ടതുണ്ട്.

## ടെറാ സിഗിലറ്റ

റോമൻ മൺപാത്രങ്ങളിൽ തന്നെ മുന്തിയവയായ ടെറാ സിഗിലറ്റ (Terra Sigilatta) കഷ്ണങ്ങളും പട്ടണത്തു നിന്നും കണ്ടെടുത്തിട്ടുണ്ട്. അരിക്കമേടു പ്രദേശത്തിന്റെ കാലനിർണയത്തിനായി, മോർട്ടിമർ വീലർ ആശ്രയിച്ച ആരറ്റൈൻ വേയർ (Arretine Ware) എന്ന് കൂടി അറിയപ്പെടുന്ന ഈ പാത്രച്ചീളുകൾ പട്ടണ പ്രദേശത്തിന്റെയും കാലനിർണ്ണയത്തിന് സഹായകമാകും.




## റൂലറ്റെഡ് വെയർ

ഇന്ത്യയുടെ പടിഞ്ഞാറൻതീരത്ത് മറ്റൊരിടത്തു നിന്നും ഇന്നോളം ലഭിച്ചിട്ടില്ലാത്ത 'റൂലറ്റെഡ് വെയർ' (Rouletted Ware) എന്ന ഇന്ത്യൻ ഫൈൻ പോട്ടറിയുടെ 504 കഷ്ണങ്ങൾ 2007 ൽ പട്ടണത്തു നിന്ന് ലഭിച്ചു. ഒരു പക്ഷേ ഇന്ത്യക്കുള്ളിൽ തന്നെയുള്ള പ്രാദേശിക കച്ചവടബന്ധങ്ങളിൽ ഈ പ്രദേശത്തിനുള്ള പ്രാധാന്യം ഇത് സാക്ഷ്യപ്പെടുത്തുന്നു.



## മുത്തുകൾ

വിവിധ വർണ്ണങ്ങളിലും രൂപങ്ങളിലുമുള്ള കൽമുത്തുകളും ഗ്ലാസ് മുത്തുകളുമാണ് ഇവിടെ നിന്നും ലഭിച്ച മറ്റൊരു പുരാവസ്തു. കൂട്ടത്തിൽ ഇവയുടെ




നിർമ്മാണാവശിഷ്ടങ്ങളായ ചീളുകളും ലഭ്യമായി. അതുകൊണ്ടുതന്നെ കൽമുത്തുകൾ ഇവിടെ ഉണ്ടാക്കിയിരുന്നതായി അനുമാനിക്കാം. രണ്ടു സീസണുകളിലായി മൂവായിരത്തിൽപരം മുത്തുകളാണ് ഇവിടെ നിന്ന് ലഭിച്ചത്.

## കെട്ടിടാവശിഷ്ടങ്ങൾ

ഇഷ്ടികകൊണ്ട് നിർമ്മിച്ച കെട്ടിടാവശിഷ്ടങ്ങളും മേച്ചിലോടുകളുടെ കഷ്ണങ്ങളും വെന്ത കളിമൺതറയും മിക്ക ട്രഞ്ചുകളിലും ഉണ്ടായിരുന്നു. കെട്ടിടാവശിഷ്ടങ്ങളെല്ലാം വടക്ക്-പടിഞ്ഞാറ്, തെക്ക്-കിഴക്ക് ദിശയിലുള്ളതാണ്. പ്രാചീന കാലത്തു തന്നെ നാഗരിക സ്പർശമുള്ള സാമൂഹ്യ ജീവിതം ഇവിടെ രൂപപ്പെട്ടിരുന്നു എന്നതിന്റെ സൂചനയായി വേണം ഇതിനെ കാണാൻ.

## ജൈവാവശിഷ്ടങ്ങൾ

ഏതാണ്ട് മൂന്നു മീറ്റർ താഴെയായി ജലനിരപ്പിൽ, കുരുമുളക്, ഏലക്കാ, നെല്ല്, കുന്തിരിക്കം, നെല്ലിക്ക, തെങ്ങിൻ ചിരട്ട, വടം തുടങ്ങിയ ജൈവാവശിഷ്ടങ്ങൾ ലഭിച്ചു. അവക്ക് മുകളിലായി ഒരടിയോളം കനത്തിലുണ്ടായിരുന്ന ചെളിയുടെ ആവരണമാകാം അവയും, മുൻപറഞ്ഞ വഞ്ചിയും മരക്കുറ്റികളും ദ്രവിച്ചുപോകാതെ സംരക്ഷിച്ചത്. ഈ അവശിഷ്ടങ്ങളുടെ സൂക്ഷ്മപരിശോധന ഡെക്കാൻ കോളേജിലെ പുരാസസ്യവിഭാഗത്തിൽ നടന്നുവരികയാണ്.

## ചൈനീസ് പോട്ടറി

പട്ടണത്തുനിന്ന് ലഭിച്ച മറ്റൊരു വിദേശബന്ധസൂചന 17-ാം നൂറ്റാണ്ടിന്




ശേഷം ഉണ്ടാക്കിയവ എന്ന് കരുതേണ്ട നീല വെള്ള ഇനത്തിൽപ്പെട്ട ചീനഭരണിക്കഷ്ണങ്ങളായിരുന്നു.

## മറ്റിനങ്ങൾ

വലിയ മൺജാറുകൾ, ഇരുമ്പിലുണ്ടാക്കിയ നിരവധി വസ്തുക്കൾ, മണിക്കിണറുകൾ (Ring Well) ബ്രാഹ്മി ലിപി കോറിയ മൺപാത്രകഷ്ണങ്ങൾ, മനുഷ്യന്റെ അസ്ഥികഷ്ണങ്ങൾ, ആദിചേര ചെമ്പ്നാണയങ്ങൾ, സ്വർണ്ണാഭരണം, റോമൻ ഗ്ലാസിലുണ്ടാക്കിയ തീൻമേശപാത്രങ്ങളുടെ കഷ്ണങ്ങൾ തുടങ്ങിയവയും ഇവിടെ നിന്ന് ലഭിക്കുകയുണ്ടായി.





## കാലക്രമം

ഉദ്ദേശം 3000 വർഷങ്ങൾക്കുമുമ്പ് ഇരുമ്പുയുഗകാലത്തായിരിക്കാം പട്ടണപ്രദേശത്ത് തദ്ദേശീയർ വാസം തുടങ്ങിയത് എന്നാണ് ട്രഞ്ചുകളിലെ അടരുകളുടെ വിശകലനവും, കാർബൺഡേറ്റുകളും നൽകുന്ന സൂചന. പിന്നീട് ക്രിസ്തുവർഷാരംഭത്തിനു മുമ്പായി ഇവിടേക്ക് ലോകത്തിന്റെ പലഭാഗങ്ങളിൽ നിന്നും കച്ചവടബന്ധ

ങ്ങൾ വന്ന് ചേരുകയായിരുന്നിരിക്കാം ഉണ്ടായത്. രണ്ടാം നൂറ്റാണ്ടു ബി.സി തുടങ്ങി നാലാം നൂറ്റാണ്ടു എ.ഡി. വരെയുള്ള കാലത്താകണം ഇവിടെ റോമൻ - അറേബ്യൻ വിദേശബന്ധങ്ങൾ സജീവമായത്. തുടർന്ന് മധ്യകാലാരംഭ ഘട്ടത്തിൽ ഇസ്ലാമിക സാംസ്ക്കാരിക - വാണിജ്യ ബന്ധങ്ങൾ പട്ടണത്ത് ഉണ്ടായിരുന്നതായി കാണാം. 10-ാം നൂറ്റാണ്ട് എ.ഡി വരെ തുടർച്ചയായി അവിടെ ജനവാസം ഉണ്ടായിരുന്നു എന്നതിന് തെളിവുകൾ ഉണ്ട്. എന്നാൽ എ.ഡി 10 മുതൽ 16-ാം നൂറ്റാണ്ടുവരെയുള്ള കാലത്ത് ഇവിടെ ജനവാസമുണ്ടായിരുന്നതിന്റെ തെളിവുകൾ ലഭിച്ചിട്ടില്ല. ഇതിന്റെ കാരണം കൂടുതൽ പഠനത്തിലൂടെയേ മനസ്സിലാക്കാനാവൂ. ഏതായാലും 17-ാം നൂറ്റാണ്ടു മുതൽ ജനജീവിതം ഇവിടെ വീണ്ടും സജീവമാകുന്നതിന്റെ വ്യക്തമായ തെളിവുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

പ്രായേണ അജ്ഞാതമായിരുന്ന കേരളത്തിന്റെ ഇരുമ്പുയുഗകാലത്തെയും ചരിത്രാരംഭകാലത്തെയും കുറിച്ച്, പുതിയ അറിവുകൾ നൽകുന്ന തെളിവുകളാണ് ഇവിടെ നിന്നും ലഭിച്ചിരിക്കുന്നത്. സഹസ്രാബ്ദങ്ങൾക്കു മുമ്പ്, നിരവധി വിദേശ സംസ്കാരങ്ങളുമായി കച്ചവട ബന്ധങ്ങളും സാംസ്കാരിക വിനിമയവും നടത്തിയിരുന്നതിന്റെ തെളിവുകളാണിവ. ഇന്ന് ലോകമെമ്പാടും ചിതറിക്കിടക്കുന്ന മലയാളിയുടെ സവിശേഷ സാംസ്കാരിക പരിസരം പുരാതനമായ ഇത്തരം ബന്ധങ്ങളിൽ നിന്നാകാം രൂപപ്പെട്ടത്.■

*ഡോ. പി.ജെ. ചെറിയാൻ-ഡയറക്ടർ, കെ.സി.എച്ച്.ആർ, ഡോ. കെ.പി. ഷാജൻ-ഫീൽഡ് ആർക്കിയോളജിസ്റ്റ്, ഡോ. വി.സെൽവ കുമാർ-തഞ്ചാവൂർ യൂണി: അധ്യാപകൻ*

ഡോ. കെ എൻ പണിക്കർ



# കേരളചരിത്രത്തിലെ നാഴികക്കല്ല്

മുസീരിസ് പൈതൃകപദ്ധതിയുടെ പ്രാഥമിക ഉദ്ദേശ്യം കൊടുങ്ങല്ലൂർ പ്രദേശത്തിന്റെ ചരിത്രപൈതൃകം മാതൃകാപരമായി സംരക്ഷിക്കുക എന്നതാണ്. പട്ടണത്ത് നടന്ന പുരാവസ്തുഗവേഷണത്തിലൂടെ വെളിച്ചത്തു വന്ന പുരാവസ്തു കണ്ടെത്തലുകൾ കേരളചരിത്രത്തിലെ നാഴികക്കല്ലാണ്. കേരളത്തിന്റെ മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് സമ്പന്നവും സങ്കീർണവുമായ ചരിത്രമാണ് കൊടുങ്ങല്ലൂർ മേഖലയുടേത്. ഭാരതത്തിലേക്ക് തന്നെ ജൂതമതവും ക്രിസ്തുമതവും ഇസ്ലാംമതവും കടന്നുവന്നത് ഈ മേഖലയിലൂടെയാണ്, അല്ലെങ്കിൽ ഭാരതത്തിലേക്ക് കടന്നുവന്ന വിഭിന്നസംസ്കാരങ്ങളുടെ കവാടമാണ് കൊടുങ്ങല്ലൂർ. ഈ പ്രദേശത്ത് അടുത്തടുത്തായി നിൽക്കുന്ന മസ്ജിദും, സിനഗോഗും, പള്ളിയും, ക്ഷേത്രവും മതസൗഹാർദത്തിന് ലോകത്തിനു തന്നെ മാതൃകയാണ്.

ഇപ്പോഴും പൂർണമായി നശിച്ച് പോകാത്ത കുറെയേറെ ചരിത്രാവശിഷ്ടങ്ങൾ ഈ മേഖലയിൽ ഉണ്ടെന്നതും അവ കേരളചരിത്രത്തിന്റെ തുടർച്ചയും ഇടർച്ചയും സൂചിപ്പിക്കുന്നതിന് ഉതകും വിധം സമ്പന്നമാണ് എന്നതും കൊടുങ്ങല്ലൂർ പ്രദേശത്തിന്റെ വലിയ പ്രത്യേകതയാണ്. ഈ പ്രത്യേകതക്ക് മകുടം ചാർത്തുന്ന കണ്ടെത്തലുകളാണ് പെരിയാറിന്റെ തെക്കെക്കരയിലുള്ള പട്ടണത്ത് നിന്ന് ലഭിച്ചത്. ഇവിടെ നിന്നും ലഭിച്ച തെളിവുകൾപ്രകാരം കേരളത്തിന്റെ ഇരുമ്പുയുഗത്തിൽ തുടങ്ങി 10-ാം നൂറ്റാണ്ട് AD വരെക്കും തുടർച്ചയായി ഇവിടെ ജനവാസമുണ്ടായിരുന്നു എന്നാണ് മനസിലാകുന്നത്. ഈ ജനവാസമാകട്ടെ രാജ്യാന്തര വാണിജ്യ-സാംസ്കാരിക ബന്ധങ്ങളുടെ മുദ്രകൾ പേറുന്നവയുമാണ്. നമ്മുടെ പ്രാചീന ചരിത്രം സംബന്ധിച്ചു നിലനിൽക്കുന്ന ഒട്ടേറെ സമസ്യകൾക്ക് പട്ടണത്തു നിന്നും ലഭിച്ച തെളിവുകൾ പ്രയോജനപ്പെടും. മാത്രമല്ല. ചരിത്രാരംഭകാലത്തെ അന്തർദേശീയ ബന്ധങ്ങളുടെ സ്വാഭാവം പഠിക്കാനും ഈ തെളിവുകൾ ഉപകരിക്കും. ഈ അർഥത്തിൽ പട്ടണം പുരാവസ്തുപഠനങ്ങൾക്ക് ദേശീയവും അന്തർദേശീയവുമായ മാനങ്ങളാണുള്ളത്.

പട്ടണത്തു നിന്നും ലഭിച്ച സൂചനകൾ മുൻനിർത്തി കൊടുങ്ങല്ലൂരിന്റെ 50 കിലോമീറ്റർ ചുറ്റളവിലെങ്കിലും- അന്തർവിഷയീരീതിശാസ്ത്രമനുസരിച്ചുള്ള പര്യവേക്ഷണങ്ങൾ നടക്കേണ്ടതുണ്ട്. ഇന്ത്യൻ നേവിയുമായി സഹകരിച്ച് ഈ പ്രദേശത്തെ ജലമാർഗങ്ങളും മറ്റും പഠന വിധേയമാക്കുന്ന ഒരു പരിപാടിക്കു തുടക്കം കുറിച്ചു കഴിഞ്ഞു. ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുമായി (ASI) സഹകരിച്ച് ഈ പ്രദേശത്ത് തുടർച്ചയായി ഗവേഷണപ്രവർത്തനം നടത്തുവാനാണ് കെ.സി.എച്ച് ആർ ഉദ്ദേശിക്കുന്നത്. ജനകീയമായ പങ്കാളിത്തത്തോടെ ഈ മേഖലയുടെയും സ്മാരകങ്ങളുടെയും മാതൃകാപരമായ സംരക്ഷണവും, പദ്ധതിയുടെ നടത്തിപ്പും പ്രതീക്ഷിച്ചുകൊണ്ട്, എല്ലാ വിഭാഗം ജനങ്ങളുടെയും സഹായ സഹകരണങ്ങൾ അഭ്യർഥിക്കുന്നു.

■ **ഡോ.പി.ജെ ചെറിയാൻ**

പുരാവസ്തു ഗവേഷണം വളരെയധികം സൂക്ഷ്മതയും കഠിനാധ്വാനവും ഒത്തൊരുമയും ആവശ്യമുള്ള പ്രവൃത്തിയാണ്. ഒരു ശസ്ത്രക്രിയക്കാവശ്യമായ തയ്യാറെടുപ്പും പരിശീലനവും ഈ സംഘപ്രവൃത്തിക്ക് ആവശ്യമുണ്ട്. ടീമംഗങ്ങൾക്കെല്ലാം ഇതിന്റെ രീതിശാസ്ത്രത്തെ സംബന്ധിച്ച സാമാന്യജ്ഞാനമെങ്കിലും ഉണ്ടായിരിക്കണം.

### പര്യവേഷണവും ഉത്ഖനനവും

പുരാവസ്തു ഗവേഷണത്തിൽ തെളിവുകൾ ശേഖരിക്കുന്നത് പര്യവേക്ഷണം, ഉത്ഖനനം എന്നീ രണ്ടു രീതികളിലാണ്. പര്യവേഷണത്തിൽ (Exploration) ഉപരിതലത്തിൽ നിന്നും ലഭിക്കുന്ന വിവരങ്ങളുടെ ശേഖരണവും പഠനവുമാണ് പ്രധാനമായും ഉള്ളത്. രണ്ടാമത്തേത് കുഴി എടുക്കുന്ന രീതിയാണ്. അതിന് ഉത്ഖനനം അഥവാ എക്സ്കവേഷൻ (Excavation) എന്നും കുഴികൾക്ക് ട്രഞ്ച് (Trench) എന്നുമാണ് പറയുക. ഉപരിതല സർവെകളിലൂടെയും നിരീക്ഷണങ്ങളിലൂടെയും ലഭിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിലാണ് ട്രഞ്ചിന്റെ സ്ഥാനം നിശ്ചയിക്കുക. 4 X 4 മീ. അല്ലെങ്കിൽ 5 X 5 മീ. വിസ്തീർണത്തിലാണ് സാധാരണ കുഴികൾ എടുക്കാറുള്ളത്. താഴേക്ക്, മനുഷ്യന്റെ ഇടപെടലുകൾക്ക് തെളിവുകളില്ലാത്ത ആഴംവരെയാണ് സാധാരണ കുഴിയെടുക്കാറ്. ഇതിന് Vertical Excavation എന്നു പറയും.

### രീതിശാസ്ത്രം

ലോക്കസ് മെതേഡ് (Locus Method) അഥവാ കോൺടെക്സ്റ്റ് മെതേഡ് (Context Method) എന്ന ശാസ്ത്രീയരീതി അവലംബിച്ചാണ് ട്രഞ്ചുകളിൽ നിന്നും സാവധാനം മണ്ണ് മാറ്റുന്നത്. ലോക്കസ് എന്നതിന് സവിശേഷതകളുള്ള ഇടം എന്നാണ് അർഥം. നിറം, ഉള്ളടക്കം, മണ്ണിന്റെ സ്വഭാവം എന്നിവയിൽ വ്യത്യാസമോ, പുരാവസ്തുക്കളോ, ജൈവാവശിഷ്ടങ്ങളോ ഉള്ള ഭാഗങ്ങൾ എന്നാണ് ഈ വാക്ക്കൊണ്ട് അർഥമാക്കുന്നത്. ഓരോ ട്രഞ്ചിലെയും ഇത്തരം ഇടങ്ങൾ കണ്ടെത്തുകയാണ് ചെയ്യുന്നത്. ലോക്കസിന്റെ എല്ലാ പ്രത്യേകതകളും കടലാസിലും ഫിലിമിലും വീഡിയോയിലും കൃത്യമായി രേഖപ്പെടുത്തും. ലോക്കസുകളുടെ പരസ്പരബന്ധം അതാത് കാലഘട്ടങ്ങളിലെ മനുഷ്യജീവിതത്തിന്റെ പശ്ചാത്തലത്തിൽ മനസിലാക്കുകയാണ് ഈ രീതിശാസ്ത്രമനുസരിച്ചുള്ള പുരാവസ്തുഗവേഷണത്തിൽ നടക്കുന്നത്.

# പുരാവസ്തു ഗവേഷണത്തിന്റെ രീതിശാസ്ത്രം

## പുരാവസ്തു ഗവേഷണം വളരെയധികം സൂക്ഷ്മതയും കഠിനാധ്വാനവും ഒത്തൊരുമയും ആവശ്യമുള്ള പ്രവൃത്തിയാണ്.





### ട്രഞ്ചുകൾ

സ്ഥലം നിശ്ചയിച്ച് അവിടം വൃത്തിയാക്കിയശേഷം കുഴിക്കാനുള്ള ഇടം നൂൽ കെട്ടിത്തിരിക്കും, ദിശകളും അടയാളപ്പെടുത്തും. ഓരോ ട്രഞ്ചിനും ഓരോ ഡാറ്റം പോയിന്റ് (Datum Point) ഉണ്ടായിരിക്കും. ഡാറ്റം പോയിന്റ് എന്നാൽ ട്രഞ്ചിന്റെ ഏറ്റവും ഉയർന്ന മൂലയിൽ രേഖപ്പെടുത്തുന്ന അടയാളമാണ്. ഈ പോയിന്റിനെ ആധാരമാക്കിയാണ് ട്രഞ്ചിന്റെ ആഴവും അതിലെ ലോക്കസുകളും അളന്ന് രേഖപ്പെടുത്തുക. അതായത് ഒന്നാമത്തെ ട്രഞ്ചിൽ 45 സെ.മീ താഴ്ചയിൽ ഒരു എല്ലിൻകഷ്ണം കണ്ടു എന്ന് എഴുതിയാൽ ഡാറ്റം പോയിന്റ് ലവലിൽ നിന്ന് 45 സെ.മീ താഴെയായി എല്ലിൻകഷ്ണം കണ്ടു എന്നർഥം. ട്രഞ്ചിന്റെ മൂലയ്ക്ക് ഒരു കുറ്റിയിലായിരിക്കും സാധാരണ ഡാറ്റം പോയിന്റ് അടയാളപ്പെടുത്തുക. ആ ട്രഞ്ചുമായി ബന്ധപ്പെട്ട ഗവേഷണം പൂർത്തിയാക്കുംവരെയ്ക്കും ഈ ഡാറ്റം പോയിന്റിന് ഇളക്കമുണ്ടാകാൻ പാടില്ല.

### ഡോക്കുമെന്റേഷൻ

ട്രഞ്ച് അടയാളപ്പെടുത്തിയശേഷം സാവധാനം കുഴിയെടുക്കൽ നടത്തുന്നു. ഉപരിതലത്തിൽ സവിശേഷമായൊന്നും കാണുന്നില്ലെങ്കിൽ A,B,C,D എന്ന നാലുചതുരങ്ങളാക്കി തിരിച്ച് മണ്ണു നീക്കിത്തുടങ്ങും. മണ്ണ് നീക്കുമ്പോൾ ലഭിക്കുന്ന വസ്തുക്കൾ മണ്ണിന്റെ പ്രത്യേകതകൾ തുടങ്ങിയവ ട്രഞ്ച് നോട്ട്ബുക്ക്, ആന്റിക്വിറ്റി രജിസ്റ്റർ എന്നിവയിൽ സൂക്ഷ്മമായി രേഖപ്പെടുത്തും. പുരാവശിഷ്ടങ്ങൾ ലേബലുകൾ എഴുതിയ പ്ലാസ്റ്റിക് ബാഗുകളിലേക്ക് മാറ്റുന്നു. ഓരോ ലോക്കസും കൃത്യമായി രേഖപ്പെടുത്തി അതിന്റെ ഫോട്ടോ & വീഡിയോഗ്രാഫി, സ്കെച്ചിങ് തുടങ്ങിയവ നടത്തിയശേഷമേ തുടർന്ന് കുഴിക്കുകയുള്ളൂ. ലോക്കസിൽ പ്രത്യേകമായി എന്തെങ്കിലും ഉണ്ടെങ്കിൽ അത് അതേ സ്ഥാനത്തുതന്നെ നിലനിർത്തി (In situ) വേണം ഇതെല്ലാംശ്യമെങ്കിൽ വളരെ മൃദുവായ ഉപകരണങ്ങൾ ഉപയോഗിച്ച് അവ ട്രഞ്ചിൽ നിന്ന് മാറ്റാവൂ. ഇത്തരം കാര്യങ്ങളെല്ലാം 'ട്രഞ്ച് സൂപ്പർവൈസർ' തന്റെ ട്രഞ്ച് നോട്ട് ബുക്കിൽ വിശദമായും, കൃത്യമായും രേഖപ്പെടുത്തും. ട്രഞ്ചിലെ മണ്ണ് ഓരോരോ ലോക്കസിന്റേതായി അരിച്ചു പെറുക്കുകയാണ് മറ്റൊരു പ്രധാന പ്രവർത്തനം. ഓരോ മൺതരിയും അരിച്ചുപെറുക്കണമെന്നു പറയുന്നതിൽ തെറ്റില്ല. മുത്തുകൾ, പാത്രക്കഷ്ണങ്ങൾ, നാണയങ്ങൾ, ആഭരണങ്ങൾ, ചില്ലുകഷ്ണങ്ങൾ, എല്ലുകഷ്ണങ്ങൾ, ധാന്യത്തരികൾ തുടങ്ങി മണ്ണ് അരിക്കുമ്പോൾ ലഭിച്ചേക്കാവുന്ന വസ്തുക്കളെല്ലാം ഓരോന്നിനും ലേബലുകൾ സഹിതം പ്ലാസ്റ്റിക് ബാഗുകളിലാക്കണം. മൺപാത്രക്കഷ്ണങ്ങൾ സൂക്ഷിച്ച് കഴുകി ഉണക്കിയ ശേഷം ലേബൽ ചെയ്ത് പോട്ടറി യാർഡിലേക്ക് (Pottery yard) (മൺപാത്രങ്ങൾക്കായി മാത്രമുള്ള സ്ഥലം) മാറ്റും. ഇവയെല്ലാം പിന്നീട് ശാസ്ത്രീയപഠനങ്ങൾക്കും കാലനിർണയത്തിനുമായി വിവിധ ലബോറട്ടറികളിലേക്ക് എത്തിക്കും. കൃത്യമായ ലേബലിങ് കൃത്യമായ ഗവേഷണഫലങ്ങൾക്ക് അത്യന്താപേക്ഷിതമാണ് എന്ന് ഓരോ ടീമംഗത്തിനും ബോധ്യമുണ്ടായിരിക്കണം.

### കാലനിർണയത്തിനുള്ള സാമ്പിൾ

ട്രഞ്ചിൽ നിന്നു ലഭിക്കാൻ ഇടയുള്ള കരിഞ്ഞ മണ്ണ്, കരിക്കഷ്ണങ്ങൾ, എല്ലിൻ കഷ്ണങ്ങൾ മറ്റു ജൈവാവശിഷ്ടങ്ങൾ തുടങ്ങിയവ കാലനിർണയത്തിനുള്ള പ്രധാന തെളിവുകളാണ്. അവ കരസ്പർശം ഏൽക്കാതെ പ്ലാസ്റ്റിക് ബാഗുകളിലാക്കി, അലുമിനീയം ഫോയിലുകളിൽ പൊതിഞ്ഞ് ലേബൽ ചെയ്ത് സൂക്ഷിക്കുന്നു. കാലനിർണയത്തിനുവേണ്ടി ശേഖരിക്കുന്ന മൺപാത്രക്കഷ്ണങ്ങൾ, അവയുടെ ചുറ്റുമുള്ള മണ്ണോടുകൂടി വേണം പ്ലാസ്റ്റിക് ബാഗിലാക്കാൻ. അവയും കൈകൊണ്ട് തൊടാതെയും വെയിലുകൊള്ളാതെയും വേണം സൂക്ഷിക്കാൻ. സാമ്പിളുകളെയും പരിശോധനാഫലങ്ങളെയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ സൈറ്റിൽ പുകവലി പാടില്ല.

### ഗവേഷണ സംഘം

ഇതൊരു സംഘപ്രവൃത്തിയാണ് എന്ന് പറഞ്ഞല്ലോ. ഗവേഷണസംഘത്തിൽ ഡയറക്ടർ, കോ-ഡയറക്ടർമാർ, ആന്റിക്വിറ്റി രജിസ്ട്രാർ, ഡ്രഫ്റ്റ്സ്മാൻ, ഫോട്ടോഗ്രാഫർ, ട്രഞ്ച് സൂപ്പർവൈസർമാർ, ട്രഞ്ച് അസിസ്റ്റൻസ്, അവിദഗ്ധ തൊഴിലാളികൾ എന്നിവരുണ്ടായിരിക്കും. ഇവർക്ക് പുറമെ ഭൗമശാസ്ത്രജ്ഞൻമാർ, പാലിയോബൊട്ടാണിസ്റ്റുകൾ, പോട്ടറി വിദഗ്ധർ ലോഹ വിദഗ്ധർ തുടങ്ങിയവരും പ്രത്യക പരിശീലനം ലഭിച്ചവരും സംഘത്തിലുണ്ടാവും. സാമ്പിളുകൾ ശേഖരിക്കുന്നതിനും അവ തരംതിരിക്കുന്നതിനും ഇക്കൂട്ടർക്ക് അവരുടേതായ ശാസ്ത്രീയരീതികൾ ഉണ്ട്.

■ കാട്ടാക്കട ദിവാകരൻ



കൊടുങ്ങല്ലൂർ ഭരണി മഹോത്സവം - ഒരു ദൃശ്യം

# കൊടുങ്ങല്ലൂർ വിശേഷങ്ങൾ

## പൗരാണികകാലം മുതലേ പുകൾപെറ്റ കൊടുങ്ങല്ലൂരിന്റെ ചരിത്രത്തിലേക്കും വർത്തമാനത്തിലേക്കും ഒരെത്തിനോട്ടം

അക്രിസ്ത്വബ്ദത്തിനു മുമ്പു തന്നെ ഖണ്ഡകേരളത്തിന്റെ അധീശത്വം വഹിച്ചിരുന്ന ചക്രവർത്തിമാർ 'പെരുമാൾ' എന്നപേരിൽ അറിയപ്പെട്ടിരുന്നുവെന്നും മഹോദയപുരം (ഇന്നത്തെ കൊടുങ്ങല്ലൂർ) ആസ്ഥാനമാക്കി അവർ നാടുഭരിച്ചിരുന്നു വെന്നും (പെരുമാൾ എന്നാൽ രാജാവ്, ചേരമാൻ പെരുമാൾ-കേരള ചക്രവർത്തി) വ്യക്തമായ സൂചനകളുണ്ട്. ഈ പുരാതന നഗരം-തുറമുഖ പട്ടണം-കൊച്ചി തുറമുഖത്ത് നിന്ന് 20 നാഴിക വടക്കായി പെരിയാറിന്റെ സംഗമസ്ഥാനത്ത്, അറബിക്കടലിന്റെ തീരത്തിൽ സ്ഥിതി ചെയ്തിരുന്നു. പ്രാചീന ചരിത്രരേഖകളിൽ പല പേരിലാണ് അറിയപ്പെട്ടിരുന്നത്-മുസിരസ്, മഹോദയപുരം, മഹാദേവ പട്ടണം, തൃക്കണാമതിലകം, തിരുവഞ്ചിക്കുളം, കുണവായിൽ കോട്ടം, കരൂറ (കരുപ്പടന്ന) എന്നിങ്ങനെ.

### കൊടുങ്ങല്ലൂർ ഭരണി

കൊടുങ്ങല്ലൂരിനെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനമാണ് ഭഗവതി ക്ഷേത്രം. ചുറ്റും തണൽ വിരിച്ചു നിൽക്കുന്ന അരയാലുകളും പീഠമൊരുക്കി നിൽക്കുന്ന ആൽത്തറകളും ആ അമ്പലപ്പറമ്പിനെ ആകർഷണീയമാക്കിയിരിക്കുന്നു. ക്ഷേത്രവളപ്പിൽ പ്രധാന ക്ഷേത്രത്തിനു പുറമെ രണ്ട് ഉപ ക്ഷേത്രങ്ങളുമുണ്ട്. ക്ഷേത്രപാലകന്റെയും വസൂരി മാലയുടെയും ആസ്ഥാനങ്ങളാണവ. ഇത് ആദ്യമൊരു ശിവക്ഷേത്രമായിരുന്നെന്നും പിന്നീട് ഭഗവതി പ്രതിഷ്ഠ കൂടി നടത്തേണ്ടി വന്നു എന്നുമാണ് ഐതീഹ്യം.

മകരമാസത്തിലെ താലപ്പൊലിയും മീനമാസത്തിലെ ഭരണിയുമാണ് പ്രധാന ഉത്സവങ്ങൾ ലളിതവും സുന്ദരവുമായ ചടങ്ങാണ് താലപ്പൊലിയെങ്കിൽ, ഭീകരവും രൂക്ഷവുമായ കായികശക്തിയുള്ള ഗംഭീര പ്രകടനമാണ് ഭരണിയുത്സവം. കേരളത്തിലങ്ങോളമിങ്ങോളമുള്ള ജനലക്ഷങ്ങൾ ഒന്നിച്ചു കൂടുന്ന ഭരണിയുത്സവത്തിന്റെ തിക്കും തിരക്കും ആ ദിവസങ്ങളിൽ കൊടുങ്ങല്ലൂർ പ്രദേശം മുഴുവൻ ഒരു ഉത്സവപ്പറമ്പാക്കി മാറ്റുന്നു. ഭദ്രകാളിയും ഭൂതഗണങ്ങളും നടത്തിയെന്ന് വിശ്വസിക്കപ്പെടുന്ന സംഹാര താണ്ഡവത്തെയും ഉത്സാഹ പ്രകടനത്തെയും അനുസ്മരിക്കുന്ന ഉത്സവച്ചടങ്ങാണിത്. ഭഗവതി ക്ഷേത്രം മുതൽ ഒരുമൈൽ തെക്കുള്ള തിരുവഞ്ചിക്കുളം ക്ഷേത്രം വരെ (ഭരണിക്കു വരുന്നവർ പ്രസ്തുത ക്ഷേത്രത്തിലും ഭജിക്കാറുണ്ട്) സാഹസിക പ്രകടനങ്ങളുടെയും തെറിപ്പാട്ടുകളുടെയും ആഭാസകരമായ ആംഗ്യവിക്ഷേപങ്ങളുടെയും ബഹളമായിരിക്കും. മീനത്തിലെ തിരുവോണം നാൾ കോഴിവെട്ട് ആരംഭിച്ചാൽ പിന്നെ ക്ഷേത്രാങ്കണം കുരുതിക്കളമായി മാറും. ആയിരക്കണക്കിനു കോഴികളുടെ, വെട്ടേറ്റ കഴുത്തിൽ നിന്ന് ചീറിയൊഴുകുന്ന ചെഞ്ചോരയുടെയും അന്തരീക്ഷത്തിൽ വാരി വിതറപ്പെടുന്ന മഞ്ഞൾപ്പൊടിയുടെയും മദ്ധ്യേ കുതിച്ചു കയറുന്ന ഭക്തജനങ്ങളുടെ വികാരവിഭ്രാന്തി വർണനാതീതം തന്നെ.

അശ്വതിനാളിലാണ് 'കാവു തീണ്ടൽ'. പതിവുപോലെ കൊടുങ്ങല്ലൂർ വലിയ തമ്പുരാൻ ക്ഷേത്രാങ്കണത്തിലെ ആൽത്തറയിൽ സന്നിഹിതനാകുന്നു. കോഴിവെട്ടാനും ഭണ്ഡാരം വെപ്പിക്കാനും കാവുതീണ്ടാനുമെല്ലാം അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും അനുവാദവും വേണം. വിവിധ ദേശക്കാരും വിഭാഗക്കാരും അവകാശികളും (ഉദാ. തച്ചോളിക്കാർ, കടത്തനാട്ടുകാർ) കുറുവടികളും ഉയർത്തിപ്പിടിച്ച് മഞ്ഞൾപ്പൊടിയും നേർച്ചകളുമായി സമരസന്നദ്ധരായി നിൽക്കുന്നു. അപ്പോഴേയ്ക്കും തദ്ദേശീയരിൽ ഒരു കൂട്ടം അരയൻമാർ (ചവളൻമാർ) ആയുധധാരികളായി പാഞ്ഞെത്തുകയായി. ചവള സൈന്യവും തമ്പുരാന്റെ മുമ്പിൽ വണങ്ങി നിൽക്കുന്നു. കാവു തീണ്ടലിന് തമ്പുരാൻ കൽപ്പന കൊടുക്കാത്ത താമസം, മുന്നേറ്റം തുടങ്ങുകയായി. കുറുവടികളെല്ലാം ചെമ്പുപൊതിഞ്ഞ ക്ഷേത്രമേൽക്കൂരയിൽ ആഞ്ഞടിക്കുന്നു. മഞ്ഞൾപ്പൊടി വാരി വിതറുന്നു. തെറിപ്പാട്ടുകൾ പാടിയലറുന്നു. നേർച്ചപ്പണം നാലമ്പലത്തിനുള്ളിലേക്ക് വാരിയെറിയുന്നു. കുരുതിച്ചോരയ്ക്ക് നടുവിൽ ഭയങ്കരമായ അഴിഞ്ഞാട്ടം, ആരും ആരെയും നിയന്ത്രിക്കുന്നില്ല, നിയന്ത്രിക്കാനാവില്ല. ആരും പിൻതിരിയുന്നില്ല. ശബ്ദമുഖരിതവും ചലനാത്മകവുമായ അന്തരീക്ഷം ക്ഷേത്രാങ്കണം യുദ്ധക്കളത്തിന്റെ പ്രതീതി ജനിപ്പിക്കുന്നു. പതിനായിരക്കണക്കിന് സ്ത്രീപുരുഷൻമാരുടെ ഈ അഴിഞ്ഞാട്ടമാണ് ഭരണിയുത്സവത്തിന്റെ ജീവൻ. ഉത്സവം കഴിയുമ്പോൾ ആയിരക്കണക്കിനു രൂപയുടെ മഞ്ഞൾപ്പൊടി വിൽപ്പന നടന്നിട്ടുണ്ടാകും. (ഒരു കുടുംബക്കാരുടെ അവകാശമാണ് മഞ്ഞൾപ്പൊടി വിൽപ്പന സ്ത്രീകളാണ് വിൽക്കുന്നത്) ആയിരക്കണക്കിന് കോഴികൾ ചത്തു വീണിട്ടുണ്ടാവും. നാലമ്പലത്തിനുള്ളിൽ പതിനായിരക്കണക്കിനു രൂപയുടെ നാണയത്തുട്ടുകൾ രണ്ടാഴ്ചക്കാലമെങ്കിലും മെനക്കെട്ടിരിക്കണം. ലക്ഷക്കണക്കിനു രൂപയുടെ കള്ളും ചാരായവും വിറ്റിട്ടുണ്ടാവും. പിന്നെ സാൻമാർഗിക നിലവാരത്തിനും കോട്ടം സംഭവിച്ചിരിക്കാം. ഇതൊക്കെ പഴയകഥ ഭരണിപ്പാട്ട് ഇപ്പോൾ ക്ഷേത്ര പരിസരങ്ങളിൽ മാത്രമായി ഒതുങ്ങിയിട്ടുണ്ട്. കോഴിവെട്ട് നിരോധിക്കപ്പെട്ടു. ആ ചടങ്ങു മാത്രം നടത്തി കോഴിയെ ജീവനോടെ സമർപ്പിക്കുന്നു. അശ്വതി കാവു തീണ്ടലിന്റെ രൂപത്തിലും ഭാവത്തിലും കാലത്തിനൊത്ത മാറ്റങ്ങൾ വന്നിട്ടുണ്ട്.

കൊടുങ്ങല്ലൂർ ഭരണിയുത്സവത്തിന്റെ ഒരു അവിഭാജ്യഘടകമായ തെറിപ്പാട്ടിനു പിന്നിൽ ഒരു ഐതീഹ്യമുണ്ട്. കൊടുങ്ങല്ലൂർ ഒരു ബുദ്ധ മത സങ്കേതമായിരുന്നു പണ്ട്. ഇന്നത്തെ ഭഗവതി ക്ഷേത്രം പോലും ഒരു ബുദ്ധവിഹാരമായിരുന്നുവെന്നും പറയപ്പെടുന്നു. ഹൈന്ദവ കേന്ദ്രത്തിലെ ഈ

ബുദ്ധമതപ്രചരണം തദ്ദേശീയരെ രോഷാകുലരാക്കി, ബുദ്ധമതസ്ഥരെ ആട്ടിയോടിക്കാൻ അന്നത്തെ ഹൈന്ദവപ്രമാണിമാർ കള്ളുവാങ്ങിക്കൊടുത്ത് റൗഡികളെ നിയോഗിച്ചു പോലും. ആ ആഭാസൻമാർ ബുദ്ധമത സങ്കേതത്തിൽ കടന്നു ചെന്ന് തെറി വിളിച്ച് ഭീക്ഷണിപ്പെടുത്തി ആവരെ വിരട്ടിയോടിച്ചു വെന്നും പകരം ഭഗവതിയെ പ്രതിഷ്ഠിച്ചുവെന്നുമാണ് ഐതീഹ്യം.

### ചേരമാൻ പറമ്പ്

റോഡരികിൽ കാട്ടു ചെടുകൾ നിറഞ്ഞ ഒരു വെളിമ്പറമ്പ്. ഏക്കറുകളോളം അതങ്ങനെ ശൂന്യമായി കിടക്കുകയാണ്, നായും നരിയും ഒളിച്ചു കളിക്കുന്ന കുറ്റിക്കാടുകൾ. ഈ തരിശു ഭൂമിയായിരുന്നു, എത്രയോ ശതാബ്ദങ്ങൾക്കുമുമ്പ്, കേരളചക്രവർത്തിമാരായിരുന്ന പെരുമാക്കൻമാരുടെ രാജധാനി. സ്ഥാണു രവിചക്രവർത്തിയുടെ സമകാലീനനായ സുപ്രസിദ്ധ ജ്യോതിശാസ്ത്രജ്ഞൻ ശങ്കരനാരായണൻ എ.ഡി 869 ൽ രചിച്ച ജ്യോതിർഗണിത ഗ്രന്ഥത്തിൽ ഈ സ്ഥലത്തെ 'ഗോത്ര മല്ലേശ്വരം' എന്ന് വിളിച്ചിരുന്നുവത്രെ. മഹോദയപുരം എന്നറിയപ്പെട്ടിരുന്ന കൊടുങ്ങല്ലൂരിന്റെ ഭാഗമായിരുന്ന ചേരമാൻ പറമ്പ്, നാലുഭാഗവും വൻകോട്ടകളാൽ ചുറ്റപ്പെട്ടതും പരിഷ്കൃത ജീവിതസൗകര്യങ്ങളോടുകൂടിയതുമായ ഒരു മഹാനഗരമായിരുന്നുവെന്ന് അദ്ദേഹം സൂചിപ്പിക്കുന്നു. ഇവിടെ സഹസ്രാബ്ദങ്ങൾക്കു മുമ്പ് ഒരു വാനനിരീക്ഷണകേന്ദ്രമുണ്ടായിരുന്നുവെന്നും പറയപ്പെടുന്നു.

ചേരമാൻ പറമ്പിൽ നിന്ന് അത്രയകലെയല്ലാത്ത തിരുവഞ്ചിക്കുളം ശിവക്ഷേത്രവും ചരിത്ര പ്രധാനമാണ് കൊടുങ്ങല്ലൂർ ടൗൺ പ്രദേശത്തുതന്നെ പന്ത്രണ്ടോളം ശിവക്ഷേത്രങ്ങളുണ്ട്. നാടു വാണിരുന്ന ചേരമാൻ പെരുമാൾ നായനാരുടെ സുഹൃത്തും ശൈവ സന്ന്യാസിയുമായിരുന്ന സുന്ദരമൂർത്തി നായനാർ സ്ഥാപിച്ചതാണത്രെ തിരുവഞ്ചിക്കുളം ക്ഷേത്രം. പ്രസ്തുത ക്ഷേത്രത്തിൽ ശിവലിംഗപ്രതിഷ്ഠ മാത്രമല്ല, ചേരമാൻ പെരുമാളിന്റെയും സുന്ദരമൂർത്തി നായനാരുടെയും ലോഹ വിഗ്രഹങ്ങളുമുണ്ട്. ദ്രാവിഡ ശിൽപ്പമാതൃകയിലാണ് ക്ഷേത്രം നിർമിക്കപ്പെട്ടിട്ടുള്ളത്.



### ചേരമാൻ ജുമാ മസ്ജിദ്

തിരുവഞ്ചിക്കുളം ക്ഷേത്രത്തിനും ചേരമാൻ പറമ്പിനും സമീപമുള്ള ചേരമാൻ ജുമാ മസ്ജിദ് സുപ്രധാനമായ മുസ്ലീം ദേവാലയമാണ്. ഏറെക്കുറെ ഹൈന്ദവ ശില്പമാതൃകയാണ് പള്ളിക്ക് ആയിരത്തിൽപ്പരം വർഷം പഴക്കമുള്ള ഒരു കിണറും പരിസരത്തിലുണ്ട്. ഏതോ ലിപികൾ ആലേഖനം ചെയ്യപ്പെട്ട ഏറെ പഴക്കമുള്ള വലിയൊരു എണ്ണ വിളക്കും പള്ളിയിലുണ്ട്. പള്ളിയോടനുബന്ധിച്ച് ചേരമാൻ മാലിക് മൻസിൽ എന്ന മിനാരങ്ങളോടുകൂടിയ മന്ദിരങ്ങൾ നിർമിച്ച് പുതുക്കിയിട്ടുണ്ട്. വെളിച്ചെണ്ണയാണ് പള്ളിയിലെ പ്രധാന നേർച്ച.

എ.ഡി 52 നവംബർ 21-ന് ഇവിടെ കപ്പലിറങ്ങിയ സെന്റ് തോമസ് ഇന്ത്യയിൽ ആദ്യം സ്ഥാപിച്ച ദേവാലയം അകലെയല്ല. അതിന് മുമ്പ് തന്നെ ജൂതൻമാരും കൊടുങ്ങല്ലൂരിൽ പാർപ്പുറപ്പിച്ച അറബികളുമായും വിപുലമായ വാണിജ്യ ബന്ധമുണ്ടായിരുന്നു. പെരുമാൾ വാഴ്ചയുടെ അന്ത്യഘട്ടത്തിൽ ഇസ്ലാം മതം മലയാളക്കരയിൽ പ്രചരിക്കാൻ തുടങ്ങി. (ഒടുവിലത്തെപെരുമൾ ഇസ്ലാം മതം സ്വീകരിച്ച് മക്കത്തുപോയ കഥ ഇത്തരുണത്തിൽ ആലോചനാമൃതം) ജൈനമതവും ബുദ്ധമതവും പെരുമാൾ വാഴ്ച കാലത്ത് പ്രചുര പ്രചാരം നേടിയിരുന്നു എന്നതിന് തെളിവുകളുണ്ട്.

### കൊടുങ്ങല്ലൂർ കോവിലകം

അമ്പലപ്പുഴ, ഇടപ്പള്ളി, പറവൂർ, കൊടുങ്ങല്ലൂർ എന്നീ നാലു രാജവംശങ്ങളും നമ്പൂതിരിമാരായിരുന്നു. അവർ കേരള ചക്രവർത്തിമാരുടെ-പെരുമാക്കൻമാരുടെ-തേവാരികൾ (പുരോഹിതൻമാർ-പൂജാരിമാർ) ആയിരുന്നു. പെരുമാൾ ഭരണം അവസാനിച്ചഘട്ടത്തിൽ പല പ്രബല സമാന്ത രാജാക്കൻമാരും സ്വാതന്ത്ര്യം പ്രഖ്യാപിച്ച കൂട്ടത്തിൽ കുലമഹിമയും സ്വാധീനവുമുണ്ടായിരുന്ന ഈ തേവാരി കുടുംബങ്ങളും അപ്രകാരം ചെയ്യുകയും അവരുടെ പ്രദേശങ്ങളിൽ സ്വതന്ത്രമായ ആധിപത്യം സ്ഥാപിക്കുകയും ചെയ്തു. കൊടുങ്ങല്ലൂർ രാജവംശത്തിന്റെ അന്നത്തെ പേർ പടിഞ്ഞാറ്റിനിയേടത്ത് ഭട്ടതിരി ഇല്ലം എന്നതായിരുന്നു. പടിഞ്ഞാറ്റിനിയേടത്തെ അവസാനത്തെ ഭട്ടതിരിക്ക് ഒരു ക്ഷത്രിയ സ്ത്രീയിൽ ഉണ്ടായ സന്താനങ്ങളുടെ പരമ്പരയാകുന്നു പിൽക്കാലത്തെ കൊടുങ്ങല്ലൂർ കോവിലകം. കൊടുങ്ങല്ലൂർ കോവിലകം, വലിയ കോവിലകം, പുത്തൻ കോവിലകം, ചിറയ്ക്കൽ കോവിലകം, കോട്ടകോവിലകം എന്നിവയെല്ലാം കൊടുങ്ങല്ലൂർ രാജവംശത്തിന്റെ വിവിധ കൊട്ടാരങ്ങളാണ്.

കൊടുങ്ങല്ലൂരിന്റെ നഷ്ടസൗഭാഗ്യങ്ങളാണ് മേൽപ്പറഞ്ഞവയെല്ലാം. ഇന്നത്തെ കൊടുങ്ങല്ലൂരോ? തികച്ചും വ്യത്യസ്തമായ ഒരു ചിത്രമാണ് അവിടെ കാണാൻ കഴിയുക, രാജകൊട്ടാരങ്ങൾ ഉണ്ട്, നാടടക്കി വാഴുന്ന രാജാക്കൻമാരില്ല. പുരാണ പ്രസിദ്ധമായ ക്ഷേത്രങ്ങൾ ഉണ്ട്. കാലഹരണപ്പെട്ട ആചാര വിശേഷങ്ങൾ പലതും ഇന്നില്ല. വിവിധ മതക്കാരും വിവിധ ആരാധനാ കേന്ദ്രങ്ങളും ഉണ്ട്. മതസൗഹാർദം ദൃഢതരമാണ്. പ്രമാണിമാരുടെ വീര സാഹസികപ്രവൃത്തികളില്ല. അവരെപ്പറ്റിയുള്ള കഥകൾമാത്രം ബാക്കിയായി. കൊടുങ്ങല്ലൂർ രാജാവിന്റെ അംഗരക്ഷകരില്ല; ഒന്നും കുറയെ ആയിരം യോഗം നാമമാത്രമായി അവശേഷിക്കുന്നുണ്ട്. വിദേശ ചരക്കുകളുടെ കമ്പോള സ്ഥലങ്ങളായ വിപണന വീഥികളും പണ്ടകശാലകളും ഒന്നുമില്ല. പക്ഷേ ഒരു താലൂക്ക് തലസ്ഥാനമായ പട്ടണത്തിന്റെ രൂപഭാവങ്ങൾ-മന്ദിര സമുച്ചയങ്ങളും ഷോപ്പിങ് സെന്ററുകളും മറ്റും-ഇന്നിവിടെ കാണാം.■

*ചേരമാൻ പെരുമാളിന്റെ രാജധാനി എന്ന ലേഖനത്തിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ.*
*പബ്ലിക് റിലേഷൻസ് വകുപ്പ് മുൻ ഡയറക്ടറാണ് ലേഖകൻ.*


ചേരമാൻ ജുമാ മസ്ജിദ്



എ സുഹൃത്ത് കുമാർ

# വിവാഹരജിസ്ട്രേഷൻ പൊതുചട്ടങ്ങൾ

സുപ്രീം കോടതി നിർദേശങ്ങൾക്കനുസൃതമായി, ജാതി-മത-സമുദായ ഭേദമെന്യേ പൊതുവായും നിർബന്ധമായും പാലിക്കേണ്ട വിവാഹ രജിസ്ട്രേഷൻ ചട്ടങ്ങൾ സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നു, പുതിയ നിയമത്തിന്റെ വിശദാംശങ്ങൾ വായിക്കാം.

സംസ്ഥാനസർക്കാർ കേരളത്തിലെ എല്ലാവിഭാഗം പൗരൻമാർക്കും ബാധകമാകുംവിധം കേരള (പൊതു) വിവാഹരജിസ്ട്രേഷൻ ചട്ടങ്ങൾ 2008-ന് ഗസറ്റ് വിജ്ഞാപനംവഴി പ്രാബല്യം നൽകിയിരിക്കുന്നു. ഇതിലേക്കായുള്ള കരട് ചട്ടങ്ങൾ 2006 നവംബർ 16 ന് അസാധാരണ ഗസറ്റായി വിജ്ഞാപനം ചെയ്തിരുന്നു. തുടർന്ന് ബഹുജനങ്ങളിൽ നിന്നും പൗരസമൂഹങ്ങളിൽ നിന്നും സംഘടനകളിൽ നിന്നും അഭിപ്രായ ഭേദഗതികൾ സ്വീകരിച്ച് മാറ്റങ്ങൾ വരുത്തിയാണ് ഇപ്പോഴത്തെ ചട്ടങ്ങൾക്ക് രൂപം നൽകിയിട്ടുള്ളത്. തൻമൂലം നിർബന്ധിതവും പൊതുവായതുമായ വിവാഹരജിസ്ട്രേഷൻ നടപടിക്കുമേൽ ചിലരെങ്കിലും ഉന്നയിച്ച ആശങ്കകൾ ഒഴിവാക്കാനും കഴിഞ്ഞിട്ടുണ്ട്.

2006-ലെ സീമ "അഭി" അശ്വിനികുമാർ കേസിൽ സുപ്രീകോടതി വിധിപ്രഖ്യാപനത്തിനൊപ്പം എല്ലാ സംസ്ഥാനസർക്കാരുകൾക്കും ജാതി-മത-സമുദായ ഭേദമെന്യേ പാലിക്കപ്പെടേണ്ടതായ പൊതു-നിർബന്ധിത വിവാഹരജിസ്ട്രേഷൻ നടപടിക്രമചട്ടം രൂപീകരിക്കുന്നതിനായി നിർദേശം നൽകിയിരുന്നു. അതുപ്രകാരമാണ് ഇത്തരമൊരു ചട്ടം നിലവിൽ വന്നിരിക്കുന്നതെന്നത് കൂടുതൽ ഗൗരവമായ സമീപനം ആവശ്യപ്പെടുന്നു.

ഇവിടെ ചുരുക്കത്തിൽ പരാമർശിക്കുന്ന ചട്ടത്തിന്റെ വിശദാംശങ്ങൾക്ക് 2008 ഫെബ്രുവരി 29-ന്റെ നമ്പർ 423 അനുസരിച്ചുള്ള ഗസറ്റ് വിജ്ഞാപനം

അവലംബിക്കാവുന്നതാണ്.

### രജിസ്ട്രേഷൻ അധികാരികൾ

സംസ്ഥാനത്തെ പഞ്ചായത്തുവകുപ്പ് ഡയറക്ടറാണ് ചട്ടപ്രകാരം ചീഫ് രജിസ്ട്രാർ ജനറൽ. പഞ്ചായത്ത് ജോയിന്റ് ഡയറക്ടറും നഗരകാര്യവകുപ്പ് ജോയിന്റ് ഡയറക്ടറും യഥാക്രമം പഞ്ചായത്ത്-നഗര പ്രദേശങ്ങളിലെ വിവാഹരജിസ്ട്രാർ ജനറൽമാർ ആയിരിക്കും. അതത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർ തദ്ദേശ (പൊതു) വിവാഹരജിസ്ട്രാർമാർ ആയി ചട്ടം നിർദേശിക്കുന്നു. 1969-ലെ ജനന-മരണ രജിസ്ട്രേഷൻ നിയമ വ്യവസ്ഥയ്ക്ക് സമാനമായിട്ടായിരിക്കും തദ്ദേശ (പൊതു) വിവാഹരജിസ്ട്രാർമാരുടെ സ്ഥാനനിർദേശ നടപടി. വിവാഹം നടക്കുന്ന സ്ഥലത്തെ അധികാരപരിധി വഹിക്കുന്ന രജിസ്ട്രാർക്കു മുമ്പാകെ വേണം ഇതുപ്രകാരമുള്ള (പൊതു) വിവാഹരജിസ്ട്രേഷൻ നിർവഹിക്കേണ്ടത്.

### രജിസ്റ്ററാക്കാവുന്ന വിവാഹങ്ങൾ

ഈ വിജ്ഞാപനം പ്രസിദ്ധീകൃതമാകുന്ന തീയതിക്കുശേഷം കേരളസംസ്ഥാനത്ത് നടക്കുന്ന ഏതൊരു വിവാഹവും മത-ജാതി പരിഗണനകൂടാതെ നിർബന്ധിതമായും ഈ ചട്ടങ്ങൾക്ക് അനുസരിച്ച് രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്. എന്നിരിക്കിലും നിലവിലുള്ള മറ്റേതെങ്കിലും നിയമപ്രകാരമോ ചട്ടമനുസരിച്ചോ വിവാഹരജിസ്ട്രേഷൻ നിർബന്ധിതമാണെങ്കിൽ ഈ ചട്ടങ്ങൾ പ്രകാരം പ്രസ്തുത വിവാഹം രജിസ്റ്റർ ചെയ്യേണ്ടതില്ലെന്നും ബന്ധപ്പെട്ട ഇതര നിയമ-ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്താൽ മതിയെന്നും വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു. ഇതര നിയമപ്രകാരം രജിസ്റ്റർ ആക്കാവുന്ന വിവാഹങ്ങൾ ഈ ചട്ടപ്രകാരം രജിസ്റ്റർ ചെയ്യണമോ എന്നത് കക്ഷികളുടെ പരിഗണനയ്ക്കും യുക്തമായ തീരുമാനത്തിനും വിധേയമായി കാണാമെന്നും വ്യവസ്ഥപ്പെടുത്തുന്നു. ഈ ചട്ടങ്ങൾ നിലവിൽ വരുംമുമ്പ് നടത്തപ്പെട്ട വിവാഹങ്ങളുടെ രജിസ്ട്രേഷൻ ഈ ചട്ടവ്യവസ്ഥകൾക്ക് വിധേയമായി നടത്തുക എന്നതും കക്ഷികളുടെ തീരുമാനത്തിന് വിധേയമായിരിക്കും. ഈ ചട്ടങ്ങൾക്കനുസരിച്ച് നിർബന്ധിതമായി രജിസ്റ്റർ ചെയ്യപ്പെടുന്ന വിവാഹങ്ങളുടെ വിവരം രേഖപ്പെടുത്തുന്നതിലേക്കായി തദ്ദേശ (പൊതു) വിവാഹരജിസ്ട്രാർ ഒരു രജിസ്റ്റർ (ഫോറം നംപർ മൂന്ന്) സൂക്ഷിച്ചിരിക്കേണ്ടതാണെന്നും വ്യവസ്ഥപ്പെടുത്തുന്നു.

### വിവാഹ രജിസ്ട്രേഷൻ നടപടി ക്രമം

വിവാഹ തീയതി മുതൽ 45 ദിവസത്തിനകം ചട്ടത്തിനൊപ്പം രേഖപ്പെടുത്തപ്പെട്ടിട്ടുള്ള ഫോറം നംപർ ഒന്ന് അനുസരിച്ച് വിവാഹത്തിലേർപ്പെടുന്ന ദമ്പതികൾ ഇരുവരും ചേർന്ന് ഒരു മെമ്മോറാണ്ടം അതിന്റെ ശരിപകർപ്പ് സഹിതം (ഡ്യൂപ്ലിക്കേറ്റ്) ദമ്പതികളുടെ രണ്ട് സെറ്റ് ഫോട്ടോയും ഒപ്പം ചേർത്ത് തദ്ദേശ വിവാഹരജിസ്ട്രാർക്ക് സമർപ്പിക്കണം.

ഈ ചട്ടങ്ങൾ നിലവിൽവരുംമുമ്പ് നടന്ന വിവാഹത്തിന്റെ രജിസ്ട്രേഷനുള്ള മെമ്മോറാണ്ടം ചട്ടത്തിന്റെ പ്രാബല്യ തീയതി മുതൽ പരമാവധി ഒരു വർഷത്തിനകം രജിസ്ട്രാർക്ക് സമർപ്പിക്കണം. ദമ്പതികളും വിവാഹകർമത്തിന് സാക്ഷ്യം വഹിച്ച രണ്ട് വ്യക്തികളും മെമ്മോറാണ്ടത്തിൽ ഒപ്പുവച്ചിരിക്കണം. ഇതര നിയമപ്രകാരം നിയോഗിക്കപ്പെട്ട വിവാഹരജിസ്ട്രാർ മുമ്പാകെയോ മതാചാരപ്രകാരമോ നടത്തപ്പെട്ട വിവാഹത്തിൽ ബന്ധപ്പെട്ട വിവാഹരജിസ്ട്രാറുടെ സർട്ടിഫിക്കറ്റോ മതാധികാരിയുടെ സാക്ഷ്യപത്രമോ മെമ്മോറാണ്ടത്തിനൊപ്പം ഹാജരാക്കിയിരിക്കണം. രജിസ്ട്രേഷൻ ഫീസിനത്തിൽ പത്തുരൂപയും ഒടുക്കിയിരിക്കണം.

45 ദിവസത്തെ സമയപരിധിക്കുള്ളിൽ മെമ്മോറാണ്ടം സമർപ്പിക്കാതിരിക്കുകയാണെങ്കിൽ തുടർന്ന് ഒരുവർഷ കാലത്തിനുള്ളിൽ കാലതാമസത്തിന് തക്കതായ കാരണം ബോധ്യപ്പെടുത്തിക്കൊണ്ട് ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനോ, പാർലമെന്റ്, നിയമസഭാ/തദ്ദേശഭരണസ്ഥാപനം എന്നിവയിൽ ഏതെങ്കിലും ഒന്നിലെ ജനപ്രതിനിധിയോ വിവാഹകർമം സംബന്ധിച്ച് സാക്ഷിപത്രം ലഭ്യമാക്കുകയും ആയത് മെമ്മോറാണ്ടത്തിനൊപ്പം സമർപ്പിക്കുകയും നൂറുരൂപ പിഴ ഈടാക്കുകയും ചെയ്ത് രജിസ്ട്രേഷൻ നിർവഹിക്കാവുന്നതാണ്.

ചട്ടം നിലവിൽ വന്ന ശേഷം നടന്നതോ മുൻകാലത്ത് നടത്തപ്പെട്ടതോ ആയ വിവാഹത്തിന്റെ രജിസ്ട്രേഷൻ നടപടി പ്രാബല്യ തീയതിക്കു ശേഷമോ വിവാഹതീയതിക്കുശേഷമോ ഒരുവർഷത്തിനകം പൂർത്തിയാക്കാത്തപക്ഷം കാലതാമസം ബോധ്യപ്പെടുത്തുന്നതിലേക്ക് ഗസറ്റഡ് ഓഫീസറോ ജനപ്രതിനിധിയോ നൽകുന്ന സാക്ഷ്യപത്രവും 250 രൂപ പിഴയും സഹിതമുള്ള മെമ്മോറാണ്ടം സ്വീകരിച്ചുകൊണ്ട് രജിസ്ട്രാർ ജനറലിന്റെ മുൻകൂർ അനുവാദത്തോടെ തദ്ദേശ രജിസ്ട്രാർക്ക് വിവാഹരജിസ്ട്രേഷൻ നടപടിയാക്കാവുന്നതാണ്. ഇത്തരം ഘട്ടത്തിൽ വിവാഹത്തിന്റെ നിജസ്ഥിതിയും സാധുതയും ബോധ്യപ്പെടാൻ ആവശ്യമായ അന്വേഷണം നടത്താനും തദ്ദേശ വിവാഹരജിസ്ട്രാർക്ക് യുക്തമായ നിർദേശം നൽകാനും രജിസ്ട്രാർ ജനറലിന് അധികാരമുണ്ട്.

മെമ്മോറാണ്ടം സ്വീകരിച്ച് പരിശോധിച്ച്

> ഈ ചട്ടം നിലവിൽ വന്ന ശേഷം നടത്തപ്പെടുന്ന വിവാഹങ്ങൾ ജാതി-മത പരിഗണനയെന്യേ തദ്ദേശ (പൊതു) വിവാഹരജിസ്ട്രാർ മുമ്പാകെ രജിസ്റ്ററാക്കിയില്ലെങ്കിൽ മറ്റേതൊരു അധികാരസ്ഥരും നല്കുന്ന വിവാഹരജിസ്ട്രേഷനോ സർട്ടിഫിക്കറ്റോ മൂല്യവത്തായി സർക്കാരോ മറ്റ് അധികൃതരോ പരിഗണിക്കുന്നതായിരിക്കില്ലെന്നതാണ് ഈ പൊതുചട്ടവ്യവസ്ഥകളുടെ പ്രത്യാഘാതം.



ബോധ്യപ്പെട്ട് രജിസ്റ്ററിൽ ബന്ധപ്പെട്ട വിവരങ്ങൾ രേഖപ്പെടുത്തി ദമ്പതികളെയും സാക്ഷികളെയും കൊണ്ട് രജിസ്റ്ററിൽ ഒപ്പുവയ്പിച്ച് തദ്ദേശവിവാഹരജിസ്ട്രാറുടെ ഒപ്പും മുദ്രയും (ഓഫീസ് സീൽ) പതിച്ച് നടപടി പൂർത്തീകരിക്കേണ്ടതാണ്. തുടർന്ന് അഞ്ച് പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ സർട്ടിഫിക്കറ്റ് ചാർജിനത്തിൽ അഞ്ച് രൂപ കൈപ്പറ്റിക്കൊണ്ട് വിവാഹരജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ദമ്പതികൾക്ക് നൽകാവുന്നതാണ്. (ഫോറം നംപർ 4-ൽ രജിസ്ട്രേഷൻ നമ്പരും തീയതിയും രേഖപ്പെടുത്തി വേണം സർട്ടിഫിക്കറ്റ് നൽകേണ്ടത്).

നിർദിഷ്ട ഫീസോ പിഴയോ ഒടുക്കാത്തതിനാലോ രേഖപ്പെടുത്തപ്പെട്ട മറ്റ് യുക്തമായ കാരണത്താലോ മാത്രമെ തദ്ദേശ (പൊതു) വിവാഹരജിസ്ട്രാർക്ക് വിവാഹ രജിസ്ട്രേഷൻ അപേക്ഷ നിരസിക്കാവൂ. ആയത് പരമാവധി 30 ദിവസങ്ങൾക്കകം അപേക്ഷകരെ തെര്യപ്പെടുത്തിയിരിക്കേണ്ടതുമാണ്. മെമ്മോറാണ്ടത്തിന്റെ അസൽ തദ്ദേശ രജിസ്ട്രാർ സൂക്ഷിക്കുകയും പകർപ്പ് ഓരോ മാസവും പത്താംതീയതിക്കു മുമ്പുള്ളവ സംയുക്തമായി രജിസ്ട്രാർ ജനറലിന് അയച്ചുകൊടുക്കുകയും ചെയ്യണം. ആവശ്യമായത്ര ഫോറങ്ങൾ തയ്യാറാക്കി ലഭ്യമാക്കാനുള്ള ചുമതല രജിസ്ട്രാർ ജനറലിനായിരിക്കും.

### തിരുത്തുകൾ ഭേദഗതികൾ

കക്ഷികളുടെ അപേക്ഷപ്രകാരമോ സ്വമേധയാ ആയിട്ടോ തദ്ദേശ (പൊതു) വിവാഹരജിസ്ട്രാർക്ക് രജിസ്റ്ററിലെ വിവരങ്ങളിൽ തിരുത്തുകളോ ഭേദഗതികളോ വരുത്താവുന്നതാണ്. തെറ്റായി ചേർക്കപ്പെട്ടതോ വസ്തുതാ വിരുദ്ധമോ യഥാവിധി അല്ലാത്തതോ കളവായി ചേർക്കപ്പെട്ടതോ ആയ വിവരങ്ങളാണ് ഇപ്രകാരം മാറ്റം വരുത്താവുന്നത്. രേഖപ്പെടുത്തപ്പെട്ട കാരണങ്ങളാൽ വിവരങ്ങൾ തിരുത്തുകയോ പരിഷ്കരിക്കുകയോ രജിസ്ട്രേഷൻ തന്നെ റദ്ദാക്കുകയോ ചെയ്യാനാകും. എന്നാൽ അസ്സൽ വിവരങ്ങൾക്ക് വ്യതിയാനം വരുത്താതെ മാർജിനിൽ കുറിപ്പുകൾ ചേർക്കുകയോ രേഖ റദ്ദാക്കുകയോ ചെയ്യാവുന്നതും തത്സംബന്ധമായ രേഖപ്പെടുത്തലിനോട് ചേർന്ന് രജിസ്ട്രാർ ഒപ്പും തീയതിയും രേഖപ്പെടുത്തേണ്ടതും തിരുത്തുകൾ സംബന്ധിച്ച വിവരം രജിസ്ട്രാർ ജനറലിന് ലഭ്യമാക്കുകയും ചെയ്യേണ്ടതുമാണ്. ഇത്തരത്തിൽ വസ്തുതാപരമായ തിരുത്തോ ഭേദഗതിയോ പേര്, വയസ്, തീയതി തുടങ്ങിയവയിലെ മാറ്റമോ റദ്ദാക്കലോ രജിസ്ട്രാർ ജനറലിന്റെ അനുമതിയോടെ മാത്രമേ വരുത്താൻ പാടുള്ളു. ഇത്തരം നടപടികൾ ഏതും ബന്ധപ്പെട്ടവർക്ക് സമാന്യ നീതി പ്രകാരം കേൾക്കപ്പെടാനുള്ള അവസരം നൽകിക്കൊണ്ടേ പാടുള്ളൂ. ക്ലറിക്കൽ പിഴവുകൾ ഒഴികെയുള്ള തിരുത്തുകൾക്ക് 100 രൂപ ഫീസ് ഈടാക്കാവുന്നതാണ്.

### വിവരാവകാശം

ഏതൊരാൾക്കും 25 രൂപ ഫീസൊടുക്കി രേഖാമൂലം രജിസ്ട്രാർക്ക് അപേക്ഷ സമർപ്പിച്ചുകൊണ്ട് പൊതു വിവാഹ രജിസ്റ്ററിലെ വിവരങ്ങൾ പരിശോധിക്കാനും വിവാഹസർട്ടിഫിക്കറ്റിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തി വാങ്ങാനും സാധിക്കുന്നതാണ്.

### അപ്പീലും അവലോകനവും

തദ്ദേശ (പൊതു) വിവാഹരജിസ്ട്രാറുടെ തീരുമാനത്തിൻമേലുള്ള ഏതൊരു അപ്പീലും തീരുമാനത്തിന്റെ വിവരം ലഭിക്കുന്ന തീയതി മുതൽ മൂന്നുമാസത്തിനകം രജിസ്ട്രാർ ജനറലിന് മുമ്പാകെ ഹാജരാക്കണം. യുക്തമായ കാരണത്താൽ കാലതാമസത്തിന് ഒഴിവു കഴിവു നൽകാൻ രജിസ്ട്രാർ ജനറലിന് അധികാരമുണ്ട്. ബന്ധപ്പെട്ട കക്ഷികളെ കേട്ടും യുക്തമായ പരിശോധന നടത്തിയും 60-ദിവസത്തിനകം അപ്പീൽ തീർപ്പാക്കേണ്ടതാണ്.

എന്നാൽ രജിസ്ട്രാർ ജനറലിന്റെ തീർപ്പിനുമേലുള്ള അവലോകന ഹർജി (റിവിഷൻ) പ്രസ്തുത തീരുമാനത്തിന്റെ വിവരം ലഭിക്കുന്ന തീയതി മുതൽ മൂന്നുമാസത്തിനകം ചീഫ് രജിസ്ട്രാർ, ജനറലിന് സമർപ്പിക്കാവുന്നതാണ്. യുക്തമായ കാരണത്താൽ കാലതാമസം വകവച്ചുകൊടുക്കാൻ മുഖ്യരജിസ്ട്രാർ ജനറലിന് അധികാരമുണ്ട്. റിവിഷൻ ഹർജി സംബന്ധമായി ബന്ധപ്പെട്ട കക്ഷികളെ കേട്ടുകൊണ്ടും രേഖകൾ പരിശോധിച്ചുകൊണ്ടും 60 ദിവസങ്ങൾക്കകം തീർപ്പാക്കണം.

### പ്രത്യാഘാതം

ഈ ചട്ടം നിലവിൽ വന്ന ശേഷം നടത്തപ്പെടുന്ന വിവാഹങ്ങൾ ഇതര നിയമപ്രകാരം രജിസ്റ്ററാക്കപ്പെടാത്ത പക്ഷം നിർബന്ധിതമായി ജാതി-മത പരിഗണനയെന്യേ തദ്ദേശ (പൊതു) വിവാഹരജിസ്ട്രാർ മുമ്പാകെ രജിസ്റ്ററാക്കിയില്ലെങ്കിൽ മറ്റേതൊരു അധികാരസ്ഥരും നല്കുന്ന വിവാഹരജിസ്ട്രേഷനോ സർട്ടിഫിക്കറ്റോ മൂല്യവത്തായി സർക്കാരോ മറ്റ് അധികൃതരോ പരിഗണിക്കുന്നതായിരിക്കില്ലെന്നതാണ് ഈ പൊതുചട്ടവ്യവസ്ഥകളുടെ പ്രത്യാഘാതം.

എന്തായാലും ഇക്കാര്യത്തിൽ വിവിധ മത-ജാതി വിഭാഗങ്ങളിൽ സ്വീകാര്യത സാധ്യമാക്കാൻ ഇതിനകം സർക്കാരിന് കഴിഞ്ഞു എന്നത് ശ്രദ്ധേയം.■

*തിരുവനന്തപുരം ഗവണ്മെന്റ് ലാ കോളേജിലെ ലക്ചററാണ് ലേഖകൻ*




എൽ.ആർ. മധുജൻ

ലഘുമനോരോഗങ്ങളുടെ പട്ടികയിൽപ്പെടുത്താവുന്ന ഒബ്സസീവ് കമ്പൽസീവ് ഡിസോർഡർ (ഒസിഡി) ഒരു മാനസികാവസ്ഥയാണ്. കേരളത്തിൽ ഇത് വർധിച്ചുവരുന്നുവെന്ന് നിരീക്ഷണങ്ങൾ കാണിക്കുന്നു. പ്രത്യേകിച്ചും കൗമാരത്തിൽ. കേരളത്തിലെ കൗമാരക്കാരായ ആൺകുട്ടികളിലും പെൺകുട്ടികളിലും നടത്തിയ ഒസിഡി സർവെ വെളിച്ചം വീശുന്നത് ഒസിഡി ക്ലിനിക്കുകളുടെ ആവശ്യകതയെക്കുറിച്ചാണ്. വിദ്യാഭ്യാസത്തെയും ജീവിതത്തെ തന്നെയും തകിടം മറിച്ചുകൊണ്ട് ഒബ്സസീവ് കമ്പൽസീവ് ഡിസോർഡർ കൗമാരക്കാരെയാണ് കൂടുതൽ കടന്നാക്രമിക്കുന്നതെന്ന് പഠനങ്ങൾ തെളിയിക്കുന്നു.

ആവർത്തനത്തിന്റെ അസ്വസ്ഥതയെന്ന് വേണമെങ്കിൽ ഇതിനെ വിളിക്കാം. പക്ഷേ, മലയാളീകരിച്ചാൽ ലളിതമെന്ന് തോന്നുമെങ്കിലും മനപ്പൂർവമല്ലാത്ത ഈ ആവർത്തനം അസ്വസ്ഥതയ്ക്കുമപ്പുറം അപകടമാകുന്ന കഥ എത്രയോ കുടുംബങ്ങൾക്ക് പറയാനുണ്ട്.

പഠിക്കാൻ സമർഥനായ പ്രകാശിന് നോട്സോ ഗൈഡോ ഒന്നും വേണ്ട; ക്ലാസ്സിൽ ശ്രദ്ധിച്ചാൽ മതി. എല്ലാ വിഷയങ്ങൾക്കും ഫുൾമാർക്ക് ഉറപ്പാണ്. അക്കാഡമിക് ബ്രില്യന്റായ പ്രകാശ് പക്ഷേ ഒസിഡിയുടെ പിടിയിലായി. ആവർത്തിക്കുന്ന ഇമേജിന്റെ അസ്വസ്ഥത. ലൈംഗിക ചിന്തകളിൽ അച്ഛൻ കടന്നുവരുന്നുവെന്ന് പ്രകാശ് പറയുന്നു. എത്ര ശ്രമിച്ചിട്ടും ഒഴിവാക്കാൻ കഴിയുന്നില്ല. അച്ഛനോടൊപ്പം സഞ്ചരിക്കാനോ അച്ഛനെ കാണുന്നതുതന്നെയോ പ്രകാശിന് വെറുപ്പായി. പഠനത്തിന്റെ നിലവാരം താഴ്ന്നു. ഇമേജ് ഇല്ലാതാക്കാൻ മനപ്പൂർവമായ ശ്രമങ്ങൾ. തല വെട്ടിവിറപ്പിക്കാനും



# ഒബ്സഷനിൽ കുരുങ്ങുന്ന കൗമാരം

"എനിക്കുവയ്യ എനിക്കുവയ്യ എന്തൊരു ക്രൂരമായ വിധിയാണിത്." രാജീവിന്റെ മരണകാരണത്തിന് മറ്റ് പലതും തുന്നിച്ചേർക്കാൻ ശ്രമിച്ചവർ മനപ്പൂർവമോ അല്ലാതെയോ മറന്നുപോയ ഒരു മാനസികാവസ്ഥ വിവരിക്കുകയാണ് ഇവിടെ. യുവാക്കൾ നേരിടുന്ന മാനസിക പ്രശ്നത്തെപറ്റി...

ശരീരം കുലുക്കാനും തുടങ്ങിയപ്പോഴാണ് പ്രകാശിന്റെ അസ്വാഭാവികതകൾ വീട്ടുകാർ ശ്രദ്ധിക്കുന്നത്. അവന്റെ ചിന്താമണ്ഡലങ്ങളിൽ ഒസിഡിയുടെ കറുത്ത വല മൂടിക്കഴിഞ്ഞിരുന്നു.

ഷേക്സ്പിയറിന്റെ മാക്ബത്തിൽ ലേഡി മാക്ബത്തിന് ഒബ്സസിവ് കമ്പൽസീവ് ഡിസോർഡർ ബാധിക്കുന്ന രംഗമുണ്ട്. ആവർത്തിച്ച് കൈകഴുകുന്ന രംഗം ഭീതിദമാണ്. അറേബ്യൻ സമുദ്രത്തിലെ മുഴുവൻ വെള്ളം കൊണ്ട് കഴുകിയാലും കൈകളിലെ രക്തക്കറ മായില്ലെന്ന യാഥാർഥ്യത്തിന് പിന്നിൽ ഒബ്സസിവ് കമ്പൽസീവ് ഡിസോർഡറിന്റെ ഭീകരതയാണ് ഷേക്സ്പിയർ വരച്ചിടുന്നത്. നിയന്ത്രിക്കാൻ ശ്രമിച്ചാലും കഴിയാത്ത രീതിയിൽ ചിന്തയോ രൂപമോ ആശയമോ ബോധമനസ്സിലേക്ക് തള്ളിക്കയറുന്ന അവസ്ഥയാണ് ഒബ്സഷൻ. നിത്യജീവിതത്തെ പ്രതികൂലമായി ബാധിക്കുന്ന ഒബ്സഷൻ രോഗിക്ക് തിരിച്ചറിയാൻ കഴിയും. സ്വാഭാവികമായ രീതിയിൽ തടയാൻ ശ്രമിച്ചാലും അയാൾ അതിൽ പരാജയപ്പെട്ടുപോകും. അത് കൂടുതൽ ആത്മസംഘർഷത്തിന് കാരണമാകും. ആത്മഹത്യയിലേക്ക് പോലും അത് അയാളെ നയിച്ചു എന്ന് വരും.



രാജീവിന്റെ നോട്ട് ബുക്കിൽ അയാളെഴുതിയ ആത്മഹത്യാക്കുറിപ്പിൽ ആവർത്തിക്കുന്ന ഇമേജിന്റെ അസ്വസ്ഥതയുടെ രക്തം പുരണ്ടിരുന്നത് അധികം ആരും ആറിയാതെ പോയി. ലൈംഗിക ചിന്തകളിൽ അമ്മയുടെ മുഖം രാജീവിന്റെ ഇമേജിൽ ഭീകരമായ അസഹ്യത പടർത്തുന്നതായി രാജീവ് എഴുതിയിരുന്നു. 'എനിക്കുവയ്യ എനിക്കുവയ്യ എന്തൊരു ക്രൂരമായ വിധിയാണിത്.' രാജീവിന്റെ മരണകാരണത്തിന് മറ്റ് പലതും തുന്നിച്ചേർക്കാൻ ശ്രമിച്ചവർ മനപ്പൂർവമോ അല്ലാതെയോ മറന്നുപോയ ഈ മാനസികാവസ്ഥ രാജീവ് എഴുതിയപോലെ ക്രൂരം തന്നെയാണ്.

ക്രൂരമായ ഈ മാനസികാവസ്ഥയിൽ നിന്ന് മോചനം നേടാൻ ആദ്യം വേണ്ടത് രോഗിയുടെ തന്നെ തയ്യാറെടുപ്പാണ്. ആവശ്യമില്ലാതെ, അനുവാദമില്ലാതെ മനസ്സിലേക്ക് തള്ളിക്കയറുന്ന ഇമേജുകളെ, ആശയങ്ങളെ, ചിന്തകളെ മണിച്ചിത്രത്താഴിട്ട് പൂട്ടുകതന്നെ ചെയ്യും എന്ന തീരുമാനം കൈക്കൊള്ളാൻ രോഗിക്ക് സാധിക്കണം. അപ്രകാരമൊരു ഉൾക്കൊള്ളൽ രോഗിക്കുണ്ടെങ്കിൽ ചികിത്സ എളുപ്പമാണ്. അല്ലെ

ങ്കിൽ ഈ ഉൾക്കൊള്ളലിന് രോഗിയെ വിധേയമാക്കുന്ന ജോലികൂടി മനശ്ശാസ്ത്രജ്ഞൻ ഏറ്റെടുക്കേണ്ടതായി വരും.

കൊഗ്നിറ്റീവ് ബിഹേവിയർ തെറാപ്പിയാണ് ഇന്ന് ഒ സി ഡിക്ക് ഏറ്റവും ഫലപ്രദമായ ചികിത്സയായി മനശ്ശാസ്ത്രജ്ഞർ കാണുന്നത്. ഹാബിച്വേഷൻ ട്രെയിനിങ്, Thought stopping technique എന്നിവയെല്ലാം ഫലപ്രദമാണ്. സെട്രാലിൻ, ക്ലോമിപ്രമിൻ തുടങ്ങിയ മരുന്നുകൾ നൽകിക്കൊണ്ടുള്ള ചികിത്സയും ഒസിഡിയിൽ ഫലപ്രദമായി കണ്ടുവരുന്നു. മനോരോഗവിദഗ്ധന്റെ നിർദേശപ്രകാരം മാത്രമേ മരുന്നു ചികിത്സ പാടുള്ളൂ എന്നതും ഓർക്കേണ്ടതാണ്.

മന:ശാസ്ത്രജ്ഞന്റെ നേതൃത്വത്തിലുള്ള കൊഗ്നിറ്റീവ് ബിഹേവിയർ തെറാപ്പി പോലുള്ള ചികിത്സാവിധിക ളും മനോരോഗവിദഗ്ധന്റെ നേതൃത്വത്തിലുള്ള മരുന്നു ചികിത്സയും സമന്വയിപ്പിക്കുന്നതാണ് ഒസിഡിക്ക് ഏറ്റവും അഭികാമ്യമായിട്ടുള്ളത്.

ഒസിഡിയുടെ ലക്ഷണങ്ങൾ കൗമാരക്കാരിൽ കാണുന്ന പക്ഷം രക്ഷാകർത്താക്കൾ പരിഭ്രാന്തരാവുകയോ നിസഹായരാവുകയോ അല്ല വേണ്ടത്. മേൽപ്പറഞ്ഞ സമന്വയ ചികിത്സാരീതി സ്വീകരിക്കുകയാണ് വേണ്ടത്.

ഒ.സി.ഡി ബാധിച്ച ഒരാളെ സംബന്ധിച്ചിടത്തോളം കുടുംബാംഗങ്ങളുമായുള്ള ബന്ധത്തിൽ പ്രയാസങ്ങൾ നേരിടുന്നു. തൊഴിൽ ചെയ്യാനോ സാമൂഹികമായ കർമങ്ങൾ പാലിക്കുന്നതിനോ കഴിയാതെ പോകുന്നു. വിദ്യാഭ്യാസത്തിന് ഉലച്ചിൽ സംഭവിക്കുന്നു. ആത്മഹത്യക്കുള്ള സാധ്യതയും വർധിക്കുന്നു.

ഒ.സി.ഡിയുടെ ലക്ഷണങ്ങൾ കാണിക്കുന്ന കൗമാരക്കാരെ തിരിച്ചറിയാൻ രക്ഷാകർത്താക്കൾക്കും അധ്യാപകർക്കും കഴിയണം. ലൈംഗിക ചിന്തകളുടെ ശോച്യതയുള്ളതിനാൽ കൗൺസലിങ്ങിലൂടെ മാത്രമേ ചിലരെങ്കിലും പ്രശ്നങ്ങൾ തുറന്നു പറയുകയുള്ളു. ആയതിനാൽ സ്കൂളുകളിൽ കൗൺസലിങ് നിർബന്ധമാക്കണം. വ്യക്തിഗത കൗൺസലിങ്ങും ഗ്രൂപ്പ് കൗൺസലിങ്ങും ആവശ്യമാണ്. പ്രശ്നങ്ങൾ സമർഥമായി കൈകാര്യം ചെയ്യാൻ കഴിയുന്ന മന:ശാസ്ത്രജ്ഞന്റെ സേവനം ഓരോ സ്കൂളിലും ലഭ്യമാക്കണം. താലൂക്കടിസ്ഥാനത്തിലും മെഡിക്കൽ കോളേജുകളിലും ഒ.സി.ഡി ക്ലിനിക്കുകൾ ആരംഭിക്കണം. സ്കൂൾ കോളേജ് അധ്യയനം ആരംഭിക്കുന്ന ഘട്ടത്തിൽ ഐഡന്റിഫിക്കേഷന് ആവശ്യമായ സർവേകൾ സംഘടിപ്പിക്കണം.

സമന്വയമായ ചികിത്സാവിധികൾ കൊണ്ട് ഭേദമാക്കാവുന്നതാണ് ഒബ്സസീവ് കമ്പൽസീവ് പ്രശ്നങ്ങൾ. ശാസ്ത്രീയമായ കാഴ്ചപ്പാടും സമീപനവുമാണ് ഇതിനുവേണ്ടത്. ഒബ്സഷന്റെ കറുത്ത വലകളിൽ കുരുങ്ങി പിടയാതിരിക്കട്ടെ കൗമാര മനസുകൾ. ■

■ ടി.സി. ജോസഫ്

ചാറ്റൽമഴ ഘനീഭവിച്ച 2007 ലെ ഒരു കർക്കടകപ്പുലരി.... വാണിജ്യ നികുതി വകുപ്പിലെ ഒരു സംഘം ജീവനക്കാരുമായി സംസ്ഥാന ധനകാര്യ മന്ത്രി ടി.എം. തോമസ് ഐസക് പാലക്കാട്ടെത്തുന്നു... കിലയിൽ രണ്ടുദിവസമായി നടന്ന പ്രത്യേകപരിശീല നത്തിൽ പങ്കെടുത്തവരാണവർ. പാലക്കാട് ടൗൺ ഹാളിലെ ഏതാണ്ട് ഒരുമണിക്കൂർ നേരത്തെ വിശ്രമത്തിനും ചർച്ചകൾക്കും ശേഷം 150 ഓളം വരുന്ന സംഘം കേരള ത്തിന്റെ കവാടമായ വാളയാറിലെത്തുമ്പോൾ അതുവരെ ഘനീഭവിച്ചുനിന്ന മേഘങ്ങൾ പേമാരിയായി പെയ്തിറങ്ങുന്നു.....

ഭക്ഷണ-താമസ-ശുദ്ധജല സൗകര്യങ്ങ ളില്ല. ഓല മേഞ്ഞ ചോർന്നൊലിക്കുന്ന ചെക്ക് പോസ്റ്റ് കെട്ടിടങ്ങൾ. ഇടയ്ക്കിടെ വൈദ്യുതി തടസങ്ങൾ, മതിയായ ജീവനക്കാ രുടെ അപര്യാപ്തത- പൊട്ടിപ്പൊളിഞ്ഞ റോഡും യാർഡും. ക്രമസമാധാനത്തിന് മതി യായ പൊലീസില്ല-ഗുണ്ടാ മാഫിയകളുടെ വിളയാട്ടം-നിലയ്ക്കാത്ത ഗതാഗത കുരുക്ക്, ട്രഷറി സംവിധാനത്തിന്റെ പോരായ്മ, ഗ്രീൻ ചാനൽ ഹെൽപ്പ് ഡെസ്ക് സംവിധാനമില്ല- വേയ്ബ്രിഡ്ജില്ല- കൃത്യനിർവഹണത്തി നുള്ള ഭൗതിക സാഹചര്യത്തിന്റെ അഭാവം. ഈ മനം മടുപ്പിക്കുന്ന സാഹചര്യങ്ങളാണ് അവരെ വാളയാറിലും പരിസരങ്ങളിലുമുള്ള ചെക്ക് പോസ്റ്റുകളിൽ വരവേറ്റത്.

ഒരുവർഷം പിന്നിടുമ്പോൾ.....

സുരക്ഷിതമായ താമസത്തിന് കണ്ടെയ്ന റുകൾ, കട്ടിൽ, കിടക്ക, ഗ്യാസ് ലാമ്പുകൾ, ഓഫീസ് സാമഗ്രികൾ, കുടുംബശ്രീ വക ഭക്ഷണം, ശുദ്ധമായ കുടിവെള്ളം ലഭിക്കാൻ സംവിധാനം, ആവശ്യത്തിന് വെയ്ബ്രിഡ്ജ്, 24 മണിക്കൂർ പ്രവർത്തിക്കുന്ന ട്രഷറികൾ, വെളിച്ചത്തിന് സോഡിയം വേപ്പർ ലാമ്പു കൾ, വീതി കൂടിയ റോഡുകൾ, യാഡുകൾ, ടെലിഫോൺ/ഓൺ ലൈൻ സംവിധാനം, 87 തസ്തികകൾ... അതെ രണ്ടാം വർഷത്തി ലേക്ക് കടക്കുമ്പോൾ വാളയാർ വിശേഷങ്ങൾ തീരുന്നില്ല. ഇച്ഛാശക്തിയുള്ള ഒരു സർക്കാ രിന് പ്രതിബദ്ധതയുള്ള ഒരുപറ്റം ജീവന ക്കാരെ എങ്ങനെ സൃഷ്ടിക്കാനാകും എന്ന് കഴിഞ്ഞ ഒരു വർഷത്തെ വാളയാർ മിഷൻ പ്രവർത്തനം സാക്ഷ്യപ്പെടുത്തുമ്പോൾ മഹാ നായ ഫ്രഞ്ച് ചക്രവർത്തി നെപ്പോളിയൻ ബോണപ്പോർട്ട്, പഠിപ്പിച്ച പഴയ വചനം കാതിലെവിടെയോ മുഴങ്ങുന്നു... *അസാധ്യ മായതൊന്നുമില്ല.....*

അഴിമതിയുടെയും അസൗകര്യങ്ങളു ടെയും മനംമടുപ്പിക്കുന്ന ചെക്ക് പോസ്റ്റ് അന്തരീക്ഷത്തിൽ നാണിപ്പിക്കുന്ന ആ പഴയ കാലഘട്ടം വിസ്മൃതിയിലായി. ആത്മാഭിമാ നത്തിന്റെയും ആധുനികതയുടെയും പുതു ദൃശ്യങ്ങളാണ് എല്ലാ ചെക്ക്പോസ്റ്റുകളിലും.

## കഴിഞ്ഞ ഒരു വർഷം കൊണ്ട്

## ഓരോ ചെക്ക് പോസ്റ്റിലും നടത്തിയ നവീകരണപ്രവർത്തനങ്ങൾ

വാളയാർ- 81 ലക്ഷം രൂപയുടെ നവീക രണപ്രവർത്തനം. വീതി കൂടിയ വൃത്തി യുള്ള പാത, പ്രത്യേകം ക്യാബിനുകൾ, ഹെൽപ്പ് ഡെസ്ക്, കംഫർട്ട് സ്റ്റേഷൻ, ഹൈമാസ വിളക്കുകൾ, എയർകണ്ടീഷൻ ചെയ്ത ചെക്ക് പോസ്റ്റ്, മലബാർ സിമ ന്റ്സിൽ നിന്നും പ്രത്യേക വൈദ്യുതി ലൈൻ, 100 കെ.വി ജനറേറ്റർ, കുടുംബശ്രീ ക്യാന്റീൻ, 24 മണിക്കൂറും പ്രവർത്തിക്കുന്ന ട്രഷറി, ബി.ഒ.ഒ. വ്യവസ്ഥയിൽ വേയ് ബ്രിഡ്ജ്.

**ഗോവിന്ദാപുരം –** 11.70 ലക്ഷം രൂപയുടെ നവീകരണം. ചെക്ക് പോസ്റ്റിന് പുതുമോ ടി, ആധുനിക ഓഫീസ്, പുതിയ പൊലീ സ്, എക്സൈസ് പോസ്റ്റുകൾ,

**ഗോപാലപുരം –** 9.68 ലക്ഷം രൂപയുടെ നവീകരണം പുതിയ ചെക്ക്പോസ്റ്റ് ട്രഷ റി ജനറേറ്റർ സ്ഥാപിച്ചു. പേ ആന്റ് യൂസ് ടോയ്‌ലറ്റ് നിർമിച്ചു. വേയ്ബ്രിഡ്ജ് ആരം ഭിച്ചു.

**നടുപ്പുണി –** മലയാളിയുടെ തീൻമേശ യിലെ ഇഷ്ടവിഭവമായ കോഴി വരുന്ന വഴി യാണ് ഈ ചെക്ക്പോസ്റ്റ്. അഴിമതിയു ടെയും കള്ളപ്പണത്തിന്റെയും ഗുണ്ടാവാഴ്ച യുടെയും കേന്ദ്രമായിരുന്ന ഈ ചെക്ക് പോസ്റ്റിന് അതെല്ലാം പഴങ്കഥയായിരിക്കു ന്നു. 29.32 ലക്ഷം രൂപ ചെലവഴിച്ച് നവീ കരിച്ചു. ഫലമോ, പുതിയ ട്രഷറി, ശക്ത മായ സുരക്ഷ, ഒഴിഞ്ഞുപോയ ഗുണ്ടാ വാഴ്ച.

**വേലന്താവളം–** 8.05 ലക്ഷം രൂപയുടെ നവീകരണം. കെട്ടിലും മട്ടിലും മാറ്റം, വേല ന്താവളത്തിന് പുതു സ്ഥലം, വീതിയും വൃത്തിയുമുള്ള പാത, നീലിപ്പാറയുടെ സമാന്തരപാതയിൽ ബാരിക്കേഡ്.

**മീനാക്ഷിപുരം–** 19.72 ലക്ഷം രൂപയുടെ നവീകരണം. പുതുക്കിയ വാഹനപരിശോ ധനാ സൗകര്യം, പുതുക്കിയ ക്വാർട്ടേഴ്സു കൾ, ത്രീ ഫേസ് വൈദ്യുതി.

**കന്നിമാരി, അത്തിക്കോട്, ചെമ്മാണാംപ തി, വാളറ–** 14.20 ലക്ഷം രൂപയുടെ നവീ





വാളയാർ സമഗ്ര ചെക്പോസ്റ്റിന് ശിലാസ്ഥാപനം നടത്തിയ ശേഷം മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ സദസ്യരെ അഭിവാദ്യം ചെയ്യുന്നു.

അഴിമതി രഹിത വാളയാർ
ഒരു വർഷം പിന്നിടവെ ഒരു വിലയിരുത്തൽ

# അസാധ്യമായി ഒന്നുമില്ല...
# ഇത് വാളയാർ സാക്ഷ്യം





കരണം. കന്നിമാരി തെരുവിന് കണ്ടെയ്നർ ചെക്ക് പോസ്റ്റ്. അത്തിക്കോടിനും ചെമ്മാണാംപതിക്കും വാളയറിനും പുതിയ കണ്ടെയ്നർ ഓഫീസുകൾ.

### ആ പാരിതോഷികത്തിന് അവകാശികൾ എത്തിയില്ല

സ്വാതന്ത്ര്യപൂർവ കാലഘട്ടത്തിൽ കരം പിരിവും ക്രമസമാധാന പാലനവും മുഖ്യ കർമ്മമായിരുന്ന - സ്വാതന്ത്ര്യാനന്തരം വികസന ക്ഷേമപ്രവർത്തനങ്ങളുടെ നടത്തിപ്പ് ചുമതല കൂടി ഏറ്റെടുക്കുകയും ചെയ്ത- ഇന്ത്യൻ സിവിൽ സർവീസിന്റെ ചരിത്രത്തിൽ പഠനവിധേയമാക്കേണ്ട ഒരധ്യായമായി അഴിമതി രഹിത വാളയാർ കാമ്പയിൻ മാറിയിരിക്കുന്നു.

വാണിജ്യനികുതി വകുപ്പിന്റെ ചെക്പോസ്റ്റുകളിൽ അഴിമതി നടക്കുന്നതായി തെളിവുനൽകിയാൽ അവർക്ക് 25000 രൂപ പാരിതോഷികം നൽകുമെന്ന് ധനകാര്യവകുപ്പുമന്ത്രി ഡോ. ടി.എം. തോമസ് ഐസക് കാമ്പയിന്റെ ഉദ്ഘാടന യോഗത്തിൽ പ്രഖ്യാപിച്ചിരുന്നു. കാമ്പയിൻ ആരംഭിച്ച് ഒരു വർഷം പിന്നിടുമ്പോൾ ഈ പാരിതോഷികത്തിനവകാശികൾ ആരും എത്തിയില്ല. അഴിമതി ബഹുമതിയാക്കിയിരുന്ന ഒരു വിഭാഗത്തിലാണ് ഈ മാറ്റം പ്രകടമായിരിക്കുന്നതെന്ന് തിരിച്ചറിയുമ്പോഴാണ് ഈ നേട്ടത്തിന്റെ മഹത്വം വിലയിരുത്തപ്പെടുന്നത്.

കൊളോണിയിൽ ഭരണത്തിന്റെ ദുഷ്പ്രവണതകൾ ഏറെയുള്ള- കാലാനുസൃതമായി സ്വയം നവീകരിക്കാനോ നവീകരിക്കപ്പെടാനോ കഴിയാതിരുന്ന- നമ്മുടെ സിവിൽ സർവീസിന്റെ ചരിത്രം ഭാവി തലമുറ വായിക്കുമ്പോൾ സംസ്ഥാന കവാടത്തിൽ നടന്ന ഈ പരീക്ഷണവും പഠനവിഷയമാകുമെന്ന കാര്യം ഉറപ്പ്.

### 31-ന് 3100 പ്രായശ്ചിത്തം

വാളയാർ അടക്കമുള്ള വിൽപ്പന നികുതി ചെക്ക്പോസ്റ്റുകളുടെ നവീകരണത്തിന്റെ ഭാഗമായി വിവിധ ചെക്ക്പോസ്റ്റ് പരിസരങ്ങളിൽ നിന്നും മുറിച്ചു മാറ്റിയ 31 മരങ്ങൾക്ക് പകരമായി 3100 മരങ്ങൾ നട്ടുകൊണ്ടു പ്രായശ്ചിത്തം. ധനകാര്യ വകുപ്പുമന്ത്രി ഡോ. തോമസ് ഐസക് തന്നെയാണ് ഈ യജ്ഞത്തിന് തുടക്കമിട്ടത്.

കഴിഞ്ഞ ദിവസം ഗോവിന്ദാപുരം, മീനാക്ഷിപുരം ചെക്ക്പോസ്റ്റുകളിലാണ് വാളയാർ മിഷന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി മന്ത്രിതന്നെ നേരിട്ട് മരം വച്ചുപിടിപ്പിക്കുന്നതിന് നേതൃത്വം നൽകിയത്. ഇരുചടങ്ങുകളിലും എം.എൽ.എ മാരായ വി. ചെന്താമരാക്ഷൻ, കെ.അച്യുതൻ, മറ്റു ജനപ്രതിനിധികൾ, വിൽപ്പന നികുതി-വനംവകുപ്പുകളിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ സന്നിഹിതരായിരുന്നു. മീനാക്ഷിപുരത്തെ പുതിയ വേയ്ബ്രിഡ്ജിന്റെ ഉദ്ഘാടനവും മന്ത്രി തോമസ് ഐസക് നിർവഹിച്ചു.

### വ്യാപാരി വ്യവസായി സമൂഹം സ്വാഗതം ചെയ്യുന്നു

ധനകാര്യവകുപ്പിന്റെ ചികിത്സ കൊണ്ട് വാളയാർ ചെക്പോസ്റ്റിലെ ന്യൂനപക്ഷമായിരുന്ന, സത്യസന്ധരായ ഉദ്യോഗസ്ഥരുടെ സംഖ്യ ഭൂരിപക്ഷത്തിലേക്ക് നീങ്ങി എന്നത് ആശ്വസിക്കാം; അഭിമാനിക്കാം. പദ്ധതിയുടെ ഒരു പരിധി വരെയുള്ള വിജയവും അതുതന്നെ. അതുകൊണ്ടുതന്നെ അഴിമതിരഹിത വാളയാർ ക്യാമ്പയിൻ സംസ്ഥാനത്തെ വ്യാപാരി വ്യവസായ സമൂഹം സഹർഷം സ്വാഗതം ചെയ്യുന്നതായി പാലക്കാട് ചേമ്പർ ഓഫ് കോമേഴ്സ് ജനറൽ സെക്രട്ടറി പി. അജിത് രാജ് അഭിപ്രായപ്പെട്ടു. പദ്ധതി പൂർണവിജയമാകണമെങ്കിൽ പശ്ചാത്തല സൗകര്യങ്ങൾ പൂർത്തീകരിച്ച് പ്രഖ്യാപിത സംയോജിത ആധുനിക ചെക്പോസ്റ്റ് സംവിധാനം എത്രയും വേഗം നടപ്പിലാക്കണമെന്നും അദ്ദേഹം പറഞ്ഞു.

ചെക്ക്പോസ്റ്റുകളിൽ നാല്പത്തിയെട്ടു മണിക്കൂറോളം പരിശോധനയ്ക്കായി നിർത്തിയിട്ടിരുന്ന വാഹനങ്ങൾ അഴിമതി

കൊളോണിയിൽ ഭരണത്തിന്റെ ദുഷ്പ്രവണതകൾ ഏറെയുള്ള, കാലാനുസൃതമായി സ്വയം നവീകരിക്കാനോ നവീകരിക്കപ്പെടാനോ കഴിയാതിരുന്ന, നമ്മുടെ സിവിൽ സർവീസിന്റെ ചരിത്രം ഭാവിതലമുറ വായിക്കുമ്പോൾ സംസ്ഥാന കവാടത്തിൽ നടന്ന ഈ പരീക്ഷണവും പഠനവിഷയമാകുമെന്ന കാര്യം ഉറപ്പ്.



ചെക്പോസ്റ്റ് പരിസരങ്ങളിലെ വൃക്ഷത്തൈകളുടെ നടീൽ ഉദ്ഘാടനം മന്ത്രി ഡോ. തോമസ് ഐസക് നിർവഹിക്കുന്നു.

# അഴിമതിരഹിത വാളയാർ പദ്ധതി പിന്നിട്ട വഴികൾ

ചെക്ക്പോസ്റ്റ് ടേക്ക് ഓവർ 2006 സെപ്റ്റംബർ 21-24 ചെക്പോസ്റ്റ് നിയന്ത്രണം പൂർണ്ണമായി ഏറ്റെടുക്കുന്നു. 54 മണിക്കൂർ തുടർച്ചയായ പരിശോധന.

2007 ആഗസ്റ്റ് 7 അഴിമതിരഹിത വാളയാർ പദ്ധതിക്ക് തിരി തെളിയുന്നു.

2007 ആഗസ്റ്റ് 15 പൗരാവകാശ രേഖ പ്രകാശനം.

2007 ആഗസ്റ്റ് 19 ചെക്പോസ്റ്റുകളിൽ കുടുംബശ്രീ ഭക്ഷണശാല.

2007 സെപ്റ്റംബർ 3 വാളയാർ നടുപ്പുണി ഗോപാലപുരം ചെക്പോസ്റ്റ് ട്രഷറികൾ.

2007 ഒക്ടോബർ 23 സോഷ്യൽ ഓഡിറ്റ്.

2008 ആഗസ്റ്റ് 24 സമഗ്ര ചെക്പോസ്റ്റ് ശിലാസ്ഥാപനം.

ച്ചു. അഴിമതിരഹിത വാളയാർ ക്യാമ്പയിനിന്റെ രണ്ടാംഘട്ടമായാണ് സമഗ്ര ചെക്പോസ്റ്റുകൾ പ്രവർത്തനം ആരംഭിക്കുന്നത്.

കഴിഞ്ഞ വർഷം പ്രഖ്യാപിച്ച ഒന്നാം ഘട്ടത്തിലെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുകൊണ്ടാണ് രണ്ടാംഘട്ടത്തിന് ആരംഭം കുറിച്ചിട്ടുള്ളത്. അഴിമതിയുടെ അസൗകര്യങ്ങളുടെ മനംമടിപ്പിക്കുന്ന ചെക്പോസ്റ്റ് അന്തരീക്ഷത്തിന്റെ നാണിപ്പിക്കുന്ന ആ പഴയ കാലഘട്ടം വിസ്മൃതിയിലായി. ആത്മാഭിമാനത്തിന്റെയും ആധുനികതയുടെയും പുതുദൃശ്യങ്ങളാണ് എല്ലാ ചെക്പോസ്റ്റുകളിലും.

വാളയാർ ചെക്പോസ്റ്റ് പരിസരത്ത് നടന്ന യോഗത്തിൽ ഗതാഗത വകുപ്പുമന്ത്രി മാത്യു.ടി.തോമസ് അധ്യക്ഷനായിരുന്നു.

രഹിത വാളയാർ പദ്ധതി നിലവിൽ വന്നതോടെ എട്ട് മണിക്കൂറിനകം പരിശോധന പൂർത്തിയാകുമെന്ന സ്ഥിതിയായി. എങ്കിലും ചില സമയങ്ങളിൽ പഴയതുപോലെ സ്ഥിതിവിശേഷം തുടരുന്നുണ്ട്. എക്സൈസ് ചെക്ക്പോസ്റ്റ് വാളയാർ ചെക്ക്പോസ്റ്റിനടുത്തുനിന്നു മാറ്റിസ്ഥാപിച്ചാൽ നിലവിലുള്ള ഗതാഗതതടസ്സം ഒരു പരിധിവരെ തടയാനാകും. കോയമ്പത്തൂർ ലോറി ഓണേഴ്സ് അസോസിയേഷൻ സെക്രട്ടറി കെ.എസ് കലൈ പെരുമാൾ അഭിപ്രായപ്പെട്ടു.



വാളയാർ ചെക്പോസ്റ്റിലെ ബ്രിഡ്ജ് മന്ത്രി പി.കെ. ഗുരുദാസൻ ഉദ്ഘാടനം ചെയ്യുന്നു.

അഴിമതി നടമാടിയിരുന്ന വാളയാറിൽ അഴിമതിരഹിത വാളയാർ പദ്ധതി നടപ്പാക്കിയതിലൂടെ സുഗമമായ ഗതാഗത സൗകര്യത്തിനും അഴിമതി നിർമാർജനത്തിനും നല്ലൊരു പരിധിവരെ സാധിച്ചുവെന്ന് കേരള വ്യാപാരി വ്യവസായി ഏകോപനസമിതി സംസ്ഥാന വൈസ് പ്രസിഡന്റ് ജോബി.വി.ചുങ്കത്ത് അഭിപ്രായപ്പെട്ടു. ഈ സംരംഭം വ്യാപാരിസമൂഹത്തിന് ഏറെ ഗുണകരമായതായും അദ്ദേഹം പറഞ്ഞു.


അഴിമതി ബഹുമതിയായി കണക്കാക്കി വാളയാറിലേക്ക് മാറ്റം കൊതിച്ചിരുന്ന ഉദ്യോഗസ്ഥരെ സത്യസന്ധതയുടെ മാർഗത്തിൽ എത്തിച്ച് അഴിമതിക്കെതിരായി ചിന്തിക്കാനും പ്രവർത്തിക്കാനും കഴിയുമെന്ന് കേരളത്തിലെ മാത്രമല്ല, അയൽ സംസ്ഥാനങ്ങളിലെ വ്യാപാരികളെയും ജനങ്ങളെയും ബോധ്യപ്പെടുത്താനും ആ വഴിയിൽ പ്രതികരിക്കുന്നവരാക്കി വ്യാപാരികളെയും ജനങ്ങളെയും മാറ്റാനും കഴിഞ്ഞുവെന്നതാണ് അഴിമതിരഹിത വാളയാർ ക്യാമ്പയനിന്റെ പ്രധാന നേട്ടമെന്ന് സംസ്ഥാന വ്യാപാരി വ്യവസായി സമിതി ജില്ലാ പ്രസിഡന്റ് എ. മുഹമ്മദ് റാഫി പറഞ്ഞു.

അഴിമതിയിലും കെടു കാര്യസ്ഥതയിലും മുങ്ങിക്കുളിച്ചു നിന്നിരുന്ന വാളയാർ ചെക്ക്പോസ്റ്റിനെ ഈ രൂപത്തിൽ മാറ്റിയെടുത്ത സർക്കാരും വകുപ്പുദ്യോഗസ്ഥൻമാരും പ്രത്യേക പ്രശംസ അർഹിക്കുന്നതായി കഞ്ചിക്കോട് ഇൻഡസ്ട്രിയൽ ഫോറം ജനറൽ സെക്രട്ടറി കെ.സജീവ് കുമാർ അഭിപ്രായപ്പെട്ടു. കേരളത്തിലെ മറ്റു ചെക്പോസ്റ്റുകളിലും അഴിമതി നിറഞ്ഞ മറ്റുമേഖലകളിലും ഇതുപോലെയുള്ള സമൂലമാറ്റം അനിവാര്യമാണെന്നാണ് ഇൻഡസ്ട്രിയൽ ഫോറത്തിന്റെ അഭിപ്രായമെന്നും അദ്ദേഹം പറഞ്ഞു.

## സമഗ്ര ചെക്പോസ്റ്റ് മന്ദിരത്തിന് ശിലാസ്ഥാപനം നടത്തി

വാളയാറിലെ വിൽപ്പനനികുതി-ഗതാഗത-എക്സൈസ് വകുപ്പുകൾ ഉൾക്കൊള്ളുന്ന സമഗ്ര ചെക്പോസ്റ്റ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപനം മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ നിർവഹിച്ചു. ധനകാര്യമന്ത്രി ഡോ.ടി.എം. തോമസ്ഐസക് സ്വാഗതം ആശംസിച്ച ചടങ്ങിൽ വേയ്ബ്രിഡ്ജ് എക്സൈസ് വകുപ്പ് മന്ത്രി പി.കെ ഗുരുദാസൻ ഉദ്ഘാടനം ചെയ്തു. ഔട്ട് പോസ്റ്റ് കണ്ടെയ്നർ ക്യാമ്പിന്റെ ഉദ്ഘാടനം എൻ.എൻ. കൃഷ്ണദാസ് എം.പി യും ഔട്ട്പോസ്റ്റ് ഗ്രീൻ ചാനൽ കണ്ടെയ്നറിന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സുബൈദ ഇസ്ഹാക്കും നിർവഹിച്ചു. ആർ.ടി.ഒ ചെക്പോസ്റ്റ് കെട്ടിടം ധനകാര്യമന്ത്രി ഉദ്ഘാടനം ചെയ്തു.

വേലന്താവളത്ത് നടന്ന ചടങ്ങിൽ കോഴിപ്പാറ പഞ്ചായത്ത് വക കെട്ടിടം നികുതി വകുപ്പിനായി വടകരപ്പതി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എഫ്. ശെൽവകുമാരി ധനകാര്യവകുപ്പ് മന്ത്രിക്ക് കൈമാറി. വേലന്താവളത്തെ നികുതി വകുപ്പിന്റെ സ്ഥലം മന്ത്രി വടകരപ്പതി പഞ്ചായത്തിനും കൈമാറി. നികുതി വകുപ്പിന്റെ ക്വാട്ടേഴ്സ് കെട്ടിടവും ധനകാര്യവകുപ്പ് മന്ത്രി പൊലീസ് സേനയ്ക്ക് കൈമാറി.■



ചിഞ്ജുപ്രകാശ്

# ഇ-വെളിച്ചത്തിലൂടെ

ഇച്ഛാശക്തിയിലൂടെ വൈകല്യങ്ങളെ അതിജീവിക്കുന്ന ആത്മവിശ്വാസത്തിന്റെ മാതൃകയിൽ ഉയർത്തിക്കാണിക്കാൻ ഇത്രനാൾ നമുക്കുണ്ടായിരുന്നത് ഒരു ഹെലൻകെല്ലറോ ലൂയിസ് ബ്രയിലോ ആണെങ്കിൽ അത്തരം വിജയഗാഥകളുടെ ചരിത്രം കുറിക്കാനൊരുങ്ങുകയാണ് ഇവിടെ ഉൾക്കാഴ്ചകളുടെ ഒരു കൂട്ടായ്മ.


ജീവിതത്തിന്റെ കാഴ്ചകൾ അന്യമായത് കൊണ്ട് സമൂഹത്തിന്റെ അകത്തളങ്ങളിൽ അടയ്ക്കപ്പെടുകയോ പുറമ്പോക്കുകളിൽ നീക്കിനിർത്തപ്പെടുകയോ ചെയ്ത ചിലരുണ്ട്. അവർക്ക് വേണ്ടത് സഹാനുഭൂതിയല്ലെന്നും വെല്ലുവിളികളെ നേരിടാനും ആത്മവിശ്വാസത്തോടെ ജീവിതത്തെ അഭിമുഖീകരിക്കാനുള്ള പ്രാപ്തി ഉണ്ടാക്കിക്കൊടുക്കുകയാണെന്നുള്ള തിരിച്ചറിവാണ് ഇൻസൈറ്റിന് ജന്മം കൊടുത്തത്.

ശാരീരകമോ മാനസികമോ ആയ വെല്ലുവിളികൾ നേരിടുന്ന ആളുകളെ എക്കാലവും സംരക്ഷിക്കപ്പെടേണ്ടവർ എന്ന പട്ടികയിൽ ഒതുക്കുന്നതാണ് നമ്മുടെ സമൂഹ രീതി. ഔദ്യോഗിക കണക്കനുസരിച്ച് കേരളത്തിലാകമാനം ഏകദേശം മൂന്നര ലക്ഷത്തോളം കാഴ്ചവൈകല്യമുള്ളവരാണ്. ഇവരിൽ പലരും ഒന്നല്ലെങ്കിൽ മറ്റൊരു തരത്തിൽ മികവുള്ളവരാണെങ്കിലും സാധാരണ ജീവിതം നയിക്കാനുള്ള അവരുടെ ആഗ്രഹത്തെ ഇച്ഛാശക്തിയാക്കി മാറ്റി എടുക്കുന്നതിലാണ് നമ്മുടെ വിജയം. പരസഹായമില്ലാതെ ജോലി ചെയ്ത് ജീവിക്കാനാഗ്രഹിക്കുമ്പോഴും എവിടെ? എങ്ങനെ? എന്ത്? എന്നീ ചോദ്യങ്ങളാവും അവർക്ക് ചുറ്റും. ഈ ചോദ്യങ്ങൾക്ക് വ്യക്തമായ ഉത്തരങ്ങൾ കൊടുക്കാനും അതിലേക്ക് അവരെ കൂട്ടിക്കൊണ്ടുപോകാനുമാണ് ഇൻസൈറ്റിന്റെ ശ്രമം. ഒരു വർഷത്തിനുള്ളിൽ കാഴ്ചയില്ലാത്ത 65 ഓളം പേർക്ക് ഇൻസൈറ്റ് കംപ്യൂട്ടർ പരിശീലനം നൽകിയിട്ടുണ്ട്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 15 മാസ്റ്റർ ട്രെയിനിയും ഇവിടെ നിന്ന് പരിശീലനം നേടി. അക്ഷയ കേന്ദ്രങ്ങളിലൂടെയും മറ്റും സഹായത്തോടെ ഇവരുടെ സേവനം കൂടുതൽ പേർക്ക് ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു.

സംസ്ഥാന ഐ.ടി മിഷന്റെയും സ്പൈയിസിന്റെ സംയുക്ത സംരംഭമായ ഇൻസൈറ്റ് 2007 മെയിലാണ് പ്രവർത്തനം ആരംഭിച്ചത്. 2007 ലെ ഐ.സി.ടി നയത്തിന്റെ ഭാഗമായി പ്രത്യേക കഴിവുകൾ ഉള്ളവരെയും സമൂഹത്തിന്റെ ഭാഗമാക്കുക എന്ന ലക്ഷ്യം വച്ച് തയ്യാറാക്കിയതാണ് ഈ പദ്ധതി.

ഐ.സി.ടി മേഖലയിൽ ഇത്തരം പ്രത്യേകതകളുള്ളവർക്കുള്ള അനന്തമായ തൊഴിൽ സാധ്യതകളെ തിരിച്ചറിയുകയും അല്പം ഒന്ന് പരിശ്രമിച്ചാൽ തങ്ങൾക്കും മറ്റുള്ളവരെ പോലെ തൊഴിലെടുത്ത് ജീവിക്കാം എന്ന വിശ്വാസം അവരിലുണ്ടാക്കിയെടുക്കുകയും ചെയ്യുക എന്നതാണ് ഇൻസൈറ്റിന്റെ ലക്ഷ്യങ്ങളിലൊന്ന്. ഇതിന്റെ ഭാമായി കാഴ്ചവൈകല്യമുള്ളവർക്കായുള്ള ഇൻഫർമേഷൻ ആന്റ് കമ്യൂണിക്കേഷൻ സാങ്കേതിക വിദ്യകളും ഇൻസൈറ്റ് വിജയകരമായി പരിശീലനം നൽകിവരുന്നു. കംപ്യൂട്ടറും ഇന്റർനെറ്റും മറ്റ് വിവര സാങ്കേതിക വിദ്യകളും കൈവശമാക്കുന്നതോടെ മെഡിക്കൽ ട്രാൻസ്മിഷൻ, ടെലിമാക്കറ്റിങ് എക്സിക്യൂട്ടീവ്, ടെലിഫോൺ ഓപ്പറേറ്റർ സർവീസ് കോഓഡിനേറ്റർ തുടങ്ങിയ മേഖലകളിലെല്ലാം തൊഴിൽ സാധ്യതകൾ കാഴ്ചയില്ലാത്തവർക്കും കൈയെത്തിപിടിക്കാനാകുന്നു എന്ന് തെളിയിക്കുന്നു ഇൻസൈറ്റിലെ മുൻ പഠിതാവും ഇപ്പോൾ ഐ.ബി.എം സിസ്റ്റം ഓപ്പറേഷൻ സ്പെഷ്യലിസ്റ്റും ആയ സുന്ദർ.ആർ.

ആദ്യഘട്ടത്തിൽ കംപ്യൂട്ടറിന്റെ അടിസ്ഥാന വിവരങ്ങൾ മാത്രമാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരുന്നത്. ഒ.ആർ. സി.എ എന്ന സ്വതന്ത്ര സോഫ്റ്റ്വെയർ ടൂളിന്റെ സഹായത്തോടെയാണ് കാഴ്ചയില്ലാത്തവർക്ക് കംപ്യൂട്ടർ ലോകം തുറന്നു കൊടുക്കുന്നത്. ശബ്ദമാധ്യമത്തിലൂടെയാണ് ഇവർ കംപ്യൂട്ടറുമായി സംവദിക്കുക. കൂടുതൽ തൊഴിൽ സാധ്യതകൾ തുറന്നുകൊടുക്കുക എന്ന ലക്ഷ്യത്തോടെയാണ് പരിശീലന പദ്ധതിയിൽ ലാറ്റക് അടിസ്ഥാനമാക്കിയുള്ള ഡോക്യുമെന്റ് ഫോർമാറ്റിങ്, പ്രോഗ്രാമിങ്, ബ്ലോഗിങ് എന്നീ മേഖ



ലകളെക്കൂടി ഉൾപെടുത്തുവാനുള്ള ശ്രമം ഇൻസൈറ്റ് ആരംഭിക്കുന്നത്. തുടക്കം എന്ന നിലയിൽ 11 മാസ്റ്റർ ട്രെയിനിയേഴ്സിനും നൽകിയ 3 മാസത്തെ പരിശീലനം വിജയകരമായിരുന്നു എന്നത് പ്രതീക്ഷയ്ക്ക് വക നൽകുന്നുണ്ട്.

കാഴ്ചയില്ലാക്കവർക്കായി സ്വരം എന്ന പേരിൽ ഒരു ശ്രവ്യ മാസികയും ഇൻസൈറ്റ് തയ്യാറാക്കുന്നുണ്ട്. പൂർണമായും സൗജന്യമായും ലഭ്യമാക്കുന്ന ഇന്ത്യയിലെ ആദ്യ ശ്രവ്യമാസികയാണ് സ്വരം.

കാഴ്ചവൈകല്യമുള്ളവർക്കായുള്ള റിസോഴ്സ് സെന്റർ എന്ന നിലയിൽ പ്രവർത്തനം ആരംഭിച്ച് വിജയകരമായ ഒരു വർഷം പൂർത്തിയാക്കിയ ഇൻസൈറ്റ് ഇപ്പോൾ അതിന്റെ പദ്ധതികളെ ചലനവൈകല്യമുള്ളവരിലേക്കും മാനസികവൈകല്യമുള്ളവരിലേക്കും കൂടി എത്തിക്കുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം വെള്ളയമ്പലത്ത് സ്ഥിതിചെയുന്ന ഇൻസൈറ്റിന്റെ വിലാസം -

ഇൻസൈറ്റ്
27/1-a.ഇലങ്കം ഗാർഡൻസ്,
വെള്ളയമ്പലം
തിരുവനന്തപുരം -10
email - insight@space.kerala.org

# കാലത്തിനു മുൻപെ നടന്ന പ്രേംജി

മറക്കുടയ്ക്കുള്ളിലെ മഹാനരകത്തിൽ ജീവിച്ച അന്തർജനങ്ങളെ അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് കൊണ്ടുവരാൻ അഹോരാത്രം യത്നിച്ച പ്രതിഭാശാലിയുടെ ജന്മശതാബ്ദി വർഷമാണിത്.


■ പ്രൊഫ. ടോണി മാത്യു

ഷാജി എൻ.കരുൺ സംവിധാനം ചെയ്ത 'പിറവി' എന്ന സിനിമയിലെ അഭിനയത്തിന് ദേശീയപുരസ്കാരം ലഭിച്ച പ്രേംജി എന്ന അതുല്യനടനെ എല്ലാവർക്കുമറിയാം. മകൻ നഷ്ടപ്പെട്ട ഒരച്ഛന്റെ അഗാധമായ ആത്മനൊമ്പരത്തെ അനിതരസാധാരണമായ പാടവത്തോടെ ആവിഷ്കരിച്ച പ്രേംജിയിൽ പണ്ടേ ഒരു നടനുണ്ടായിരുന്നുവെന്ന് അദ്ദേഹത്തിന്റെ ജീവചരിത്രം പരിശോധിച്ചാൽ മനസിലാകും. നാടകമായിരുന്നു തട്ടകം. യോഗക്ഷേമ നാടകങ്ങളിലൊന്നായ വി.ടി. ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽനിന്ന് അരങ്ങത്തേക്ക്' എന്ന നാടകത്തിലാണ് ആദ്യം രംഗപ്രവേശം നടത്തിയത്. ആ പേരിലറിയപ്പെട്ടിരുന്ന മറ്റു രണ്ടു നാടകങ്ങൾ എം.ആർ.ബിയുടെ 'മറക്കുടയ്ക്കുള്ളിലെ മഹാനരക'വും എം.പി ഭട്ടതിരി(പ്രേംജി) പ്പാടിന്റെ 'ഋതുമതി'യും ആയിരുന്നു. നമ്പൂതിരി സമുദായത്തിലെ യാഥാസ്ഥിതികതയ്ക്കെതിരെ തൊടുത്തുവിട്ട ആഗ്നേയാസ്ത്രങ്ങളായിരുന്നു ഈ നാടകത്രയം. മാമൂലുകളുടെ കോട്ടകൊത്തളങ്ങളെ അവ തകർത്തെറിഞ്ഞു. വിപ്ലവകാത്മകമായ പരിവർത്തനങ്ങൾ സമുദായത്തിലുണ്ടായി.

ആദ്യനാടകത്തിൽ വിളയൂർ അച്ഛൻ എന്ന കഥാപാത്രത്തെയാണ് അവതരിപ്പിച്ചത്. 65 വയസ്സുള്ള കഥാപാത്രമായി വേഷമിടുമ്പോൾ 19 വയസ്സേ അദ്ദേഹത്തിനുണ്ടായിരുന്നുള്ളു. പക്ഷേ പ്രായമുള്ള ഒരാളുടെ ഭാവഹാവാദികൾ ആവിഷ്കരിച്ചതിൽ വിജയിച്ചുവെന്നാണ് അക്കാലത്തെ പ്രേക്ഷകർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. പിന്നീട് നിരവധി നാടകങ്ങളിൽ അഭിനയിച്ചു. വി.ടിയുടെയും ചെറുകാടിന്റെയും മിക്ക നാടകങ്ങളിലും അദ്ദേഹം ഉണ്ടായിരുന്നു. കെ.പി. കേശവമേനോന്റെ 'മഹാത്മാ' നാടകത്തിൽ ഗാന്ധിജിയുടെ വേഷമിട്ടതിനെക്കുറിച്ച് നാടകകൃത്ത് രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാരമാണ്. ഭട്ടതിരിപ്പാടിന്റെ ഗാന്ധിജി നൂറു ശതമാനവും വിജയിച്ചിരിക്കുന്നു. ഷാജഹാൻ, നൂർജഹാൻ, അച്ഛന്റെ മകൾ, ഋതുമതി, പാട്ടബാക്കി, നമ്മളൊന്ന്, ചവിട്ടിക്കുഴച്ച മണ്ണ്, മാർത്താണ്ഡവർമ എന്നീ നാടകങ്ങളിലും അതിഗംഭീരമായ പ്രകടനമാണ് കാഴ്ചവച്ചത്. ആദ്യം മടിച്ചെങ്കിലും ഗുരുവായ വള്ളത്തോളിന്റെ ആജ്ഞയനുസരിച്ചാണ് നൂർജഹാന്റെ റോളിൽ പ്രത്യക്ഷപ്പെട്ടത്. സ്ത്രീവേഷത്തിലും തിളങ്ങാൻ കഴിഞ്ഞു. നിരവധി റേഡിയോ നാടകങ്ങൾക്ക് ശബ്ദം നൽകി വിജയിപ്പിച്ചു. അഭിനയമികവിനെ ആദരിച്ചുകൊണ്ട് കേരള സംഗീതനാടക അക്കാദമി ഫെലോഷിപ്പ് നൽകി അംഗീകരിച്ചു. തന്നെ അഭിനയകല അഭ്യസിപ്പിച്ചത് ഗുരു കുഞ്ചുക്കുറുപ്പാശാനാണെന്ന് പ്രേംജി രേഖപ്പെടുത്തിയിട്ടുണ്ട്.

സിനിമയിലും തിരനോട്ടം നടത്തിയിട്ടുണ്ട് പ്രേംജി. 1957-ൽ രാമുകാര്യാട്ടിന്റെ 'മിന്നാമിനുങ്ങി'ലാണ് ആദ്യം അഭിനയിച്ചത്. 1988-ൽ 'പിറവി'യിലഭിനയിച്ചതുവരെ 46 സിനിമകളിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. അവയിൽ ചിലതു മാത്രമേ ശ്രദ്ധേയമായുള്ളു.

വന്നേരിയിലെ മുല്ലമംഗലത്തു മനയിൽ കേരളൻ നമ്പൂതിരിയുടെയും ദേവസേന അന്തർജനത്തിന്റെയും മകനായി 1908 സെപ്റ്റംബർ 23-ന് ആണ് പരമേശ്വരൻ ഭട്ടതിരിപ്പാട് ജനിച്ചത്. വേദാധ്യയനവും സംസ്കൃതപഠനവുമായി ബാല്യകൗമാരകാലങ്ങൾ കഴിച്ചുകൂട്ടി. ഇ.എം.എസ്, വി.ടി. വള്ളത്തോൾ, മാരാർ, നാലപ്പാട്ട് നാരായണമേനോൻ തുടങ്ങിയ ഉത്പതിഷ്ണുക്കളുമായുള്ള നിരന്തരസമ്പർക്കമാണ് അദ്ദേഹത്തെ ഒരു നവലോകത്തേക്കു നയിച്ചത്. ക്രമേണ അദ്ദേഹം കവിയും കമ്യൂണിസ്റ്റുമായി മാറി. സ്വാതന്ത്ര്യസമരത്തിന്റെ അലയൊലികളും കാതിൽ വന്നു വീണു. നമ്പൂ





*അതുല്യനടൻ, സാമൂഹിക പരിഷ്കർത്താവ്, കവി, നാടകകൃത്ത്: പ്രേംജിയുടെ ഏകലോചനം.*

തിരിസമുദായ നവീകരണത്തിന്റെ നാന്ദി കുറിച്ച യോഗക്ഷേമ സഭയുടെ പ്രവർത്തനങ്ങളിലും സജീവമായി. സമുദായത്തിലെ ഒരു ദുരാചാരത്തെ എതിർക്കാനാണ് 'ഋതുമതി' നാടകമെഴുതിയത്. ഋതുമതി ആയാൽപ്പിന്നെ നമ്പൂതിരി യുവതികൾക്ക് വിദ്യാഭ്യാസവും പൊതുപ്രവർത്തനവും നിരോധിക്കുന്ന ഏർപ്പാട് ഇല്ലാതാക്കാൻ ഈ നാടകത്തിനു കഴിഞ്ഞു. ശക്തമായ ബോധവത്കരണമാണ് അദ്ദേഹം നടത്തിയത്.

വി.ടിയുടെ ആഹ്വാനമനുസരിച്ചാണ് തൊഴിൽ രംഗത്തേക്ക് പ്രവേശിച്ചത്. ഗുരുവായൂരിൽ ഒരു പുസ്തകക്കട ആരംഭിച്ചു. പുസ്തകങ്ങൾ എടുത്തിരുന്നത് തൃശ്ശൂരിലെ 'മംഗളോദ'യത്തിൽ നിന്നാണ്. ആ ബന്ധം അവിടുത്തെ പ്രൂഫ് റീഡറാകാൻ വഴിവച്ചു. വി.ടി. ആയിരുന്നു ചീഫ് പ്രൂഫ് റീഡർ. മുണ്ടശ്ശേരി മാഷുമായുള്ള ബന്ധം അവിടെവച്ചാണാരംഭിക്കുന്നത്. പിന്നീട് 'ദേശാഭിമാനി'യിലെ ഉദ്യോഗസ്ഥനായി. പ്രേംജിയിലെ കവിയെയും കമ്യൂണിസ്റ്റിനെയും വളർത്താനുള്ള സാഹചര്യമായിരുന്നു ഇതെല്ലാം. ദേശാഭിമാനപ്രോജ്വലങ്ങളായ കവിതകളോടൊപ്പം തന്നെ വിപ്ലവകവിതകളും എഴുതിത്തുടങ്ങി. പൊന്നാനിയിൽ കമ്യൂണിസം പ്രചരിപ്പിക്കാൻ അഹോരാത്രം പ്രവർത്തിക്കുകയും ചെയ്തു. കാവ്യരചന ആരംഭിച്ചപ്പോഴാണ് എം.പി.ഭട്ടതിരിപ്പാട് പ്രേംജി എന്ന തൂലികാനാമം സ്വീകരിച്ചത്. കവി എന്ന നിലയിൽ വള്ളത്തോളിന്റെയും നാലപ്പാടിന്റെയും അനുഗ്രഹം ആവോളം ലഭിച്ചിട്ടുണ്ട്.

നമ്പൂതിരിസമുദായത്തിലെ കടുത്ത ദുരാചാരങ്ങളിലൊന്നായിരുന്നു ബാലവിവാഹം. പ്രായാധിക്യമുള്ള പുരുഷൻമാർ യുവതികളെ വിവാഹം ചെയ്തതിന്റെ ഫലമായി ബാലവിധവകളുടെ എണ്ണം പെരുത്തു. അവരുടെ സങ്കടമറിയാൻ ആരുമില്ലെന്നായി-ഇതിനൊരു പരിഹാരമെന്നവണ്ണം വിധവാവിവാഹം പ്രോത്സാഹിപ്പിക്കാൻ പരിഷ്കരണവാദികളായ സമുദായാംഗങ്ങൾ തീരുമാനിച്ചു. വി.ടിയുടെ ഭാര്യാസഹോദരിയും വിധവയുമായ ഉമാ അന്തർജനത്തെ എം.ആർ.ബി വിവാഹം കഴിച്ചു. കുറിയേടത്തു മനയിൽ വിധവയായി കാലംകഴിച്ച ആര്യാഅന്തർജനത്തെ പ്രേംജിയും വരണമാല്യമണിയിച്ചു. യാഥാസ്ഥിതിക ബ്രാഹ്മണർ ഇവർക്കെല്ലാം ഭ്രഷ്ട് കല്പിച്ചെങ്കിലും കാലപ്രവാഹത്തിൽ അതെല്ലാം മങ്ങിമാഞ്ഞുപോയി. പ്രചരിപ്പിച്ച ആശയാദർശങ്ങൾ സ്വന്തം ജീവിതത്തിൽ അനുഷ്ഠിച്ച ഈ മഹാൻമാരുടെ മുമ്പിൽ കാലം കൈകൂപ്പുകയാണ്!

ഇടതുപക്ഷ രചന, പുരോഗമനസാഹിത്യം എന്നൊക്കെ കേരളീയർ കേൾക്കുന്നതിനു മുൻപുതന്നെ അത്തരം കൃതികളെഴുതിയ പ്രതിഭാശാലിയാണ് പ്രേംജി. കമ്യൂണിസ്റ്റാശയപ്രചാരണത്തിനും സമരവീര്യം പകരുന്നതിനുമായ നിരവധി കവിതകളും ഗാനങ്ങളുമെഴുതുകയുണ്ടായി. അവയെല്ലാം സമാഹരിച്ച് 'രക്തസന്ദേശം' 'ആരുടെ ഐക്യകേരളം' എന്നീ ഗ്രന്ഥങ്ങളാക്കി. കേരളത്തിൽ കമ്യൂണിസം തുടങ്ങിവച്ച സഖാവ് പി.കൃഷ്ണപിള്ളയെക്കുറിച്ചുള്ള കവിതയാണ് 'വീരരോമന്ഥം'. ഇ.എം.എസിനെ എതിർത്തവരെ പരിഹസിക്കുന്ന രചനയാണ് 'കമ്യൂണിസത്തിന്റെ തല'. ധർമവും നർമവും ഇതിൽ ഇടകലർത്തിയിട്ടുണ്ട്. 'പ്രേംജി പാടുന്നു' 'നാല്ക്കാലികൾ' എന്നീ ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ മികച്ച കവിതകൾ. ഉൾക്കൊള്ളുന്നു. പ്രേംജിക്കവിതകളുടെ വിശ്വരൂപം ഇതിലുണ്ട്.

മർദിതരുടെയും ചൂഷിതരുടെയും ഭാഗത്തുനിന്നുകൊണ്ട് അദ്ദേഹമെഴുതിയ ഒരു കവിത ഉദ്ധരിക്കട്ടെ.

"മർത്യനെ മർത്യൻ കൊള്ളയടിക്കും
നിർദയനീതിപുലർത്തും മന്നിൽ
മർത്യനെ മർത്യൻ തല്ലിയമർക്കും
മർദന ഭരണം വായ്ക്കും മന്നിൽ
ആരുണ്ടിവരുടെ കണ്ണീർ കാണ്മാൻ
ആരുണ്ടിവരുടെ നിലവിളി
കേൾപ്പാൻ"

(കമ്പനി കുറക്കട്ടെ)

കലയിൽനിന്നും സാഹിത്യത്തിൽനിന്നുമെല്ലാം അശ്ലീലത്തെ ഒഴിവാക്കണമെന്നു ശഠിക്കുന്ന ശുദ്ധമനസ്കരെ പരിഹസിച്ചുകൊണ്ടെഴുതിയ കവിതയിലെ നർമോദ്ബോധനപരമായ രസികത്വം അറിഞ്ഞാസ്വദിക്കാനുതകുന്ന ഒരു പദ്യഭാഗമിനി നോക്കൂ.

"ക്ഷേത്രം നിർമിച്ചുയർത്താം ചുമരിൽ
മുഴുവനും
നഗ്നചിത്രങ്ങളോടെ,
മൂത്രസ്രൂല്ലംബ ലിംഗപ്രതിമയതിനകം
വച്ചുപൂജിച്ചുപോരാം;
ഹ്രീത്രസ്താത്മക്കളാകാതവിടെയതു
തൊ
പ്പാട്ടു പാടീട്ടുറക്കെ
സ്തോത്രം ചെയ്യാം നമുക്കാവയയീ,
ലഹഹകാ
ഞ്ഞീലയശ്ലീലമാരും"

മറക്കുടയ്ക്കുള്ളിലെ മഹാനരകത്തിൽ ജീവിച്ചിരുന്ന അന്തർജനങ്ങളെ, അടുക്കളയിൽ നിന്നും അരങ്ങത്തേക്കു കൊണ്ടുവരാൻ അഹോരാത്രം പ്രയത്നിച്ച പ്രേംജി, വാർധക്യസഹജമായ രോഗാതുരതയാൽ, 1998 ആഗസ്റ്റ് 10-ാം തീയതി നിര്യാതനായി. ■

എം.അഭിലാഷ്



# കളിയൊരുക്കത്തിലെ കാര്യവിചാരം

നഷ്ടമാകുന്ന കളിക്കളത്തെപ്പറ്റി സർഗാത്മക പ്രതികരണമായി കണ്ണൂർ ജില്ലയിലെ കണ്ണപുരം ഗ്രാമപഞ്ചായത്തിലെ കുട്ടികൾ ഒരു സിനിമ നിർമിച്ചിരിക്കുന്നു- 'കളിയൊരുക്കം'. സാമ്പ്രദായിക സിനിമകളുടെ, പ്രത്യേകിച്ച് കുട്ടികളുടെ സിനിമകളുടെ ചരിത്രപരവും സൗന്ദര്യശാസ്ത്രപരവും പ്രത്യയശാസ്ത്രപരവുമായ ആശയതലങ്ങളെ ചോദ്യം ചെയ്ത് കലയുടെ സാമൂഹിക പ്രതിബദ്ധതയെ അടയാളപ്പെടുത്തുന്നതാണ് ഈ സിനിമ. കഴിഞ്ഞ വർഷം തിരുവനന്തപുരം അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ കുട്ടികളുടെ മികച്ച സിനിമയായി തിരഞ്ഞെടുക്കപ്പെട്ടതും ചെറുതും വലുതുമായ നിരവധി ചലച്ചിത്ര മേളകളിൽ പ്രദർശിപ്പിച്ചതുമായ ഈ സിനിമയിൽ വ്യത്യസ്തമായ നിരവധി ഘടകങ്ങൾ ഉള്ളടക്കം ചെയ്തിരിക്കുന്നു. എസ്.സുനിൽ രചനയും സംവിധാനവും നിർവഹിച്ച ഈ സിനിമ ജനകീയാസൂത്രണ പദ്ധതിയിൽ നിർമിച്ച സംസ്ഥാനത്തെ ആദ്യത്തെ സിനിമ എന്ന ബഹുമതിയോടൊപ്പം നിർമാണ പ്രചാരണത്തിലെ ജനപങ്കാളിത്തത്തെയും തിരിച്ചുകൊണ്ടുവരുന്നു.

## കളിയും കാര്യവും

പുഴയിൽ മീൻ പിടിച്ചും കാടിനെയും കണ്ടലിനെയും പുഴയെയും പരിചരിച്ച് വേനലവധി ആഘോഷിക്കുകയാണ് ഫൈസലിന്റെ നേതൃത്വത്തിലുള്ള ഒരു കൂട്ടം കുട്ടികൾ. കൂട്ടുകാരിലൊരാളായ വെള്ളക്കുറുക്കൻ എന്ന ഇരട്ടപ്പേരുള്ള ആസാദിന് തന്റെ അമ്മാവൻ ബ്രസീലിൽ നിന്ന് ഫുട്ബോൾ കൊണ്ടുവന്നുകൊടുത്തു എന്ന വാർത്ത കൂട്ടുകാരെ ആവേശഭരിതമാക്കുന്നു. എന്നാൽ ഇക്കാര്യം മൂടിവച്ച് കൂട്ടുകാരെ പരിഗണിക്കാതെ ആസാദ് ഒറ്റയ്ക്ക് ഫുട്ബോൾ കളിക്കുന്നു. ഫൈസലിന്റെ നേതൃത്വത്തിൽ കൂട്ടുകാർ ആസാദിന്റെ മനസ്സുമാറ്റുകയും എല്ലാവരും ചേർന്ന് ഫുട്ബോൾ കളിക്കാൻ കളിസ്ഥലത്തേക്ക് പോവുകയും ചെയ്യുന്നു. പക്ഷേ മുൻപ് അവർ കളിച്ചിരുന്ന സ്ഥലം അളന്ന് വേർതിരിക്കുന്നു; അവർക്ക് കളിക്കളം ഇല്ലാതായിരിക്കുന്നു. നിരാശരാകാതെ ദൃഢനിശ്ചയത്തോടെ അവർ ദിവസങ്ങളോളം കഠിനാധ്വാനം ചെയ്ത് പുതിയൊരു കളിസ്ഥലം നിർമിക്കുകയാണ്. എന്നാൽ ആ കളിക്കളം മുതിർന്നവർ കൈയേറുന്നു. കുട്ടികൾ കളിക്കളത്തിൽ നിന്നും എന്നന്നേയ്ക്കുമായി പുറത്താവുകയും പ്രതിഷേധിക്കാനൊരുങ്ങുമ്പോഴേക്കും വേനലവധിക്കുശേഷം സ്കൂൾ തുറക്കുകയും ചെയ്യുന്നു.

വളരെ ലഘുവായ കഥ പറച്ചിലിൽ നിന്ന് വിപുലവും വ്യത്യസ്തവുമായ ഘടനയിലേക്ക് ഇതിലെ കഥ പരിണമിക്കുന്നു. കുട്ടികളുടെ സിനിമയിലൂടെയുള്ള ഇടപെടലുകൾ പൊതുസമൂഹത്തിന്റെ വർത്തമാനകാലത്തെ നിസ്സഹായതയെയും ആധിപത്യപ്രത്യയശാസ്ത്രത്തെയും പരിക്കേൽപ്പിക്കുകയും ചെയ്യുന്നു.

## കൈയേറ്റങ്ങളിലെ നിസ്സഹായത

കളിക്കളം നഷ്ടമാവുന്ന കുട്ടികളുടെ നോവുകൾ ഒരു ജനതയുടെ മണ്ണിൻമേ

നിങ്ങൾ നിൽക്കുന്ന ഇടം പോലും നാളെ നഷ്ടപ്പെട്ടേക്കാം. ഓരോന്നിനുമുള്ള നിയമം പോലെ ചെറുത്തുനിൽക്കാൻ പോലും കഴിയാതെ എല്ലാവരും സ്വന്തം മണ്ണിൽ നിന്നും ആട്ടിയകറ്റപ്പെടും. അപ്പോൾ നിങ്ങൾക്കും നിസ്സഹായരായി നിൽക്കാനേ കഴിയൂ എന്ന മുന്നറിയിപ്പ് ഈ സിനിമ നൽകുന്നുണ്ട്.

ലുള്ള അവകാശനിഷേധത്തെ ഓർമപ്പെടുത്തുന്നു. സമൂഹത്തിന്റെ കൂട്ടായ്മയുടെയും നല്ല കൂടിയാലോചനകളുടെയും ഇടമാണ് കളിസ്ഥലം. മറ്റൊരർഥത്തിൽ പറഞ്ഞാൽ അത് കളിക്കാനുള്ള സ്ഥലം മാത്രമല്ല. ഇവിടെ കുട്ടികൾ കൂടിച്ചേരുന്ന കളിസ്ഥലം സ്വകാര്യവ്യക്തി അളന്നുമുറിച്ച് അവരുടെ കൂട്ടായ്മയെ ആദ്യമെ തകർക്കാൻ ശ്രമിക്കുന്നു. എന്നാൽ അതിനെ കുട്ടികൾ മറികടക്കുന്നു.

കംപ്യൂട്ടറും ഇന്റർനെറ്റും ഇല്ലാത്തവരാണ് ഈ സിനിമയിലെ കുട്ടികൾ. അതാകണം അവർ വേനൽക്കാലം മണ്ണിനോടും പുഴയോടും കാടിനോടുമൊപ്പം ചെലവഴിക്കുന്നത്. അതൊക്കെ തങ്ങളുടെതാണെന്ന വിശ്വാസം അവർക്കുണ്ട്. അതുകൊണ്ടാണ് വലയിൽ കുരുങ്ങിയ ആമയെ വെള്ളത്തിലേക്കുതന്നെ ഇറക്കിവിടുന്നത്. എല്ലാം തങ്ങളുടേതല്ല എന്ന വിശ്വാസം പ്രബലപ്പെടുന്നത് കഠിനാധ്വാനത്തിലൂടെ ഉണ്ടാക്കിയ കളിസ്ഥലം മുതിർന്നവർ കൈയേറി അവരെ മാറ്റിനിർത്തിയപ്പോഴാണ്. 'ഓരോന്നിനും ഓരോ നിയമങ്ങളുണ്ട് കുട്ടികളേ-' എന്ന് കൈയേറ്റക്കാരോടൊപ്പം ചേർന്നുള്ള റഫറിയുടെ അന്ത്യശാസനം കുട്ടികൾക്കു മാത്രമുള്ളതല്ല, മുതിർന്നവർക്കുകൂടിയാണ്; സമൂഹത്തിനു മുഴുവനും. നിങ്ങൾ നിൽക്കുന്ന ഇടം പോലും നാളെ നഷ്ടപ്പെട്ടേക്കാം. ഓരോന്നിനുമുള്ള നിയമം പോലെ ചെറുത്തുനിൽക്കാൻ പോലും കഴിയാതെ എല്ലാവരും സ്വന്തം മണ്ണിൽ നിന്നും ആട്ടിയകറ്റപ്പെടും. അപ്പോൾ നിങ്ങൾക്കും നിസ്സഹായരായി നിൽക്കാനേ കഴിയൂ എന്ന മുന്നറിയിപ്പ് ഈ സിനിമ നൽകുന്നുണ്ട്.

## സർഗാത്മകതയും പ്രതികരണവും

ആഗോളീകരണം പല രൂപത്തിലും ഭാവത്തിലും ഗ്രാമത്തെപ്പോലും വിഴുങ്ങിക്കൊണ്ടിരിക്കുമ്പോഴാണ് 'കളിയൊരുക്കം' സിനിമ പല രൂപത്തിൽ പ്രതിരോധവും പ്രതിഷേധവും സൃഷ്ടിക്കുന്നത്. ഇതിലൂടെ ഒരു നാടിന്റെ തനിമയെ തിരിച്ചുകൊണ്ടുവരികയും ചെയ്യുന്നു. പരമ്പരാഗത സിനിമയിലെ സംഭാഷണ ഭാഷയിൽ നിന്നും ഈ സിനിമ വഴിമാറി നടക്കുന്നുണ്ട്. ഓരോ കുട്ടിയിലും രൂപപ്പെടുന്ന ആശയങ്ങൾ വാക്കാൽ പ്രകടിപ്പിക്കുകയോ പങ്കുവയ്ക്കുകയോ ചെയ്യുന്നു. ഈ സിനിമ കുട്ടികളുടെ ജീവിതം പോലെ ആസ്വാദകരമായിത്തീരുന്നത് വർത്തമാനജീവിത പ്രശ്നങ്ങളോടും പ്രതിസന്ധികളോടുമുള്ള ശക്തമായ പ്രതിരോധം എന്ന നിലയിലുള്ള സർഗാത്മക പ്രതികരണത്തിലൂടെയാണ്. ഫൈസലും കൂട്ടുകാരും ഉയർത്തിക്കൊണ്ടുവരുന്ന സാമൂഹികമായ പുതിയ മൂല്യബോധം നഷ്ടപ്പെട്ടുപോയ നാടിന്റെ പ്രതാപത്തെ തിരിച്ചുകൊണ്ടുവരുന്നു. സ്നേഹം, സഹകരണം, കൂട്ടായ്മ, പങ്കുവയ്ക്കൽ അതിലുപരി ദേശീയവും അന്തർദേശീയവുമായ പ്രശ്നങ്ങളോടുള്ള ആന്തരികവും ബാഹ്യവുമായിട്ടുള്ള പ്രതിഷേധം എന്നീ നിലയിൽ ഈ സിനിമ വേറിട്ടുനിൽക്കുന്നു.



കണ്ണപുരം പഞ്ചായത്തിലെ തുഷാര, അഭിലാഷ്, അഭിജിത്ത്, അഖിൽ, റജിൻ, സായന്ത്, ഹരികൃഷ്ണൻ, ഗോകുൽ, നിബിൻ തുടങ്ങി മുപ്പതോളം കുട്ടികളാണ് ഇതിലഭിനയിച്ചിട്ടുള്ളത്. എസ്. സുനിൽ, വി.എസ്.അനിൽകുമാർ, ശ്രീരാഗ് എന്നിവർ ചേർന്ന് തിരക്കഥ എഴുതി. ജോൺ പി.വർക്കി സംഗീതവും കെ.വി.ശ്രീധരൻ ഗാനരചനയും, പി.പ്രതാപ് ക്യാമറയും ബൈജു കുറുപ്പ് എഡിറ്റിങ്ങും കൃഷ്ണനുണ്ണി ശബ്ദവും നൽകി.■

ഡോ.ബാബു സെബാസ്റ്റ്യൻ

# ദൃശ്യങ്ങളിൽ







ഒരു കുട്ടിയെ വളർത്തേണ്ടത് ഒരു ഗ്രാമമാണ് എന്നർഥം വരുന്ന ആഫ്രിക്കൻ പഴമൊഴിയുണ്ട്. സമൂഹത്തിന്റെ അനുഭവജ്ഞാനം മുഴുവൻ പകർന്നു നൽകി വേണം കുട്ടിയെ വളർത്തേണ്ടത് എന്ന് സാരം. ഇന്ന് അണുകുടുംബ സാഹചര്യങ്ങളിൽ ജീവിക്കുന്ന നമ്മുടെ കുട്ടികളുടെ ലോകം വളരെ ഇടുങ്ങിയതാണ്. അതുകൊണ്ട് തന്നെ പ്രകൃതിയെയും സമൂഹത്തെയും അറിഞ്ഞ് വളരുവാൻ അവർക്കുള്ള മുഖ്യാശ്രയം വിദ്യാലയങ്ങൾ തന്നെ. പക്ഷേ, കേവലം പാഠപുസ്തകങ്ങൾ മുഖ്യമായും അടിസ്ഥാനപ്പെടുത്തിയിട്ടുള്ള പഠനക്രമം ഇത്തരമൊരു വിപുലമായ അനുഭവലോകം കുട്ടിക്ക് നൽകുവാൻ പര്യാപ്തമല്ല. ഇവിടെയാണ് നമ്മുടെ സംസ്ഥാനത്ത് നടപ്പാക്കുന്ന പ്രവർത്തനാധിഷ്ഠിതവും പാഠപുസ്തക കേന്ദ്രീകൃതമല്ലാത്തതുമായ ഒരു പാഠ്യപദ്ധതിയുടെ പ്രസക്തി കൂടുതൽ വ്യക്തമാകുന്നത്. ക്ലാസ്മുറിയിൽ നിന്ന് ലോകത്തേക്ക് എത്തിയിരിക്കുന്നു, കേരള സിലബസിൽ പഠിക്കുന്ന നമ്മുടെ കുട്ടികൾ. പാഠപുസ്തകങ്ങൾക്കപ്പുറത്ത് പ്രകൃതിയിലേക്ക് ഇറങ്ങിയുള്ള പരീക്ഷണവും നിരീക്ഷണവും പ്രോജക്റ്റ് പ്രവർത്തനവും ഒക്കെ ഇതിന്റെ ഭാഗമാണ്. പക്ഷേ അവിടെയും നിൽക്കാതെ ചലച്ചിത്ര നിർമാണവും നാടക അവതരണവും മുതൽ വെബ്സൈറ്റ് രൂപകല്പന വരെ നമ്മുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വൈവിധ്യം എത്തി നിൽക്കുന്നു.

ഇതിന്റെ ഫലശ്രുതി ബോധ്യമാക്കുന്ന ഒന്നാണ് ഈയിടെ തിരുവനന്തപുരത്ത് സമാപിച്ച കുട്ടികളുടെ ചലച്ചിത്രോത്സവം. പല കാരണങ്ങളാലും തികച്ചും ശ്രദ്ധേയമായതായി മാറി ഇത്. ഒന്നാമത്, ഇന്ത്യയിൽ തന്നെ ആദ്യമായാണ് ഇത്തരത്തിൽ ഒരു മേള സംഘടിപ്പിക്കുന്നത്. രണ്ടാമത് കുട്ടികൾ നിർമിച്ച് സംവിധാനം ചെയ്ത് അഭിനയിച്ച ചിത്രങ്ങളുടെ വലിയൊരു നിര ഇതിലുണ്ടായിരുന്നു.

അക്ഷരത്തിന്റെയും അച്ചടിയുടെയും ലോകത്തിൽ നിന്ന് മുന്നോട്ട് പോയി ദൃശ്യഭാഷയ്ക്ക് കൂടുതൽ പ്രസക്തി വരുന്ന ഒരു കാലഘട്ടമാണിത്. ടെലിവിഷന്റെയും ഇന്റർനെറ്റിന്റെയും പ്രചാരം വർധിച്ചു. അക്ഷരങ്ങളും ചിത്രങ്ങളും ശബ്ദങ്ങളുമെല്ലാം സമന്വയിപ്പിക്കാനുള്ള സാങ്കേതിക വിദ്യ വളർന്നത് ഇതിന് കാരണമാണ്. ഇതനുസരിച്ച് ഒരു ദൃശ്യാവബോധം കുട്ടികളിൽ ചെറുപ്പത്തിൽത്തന്നെ ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. എന്നാൽ കുട്ടികൾക്ക് വേണ്ടിയുള്ള ചലച്ചിത്ര സംരംഭങ്ങളും ദൃശ്യപരിപാടികളും വളരെ കുറച്ചു മാത്രമാണ് നമുക്ക് ഉണ്ടാകുന്നത്. കുട്ടികൾക്ക് വേണ്ടിയുള്ള ചലച്ചിത്ര നിർമാണം തന്നെ ശൈശവ ദശയിലാണ്. തിയേറ്ററുകളിൽ എത്തുന്നവയാകട്ടെ ഏറിയവയും കൊമേഴ്സ്യൽ താത്പര്യങ്ങളോടെ നിർമിച്ചവയും. കുട്ടികളുടെ ചിത്രങ്ങൾക്ക് പണം മുടക്കാൻ ആളില്ല, നല്ല സംവിധായകരെയും അഭിനേതാക്കളെയും ലഭിക്കുന്നില്ല എന്നിങ്ങനെയുള്ള ന്യായങ്ങൾ ഇതിനായി നിരത്താറുണ്ട്. പക്ഷേ ന്യായമെന്തായാലും ശുഭകരമായ ഒരു അവസ്ഥയല്ല ഇത്. ഈ ഒരു സ്ഥിതിക്ക് മാറ്റം വരുത്താൻ കഴിയുമെന്ന സൂചനയാണ് കുട്ടികൾ നിർമിച്ച സിനിമകളുടെ സംസ്ഥാനത്തെ ആദ്യ ചലച്ചിത്രോത്സവം നൽകുന്നത്. പ്രൈമറി, സെക്കന്ററി വിഭാഗങ്ങളിലായി 41 ചിത്രങ്ങൾ ഇവിടെ പ്രദർശനത്തിനെത്തി. കുട്ടികൾക്ക് വേണ്ടി നിർമിച്ച 37 ചിത്രങ്ങളും. കുട്ടികൾ നിർമിച്ച ചിത്രങ്ങളിൽ ഒരു കാര്യം ബോധ്യപ്പെട്ടു. മലയാളത്തിന്റെ ദൃശ്യമാധ്യമ ഭാവി ശോഭനമാണ്. എല്ലാ പരിമിതികളുടെയും ഇടയിൽ നിന്ന് നിർമിച്ചവയായിട്ടും മികച്ച ട്രീറ്റ്മെന്റും പ്രതിഭയുടെ മിന്നലാട്ടങ്ങളും അവയിൽ പലതിലും കാണാൻ കഴിഞ്ഞു.

അഖിൽ സുഖദനും അഭിനന്ദും ചേർന്ന് സംവിധാനം ചെയ്ത തലശ്ശേരി നോർത്ത് ബി.ആർ.സി. നിർമിച്ച 'മഴവില്ല് വരയ്ക്കുന്നവർ' എന്ന ചിത്രം ഈ വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടി. പൂവ് വിറ്റു കിട്ടുന്ന പൈസ കൊണ്ട് വിദ്യാഭ്യാസം ചെയ്യുന്ന സുഗന്ധി, സുഗന്ധിക്ക് നിത്യവും പൂവ് നൽകുന്ന പത്രക്കാരനായ ബാലൻ, തെരുവിൽ ബാല്യ-കൗമാരങ്ങൾ ഹോമിക്കപ്പെട്ട സീതാമണി ഇവരുടെ ജീവിതത്തെ അടിസ്ഥാനമാക്കി നിർമിച്ച ഈ 20 മിനിട്ട് ചിത്രം കുട്ടികളുടെ ചലച്ചിത്ര നിർമാണ സഹവാസക്യാമ്പിൽ രൂപപ്പെട്ടതാണ്. ഈ വിഭാഗത്തിൽ രണ്ടാം സമ്മാനം ലഭി

# മഴവില്ല് വരച്ചവർ



കുട്ടികൾ സിനിമ നിർമി ക്കുക. നല്ല സിനിമ യ്ക്കായി മേള സംഘടി പ്പിക്കുക. മേളയിൽ 41 സിനിമകൾ പ്രദർശിപ്പി ക്കുക.... പാഠപു സ്തകങ്ങൾക്കപ്പുറത്ത് കുട്ടികളിലെ പ്രതിഭ യുടെ തിരയിളക്കം നിഴ ലിക്കുകയാണിവിടെ..

ച്ചത് കെ.ആർ.രതീഷ് കുമാർ സംവിധാനം ചെയ്ത് കെ.കെ.രതീഷ് കുമാർ നിർമിച്ച 'മാങ്ങാണ്ടി' എന്ന ചിത്രമാണ്. മികച്ച തിരക്കഥ, പശ്ചാത്തലസംഗീതം, ഛായാഗ്രഹണം, ഡബ്ബിങ്, വിവരണം, ശബ്ദലേഖനം എന്നിവയ്ക്കുള്ള അവാർഡും ഈ ചിത്രം കരസ്ഥമാക്കി. അഖിൽ സുഖദനും അഭിനന്ദും (മഴവില്ല് വരയ്ക്കുന്നവർ) ആണ് മികച്ച സംവിധായകർ. ഗോപാലൻ തലശ്ശേരിയാണ് മികച്ച എഡിറ്റർ (മഴവില്ല് വരയ്ക്കുന്നവർ), ഗ്രാഫിക് അനിമേഷൻ അവാർഡ് 'ടിക്....ടിക്...ടിക്.....' ചെയ്ത ശരത് രവീന്ദ്രനും വിസ്മയ മാക്സും നേടി. സെക്കന്ററി വിഭാഗത്തിൽ തൃശ്ശിലേരി ഗവ:എച്ച്.എസ്.എസ്. നിർമിച്ച 'കാവൽ' മികച്ച ചിത്രമായി. മാസ്റ്റർ പ്രവീൺ കുമാറാണ് ഇത് സംവിധാനം ചെയ്തത്. മേളയുടെ അഭിമാനമായ രാംദാസ് അവാർഡും ഛായാഗ്രഹണം, ശബ്ദലേഖനം സെറ്റ് ഡിസൈനിങ് എന്നീ അവാർഡുകളും ഈ ചിത്രം നേടി. സാന്ദ്ര, ലിഷ്മ, ജിഷ്മ എന്നിവർ ചേർന്ന് സംവിധാനം ചെയ്ത പേരൂർ ഗ്രാമ പഞ്ചായത്ത് നിർമിച്ച 'കളർ ഓഫ് പെൻസിൽസ്' ആണ് രണ്ടാമത്തെ മികച്ച ചിത്രം. മികച്ച സംവിധാനത്തിനുള്ള അവാർഡ് ഈ സംവിധായകർ നേടി. മികച്ച തിരക്കഥ (മുണ്ടൂരിന്റെ നിലവിളികൾ) എന്ന ചിത്രത്തിനു ലഭിച്ചു. ഗ്രാഫിക് അനിമേഷൻ പുരസ്കാരം 'എവരി ഡോഗ് ഹാസ് എ ഡേ' എന്ന ചിത്രം ചെയ്ത ശ്വേത പനമ്പള്ളിയും വിസ്മയ മാക്സും നേടി.


വിദ്യാർഥികൾക്ക് വേണ്ടി നിർമിച്ച ചിത്രങ്ങളിൽ 5 മുതൽ 8 വരെ പ്രായപരിധിയിൽ ലേൺ വയർ സൊല്യൂഷൻസിന്റെ 'ഗ്രാൻമാസ് മോറൽ സ്റ്റോറിസ്' പ്രഥമ സ്ഥാനത്തെത്തി. സംവിധാനം ജിജു തോമസ്. 9 മുതൽ 11 വരെ പ്രായ വിഭാഗത്തിൽ താനൂർ ബി.ആർ.സിയുടെ 'മന്ദാകിനി പറയുന്നത്' മികച്ച ചിത്രമായി. ശാസ്ത്രസാഹിത്യ പരിഷത്ത് പ്രസിദ്ധീകരിച്ച വിമലാ മേനോന്റെ കഥയെ അടിസ്ഥാനമാക്കിയാണ് ഈ ചിത്രം. മികച്ച തിരക്കഥ, സെറ്റ് ഡിസൈനിങ്, ഡബ്ബിങ്, വിവരണ പുരസ്കാരങ്ങളും ഈ ചിത്രം നേടി. 'മൂന്നാമത്തെ സൂചി' സംവിധാനം ചെയ്ത കനക രാഘവനാണ് സംവിധാനത്തിനുള്ള അവാർഡ്. സീനിയർ സെക്കന്ററി വിഭാഗത്തിൽ പലേരി സൗപർണിക ക്രിയേഷൻസ് നിർമിച്ച 'കനൽപ്പൂവ്' ഒന്നാം സ്ഥാനം നേടി. ഉബൈദ് എടവണ്ണ നിർമിച്ച 'പൂരത്തേക്കുള്ള വഴിയാണ്' രണ്ടാമത്തെ ചിത്രം. കൈരളി ടി.വി. നിർമിച്ച് കെ. രാജേന്ദ്രൻ സംവിധാനം ചെയ്ത 'വിൽക്കാനുണ്ട് ബാല്യങ്ങൾ' ജൂറിയുടെ പ്രത്യേക അവാർഡ് നേടി.

മികച്ച നടൻ, നടി എന്നിവർക്കും അടുത്ത വർഷം അവാർഡ് ഏർപ്പെടുത്തുമെന്നും സമാപന സമ്മേളനത്തിൽ അധ്യക്ഷത വഹിച്ച മന്ത്രി എം.എ. ബേബി പറഞ്ഞു. നിയമസഭാ സ്പീക്കർ കെ.രാധാകൃഷ്ണൻ സമ്മാനങ്ങൾ നൽകി.




അവാർഡ് ജേതാക്കൾ മന്ത്രി എം.എ ബേബിയുമൊത്ത്

കുട്ടികളുടെ ചലചിത്രനിർമാണങ്ങൾക്ക് കേരളത്തിന് ശക്തമായ സാന്നിധ്യം സൃഷ്ടിക്കാനുള്ള സാധ്യത തെളിയിക്കുന്നതാണ് ഈ മേളയെന്ന് ഉദ്ഘാടന സമ്മേളനത്തിൽ മന്ത്രി എം. വിജയകുമാർ ചൂണ്ടിക്കാട്ടിയത് തികച്ചും ശരിയായിരുന്നു എന്ന് തുടർന്നുള്ള ദിവസങ്ങൾ തെളിയിച്ചു. മേളയുടെ ഭാഗമായി ഈ രംഗത്ത് മുതൽമുടക്കാൻ ഉദ്ദേശിക്കുന്നവർക്ക് പരസ്പരം കണ്ടുമുട്ടാനുള്ള അവസരങ്ങളും ചലച്ചിത്രനിർമാണത്തിന്റെ സാങ്കേതികവും ക്രിയാത്മകവുമായ വശങ്ങളെ പറ്റിയുള്ള വിദഗ്ധരുടെ ക്ലാസുകളും ലോകപ്രശസ്ത ബാല ചലച്ചിത്രങ്ങളുടെ പ്രദർശനവും ദൃശ്യമാധ്യമവും വിദ്യാഭ്യാസവും എന്ന വിഷയത്തെപ്പറ്റി സിംപോസിയവും സംഘടിപ്പിച്ചു.■



ഇ പി വിനയകൃഷ്ണൻ

# ആശ്വസിക്കാം പ്രകൃതിക്കും കടുവകൾക്കും

വംശനാശഭീഷണി നേരിടുന്ന കടുവകൾക്കായി രണ്ടാമതൊരു സംരക്ഷണകേന്ദ്രം കൂടി പിറക്കുകയാണ് കേരളത്തിൽ. പാലക്കാട് ജില്ലയിലെ പറമ്പിക്കുളം വന്യജീവി സങ്കേതം ഇതിനായി ഒരുങ്ങുകയാണ്. പ്രഖ്യാപനം ഈ സാമ്പത്തികവർഷാവസാനം ഉണ്ടാകും. പറമ്പിക്കുളത്ത് വൈൽഡ് ലൈഫ് സഫാരി പ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിക്കവെ വനം വന്യജീവി സംരക്ഷണ വകുപ്പ് മന്ത്രി ബിനോയ് വിശ്വമാണ് ഈ വിവരം അറിയിച്ചത്. രാജ്യത്തെ മികച്ച വന്യജീവി സംരക്ഷണ കേന്ദ്രങ്ങളിലൊന്നായി പറമ്പിക്കുളത്തെ മാറ്റിയെടുക്കുകയാണ് സർക്കാർ ലക്ഷ്യം.

ദേശീയമൃഗമായിട്ടും ജീവിക്കാൻ രക്ഷയില്ലാത്ത ദുർവിധിയായിരുന്നു കടുവകൾക്ക് ഇന്ത്യയിൽ. അവയുടെ എണ്ണം ക്രമാതീതമായി കുറഞ്ഞുവന്നതിനെ തുടർന്ന് 1973ൽ തുടക്കമിട്ട പ്രോജക്ട് ടൈഗറിന്റെ ഭാഗമായാണ് രാജ്യത്ത് കടുവാസങ്കേതങ്ങൾ തുടങ്ങിയത്. ഇത്തരത്തിൽ കേരളത്തിൽ ആദ്യത്തെ കടുവാ സങ്കേതം പെരിയാറിൽ 1998 ലാണ് പ്രവർത്തനം തുടങ്ങിയത്. ഇതുൾപ്പടെ രാജ്യത്ത് 28 ടൈഗർ പ്രോജക്ടുകളുണ്ട്.

നെന്മാറ-പീച്ചി വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷനുകളുടെ കീഴിലാണ് പറമ്പിക്കുളം വനമേഖല. നേരത്തെ പറമ്പിക്കുളം വനം മേഖലയിൽ നടത്തിയ സർവെയിൽ 20 ൽപ്പരം കടുവകളെ കണ്ടെത്തിയിട്ടുണ്ട്. ഇതെത്തുടർന്നാണ് നൂറ് ശതമാനം പ്ലാസ്റ്റിക് വിമുക്ത മേഖലയായ പറമ്പിക്കുളവും ആനമലയും കൂട്ടിച്ചേർത്ത് കടുവാസങ്കേതമാക്കാൻ 2006 ൽ അംഗീകാരം നൽകിയത്. ഇതു യാഥാർഥ്യമാകുന്നതോടെ പ്രത്യേക ഉദ്യോഗസ്ഥ സംഘവും വാഹനങ്ങളും ഉപകരണങ്ങളും പറമ്പിക്കുളത്തിന് ലഭിക്കും. വനസംരക്ഷണം കൂടുതൽ കാര്യക്ഷമമമാക്കാനുമാവും. നിലവിൽ പറമ്പിക്കുളം കടുവാ സങ്കേതത്തിന്റെ തമിഴ്നാട് ഭാഗത്തെ പ്രവർത്തനങ്ങൾക്കായി കോയമ്പത്തൂർ ഫോറസ്റ്റ് കൺസർവേറ്ററുടെ നേതൃത്വത്തിൽ പൊള്ളാച്ചിയിൽ പ്രത്യേക ഓഫിസ് പ്രവർത്തിക്കുന്നുണ്ട്. തമിഴ്നാട്ടിൽ മുതുമലയിലും കളക്കാട് മുണ്ടൻതുറയിലും രണ്ട് കടുവസങ്കേതം ഇപ്പോൾ നിലവിലുണ്ട്. പറമ്പിക്കുളത്ത് കൂടി സങ്കേതം വരുന്നതോടെ ഈ മേഖലയിൽ കടുവസംരക്ഷണം കൂടുതൽ ശക്തമാകും.

കേരളത്തിലെ വനം പ്രകൃതി സംരക്ഷണത്തിന് ഇടതു സർക്കാരിന്റെ മറ്റൊരു സുപ്രധാന സംഭാവനയാകും ഇത്. സൈലന്റ്‌വാലി ദേശീയോദ്യാനത്തെ ബഫർ സോണായി പ്രഖ്യാപിച്ചതായിരുന്നു ഇടതുപക്ഷ സർക്കാരിന്റെ വനസംരക്ഷണ നേട്ടങ്ങളിലൊന്ന്.

പറമ്പിക്കുളം കടുവാസങ്കേതമായി പ്രഖ്യാപിക്കുമ്പോൾ ഈ പ്രദേശത്തെ ഒറ്റ ആദിവാസി കുടുംബത്തെയും കുടിയൊഴിപ്പിക്കില്ലെന്നും ഇവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കും മറ്റും സർക്കാർ വേണ്ടതെല്ലാം ചെയ്യുമെന്നും മന്ത്രി അറിയിച്ചു.



## ആവാം, ഇനിയൊരു പറമ്പിക്കുളം സഫാരി

**പറമ്പിക്കുളം വന്യജീവി** സങ്കേതത്തിൽ വൈൽഡ് ലൈഫ് സഫാരി പ്രവർത്തനം തുടങ്ങി. പറമ്പിക്കുളം വന്യജീവി സങ്കേതത്തിന്റെ ജൈവവൈവിധ്യം സംരക്ഷിക്കുകയും പ്രദേശത്തെ ആദിവാസികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കലുമാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ആദ്യ ഘട്ടത്തിൽ പറമ്പിക്കുളത്തെത്തുന്ന സഞ്ചാരികൾക്കായി നാല് വാഹനങ്ങളാണ് വനം വന്യജീവി വകുപ്പ് ഒരുക്കിയിരിക്കുന്നത്. ഇതിന്റെ പ്രവർത്തനോദ്ഘാടനം ആനപ്പാടിയിൽ വനം മന്ത്രി ബിനോയ് വിശ്വം നിർവഹിച്ചു. 14 സീറ്റുകൾ വീതമുള്ള മൂന്ന് വാഹനങ്ങളാണ് തയ്യാറാക്കിയിരിക്കുന്നത്. ഒരു സീറ്റിന് 140 രൂപ നിരക്കിൽ മൂന്നു മണിക്കൂർ ദൈർഘ്യമുള്ളതാണ് സഫാരി. സ്വകാര്യ വാഹനങ്ങൾക്ക് സങ്കേതത്തിലേക്ക് ഇനി പ്രവേശനം അനുവദിക്കുന്നതല്ല.

# രാവുണ്ണിമാരുടെ കാലവും മഹാത്മാഗാന്ധിയും

**വൈ**കി വിവാഹിതയാവുകയും നാലഞ്ചുവർഷം കഴിഞ്ഞപ്പോൾ വിധവയാവുകയും ചെയ്ത അമ്മയുടെ ഏക മകൻ. ഓമനിച്ചു വളർത്തി വലുതാക്കിയ അവൻ അമേരിക്കയിൽ ജോലി ലഭിച്ചു പോകുന്നു. മകനോടൊപ്പം പോകാൻ അമ്മയ്ക്ക് മോഹം. എന്നാൽ മകനതിൽ താത്പര്യമില്ല. അമ്മയ്ക്ക് ബന്ധുവീട്ടിലോ വൃദ്ധസദനത്തിലോ കഴിയാമല്ലോ. എല്ലാ സൗകര്യങ്ങൾക്കുമുള്ള പണം ഞാൻ അയച്ചുതരാം...... പക്ഷേ മകന്റെ സ്നേഹവും സാമീപ്യവും പണത്തിനു പകരമാവില്ലെന്നറിയുന്ന അമ്മ. അതു മനസിലാകാത്ത മകൻ.

ഇത്തരം നിരവധി സംഭവങ്ങൾ നമ്മുടെ ചുറ്റും നടന്നുകൊണ്ടിരിക്കുന്നു. മാനവിക മൂല്യങ്ങൾക്ക് അപചയം സംഭവിക്കുകയും പണം ഒരു മൂല്യ വ്യവസ്ഥയായി മാറുകയും ചെയ്യുന്ന പ്രവണതയെ അടയാളപ്പെടുത്തുന്നു ഇവ.

പണം ഒരു വിനിമയോപാധിയാണ്. ആധുനിക സാമൂഹിക ക്രമത്തിൽ അനിവാര്യവും. പക്ഷേ, അതിനുമപ്പുറം അതു വ്യക്തിയെ ഭരിക്കാനും സമൂഹത്തെ നയിക്കാനും ജീവിത മൂല്യമായി മാറാനും തുടങ്ങുന്നേടത്ത് സമൂഹത്തിന്റെ അപചയം ആരംഭിക്കുന്നു.

ധനകാര്യ മൂലധനത്തിന്റെ ആഗോള പ്രവാഹം അത്തരമൊരു അവസ്ഥയിലേക്കാണ് ലോകത്തെ നയിക്കുന്നത്. ഓഹരി വിപണി, ബോണ്ട് വിപണി, എണ്ണ, സ്വർണം, ഉത്പന്നങ്ങളുടെ അവധി വ്യാപാരം, വിദേശനാണ്യക്കച്ചവടം, റിയൽ എസ്റ്റേറ്റ് കച്ചവടം തുടങ്ങി വിവിധ മേഖലകളിലായി ഊഹക്കച്ചവടത്തെ അടിസ്ഥാനമാക്കി ശതകോടിക്കണക്കിന് ഡോളറിന്റെ ധനകാര്യ മൂലധനമാണ് ആഗോള വിപണിയിൽ ഒഴുകി നടക്കുന്നത്. ഉത്പാദനത്തിന്റെ അടിത്തറയില്ലാത്ത ഈ ഊതിവീർപ്പിച്ച പണം ലോകത്തെ കീഴടക്കി നശിപ്പിക്കുകയാണ്.

ഇതിന്റെ നിരവധി ചെറുപതിപ്പുകൾ നമ്മുടെ നാട്ടിലും അരങ്ങേറുന്നുണ്ട്. ഒരാൾക്ക് വസ്തു വിൽക്കാനുണ്ട്. മറ്റൊരാൾക്ക് അത് വാങ്ങണം. പക്ഷേ ഒരു ഇടനിലക്കാരൻ ഇതിനിടയിൽ പ്രത്യക്ഷപ്പെടുകയായി. പ്രതീക്ഷിക്കാത്ത ഉയർന്ന വിലയ്ക്ക് വസ്തു വാങ്ങിക്കൊള്ളാമെന്ന് അയാൾ അഡ്വാൻസ് നൽകുന്നു. അതിലും ഉയർന്ന വിലയ്ക്ക് മറിച്ചു വിൽക്കുന്നു. ചിലപ്പോൾ അയാളും അതു മറിച്ചുവിറ്റേക്കാം. പല കൈ മറിഞ്ഞ് യാഥാർത്ഥ ആവശ്യക്കാരന് വസ്തു കിട്ടുമ്പോൾ അതിന്റെ വില വൻതോതിൽ ഉയരുന്നു. യഥാർത്ഥ ഉത്പാദനമില്ലാതെ ഊഹക്കച്ചവടത്തിലൂടെയുള്ള ഈ പണമൊഴുക്ക് ഒരു ഘട്ടത്തിൽ തകരാൻ വിധിക്കപ്പെട്ടതാണ്. അങ്ങനെ വന്നാൽ ഊഹക്കച്ചവടത്തിലൂടെ ഉയർന്ന അയഥാർത്ഥമായ വസ്തുവിലയുടെ സെക്യൂരിറ്റിയിൽ വസ്തു - ഭവനവായ്പകൾ നൽകിയ, പൊതുനിയന്ത്രണമില്ലാത്ത, ബാങ്കുകൾക്ക് ഈ വായ്പകൾ കിട്ടാക്കടമാകും. കിട്ടാക്കടം ഉയരുമ്പോൾ ബാങ്കുകളുടെ ഷെയർ വില താഴുന്നു. ബാങ്ക് തകരുന്നു. അമേരിക്കയിലെ ലേ മാൻ ബ്രദേഴ്സ് ബാങ്കും എ ഐ ജി കമ്പനിയും പ്രതിസന്ധിയായി തകരുന്ന മറ്റു നിരവധി ബാങ്കുകളും ഈ അവസ്ഥയാണ് നേരിടുന്നത്. അതു വളർന്ന് വീണ്ടുമൊരു ആഗോള സാമ്പത്തിക കുഴപ്പത്തിലേക്കെത്തുന്നു. നിയന്ത്രണങ്ങളില്ലാത്ത പണമൊഴുക്കും വിപണിയും ലോകത്തെ എവിടെയെത്തിക്കുമെന്നതിന്റെ സൂചനയാണിത്.

ആഗോളവത്കരണം സൃഷ്ടിക്കുന്ന സാംസ്കാരികമായ പരുവപ്പെടുത്തലിൽപെട്ട് നമ്മുടെ നാട്ടിലും മാനവികത തളരുകയും പണാഭിനിവേശം കൂടുകയുമാണ്. ഒരു ലക്ഷം രൂപയ്ക്ക് പ്രതിമാസം മുപ്പതിനായിരം രൂപ പലിശ നൽകാമെന്ന വാഗ്ദാനം നൽകിയാൽ അത് വിശ്വസിച്ച് പണം നൽകുന്നവർ പെരുകി വരുന്നു. മനോരോഗി മറ്റൊരാളെ മുക്കിക്കൊല്ലുമ്പോൾ സാകൂതം കാഴ്ചക്കാരാകുന്നു. പേപ്പട്ടി ഒരു മനുഷ്യനെ കടിച്ചുമുറിക്കുമ്പോൾ രക്ഷപ്പെടുത്താൻ ശ്രമിക്കാതെ ചിത്രമെടുക്കുന്നു.....

ഈ ലിസ്റ്റ് ഇനിയുമേറെ നീട്ടാം.

അമിതമായ ജീവിതകാമനകളിൽപ്പെട്ട് കടം വാങ്ങി കടക്കെണിയിലാകുന്ന രാവുണ്ണി എന്നൊരു കഥാപാത്രത്തെ കേന്ദ്രമാക്കി അന്തരിച്ച നാടകകൃത്ത് പി.എം. താജ് ഒരു നാടകം എഴുതിയിട്ടുണ്ട്. രാവുണ്ണിമാരും രാവുണ്ണി മനസുകളും വർദ്ധിച്ചു വരികയാണ് സമൂഹത്തിൽ.

വ്യഥിതമായൊരു വൃദ്ധഹൃദയം വടിയുമൂന്നി അതിനിടയിലെവിടെയോ വേച്ചു വേച്ചു പോകുന്നുണ്ട്. പരിചയമുള്ള ഏറ്റവും ദരിദ്രനായ ഒരു മനുഷ്യനെ ഓർത്ത് അയാൾക്ക് ഗുണകരമാകുമോ ദോഷമാകുമോ എന്നുനോക്കി നാം ചെയ്യുന്ന പ്രവൃത്തി ശരിയാണോ തെറ്റാണോ എന്ന് കണ്ടെത്താമെന്ന സൂത്രം ഉപദേശിച്ച മഹാത്മാഗാന്ധി.

രാവുണ്ണിമാരുടെയും അവരെ ചൂഷണം ചെയ്യുന്ന ദല്ലാൾമാരുടെയും അവരെ പിന്തുണയ്ക്കുന്ന ആഗോള-അഖിലേന്ത്യാനയങ്ങളുടെയും കാലത്ത് മഹാത്മാഗാന്ധിയുടെ പ്രസക്തി ഏറുകയാണ്.



# ടൺ കണക്കിന് ആരോഗ്യം

**ടൺ കണക്കിന്** ഫണ്ണും ഹോട്ട് സംഗതികളുമൊക്കെയായി എഫ്.എം.റേഡിയോകൾ കേരളത്തിന്റെ മനസ്സ് കീഴടക്കിക്കഴിഞ്ഞു. എന്നാൽ, ഇനി പാട്ടും കൂത്തും മാത്രമല്ല, എഫ്.എമ്മിലൂടെ അൽപം ആരോഗ്യവുമാകാം. ദേശീയ ഗ്രാമീണാരോഗ്യമിഷന്റെ നൂതന സംരംഭമായ കമ്മ്യൂണിറ്റി റേഡിയോ പദ്ധതി ഈ രംഗത്ത് വിപ്ലവം സൃഷ്ടിക്കാൻ തയ്യാറെടുക്കുന്നു. ഗ്രാമീണജനതയ്ക്ക് ആരോഗ്യകാര്യങ്ങളിൽ അവബോധം സൃഷ്ടിക്കലാണ് പദ്ധതിയുടെ ലക്ഷ്യം. വിവരസാങ്കേതികവിദ്യയുടെ ഗുണഫലങ്ങൾ ഗ്രാമീണജനതയിലേക്കെത്തിച്ച് അവരെക്കൂടി പങ്കാളിയാക്കിക്കൊണ്ടുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ആരോഗ്യരംഗത്ത് ഇത്തരമൊരു സംരംഭം ഇന്ത്യയിൽ തന്നെ ആദ്യമാണ്. അനന്തപുരി എഫ്.എം ചാനലിൽ നിന്ന് വ്യാഴം, വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ വൈകുന്നേരം 3 മുതൽ 3.30 വരെയുള്ള സമയം വാടകയ്ക്കെടുത്താണ് പ്രക്ഷേപണം ആരംഭിക്കുക. പരീക്ഷണാടിസ്ഥാനത്തിൽ ആദ്യം തിരുവനന്തപുരം ജില്ലയിൽ നടപ്പാക്കുന്ന പദ്ധതി പിന്നീട് പല ഘട്ടങ്ങളിലായി മറ്റ് ജില്ലകളിലേക്കും വ്യാപിപ്പിക്കും. പദ്ധതിയുടെ പ്രചാരത്തിനായി രണ്ടായിരത്തോളം 'ആശ' പ്രവർത്തകരും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരും രംഗത്തിറങ്ങും. ആദിവാസി മേഖലകളിൽ പ്രത്യേകം കിയോസ്കുകൾ സ്ഥാപിച്ച് റേഡിയോ പ്രക്ഷേപണം അവിടത്തെ ജനങ്ങളിൽ എത്തിക്കാനും എൻ.ആർ.എച്ച്.എം. ഉദ്ദേശിക്കുന്നു. പദ്ധതിയോടനുബന്ധിച്ച് സ്കൂളുകളിലും കോളേജുകളിലും ഹെൽത്ത് ക്ലബ്ബുകൾ സ്ഥാപിച്ചുവരുന്നു. കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി, ടി.ബി അസോസിയേഷൻ, കൃപാസായി തുടങ്ങി നിരവധി സന്നദ്ധസംഘടനകൾ പദ്ധതിയോട് സഹകരിച്ചു പ്രവർത്തിക്കാൻ മുന്നോട്ട് വന്നിട്ടുണ്ട്.

**ബിപിൻ എസ്.നാഥ്**



# ഭരണ നടപടികൾ വിരൽത്തുമ്പിൽ

**സംസ്ഥാന മന്ത്രിസഭയിലെ** എല്ലാ മന്ത്രിമാരുടെയും വകുപ്പുകളുടെയും പ്രവർത്തനങ്ങൾ ഇനി ഓൺലൈനിലൂടെ ലഭിക്കും. 18 ഔദ്യോഗിക വെബ്സൈറ്റുകൾ നിലവിൽ വന്നതോടെയാണിത്. ഔദ്യോഗിക വെബ് പോർട്ടലിന്റെ ഭാഗമായി ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പാണ് ഈവെബ്സൈറ്റുകൾ നിർമിച്ച് പരിപാലിക്കുന്നത്. വെബ്സൈറ്റുകളുടെ രൂപകൽപ്പന സി-ഡിറ്റാണ് നിർവഹിച്ചത്. സെപ്റ്റംബർ മൂന്നിന് മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്തു. രണ്ടാംഘട്ടം പ്രവർത്തനക്ഷമമാകുന്നതോടെ കൂടുതൽ സേവനങ്ങൾ ഓൺലൈനിലൂടെ ലഭ്യമാകും.

ഓരോ മന്ത്രിയുടെയും അവർ കൈകാര്യം ചെയ്യുന്ന വകുപ്പുകളുടെയും പ്രവർത്തനങ്ങൾ, നടന്നുവരുന്ന പ്രവർത്തനങ്ങൾ, നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതിക

# കേരളത്തിനു പുറത്തേക്ക് ഇനി ആഡംബര യാത്ര

**അന്താരാഷ്ട്ര നിലവാരമുള്ള** 30 സൂപ്പർ ഡീലക്സ് എയർ ബസുകൾ കെ.എസ്.ആർ.ടി.സി പുറത്തിറക്കി. തമ്പാനൂർ ബസ് സ്റ്റേഷനിൽ ഗതാഗതമന്ത്രി മാത്യു ടി.തോമസ് ബസുകൾ ഫ്ളാഗ് ഓഫ് ചെയ്തു. വെള്ളയിൽ നീല വരകളുള്ള മനോഹരമായ ബസ്സുകളിൽ യാത്ര സുഖപ്രദമാക്കാൻ എയർ സസ്പെൻഷൻ ഉപയോഗിച്ചിട്ടുണ്ട്. പുഷ് ബാക്ക് സീറ്റുകളും പ്രത്യേകമായ റീഡിങ് ലാംബുകളും ഇതിന്റെ പ്രത്യേകതകളാണ്. ഡസ്റ്റ് ഫ്രീ പാനലിങ്ങോടുകൂടിയ മനോഹരമായ ഉൾവശമാണ്. യാത്രയ്ക്കിടയിൽ മൊബൈൽ ഫോൺ ചാർജ് ചെയ്യാനും ലാപ്ടോപ്പ് ഉപയോഗിക്കാനുമുള്ള സൗകര്യവും ബസിലുണ്ടാകും. മുൻകൂർ റിസർവേഷൻ സൗകര്യമുള്ള ഈ ബസിൽ നാലുപേർ ഒന്നിച്ച് സീറ്റ് റിസർവ് ചെയ്താൽ സ്റ്റോപ്പില്ലാത്തിടത്തും കയറാനും ഇറങ്ങാനുമാകും. തിരുവല്ല-മധുര, എറണാകുളം-സേലം, എറണാകുളം-തിരുപ്പൂർ റൂട്ടുകളിലാണ് പുതിയ ബസുകൾ വരുന്നത്. നിലവിലുള്ള കൊട്ടാരക്കര-ബംഗലൂരു, പാലക്കാട്-ബംഗലൂരു, കാസർകോഡ്-ബംഗലൂരു സർവീസുകൾക്കായി പുതിയ ആറുബസുകൾ ഉപയോഗിക്കും.



**കൊട്ടാരസൗഖ്യം നിരത്തിലേക്ക്: കെ.എസ്.ആർ.ടി.സിയുടെ സൂപ്പർ ഡീലക്സ് എയർ ബസുകൾ തമ്പാനൂർ ബസ് സ്റ്റേഷനിൽ ഗതാഗത മന്ത്രി മാത്യു ടി.തോമസ് ഫ്ളാഗ് ഓഫ് ചെയ്തപ്പോൾ**




# രണ്ട് സ്കൂളുകൾക്ക് കംപ്യൂട്ടർ സാക്ഷരതാ മികവിന് പുരസ്കാരം

**കേരളത്തിലെ രണ്ട്** സ്കൂളുകൾക്ക് കംപ്യൂട്ടർ സാക്ഷരതാ മികവിനുള്ള കേന്ദ്ര അവാർഡ് ലഭിച്ചു. തിരുവനന്തപുരം കവടിയാർ നിർമലാഭവൻ ഹയർ സെക്കൻഡറി സ്കൂൾ, പട്ടം കേന്ദ്രീയ വിദ്യാലയ എന്നിവ കേന്ദ്ര വാർത്താവിനിമയ വിവരസാങ്കേതികവിദ്യ മന്ത്രാലയം ഏർപ്പെടുത്തിയ പുരസ്കാരത്തിന് അർഹമായി. ഒന്നര ലക്ഷം രൂപയും ട്രോഫിയും അടങ്ങുന്നതാണ് അവാർഡ്. കംപ്യൂട്ടർ സാക്ഷരത, വിവരസാങ്കേതിക വിദ്യ എന്നിവയിൽ രാജ്യത്തെ 55 സ്കൂളുകളാണ് അവാർഡിന് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. സ്വകാര്യ-ഗവൺമെന്റ്-എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടുന്ന കാറ്റഗറി എ-യിൽ നിർമലാഭവനും സർക്കാർ-കേന്ദ്രീയ-നവോദയ വിദ്യാലയങ്ങളുടെ കാറ്റഗറി ബി-യിൽ പട്ടം കേന്ദ്രീയ വിദ്യാലയവും തിരഞ്ഞെടുക്കപ്പെട്ടു.



ളുടെ അഭിപ്രായരൂപീകരണം എന്നിവയാണ് സൈറ്റുകളുടെ ഉള്ളടക്കം. ഓരോ സൈറ്റിലും മന്ത്രിയുടെ പ്രൊഫൈൽ, ഓഫീസ് സംബന്ധിച്ച വിവരം, അനുബന്ധ സൈറ്റുകളിലേക്ക് പ്രവേശിക്കാനുള്ള സംവിധാനം, വാർത്തകൾ, മാധ്യമങ്ങളിൽ വന്ന വാർത്തകൾ, സംഭവങ്ങൾ, ഫോട്ടോ ഗാലറി, പ്രസംഗങ്ങൾ, ലേഖനങ്ങൾ എന്നിവയും ആനുകാലിക വിഷയങ്ങളെ അധികരിച്ച് തയ്യാറാക്കിയ ഉള്ളടക്കവും സൈറ്റിൽ നൽകിയിട്ടുണ്ട്.

സ്വന്തമായി ഇ-മെയിൽ വിലാസമില്ലാത്തവർക്കുപോലും ലോകത്തെവിടെനിന്നും മന്ത്രിയുടെ ഇ-മെയിൽ ബോക്സിലേക്ക് സന്ദേശമയക്കാനുള്ള സംവിധാനവും ഇതിലുണ്ട്. ഈ സംവിധാനം രാജ്യത്ത് ആദ്യത്തേതും ഏറെ പുതുമകളുള്ളതുമാണ്.

വെബ്സൈറ്റുകളുടെ വിലാസങ്ങൾ:

www.minister-education.kerala.gov.in, www.minister-home.kerala.gov.in
www.minister-scst.kerala.gov.in, www.minister-forest.kerala.gov.in
www.minister-food.kerala.gov.in, www.minister-labour.kerala.gov.in
www.minister-industry.kerala.gov.in, www.minister-pwd.kerala.gov.in
www.minister-transport.kerala.gov.in, www.minister-law.kerala.gov.in
www.minister-irrigation.kerala.gov.in, www.minister-revenue.kerala.gov.in
www.minister-agriculture.kerala.gov.in, www.minister-fisheries.kerala.gov.in, www.minister-health.kerala.gov.in, www.minister-cooperation.kerala.gov.in, www.minister-finance.kerala.gov.in, www.minister-localadmin.kerala.gov.in

# അമ്മമാർക്ക് പ്രസവധനം

**ജനനി സുരക്ഷാ** യോജന എന്നത് ഹിന്ദി വാക്കാണ്. മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയാൽ മാതൃസംരക്ഷണ പദ്ധതി എന്നർഥം. പാവപ്പെട്ട സ്ത്രീകൾക്ക് ആദ്യം രണ്ട് പ്രസവത്തിന് സാമ്പത്തിക സഹായം നൽകുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ദരിദ്ര കുടുംബങ്ങളിലെ പാവപ്പെട്ട അമ്മമാർക്ക് ഇത് ഒരു ആശ്വാസമാണ്. പക്ഷേ, സാങ്കേതികമായ നൂലാമാലകളിൽപ്പെട്ട് കഴിഞ്ഞ കുറെ വർഷങ്ങളായി ഈ ആനുകൂല്യം പാവപ്പെട്ട അമ്മമാർക്ക് പൂർണമായും പ്രയോജനപ്പെടുത്താനായില്ല. സുപ്രീംകോടതി തന്നെ ഇതിനെതിരെ സംസ്ഥാന സർക്കാരുകളെ കടുത്ത ഭാഷയിൽ വിമർശിച്ചിരുന്നു.

പ്രസവാനുകൂല്യപദ്ധതി (മെറ്റേണിറ്റി ബെനിഫിറ്റ് സ്കീം) എന്ന പേരിലാണ് നേരത്തെ ഈ പദ്ധതി നടപ്പാക്കിയിരുന്നത്. നടപടിക്രമങ്ങൾ പൂർത്തിയാക്കാനുള്ള പ്രയാസം കണക്കിലെടുക്കുമ്പോൾ ഈ കാശ് വേണ്ടെന്ന് വയ്ക്കുന്നതാണ് നല്ലതെന്ന് ആരെങ്കിലും കരുതിയാൽ അവരെ കുറ്റം പറയാൻ കഴിയാത്ത സ്ഥിതിയായിരുന്നു അന്ന്.

സർക്കാർ ഈ സ്ഥിതി മനസ്സിലാക്കുകയും അമ്മമാർക്ക് എളുപ്പത്തിൽ ആനുകൂല്യം കിട്ടുവാൻ എന്തുചെയ്യുവാൻ കഴിയുമെന്നും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും പ്രസവം നടക്കുന്ന സർക്കാർ ആശുപത്രികളിൽ വച്ച് അപ്പോൾ തന്നെ കാശ് നൽകുന്നതിനാവശ്യമായ നിർദേശം 2007 ഒക്ടോബറിൽ നൽകുകയും ചെയ്തു.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽപ്പെട്ട സ്ത്രീകളുടെ ആദ്യ രണ്ട് പ്രസവത്തിന് നഗരങ്ങളിൽ 700 രൂപയും ഗ്രാമങ്ങളിൽ 600 രൂപയും കൃത്യമായി നൽകുന്നു. കൂടാതെ 300 രൂപ യാത്രാ ചെലവും നൽകാൻ തീരുമാനിച്ചു. ബിപിഎൽ ആണെന്ന് തെളിയിക്കുന്ന റേഷൻ കാർഡോ പഞ്ചായത്തുകളിൽ ബിപിഎൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന സാക്ഷ്യപത്രമോ ഹാജരാക്കുന്നവർക്ക് അപ്പോൾ തന്നെ കാശ് നൽകും. എസ്സി-എസ്ടി വിഭാഗത്തിൽപ്പെട്ടവർക്ക് ബിപിഎൽ സർട്ടിഫിക്കറ്റ് ആവശ്യമില്ല.

2007-08 സാമ്പത്തിക വർഷം 1,60,267 അമ്മമാർക്ക് ധനസഹായം നൽകി. 12.89 കോടി രൂപയാണ് വിനിയോഗിച്ചത്. 2006-07 സാമ്പത്തിക വർഷം 58,296 പേർക്ക് മാത്രമാണ് ധനസഹായം ലഭിച്ചത് എന്ന് മനസ്സിലാക്കുമ്പോൾ പദ്ധതി നിർവഹണത്തിൽ ഈ സർക്കാർ വരുത്തിയ മാറ്റം കൊണ്ട് ലഭിച്ച പ്രയോജനം വ്യക്തമാണ്.

സാമ്പത്തിക പരാധീനത കാരണം വീടുകളിൽത്തന്നെ പ്രസവം നടത്തിയിരുന്ന ആദിവാസി കോളനികളിൽ നിന്നും ചേരികളിൽ നിന്നുമെല്ലാം സ്ത്രീകൾ സർക്കാർ ആശുപത്രികളിലേക്ക് വന്നു തുടങ്ങി. വീടുകളിൽ പ്രസവം നടക്കുമ്പോഴുണ്ടാകുന്ന പ്രയാസങ്ങൾ കുറഞ്ഞു. സർക്കാർ ആശുപത്രികളിൽ കൂടുതൽ പ്രവർത്തനക്ഷമവും സൗഹൃദപരവുമായി.

# മൊഴിച്ചെപ്പ്

വാളല്ല ഒരു എഴുത്തുകാരന്റെ സമരായുധം. പേനയുമല്ല. മനസ്സാണ് ഒരു കലാകാരന്റെ സകല രചനാ സംരംഭങ്ങൾക്കും പ്രേരകമായി സ്ഥായിയായി നിലനിൽക്കുന്നത്.

**യു.എ. ഖാദർ**

ഭ്രാന്തില്ലാത്ത ഒരാൾക്ക് കവി ആകാൻ കഴിയില്ല. ചിന്തകനാകാൻ പറ്റില്ല. എന്തിന്, രാഷ്ട്രീയക്കാരനുപോലും അൽപ്പം ഭ്രാന്ത് വേണം. ഭ്രാന്തുള്ളവർക്കേ വഴിമാറിചിന്തിക്കാനാകൂ. അങ്ങനെ ചിന്തിച്ചാലല്ലേ മാറ്റങ്ങളും അനുഭവങ്ങളും ഉണ്ടാവുകയുള്ളൂ. അതുകൊണ്ട് ഭ്രാന്ത് നമുക്കൊപ്പം നിൽക്കട്ടെ!

**കാക്കനാടൻ**

ഭാസ്കരൻ മാസ്റ്റർ ഒരു പാട്ടെഴുതിയാൽ അതിൽ ഒരുവാക്കുപോലും സംഗീതത്തിനുവേണ്ടി മാറ്റേണ്ടിവരില്ല. എന്റെ അനുഭവം അതാണ്. വയലാറിനും ഒ.എൻ.വിയ്ക്കും എല്ലാം ആസിദ്ധി ഉണ്ടായിരുന്നെങ്കിലും ഭാസ്കരൻ മാസ്റ്ററുടെ വരികൾ കൈയിൽ കിട്ടിയാൽ ആദ്യ വായനയിൽ തന്നെ ട്യൂൺ മനസ്സിൽ കൊണ്ടു വരാം. വരികളുടെ ഘടന, താളം അങ്ങനെയാണ്.

**കെ.രാഘവൻ**
*സംഗീതസംവിധായകൻ*

ബഷീറിന്റെയും തകഴിയുടെയും നല്ല സാഹിത്യങ്ങൾ വായിച്ചാണ് ഞങ്ങൾ കരുത്ത് നേടിയത്. എന്നാൽ പുത്തൻ തലമുറയ്ക്ക് അതിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതൊക്കെ വായിച്ചാൽ എന്തു പ്രയോജനം കിട്ടുമെന്നായിരിക്കും അവരുടെ ചിന്താഗതി.

**കെ.ജി. ജോർജ്**

കവിതയും കൃഷിയുമില്ലാതെ അന്യസംസ്ഥാനങ്ങളിൽ നിന്നു വാങ്ങിവീർക്കുന്ന ഓണച്ചന്തകളിൽ കവിക്കെന്ത് കാര്യം? കാട്ടുകോഴിക്കുണ്ടോ ഓണവും സംക്രാന്തിയും. ധർമ്മപുത്രരോട് കൃഷ്ണൻ പറയുന്ന മഹാബലിയും തൃപ്പൂണിത്തുറ നാടുവാണിരുന്ന നാട്ടുരാജാവ് മവേലിയും രണ്ടാണ്. കവി സ്വപ്നം കണ്ട ഓണം. കർഷകർ കൊണ്ടാടിയിരുന്ന ഓണം.

**ഡി.വിനയചന്ദ്രൻ**

# ഔഷധസസ്യങ്ങളെക്കുറിച്ച് ഒരു പുസ്തകം

കേരളത്തിന് മലയാള ഭാഷപോലെ ആയുർവേദവും ജീവവായുവാണ്. കേരളത്തിന്റെ തനതു ചികിത്സാ സമ്പ്രദായമാണ് ആയുർവേദം. ചികിത്സാ മേഖലയിൽ ആയുർവേദത്തിന് പ്രത്യേക സ്ഥാനം ലഭിക്കുകയും രോഗികൾ കൂടുതൽ താത്പര്യത്തോടെ ഈ ചികിത്സാവിധിയെ സ്വീകരിക്കുകയും ചെയ്യുന്ന കാഴ്ച ആയുർവേദ സ്നേഹികളെ സന്തോഷിപ്പിക്കുന്നു. നമ്മുടെ കാടുകളിലും പറമ്പുകളിലും നട്ടുപിടിപ്പിക്കുന്നതും അല്ലാത്തതുമായ അമൂല്യ ഔഷധ സമ്പത്തുമായി പ്രകൃതി കനിഞ്ഞു നൽകുന്ന ഔഷധ സസ്യങ്ങളാണ് ആയുർവേദ ചികിത്സാമേഖലയ്ക്ക് അനിവാര്യമായ അസംസ്കൃത വസ്തുക്കൾ. പക്ഷേ ഇന്ന് ആയുർവേദ ചികിത്സാമേഖല സജീവമാണെങ്കിലും മരുന്നുത്പാദനത്തിന് അത്യന്താപേക്ഷിതമായ ഔഷധസസ്യങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ലെന്ന് മരുന്നു നിർമാതാക്കളും ആയുർവേദ ഡോക്ടർമാരും അഭിപ്രായപ്പെടുന്നുണ്ട്. അതിന് പ്രതിവിധിയായി വിവിധ പദ്ധതികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ രൂപം നല്കിയിട്ടുണ്ട്. സംസ്ഥാനത്തെ സ്വകാര്യ-സർക്കാർ ആയുർവേദ കോളേജുകളിൽ ഔഷധ സസ്യ പരിപാലനം നടന്നുവരുന്നു. തിരുവനന്തപുരം ആയുർവേദ കോളേജിനു കീഴിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഫാർമക്കോഗ്നോസി ഡിപ്പാർട്ടുമെന്റ് തന്നെയുണ്ട്. ഇവിടെ നിന്ന് വീട്ടുവളപ്പിലും പൂന്തോട്ടത്തിലും കർഷകർക്കും ആവശ്യമായ ഔഷധ സസ്യങ്ങൾ സൗജന്യനിരക്കിൽ വില്പനയും നടന്നുവരുന്നു. കേന്ദ്ര ഔഷധ സസ്യബോർഡ് സംസ്ഥാന ഔഷധ സസ്യ ബോർഡ് വഴി ഔഷധ സസ്യകൃഷിക്കായി ധനസഹായം നൽകുന്ന പദ്ധതികളും രൂപകല്പന ചെയ്തിട്ടുണ്ട്. ഇതിലൊക്കെ പ്രധാനമാണ് ഔഷധസസ്യപരിപാലനത്തെയും സംരക്ഷണത്തെയും കുറിച്ച് സാമാന്യജനങ്ങളിൽ അവബോധമുണ്ടാക്കുക എന്നത്. അതിലേക്കുള്ള ശ്രമത്തിന്റെ ഭാഗമാണ് സംസ്ഥാന ഔഷധസസ്യ ബോർഡ് ഔഷധ സസ്യങ്ങളെക്കുറിച്ച് പ്രസിദ്ധീകരിച്ച പുസ്തകം.





കേരളത്തിലെ കാലാവസ്ഥയ്ക്കിണങ്ങുന്നതും കർഷകർക്ക് പ്രയോജനപ്രദവും വാണിജ്യ പ്രാധാന്യവുമുള്ള പ്രധാനപ്പെട്ട 25 ഔഷധസസ്യങ്ങളെക്കുറിച്ചാണ് 'സുസ്ഥിര ഔഷധ സസ്യകൃഷി' എന്ന പുസ്തകം. ഔഷധസസ്യങ്ങളുടെ വിത്തുമുതൽ വിപണിവരെയുള്ള വിവിധ ഘട്ടങ്ങൾ വിശദാംശങ്ങളോടെ നാനൂറിൽപ്പരം വർണചിത്രങ്ങളുടെ സഹായത്തോടെ ശാസ്ത്രീയാപഗ്രഥനത്തിലൂടെ ഈ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നു. സസ്യത്തെക്കുറിച്ചുള്ള വിവരണം, ഗുണങ്ങൾ, രാസഘടകങ്ങൾ, കൃഷിരീതി, പരിചരണം, വിളവെടുപ്പ്, സംസ്കരണം, വിപണനം, നടീൽ വസ്തുക്കളുടെ ലഭ്യത, ഗവേഷണസ്ഥാപനങ്ങൾ, ജൈവ ജീവാണു വളങ്ങൾ, ജൈവകീടനാശിനികൾ തുടങ്ങിയ കാര്യങ്ങൾ വിശദമാക്കുന്ന ഈ പുസ്തകം ആയുർവേദ സ്നേഹികൾക്കും, പ്രത്യേകിച്ച് ഗവേഷകർ, കർഷകർ, വിദ്യാർഥികൾ തുടങ്ങി ഏവർക്കും ഉപകാരപ്രദമാകുന്ന ഗ്രന്ഥമാണെന്നതിൽ തർക്കമില്ല.

250 രൂപ വിലയുള്ള ഈ പുസ്തകം വിദ്യാർഥികൾക്കും കർഷകർക്കും ബോർഡിന്റെ സബ്സിഡി വിലയായ 90 രൂപയ്ക്ക് സംസ്ഥാന ഔഷധസസ്യബോർഡ്, തൃശൂർ 22 വിലാസത്തിൽ ലഭ്യമാണ്.

# ജി.ശങ്കരപ്പിള്ള നാടകം ജീവിതം

**സാബു കോട്ടുക്കൽ**

നാടകത്തിനുവേണ്ടി ജീവിക്കുകയും ജീവിതം മൂല്യവത്തായി ആവിഷ്കരിക്കുകയും ചെയ്ത സമ്പൂർണ അധ്യാപകനും ഗാന്ധിയനുമായിരുന്നു ശങ്കരപ്പിള്ള. ഈ കൃതി അദ്ദേഹത്തെ കണ്ടെത്തുന്നതിനും നാടകലോകത്തെ അദ്ദേഹത്തിന്റെ സ്ഥാനം പുതിയ തലമുറയ്ക്കും സാഹിത്യ വിദ്യാർഥികൾക്കും ഗവേഷകർക്കും മനസ്സിലാക്കി കൊടുക്കുന്നതിനും ഉപകരിക്കും. ഓരോ അധ്യായങ്ങളായി തിരിച്ചിട്ടുള്ള ഈ പുസ്തകത്തിൽ ജി.ശങ്കരപ്പിള്ള എന്ന നാടകരചയിതാവ്, സംവിധായകൻ, നാടകപ്രവർത്തകൻ, ബാലനാടകരചയിതാവ് എന്നിങ്ങനെ വിവിധങ്ങളായ തലങ്ങളിൽ അദ്ദേഹം കൈവരിച്ച നേട്ടങ്ങളും ത്യാഗങ്ങളും വളരെ അർഥവത്തായ രീതിയിൽ ആവിഷ്കരിച്ചിരിക്കുന്നു.




കേരള സാഹിത്യ അക്കാദമി
വില: 100/- രൂപ



കാസർകോട് സീതാംഗോളിയിലെ എച്ച്.എ.എൽ യൂണിറ്റിന് കേന്ദ്ര പ്രതിരോധ വകുപ്പ് മന്ത്രി എ.കെ.ആന്റണി തുടക്കമിട്ടപ്പോൾ. വ്യവസായ വകുപ്പ് മന്ത്രി എളമരം കരീം സമീപം

# കോട്ടകളുടെ നാട്ടിൽ എച്ച് എ എൽ കോട്ട

**കോട്ടകളുടെ നാട്ടിൽ** ഇനി വികസനം കോട്ടകെട്ടുന്നതിന്റെ തുടക്കമായി കാസർകോട് സീതാംഗോളിയിലെ എച്ച്.എ.എൽ യൂണിറ്റ് തറക്കല്ലിടൽ ചടങ്ങ്.

പ്രതിരോധ വകുപ്പിൽ നിന്ന് കൂടുതൽ പദ്ധതികൾ കേരളത്തിന് ലഭിക്കുമെന്ന് എച്ച്.എ.എൽ യൂണിറ്റിന് ശിലയിട്ട കേന്ദ്ര പ്രതിരോധ വകുപ്പ് മന്ത്രി എ.കെ.ആന്റണി പറഞ്ഞു. യാത്രാവിമാനങ്ങളുടെ നിർമാണം എച്ച്.എ.എൽ ആരംഭിക്കുമ്പോൾ സീതാംഗോളിയിലെ യൂണിറ്റിനും പ്രാതിനിധ്യം ലഭിക്കുമെന്ന് ആന്റണി പറഞ്ഞു. വ്യവസായ വകുപ്പ് മന്ത്രി എളമരം കരീം അധ്യക്ഷത വഹിച്ചു. എച്ച്.എ.എൽ ചെയർമാൻ അശോക കെ.ബവേജ, പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ടി.കെ.എ.നായർ, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടി ബാലകൃഷ്ണൻ, പ്രതിരോധ നിർമാണ വിഭാഗം സെക്രട്ടറി പ്രദീപ് കുമാർ, എം.എൽ.എ മാരായ സി.ടി.അഹമ്മദലി, സി.എച്ച്.കുഞ്ഞമ്പു തുടങ്ങിയവരും സംബന്ധിച്ചു.

കമ്മ്യൂണിക്കേഷൻ, റഡാർ, നാവിഗേഷൻ, കംപ്യൂട്ടർ, ഇലക്ട്രോണിക്സ് വാർഫെയർ എന്നീ മേഖലകളിലെ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ ആണ് ഇവിടെ നിർമിക്കുക. ഇന്ത്യൻ ആംഡ് ഫോഴ്സിന് നൽകുന്ന എയർക്രാഫ്ടുകളിലും ഹെലികോപ്ടറുകളിലും ഘടിപ്പിക്കുന്ന ഉപകരണങ്ങളുടെ നിർമാണം, പരിശോധന എന്നിവയ്ക്കുപുറമെ എയർക്രാഫ്റ്റുകളുടെയും ഹെലികോപ്ടറുകളുടെയും അറ്റകുറ്റപ്പണികളും കിൻഫ്ര വ്യവസായ പാർക്കിൽ ആരംഭിക്കുന്ന ഫാക്ടറിയിൽ നിർവഹിക്കും. അടുത്ത ആറ് വർഷത്തേക്ക് ഈ ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ വമ്പിച്ച ആവശ്യം കണക്കിലെടുത്താണ് പുതിയ ഫാക്ടറി സ്ഥാപിക്കുന്നത്. അടുത്ത 20-25 വർഷത്തേയ്ക്ക് ആവശ്യമായ അഞ്ചാം തലമുറ എയർ ക്രാഫ്റ്റുകൾക്കാവശ്യമുള്ള എയർ ബോൺ കംപ്യൂട്ടറുകളും ഇവിടെ നിർമിക്കും. ആകെ 4000 ചതുരശ്ര മീറ്ററിലാണ് ഫാക്ടറി വിഭാവനം ചെയ്യുന്നത്. ആരംഭത്തിൽ 90 കോടി രൂപയായിരിക്കും മുതൽമുടക്കുക. ആദ്യ ഘട്ടത്തിൽ 75 ജീവനക്കാരുണ്ടാകും. 99 വർഷത്തെ പാട്ടത്തിനാണ് സംസ്ഥാന സർക്കാർ ഫാക്ടറിക്കാവശ്യമായ 200 ഏക്കർ ഭൂമി നൽകുന്നത്. 2009-10 അവസാനത്തോടെ ഉത്പാദനം ആരംഭിക്കുവവാൻ സാധിക്കുന്ന തരത്തിലാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

എച്ച്.എ.എല്ലിന്റെ ഹൈദരാബാദിലെ ഏവിയോണിക്സ് വിഭാഗത്തിൻ കീഴിലായിരിക്കും കാസർകോട് ഫാക്ടറി. മംഗലാപുരം തുറമുഖം, വിമാനത്താവളം എന്നിവയുടെ സാമീപ്യമാണ് കാസർകോട് തെരഞ്ഞെടുപ്പിന് അനുകൂലമായത്.

വ്യാവസായികമായി പിന്നാക്കം നിൽക്കുന്ന കാസർകോടിന് വൻ വികസന സാധ്യതകളും ധാരാളം തൊഴിലവസരങ്ങളും സൃഷ്ടിക്കുന്ന ഒന്നാണ് കിൻഫ്രയുടെ വ്യവസായ പാർക്ക്.

സംരംഭകർക്ക് വ്യവസായം തുടങ്ങുവാൻ വേണ്ട നാനാവിധമായ അനുമതികൾ ഏകജാല സമ്പ്രദായത്തിലൂടെ കിൻഫ്ര നേടിക്കൊടുക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ ഇന്റഗ്രേറ്റഡ് ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് സെന്റർ പദ്ധതി പ്രകാരമാണ് കിൻഫ്ര കാസർകോട് വ്യവസായ പാർക്ക് വികസിപ്പിച്ചിട്ടുള്ളത്.

കൊച്ചിയിലെ എവർസ്റ്റാർ ഇന്ത്യ ആഗ്രോ ഇൻഡസ്ട്രീസിന്റെ 10 കോടിയോളം ചെലവ് പ്രതീക്ഷിക്കുന്ന പാമോയിൽ പരുത്തിയെണ്ണ സംസ്കരണ യൂണിറ്റ്, 40 ലക്ഷം രൂപ ചെലവിലുള്ള റബർ ഓട്ടോമൊബൈൽ ഫ്ളോർമാറ്റ് യൂണിറ്റ്, 50 ലക്ഷം രൂപ ചെലവിലുള്ള കാസർകോട്ടെ വെൽഫിറ്റ് പോളിമേഴ്സിന്റെ ചെരുപ്പ് നിർമാണ യൂണിറ്റ്, മംഗലാപുരത്തെ മാംഗളൂർ റിഫൈനറി ആന്റ് പെട്രോ കെമിക്കൽസിന്റെ 2 കോടി രൂപ ചെലവുള്ള യൂണിറ്റ്, വൈറ്റ് സിമന്റ് നിർമാണ ശാല, ഗ്രാനൈറ്റ് പ്രോസസിങ് സെന്റർ തുടങ്ങി 46 വ്യവസായ യൂണിറ്റുകൾക്ക് കാസർകോട്ടെ കിൻഫ്ര വ്യവസായപാർക്കിൽ വ്യവസായം തുടങ്ങുവാൻ സ്ഥലം അനുവദിച്ചിട്ടുണ്ട്.

കാസർകോട് റെയിൽവേ സ്റ്റേഷനിൽ നിന്ന് 12 കിലോമീറ്ററും മംഗലാപുരം വിമാനത്താവളത്തിൽ നിന്ന് 50 കിലോമീറ്ററും ദൂരമാണ് കിൻഫ്ര വ്യവസായപാർക്കിലേക്കുള്ളത്.

**കെ.അബ്ദു റഹിമാൻ**
ജില്ലാ ഇൻഫർമേഷൻ ഓഫീസർ
കാസർകോട്

# കോട്ടയത്ത് അങ്കണവാടികൾക്ക് പുഷ്കലകാലം

**കുട്ടികളുടെ ആരോഗ്യം**, വിദ്യാഭ്യാസം, ഉന്നമനം എന്നിവ ലക്ഷ്യമാക്കി കോട്ടയം ജില്ലയിൽ 2007-08 സാമ്പത്തിക വർഷം 248 അങ്കണവാടികൾ പുതുതായി ആരംഭിച്ചു. സംസ്ഥാന ഫണ്ട് ഉപയോഗിച്ച് 86 അങ്കണവാടികൾക്ക് സാമൂഹികക്ഷേമ വകുപ്പ് കെട്ടിടം നിർമിച്ചുകൊടുത്തു. എം.ജി.പി ഫണ്ട് ഉപയോഗിച്ച് 34 അങ്കണവാടി കെട്ടിടവും നിർമിച്ചു നൽകി. കല്ലറയിൽ മഹിളാമന്ദിരത്തിന് സ്വന്തമായി കെട്ടിടം നിർമിക്കുന്നതിന് എം.ജി.പി ഫണ്ടിൽ നിന്ന് 3,80,000 രൂപ നൽകിയിട്ടുണ്ട്.

കോട്ടയം ജില്ലയിൽ പ്രവർത്തിക്കുന്ന അംഗീകാരമുള്ള 55 അനാഥാലയങ്ങൾക്കും 25 വൃദ്ധസദനങ്ങൾക്കും നാല് വികലാംഗസദനങ്ങൾക്കും ഒരു യാചകമന്ദിരത്തിനും ഒരു അന്തേവാസിക്ക് 150 രൂപ നിരക്കിൽ 82,68,345 രൂപയുടെ സാമ്പത്തിക സഹായം ഇക്കാലയളവിൽ നൽകി. സ്കോളർഷിപ്പ് ഇനത്തിൽ വികലാംഗ വിദ്യാർഥികൾക്ക് 60,000 രൂപയും ബുദ്ധിമാന്ദ്യമുള്ള വിദ്യാർഥികൾക്ക് ജില്ലാ പഞ്ചായത്തിന്റെ പ്രോജക്ട് പ്രകാരം 10 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കോട്ടയം

# വയനാടൻ കർഷകർക്ക് കടാശ്വാസം



വയനാട്ടിൽ കാർഷിക കടബാധ്യത എഴുതിത്തള്ളിയ രേഖ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ കൈമാറിയപ്പോൾ. കൃഷിമന്ത്രി മുല്ലക്കര രത്നാകരൻ സമീപം

**മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദനിൽ** നിന്ന് കാർഷിക കടബാധ്യത എഴുതിത്തള്ളിയ രേഖ ഏറ്റുവാങ്ങിയപ്പോൾ വാർധക്യം മഷിയെഴുതിയ ബ്രിജിത്തയുടെ കണ്ണുകൾ നിറഞ്ഞിരുന്നു. അത് സന്തോഷത്തിന്റെ അശ്രുപൂജയായിരുന്നു. സംസ്ഥാന സർക്കാരിന്റെ കാർഷിക കടാശ്വാസ പദ്ധതിയിലൂടെ ഋണബാധ്യതയിൽ നിന്നൊഴിവായ വയനാട്ടിലെ 17000 കർഷകരുടെ പ്രതിനിധിയാണ് ബ്രിജിത്ത. ഭർത്താവ് നേരത്തെ മരിച്ചു. മകൻ ജോസ് കൂലിപ്പണി എടുത്താണ് കുടുംബം പുലർത്തുന്നത്. 40 സെന്റ് സ്ഥലത്തെ കൃഷി പുനരുദ്ധരിക്കുന്നതിനാണ് ബ്രിജിത്ത ബാങ്കിൽ നിന്ന് ലോണെടുത്തത്. വിള പാടേ നശിച്ചപ്പോൾ കടക്കാരിയായി. ഈ കടമാണ് സർക്കാർ ഇപ്പോൾ എഴുതിത്തള്ളിയിരിക്കുന്നത്. ബാങ്കുകാരുടെ ജപ്തിഭീഷണികളിൽ നിന്ന് ബ്രിജിത്ത മോചിതയായിരിക്കുന്നു.

കടക്കെണിയിൽ നിന്ന് മോചനമില്ലെന്ന് കരുതിയ വയനാടൻ കർഷകന് കടാശ്വാസപദ്ധതി പുതുജീവൻ നൽകിയിരിക്കുന്നു. വയനാട്ടിലെ 17,595 കർഷക ഭവനങ്ങളിലേക്ക് 14.10 കോടി രൂപയുടെ ആശ്വാസമാണെത്തുന്നത്. 10 കർഷകർക്ക് മുഖ്യമന്ത്രി വേദിയിൽ വച്ചുതന്നെ രേഖകൾ കൈമാറി. ശേഷിക്കുന്നവർക്ക് അതത് ബാങ്കുകളിൽ നിന്ന് കടം എഴുതിത്തള്ളിയ രേഖകളും പ്രമാണങ്ങളും ലഭിക്കും. 2006 ജൂൺ 30 വരെ എടുത്ത 25,000 രൂപ വരെയുള്ള ചെറുകിട കർഷകരുടെ കടമാണ് എഴുതിത്തള്ളിയത്. ഒരേക്കർ വരെ ഭൂമിയുള്ള കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. കുടിശിക പുതുക്കിയ കർഷകർക്കും ആശ്വാസം ലഭിക്കുന്നതാണ് പദ്ധതി. കേന്ദ്ര കടാശ്വാസ പദ്ധതിയിൽ പുറന്തള്ളപ്പെട്ടവരെ കൂടി ഉൾപ്പെടുത്തിയാണ് സംസ്ഥാന പദ്ധതി.

വയനാട്ടിൽ കടബാധ്യത മൂലം ആത്മഹത്യ ചെയ്ത 1127 കർഷകരുടെ കടങ്ങൾ ഇടതുമുന്നണി സർക്കാർ അധികാരത്തിൽ വന്നയുടനെ പൂർണമായി എഴുതിത്തള്ളിയിരുന്നു. രണ്ടരക്കോടി രൂപ ഇതിനായി വിനിയോഗിച്ചു. ആത്മഹത്യ ചെയ്തവരുടെ ആശ്രിതർക്ക് 50,000 രൂപ വീതം നൽകുകയും ചെയ്തു. ഈയിനത്തിൽ ആറരക്കോടി രൂപ നൽകി. ഇതേത്തുടർന്ന് രാജ്യത്താദ്യമായി ഒരു കടാശ്വാസ കമ്മീഷനും സംസ്ഥാനത്ത് രൂപീകൃതമായി. കമ്മീഷന്റെ നിർദേശപ്രകാരമാണ് ഇപ്പോഴത്തെ കടം ഏറ്റെടുക്കൽ.

ജില്ലയിൽ കൂടിയ തോതിൽ നെല്ല് ഉത്പാദിപ്പിച്ചാൽ അത് സംഭരിക്കാൻ തയ്യാറാണെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച കൃഷിവകുപ്പ് മന്ത്രി മുല്ലക്കര രത്നാകരൻ പറഞ്ഞു. നെല്ല് സംഭരിച്ചതിലൂടെ ഒരു വർഷം കർഷകർക്ക് 300 കോടിയുടെ അധിക വരുമാനമാണുണ്ടായത്. ഇടുക്കിയും വയനാടും വിചാരിച്ചാൽ സംസ്ഥാനത്തെ പച്ചക്കറി ക്ഷാമം പരിഹരിക്കാമെന്നും മന്ത്രി പറഞ്ഞു.

**എം.എ. വിൻസന്റ്**
ജില്ലാ ഇൻഫർമേഷൻ ഓഫീസർ, വയനാട

# ഇ-പൊലീസിങ്ങിലെ മലപ്പുറം മാതൃക

**മലപ്പുറം ജില്ലയിലെ** പൊലീസ് സേവനങ്ങൾ ഇ-പൊലിസിങ്ങിലേക്ക് മാറുകയാണ്. കംപ്യൂട്ടർ സംവിധാനവും ജില്ലാ പൊലീസ് ഓഫീസ്, കളക്ടറേറ്റ് ഉൾപ്പെടെ മറ്റ് വകുപ്പുകളുടെ ജില്ലാ ഓഫീസുകളും തമ്മിൽ ബന്ധപ്പെടുന്നതിന് സഹായകമായ ഇന്റർനെറ്റ് കണക്ഷനും എല്ലാ സ്റ്റേഷനുകളിലും ലഭ്യമായ രാജ്യത്തെ ഏക ജില്ല മലപ്പുറമാണ്.



സേനാംഗങ്ങളിലെ കംപ്യൂട്ടർ പരിജ്ഞാനം വർധിപ്പിക്കുന്നതിന് സംസ്ഥാന ഐ.റ്റി. മിഷന്റെ സഹകരണത്തോടെ ജില്ലാ പൊലീസ് ഓഫീസിൽ 2007 ജൂലൈ ഒന്നിന് ആരംഭിച്ച പരിശീലന പരിപാടി വിജയകരമായി ഒരു വർഷം പൂർത്തീകരിച്ചു. എ.എസ്.ഐമാരുൾപ്പെടെ ആയിരത്തിൽപ്പരം പൊലീസുകാരും അറുപത് മിനിസ്റ്റീരിയൽ സ്റ്റാഫും ഈ കാലയളവിൽ പരിശീലനം നേടി. വിൻഡോസ് എക്സ്പി, റെഡ്ഹാറ്റ് ലിനക്സ്, എം.എസ്.ഓഫീസ്, ഓപ്പൺ ഓഫീസ്, ഇന്റർനെറ്റ്, ഇ-മെയിൽ, ഫിംഗർപ്രിന്റ് മാച്ചിങ് തുടങ്ങിയ വിഷയങ്ങളിലാണ് പരിശീലനം നൽകുന്നത്.

ജില്ലാ പൊലീസിന്റെ കംപ്യൂട്ടർ സെല്ലിന്റെ ചുമതലയുള്ള എസ്.ഐ.അൻവർ ഹുസൈൻ കോ-ഓഡിനേറ്ററും കോടൂർ ഗ്രാമപഞ്ചായത്ത് കംപ്യൂട്ടർ ട്രെയിനിങ് സെന്ററിന്റെ മാനേജിങ് ഡയറക്ടർ പി.പി.അബ്ദുൾ നാസർ മുഖ്യപരിശീലകനുമായ ടീമാണ് നേതൃത്വം നൽകിയത്.

ജില്ലയിലെ വിവിധ സ്റ്റേഷനുകൾ, എ.ആർ. ക്യമ്പ് എന്നിവിടങ്ങളിൽ നിന്നായി വരുന്ന 42 പേരടങ്ങുന്ന ഓരോ ബാച്ചിനും 84 മണിക്കൂർ പരിശീലനവും ഓൺലൈൻ പരീക്ഷയും വിജയികൾക്ക് കേരള സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി വിഭാഗത്തിന്റെ സർട്ടിഫിക്കറ്റും നൽകുന്നുണ്ട്. ഓരോ ബാച്ചിലും പരീക്ഷയിൽ ഉയർന്ന മാർക്ക് നേടുന്നയാൾക്ക് ജില്ലാ പൊലീസ് സൂപ്രണ്ട് പി.വിജയൻ ഐ.പി.എസിന്റെ പ്രത്യേക ക്യാഷ് അവർഡും നൽകുന്നുണ്ട്.

എം.ശിവശങ്കർ ഐ.എ.എസ് മലപ്പുറം ജില്ലാ കളക്ടറായിരുന്ന സമയത്ത് സമർപ്പിച്ച പ്രത്യേക പ്രോജക്റ്റ്, ഇന്ത്യാ ഗവൺമെന്റിന്റെ ഇ-ഗവേർണൻസ് പ്ലാനിൽ ഉൾപ്പെടുത്തിയാണ് ഒരു കോടി 64 ലക്ഷം രൂപ അനുവദിച്ചത്. ജില്ലാ ഭരണകൂടത്തിന്റെയും അക്ഷയ പ്രോജക്റ്റിന്റെയും ആഭിമുഖ്യത്തിലാണ് പരിശീലനം.

# ഹൈസ്കൂളുകളിലെ ഇന്റർനെറ്റ് ഉപയോഗത്തിന് മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു

**എട്ട്, ഒൻപത്** ക്ലാസുകളിലെ കുട്ടികൾക്ക് വർഷത്തിൽ ഏറ്റവും കുറഞ്ഞത് അഞ്ചു മണിക്കൂറും പത്താം ക്ലാസിലെ കുട്ടികൾക്ക് പത്തു മണിക്കൂറും നിർബന്ധമായും ഇന്റർനെറ്റ് ഉപയോഗിക്കാനുള്ള സൗകര്യം സ്കൂൾ ലാബിൽ ഒരുക്കണമെന്ന് നിർദേശിച്ച് സർക്കുലർ പുറത്തിറക്കി. ഐടി@സ്കൂളിന്റെ നേതൃത്വത്തിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യം സ്കൂളുകളിൽ ലഭ്യമാകുന്നതോടെ വെബ്സൈറ്റ്, വിക്കിപീഡിയ പോലുള്ള വിജ്ഞാന ശേഖരങ്ങളുടെ ഫലപ്രദമായ ഉപയോഗം, സെർച്ച് എഞ്ചിനുകളുടെ ഉപയോഗം, ഇ-മെയിൽ, ബ്ലോഗ്, ചാറ്റിങ് തുടങ്ങിയവയൊക്കെ കുട്ടികളുടെ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി അധ്യാപകരും കുട്ടികളും ഉപയോഗപ്പെടുത്തണം. ഇന്റർനെറ്റിന്റെ ദുരുപയോഗം തടയാനുള്ള മുൻകരുതലുകളും സ്കൂളുകളിൽ ഏർപ്പെടുത്തണം.

ഹൈസ്കൂൾ ക്ലാസുകളിലെ മുഴുവൻ കുട്ടികൾക്കും സ്വന്തമായി ഇ-മെയിൽ വിലാസം ഉണ്ടാക്കുന്നതോടൊപ്പം നല്ല രീതിയിൽ ഇ-മെയിൽ ഉപയോഗിക്കാനുള്ള പരിശീലനവും നൽകണം. കുട്ടികൾക്ക് വെബ്സൈറ്റുകൾ സന്ദർശിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിന് മുമ്പ്, ആ സൈറ്റുകൾ വിശ്വസനീയവും പ്രയോജനപ്രദവുമാണെന്ന് അധ്യാപകർ ഉറപ്പുവരുത്തണം. നിർബന്ധമായും സ്കൂൾ ലാബിലായിരിക്കണം ഇന്റർനെറ്റ് സൗകര്യം ഏർപ്പെടുത്തേണ്ടത്. സ്കൂളിലെ ഇന്റർനെറ്റ് സൗകര്യം അക്കാദമിക് പ്രവർത്തനങ്ങൾക്കും ഭരണപരമായ പ്രവർത്തനങ്ങൾക്കും മാത്രമേ ഉപയോഗിക്കാവൂ. ഇതുമായി ബന്ധപ്പെടാത്ത വിവരങ്ങൾ, വീഡിയോകൾ, സോഫ്റ്റ്‌വെയറുകൾ തുടങ്ങിയവ ഡൗൺലോഡ് ചെയ്യാൻ പാടില്ല. സെർവറിൽ ഫലപ്രദമായ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയും വെബ് ബ്രൗസറുകളിലുള്ള സുരക്ഷാ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയും അനാവശ്യ വെബ്സൈറ്റുകൾ സന്ദർശിക്കുന്നത് തടസ്സപ്പെടുത്തണം.

അടുത്ത അധ്യയന വർഷം മുതൽ എസ്.എസ്.എൽ.സി. കുട്ടികൾ പൊതുപരീക്ഷയ്ക്ക് സമർപ്പിക്കുന്ന പ്രാക്ടിക്കൽ റെക്കോർഡ് ബുക്കിൽ ഇന്റർനെറ്റുമായി ബന്ധപ്പെട്ട രണ്ട് പ്രവർത്തനങ്ങളുടെയെങ്കിലും വർക്ക് ഷീറ്റുകൾ ഉണ്ടായിരിക്കണം. ഇന്റർനെറ്റിൽ നിന്നും ആവശ്യമുള്ള വിവരങ്ങൾ തെരഞ്ഞെടുക്കുന്ന വിധം, വിവര ശേഖരണം, പരീക്ഷാ ഫലങ്ങൾ, അറിയിപ്പുകൾ എന്നിവ പരിശോധിക്കുന്ന വിധം, ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്ന വിധം തുടങ്ങിയവ നിർബന്ധമായും പരിശീലിപ്പിക്കണം.

## കർഷക തൊഴിലാളി പെൻഷൻ: ഇരട്ടിപ്പ് ഒഴിവാക്കാൻ നിർദേശം

**തദ്ദേശ സ്വയംഭരണ** സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്യുന്ന കർഷക തൊഴിലാളി പെൻഷൻ വാങ്ങുന്ന ചില വ്യക്തികൾ ഒന്നിൽക്കൂടുതൽ പെൻഷൻ വാങ്ങുന്നത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാൻ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും സർക്കാർ സർക്കുലറിൽ നിർദേശം നൽകി.

ഓരോ ഗ്രാമപഞ്ചായത്തും കർഷകത്തൊഴിലാളി പെൻഷൻ, വാർധക്യകാല പെൻഷൻ, വിധവ പെൻഷൻ, വികലാംഗ പെൻഷൻ എന്നീ ക്ഷേമപദ്ധതിയിൽ ഉൾപ്പെട്ട പെൻഷൻകാരുടെ വാർഡ് തലത്തിലുള്ള പ്രത്യേക ലിസ്റ്റ് തയ്യാറാക്കണം.

ഇതിനായി കുടുംബശ്രീ, അങ്കണവാടി വർക്കർ/വർക്കർമാർ എന്നിവരുടെ പ്രതിനിധികളെയും പഞ്ചായത്തിലെ ഒരു ഫീൽഡ് ലെവൽ ഓഫീസറെയും ഉൾക്കൊള്ളിച്ച് ഒരു ടീം പഞ്ചായത്ത് സെക്രട്ടറിമാർ ഓരോ പഞ്ചായത്തിലും രൂപീകരിക്കണം. വാർഡ് തലത്തിലുള്ള ലിസ്റ്റ് ഈ ടീമിന് നൽകണം. ലിസ്റ്റിനെക്കുറിച്ച് ടീം പ്രാദേശികമായി അന്വേഷണം നടത്തി ഒന്നിൽക്കൂടുതൽ പെൻഷൻ വാങ്ങുന്നവരുണ്ടെങ്കിൽ അവരെ കർഷകത്തൊഴിലാളി പെൻഷൻ ലിസ്റ്റിൽ നിന്ന് ഒഴിവാക്കി റിപ്പോർട്ട് സമർപ്പിക്കണം. മറ്റ് ക്ഷേമ പെൻഷനുകളുടെ ലിസ്റ്റിൽ ഒന്നിൽക്കൂടുതൽ പെൻഷൻ സ്വീകരിക്കുന്നവരെ കണ്ടെത്തുകയാണെങ്കിൽ അവർക്ക് കർഷകത്തൊഴിലാളി പെൻഷൻ നൽകുന്നത് നിർത്തണം. ഇക്കാര്യത്തിൽ സൂക്ഷ്മമായ പരിശോധന നടത്തണം. ഇതിന് ശേഷവും ക്ഷേമ പെൻഷനുകളിൽ ഇരട്ടിപ്പ് കണ്ടെത്തുന്നപക്ഷം ഇത് മൂലം സർക്കാരിന് ഉണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറി വ്യക്തിപരമായി ഉത്തരവാദിയായിരിക്കും.

ഏതെങ്കിലും കാരണവശാൽ അവസാനമായി തയ്യാറാക്കിയ ലിസ്റ്റിലും ഏതെങ്കിലും വ്യക്തികൾക്ക് ഒന്നിൽ കൂടുതൽ പെൻഷൻ ലഭിക്കുന്നത് കണ്ടെത്തുകയും അധിക തുക ഓണത്തിന് മുമ്പ് നൽകുകയും ചെയ്താൽ അധികമായി നൽകിയ തുക അടുത്ത ആറ് മാസം അവർക്ക് നൽകേണ്ടുന്ന പെൻഷനിൽ തട്ടിക്കിഴിക്കേണ്ടതാണെന്നും സർക്കുലറിൽ നിർദേശിച്ചിട്ടുണ്ട്.

## സർക്കാർ ഓഫീസുകളിൽ യൂണികോഡ് ഉപയോഗിക്കണം

**സംസ്ഥാന സർക്കാർ** ഓഫീസുകളിലെ കംപ്യൂട്ടറുകളിൽ യൂണികോഡ് അധിഷ്ഠിത മലയാളം ഫോണ്ടുകൾ ഉപയോഗിക്കുവാൻ നിർദേശിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സ്വയംഭരണ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ, അർധ സർക്കാർ സ്ഥാപനങ്ങൾ എന്നിവയ്ക്കും ഉത്തരവ് ബാധകമാണ്. കത്തുകളും മറ്റുവിവരങ്ങളും തയ്യാറാക്കുന്നതിനും വെബ്സൈറ്റുകൾ നിർമിക്കുന്നതിനും യൂണികോഡ് അധിഷ്ഠിത മലയാളം ഫോണ്ടുകൾ ഉപയോഗിക്കേണ്ടതാണ്.

കംപ്യൂട്ടറിൽ യൂണികോഡ് മലയാളം എങ്ങനെ ലഭ്യമാക്കാമെന്ന് മലയാളം കംപ്യൂട്ടിങ് പ്രചാരണ പരിപാടിയുടെ ഭാഗമായി രൂപീകരിച്ച www.malayalam.kerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്. കംപ്യൂട്ടറിൽ ഉപയോഗിക്കുന്നതിനാവശ്യമായ യൂണികോഡ് അധിഷ്ഠിത സ്റ്റാൻഡേർഡ് ഫോണ്ടുകൾ ഈ വെബ്സൈറ്റിൽ ലഭിക്കും. ഇവ സൗജന്യമായി ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാം. കൂടാതെ യൂണികോഡ് അധിഷ്ഠിത ഇൻസ്ക്രിപ്റ്റ് കീ ബോർഡിന്റെ ലേ ഔട്ടും ഈ സൈറ്റിൽ ലഭ്യമാണ്.

## വിവരാവകാശ നിയമത്തിലെ നിർദേശങ്ങൾ കർശനമാക്കി

**2005 ലെ വിവരാവകാശ** നിയമപ്രകാരം ആഫീസിലെ എല്ലാ രേഖകളുടെയും വിവര പട്ടികയും വിഷയസൂചികയും തയ്യാറാക്കണമെന്നും ആഫീസുകളുടെയും ഉദ്യോഗസ്ഥരുടെയും ചുമതലകളും അധികാരങ്ങളും വകുപ്പുതലവൻമാർ പ്രസിദ്ധീകരിക്കണമെന്നുമുള്ള നിർദേശങ്ങൾ കർശനമായി പാലിക്കണമെന്ന് നിർദേശിച്ച് സർക്കാർ സർക്കുലർ ഇറക്കി.

ആഫീസ് രേഖകൾ സമയബന്ധിതമായി, നിലവിലുള്ള വിഭവമുപയോഗിച്ച് കംപ്യൂട്ടർവത്കരിച്ച് പൊതുജനങ്ങൾക്ക് ലഭ്യമാക്കണം.

നിർദേശങ്ങൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടിയെടുക്കുമെന്നും സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

## ശൂന്യവേതന അവധിക്ക് പ്രൊബേഷൻ പൂർത്തിയാക്കണം

സർക്കാർ സർവീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പി.എസ്.സി.മുഖേന ജോലി ലഭിച്ച ജീവനക്കാർക്ക് ശൂന്യവേതനാവധിക്കായി എൻട്രി കേഡറിലെ പ്രൊബേഷൻ പൂർത്തിയാക്കിയാൽ മാത്രമേ അപേക്ഷിക്കാൻ അർഹതയുള്ളൂവെന്ന് വ്യക്തമാക്കി സർക്കാർ സർക്കുലർ പുറപ്പെടുവിച്ചു.

## കൃഷിവകുപ്പിന്റെ പദ്ധതികൾക്ക് സോഷ്യൽ ആഡിറ്റ്

കൃഷിവകുപ്പ് നടപ്പാക്കുന്ന എല്ലാ വികസന പദ്ധതികൾക്കും സോഷ്യൽ ആഡിറ്റ് നടപ്പാക്കുമെന്ന് കൃഷിവകുപ്പ് മന്ത്രി മുല്ലക്കര രത്നാകരൻ അറിയിച്ചു. ആദ്യഘട്ടമെന്ന നിലയിൽ ആയിരം ഗ്രാമങ്ങളിൽ നടപ്പാക്കിവരുന്ന പച്ചക്കറികൃഷി വികസനപദ്ധതി, നെല്ലുത്പാ2ദന വർധനവിനുള്ള പദ്ധതികൾ തുടങ്ങിയവയാണ് സോഷ്യൽ ആഡിറ്റിന് വിധേയമാക്കുക. നെല്ലുത്പാദനം ഇരട്ടിയാക്കുന്നതിനായി സംസ്ഥാനത്ത് നടപ്പാക്കിവരുന്ന പദ്ധതികളെയെല്ലാം സെപ്റ്റംബർ മുതൽ അവലോകന വിധേയമാക്കണമെന്നും പാലക്കാട് ജില്ലയിലെ എല്ലാ നെൽക്കൃഷിക്കാർക്കും നവംബറിൽ തന്നെ ഗ്രീൻകാർഡ് വിതരണം പൂർത്തിയാക്കണമെന്നും മന്ത്രി നിർദേശിച്ചു.

ഓണക്കാലത്ത് സംസ്ഥാനമൊട്ടാകെ പച്ചക്കറികളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് മുൻ തീരുമാന പ്രകാരം നിയോജകമണ്ഡലങ്ങളിൽ വില്പനശാലകൾ ആരംഭിക്കുന്നതിന് കൃഷിവകുപ്പ്, വി.എഫ്.പി.സി.കെ, ഹോർട്ടികോർപ്പ്, സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ തുടങ്ങിയ ഏജൻസികൾ നടപടികൾ സ്വീകരിച്ചുകഴിഞ്ഞതായി യോഗം വിലയിരുത്തി. ജില്ലകളിൽ ഉത്പാദിപ്പിക്കുന്ന മുഴുവൻ പച്ചക്കറികളും ഈ വിപണികളിലൂടെ വിറ്റഴിക്കും. ഇടുക്കിജില്ലയിൽ നിന്നും കഴിഞ്ഞവർഷം വരെ തമിഴ്നാട്ടിലേക്ക് നൽകിയിരുന്ന ഉരുളക്കിഴങ്ങ്, ക്യാരറ്റ്, ബീൻസ്, കോളിഫ്ളവർ തുടങ്ങിയ ശീതകാല പച്ചക്കറികളെല്ലാം കർഷകർക്ക് അപ്പോൾത്തന്നെ പണം നൽകി ഹോർട്ടികോർപ്പ് സംഭരണം ആരംഭിച്ചുകഴിഞ്ഞു. ജില്ലകളിലേക്ക് ആവശ്യമായ മുഴുവൻ ശീതകാല പച്ചക്കറികളും നാടൻ പച്ചക്കറി ഇനങ്ങളും ഹോർട്ടികോർപ്പ് ലഭ്യമാക്കും.

കൃഷിവകുപ്പിന്റെയും സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷന്റെയും സംയുക്താഭിമുഖ്യത്തിൽ സെപ്റ്റംബർ ഏഴിന് തൈക്കാട് പൊലീസ് ഗ്രൗണ്ടിൽ നടന്ന വാഴപ്പഴമേളയുടെയും പച്ചക്കറി വിപണന മേളയുടെയും ഉദ്ഘാടനം കൃഷിവകുപ്പുമന്ത്രി മുല്ലക്കര രത്നാകരൻ നിർവഹിച്ചു.

# പരസ്പരം

**പി.ഡി ടീച്ചറായി** ഹയർഗ്രേഡ് വാങ്ങിയ ശേഷം എച്ച് എസ് എ പ്രമോഷൻ ലഭിച്ചു. എച്ച് എസ് എ യുടെ യാതൊരു സാമ്പത്തിക ആനുകൂല്യവും നിലവിലുള്ള നിയമം അനുവദിച്ചില്ല. ലോവർ തസ്തികയിൽത്തന്നെ തുടർന്നിരുന്നുവെങ്കിൽ കിട്ടുമായിരുന്ന അതേ ശമ്പളം ഇപ്പോഴും തുടരുന്നു. 12 വർഷത്തെ പ്രൈമറി സർവീസും തുടർന്നു 16 വർഷത്തെ എച്ച് എസ് എ സർവീസും പൂർത്തിയാക്കി. ഓഡിറ്റിനു വന്ന ഉദ്യോഗസ്ഥർ, ഹൈസ്കൂൾ ഗ്രേഡു മാത്രമേ ഞാൻ വാങ്ങാവൂ എന്നു പറഞ്ഞു. ലോവർ സ്കെയിലിൽ, സെലക്ഷൻ ഗ്രേഡ് ഉൾപ്പെടെ വാങ്ങിയിരുന്നു. ഇനി എങ്ങനെയാണ് പുതിയ എച്ച് എസ് എ ഗ്രേഡുകൾ വാങ്ങുകയെന്നതിന് വ്യക്തമായ മറുപടി തരാൻ ബന്ധപ്പെട്ടവർക്ക് കഴിയുന്നില്ല. ഇപ്പോൾ എന്റെ അടിസ്ഥാന ശമ്പളം 11,910 രൂപയാണ്. ഉയർന്ന തസ്തികയിലെ ജോലിക്ക് താഴ്ന്ന തസ്തികയിലെ ശമ്പളം എന്ന പ്രശ്നത്തിന് പരിഹാരമായി എന്തെങ്കിലും ഉത്തരവുണ്ടോ?

**റോസിലി ജോസ്**
നീലേശ്വരം

എച്ച്.എസ്.എ തസ്തികയിൽ ചേർന്ന തീയതി മുതൽ മാത്രമേ ആ തസ്തികയിലെ ആനുകൂല്യങ്ങൾ ലഭിക്കൂ. 25.03.2006 ൽ ഇറങ്ങിയ G.O(P) No.145/2006/Fin ഉത്തരവ് അനക്സർ 3 ൽ ഖണ്ഡിക 10 (2) പ്രകാരം ഹൈസ്കൂളിലുള്ള സർവീസ് മാത്രമേ എച്ച്.എസ്.എ ഗ്രേഡ് പ്രമോഷന് പരിഗണിക്കുകയുള്ളൂ.

**എന്റെ എസ്.എസ്.എൽ.സി** ബുക്കിൽ അച്ഛന്റെ യഥാർത്ഥ പേര് മാറിയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് മാറ്റാൻ എന്താണ് ചെയ്യേണ്ടത്? മറുപടി തരുമെന്ന് പ്രതീക്ഷിക്കുന്നു.

**ജിന്നു.എൻ.ആർ**
കോട്ടയം

തദ്ദേശസ്ഥാപനത്തിൽ നിന്നും കിട്ടുന്ന, വിദ്യാർത്ഥിനിയുടെ ജനന സർട്ടിഫിക്കറ്റിൽ, അച്ഛന്റെ / അമ്മയുടെ പേര് ശരിയായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അതനുസരിച്ച് എസ്.എസ്.എൽ.സി ബുക്കിൽ തിരുത്തൽ വരുത്താവുന്നതാണ്. ജനന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ എസ്.എസ്.എൽ.സി ബുക്കിലുള്ള രക്ഷാകർത്താവിന്റെ പേരും ജനന സർട്ടിഫിക്കറ്റിലെ പേരും ഒരാളിന്റേതാണെന്ന വില്ലേജാഫീസറുടെ സർട്ടിഫിക്കറ്റും ഇതിനാവശ്യമാണ്. അഞ്ചു രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിച്ച വെള്ളപേപ്പറിൽ തയ്യാറാക്കിയ അപേക്ഷ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ വഴി പരീക്ഷാഭവൻ സെക്രട്ടറിക്ക് എത്തിക്കുക.

2001 മുതലുള്ള എസ്.എസ്.എൽ.സിക്കാർ ട്രഷറിയിൽ 0202 - 01 -102-92 .... എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 30 രൂപ അടയ്ക്കണം. 2001 നു മുമ്പുള്ളവർ ഫീസ് അടയ്ക്കേണ്ടതില്ല. അപേക്ഷയോടൊപ്പം 20 രൂപ മുദ്രപ്പത്രത്തിൽ അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പ്, എസ്.എസ്.എൽ.സി ബുക്കിന്റെ അസ്സൽ, ജനന സർട്ടിഫിക്കറ്റിന്റെ അസ്സലും ഫോട്ടോകോപ്പിയും എന്നിവ അയയ്ക്കണം. രജിസ്റ്റേർഡ് തപാലിലാണ് അയയ്ക്കേണ്ടത്. വിലാസം: സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം

സ്കൂളിൽ പഠിച്ചു കൊണ്ടിരിക്കുന്ന കുട്ടിയാണെങ്കിൽ ജനന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അഡ്മിഷൻ രജിസ്റ്ററിലെ പേരും ജനന സർട്ടിഫിക്കറ്റിലെ പേരും ഒരാളുടേതാണന്നുള്ള വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റും ജനന സർട്ടിഫിക്കറ്റിന്റെ കോപ്പിയും അഡ്മിഷൻ രജിസ്റ്ററിന്റെ പകർപ്പും ചേർത്ത് സ്കൂൾ മുഖേന ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകണം.

*സർക്കാർ നടപടിക്രമങ്ങളെക്കുറിച്ചും സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും നിങ്ങൾക്കുള്ള സംശയങ്ങൾക്ക് മറുപടി നൽകുന്ന പംക്തിയാണ് 'പരസ്പരം'. ഇതിലേക്കുള്ള ചോദ്യങ്ങൾ എഡിറ്റർ, 'ജനപഥം', ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം - 695 001* ***വിലാസത്തിൽ അയയ്ക്കുക.***




## ആഗോള താപനം ഉത്തരധ്രുവത്തിലെ ഹിമപാളികൾ ഉരുകി മാറുന്നു


**ആർട്ടിക് മേഖലയുടെ** ഉത്തര-പശ്ചിമ ഭാഗത്തെയും ഉത്തര-പൂർവ ഭാഗത്തെയും മഞ്ഞുപാളികൾ ഉരുകിമാറിയെന്നും ഇപ്പോൾ ഇതുവഴി കപ്പലുകൾക്ക് ധ്രുവപ്രദേശത്തെ വലം വയ്ക്കാനാകുമെന്നും നാസയുടെ ഉപഗ്രഹചിത്രങ്ങൾ തെളിയിക്കുന്നു. ആഗോളതാപനമാണ് ഇതിനു കാരണം. പൂർവ മേഖലയിലെ സൈബീരിയ വരെ നീളുന്ന ഹിമപാളിയുടെ ഭാഗവും ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഉരുകിമാറി. ഇത് ധ്രുവങ്ങളെ ഒരു മരണച്ചുഴിയിൽപ്പെടുത്തിയിരിക്കുകയാണ്. ഷിപ്പിങ് കമ്പനികളാകട്ടെ, പുതിയ കപ്പൽപാത തുറന്നു കിട്ടിയതിന്റെ സന്തോഷത്തിലും. ഒന്നേകാൽ വർഷത്തിനു ശേഷം ഇതാദ്യമായാണ് ഇവിടെ ഇങ്ങനെ മഞ്ഞുപാളികൾ ഉരുകിമാറുന്നത്. ഉത്തരധ്രുവം ദ്വീപായി മാറുന്നുവെന്നതിന്റെ തെളിവുകളാണ് ഇതെല്ലാം.

## അർബുദ വില്ലൻ ടെലോമിറേസ് കീഴടങ്ങുന്നു

***അർബുദരോഗവില്ലൻ ടെലോമിറേസ്*** രാസാഗ്നി ശാസ്ത്രലോകത്തിന് മുന്നിൽ കീഴടങ്ങുന്നു. അമേരിക്കയിലെ ദവിസ്റ്റർ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ.ഇമ്മാനുവേൽ സ്കൊർദലേകസിന്റെ നേതൃത്വത്തിലുള്ള സംഘമാണ് ഈ രാസാഗ്നിയുടെ ഘടന കണ്ടെത്തുന്നതിൽ വിജയിച്ചത്. ഭ്രൂണവിത്തു കോശങ്ങളിൽ മാത്രമാണ് ടെലോമിറേസ് സജീവമായി കാണപ്പെടുന്നത്. അതു കഴിഞ്ഞാൽ ആ രാസാഗ്നിയെ ശരീരം അണച്ചുകളയും. പക്ഷെ 90 % അർബുദങ്ങളിലും ഈ പ്രോട്ടീൻ എങ്ങനെയോ വീണ്ടും സജീവമാകുന്നു. ഈ രാസാഗ്നി അർബുദകോശങ്ങൾ നശിക്കുന്നത് തടയുകയും പെരുകാൻ സഹായിക്കുകയും




ചെയ്യുന്നു. ഇരുന്നൂറിലേറെ വ്യത്യസ്തയിനം അർബുദരോഗത്തിനും ടെലോമിറേസ് സജീവമാകാറുണ്ട്. ഈ രാസാഗ്നിയുടെ സ്വാധീനം തടയാൻ ശേഷിയുള്ള ഔഷധത്തിന് മിക്ക അർബുദങ്ങളും ചെറുക്കാൻ കഴിയും. അർബുദത്തിനെതിരെ ഒരു പൊതുഔഷധത്തിനുള്ള സാധ്യതയാണ് ഇതോടെ തുറന്നിരിക്കുന്നത്.



## ചൊവ്വയിൽ പ്രളയം പതിവെന്ന്


**നൂതന കംപ്യൂട്ടർ** സംവിധാനങ്ങളുപയോഗിച്ച് കാലിഫോർണിയ സർവകലാശാലയിലെ അമേരിക്കൻ ശാസ്ത്രജ്ഞന്മാർ നടത്തിയ പഠനത്തിൽ നിന്നും ചൊവ്വയിൽ വെള്ളപ്പൊക്കം പതിവായി നടക്കുന്ന ഒരു പ്രതിഭാസമാണെന്ന് അഭിപ്രായപ്പെടുന്നു. ചൊവ്വയിലെ കാലാവസ്ഥ ഭൂമിയിലെ കാലാവസ്ഥയോട് ഏറെ സാദൃശ്യം പുലർത്തുന്നതാണെന്നും അമേരിക്കൻ വാനശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം.

## തമാശക്കോശങ്ങൾ കണ്ടെത്തി

**തമാശകൾ കേൾക്കുമ്പോഴും** നർമരംഗങ്ങൾ കാണുമ്പോഴും സജീവമാകുന്ന കോശങ്ങൾ മസ്തിഷ്കത്തിൽ കണ്ടെത്തിയതായി ഗവേഷകർ. ഇസ്രായേലിലെ വിസ്മാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ ശാസ്ത്രജ്ഞരാണ് ഇതിനു പിന്നിൽ. നർമരംഗങ്ങൾ കാണുമ്പോൾ തമാശക്കോശങ്ങൾ ഉദ്ദീപിപ്പിക്കപ്പെടുന്നതാണ് ഇതിനു കാരണം. ഈ കോശങ്ങളുടെ സഹായത്താലാണ് നമുക്ക് നർമാനുഭവങ്ങൾ ഓർത്തോർത്ത് ചിരിക്കാൻ കഴിയുന്നത്.

## സൂര്യസമാന നക്ഷത്രവും പുതിയ ഗ്രഹവും

**സൂര്യനോട് സാമ്യമുള്ള** നക്ഷത്രത്തെയും അതിനെ ചുറ്റുന്ന പുതിയ ഗ്രഹത്തെയും കണ്ടെത്തിയതായി അമേരിക്കൻ ജ്യോതിശാസ്ത്രജ്ഞർ അവകാശപ്പെടുന്നു. സൗരയൂഥത്തിലെ ഏറ്റവും വലിയ ഗ്രഹമായ വ്യാഴത്തിന്റെ എട്ട് മടങ്ങ് വലുപ്പമുള്ളതാണ് പുതിയ ഗ്രഹം. ഭൂമിയിൽ നിന്ന് 500 പ്രകാശ വർഷം അകലെയാണ് ഇത് സ്ഥിതി ചെയ്യുന്നത്. ഗ്രഹരൂപീകരണത്തിന്റെ മാതൃകയുമായി വൈരുദ്ധ്യമുള്ളതാണ് പുതിയ ഗ്രഹവും നക്ഷത്രവും തമ്മിലുള്ള വളരെ വലിയ അകലം.
ഹവായിലെ ജെമിനി നോർത്ത് ടെലിസ്കോപ് ഉപയോഗിച്ച് ടൊറൊണ്ടോ സർവകലാശാലയിലെ ഒരു കൂട്ടം ശാസ്ത്രജ്ഞന്മാരാണ് പുതിയ ഗ്രഹത്തിന്റെയും നക്ഷത്രത്തിന്റെയും ചിത്രം പകർത്തിയത്. സ്വന്തമായി രൂപപ്പെട്ട നക്ഷത്രം മറ്റ് പിണ്ഡങ്ങളുമായി കൂട്ടിമുട്ടി അകലേക്ക് തള്ളപ്പെട്ടതിന്റെ ഭാഗമായി ഉത്ഭവിച്ചതാണ് പുതിയ ഗ്രഹമെന്നും ഇവർ അഭിപ്രായപ്പെടുന്നു.



## ആസിഫ് അലി സർദാരി പാക് പ്രസിഡന്റ്



പാകിസ്ഥാന്റെ പുതിയ പ്രസിഡന്റായി പാകിസ്ഥാൻ പീപ്പിൾസ് പാർട്ടി (പി.പി.പി) സഹാധ്യക്ഷനും അന്തരിച്ച മുൻപ്രസിഡന്റ് ബേനസീർ ഭൂട്ടോയുടെ ഭർത്താവുമായ ആസിഫ് അലി സർദാരിയെ തിരഞ്ഞെടുത്തു. രാജ്യത്തിന്റെ പതിമൂന്നാമത്തെ പ്രസിഡന്റാണ് സർദാരി. പാർലമെന്റിലെ ഇരുസഭകളായ സെനറ്റും ദേശീയ അസംബ്ലിയും നാല് പ്രവിശ്യാ അസംബ്ലികളും അടങ്ങുന്നതാണ് പ്രസിഡന്റിനെ തിരഞ്ഞെടുക്കുന്ന ഇലക്ടറൽ കോളേജ്. ആകെയുള്ള 702 ൽ 481 വോട്ടു നേടിയാണ് സർദാരി പ്രസിഡന്റായത്. കഴിഞ്ഞ മാസം പർവെസ് മുഷാറഫ് പ്രസിഡന്റ് സ്ഥാനം ഒഴിഞ്ഞതിനെത്തുടർന്നാണ് തിരഞ്ഞെടുപ്പ് വേണ്ടി വന്നത്.

## സോംച്ചായ് തായ്‌ലന്റ് പ്രധാനമന്ത്രി

സോംച്ചായ് വോങ് സാവതിനെ തായ്‌ലന്റ് പ്രധാനമന്ത്രിയായി പാർലമെന്റ് തിരഞ്ഞെടുത്തു. കേവല ഭൂരിപക്ഷം നേടിയാണ് സോംച്ചായ് വിജയിച്ചത്. പീപ്പീൾസ് പവർ പാർട്ടിയുടെ പ്രതിനിധിയായ സോംച്ചായ് ഒരാഴ്ചയായി താത്കാലിക പ്രധാനമന്ത്രിയായി പ്രവർത്തിച്ചുവരികയായിരുന്നു. രാജ്യത്തെ ഇരുപത്തിയാറാമത്തെ പ്രധാനമന്ത്രിയാണ് സോംച്ചായ്.



## ഝാർഖണ്ഡ് മുഖ്യമന്ത്രി



ഝാർഖണ്ഡിന്റെ ആറാമത് മുഖ്യമന്ത്രിയായി ഷിബുസോറൻ സ്ഥാനമേറ്റു. മൊറാബാദിൽ നടന്ന ചടങ്ങിൽ ഗവർണർ സയിദ് സിസ്തി റിസി സത്യവാചകം ചൊല്ലിക്കൊടുത്തു.

## കസൈൻ പ്രൈസ് ഇന്ത്യൻ വംശജന്

ഈ വർഷത്തെ ബെനഡിക്ട് കസൈൻ പ്രൈസിന് ഇന്ത്യൻ വംശജനായ മാത്യു എൽ. താക്കൂർ അർഹനായി. ന്യൂക്ലിയർ മെഡിസിൻ ഗവേഷണ രംഗത്തെ നോബൽ സമ്മാനമെന്നാണ് ബെനഡിക്ട് കസൈൻ പ്രൈസിനെ വിശേഷിപ്പിക്കുന്നത്. ഫിലാഡൽഫിയയിലെ തോമസ് ജഫേഴ്സൺ യൂണിവേഴ്സിറ്റിയിൽ റേഡിയോളജി റേഡിയേഷൻ ഓങ്കോളജി വിഭാഗം പ്രൊഫസറാണ് ഇദ്ദേഹം. രാജ്യാന്തര സംഘടനയായ സൊസൈറ്റി ഫോർ ന്യൂക്ലിയാർ മെഡിസിന്റെ വാർഷിക സമ്മേളനത്തിൽ അവാർഡ് സമ്മാനിച്ചു. അവാർഡ് തുക 25000 ഡോളർ(ഏകദേശം 12 ലക്ഷം രൂപ)




## വൈദ്യലിംഗം പുതുശ്ശേരി മുഖ്യമന്ത്രി

പുതുശ്ശേരിയുടെ പതിനഞ്ചാമത് മുഖ്യമന്ത്രിയായി വി. വൈദ്യലിംഗത്തെ തിരഞ്ഞെടുത്തു. മുഖ്യമന്ത്രി വെങ്കിട്ട സുബ്ബറെഡ്യാരുടെ മകനായ വി. വൈദ്യലിംഗം 1991 ൽ ആദ്യമായാണ് മുഖ്യമന്ത്രിയാകുന്നത്. 1985 ൽ ഫാറൂക്ക് മരിക്കാരുടെ മന്ത്രിസഭയിൽ പൊതുമരാമത്ത് മന്ത്രിയായിരുന്നു. ഇപ്പോൾ നിലവിലുള്ള മന്ത്രിസഭയിൽ വ്യവസായ-കൃഷി വകുപ്പ് മന്ത്രിയായിരുന്നു.



## അലക്സാൻഡ്ര ലോക വനിത ചെസ് ചാമ്പ്യൻ

അലക്സാൻഡ്ര കോസ്റ്റെനിയൂക്കിന് ലോക വനിത ചെസ് കിരീടം. ചൈനയുടെ ടീനേജ് വിസ്മയം ഹാവോ യിഫാനിനെയാണ് അലക്സാൻഡ്ര 2.5 – 1.5 എന്ന നിലയിൽ കീഴടക്കിയത്. നേരത്തേ ഇന്ത്യൻ ഗ്രാൻറ് മാസ്റ്റർ കൊനേരി ഹംപിയെ യിഫാൻ തോൽപിച്ചിരുന്നു.



## പങ്കജ് അദ്വാനിക്ക് ലോക ബില്യാർഡ്സ് കിരീടം

ലോക ബില്യാർഡ്സ് ചാമ്പ്യൻഷിപ്പിൽ പോയിന്റ് അടിസ്ഥാനത്തിലുള്ള വിഭാഗത്തിൽ പങ്കജ് അദ്വാനി കിരീടം നിലനിർത്തി. ഓൾ ഇന്ത്യ സെമി ഫൈനലിൽ രൂപേഷ് ഷായെ തോൽപിച്ചാണ് അദ്വാനി ഫൈനലിൽ ഇടം തേടിയത്. മുൻ ചാമ്പ്യൻ ഗീഥ് സേഥിയുമായുള്ള ഏറ്റുമുട്ടലിൽ അഞ്ചിൽ മൂന്നുസെറ്റും നേടിയാണ് അദ്വാനി കിരീടം നിലനിർത്തിയത്.



## സൈനയ്ക്ക് ഗ്രാൻപ്രി കിരീടം

ബാഡ്മിന്റണിൽ ഇന്ത്യൻ സുവർണ പ്രതീക്ഷയായ സൈന നെഹ്‌വാളിന് ചൈനീസ് തായ്പേയ് ഓപ്പണിൽ കിരീടം. സൈനയുടെ രണ്ടാം ഗ്രാൻപ്രി കിരീടമാണിത്. ഒളിമ്പിക്സ് മെഡൽ ജേതാവ് മരിയ ക്രിസ്റ്റിനെ അട്ടിമറിച്ച ഇന്തോനേഷ്യയുടെ സെബാഡിയാ ബെർനാസ്റ്റിനെയാണ് സെമിയിൽ സൈന മറികടന്നത്. ടൂർണമെന്റിലെ രണ്ടാം സീഡായ സൈന 2006 ൽ ഫിലിപ്പൈൻസിൽ വച്ചായിരുന്നു ആദ്യ ഗ്രാൻപ്രി കിരീടം ചൂടിയത്. ഗ്രാൻപ്രി കിരീടം നേടിയ ഏക ഇന്ത്യാക്കാരിയാണ് 21 കാരിയായ സൈന.